# ഭാഷാപോഷിണി.


പുസ്തകം 30 | ൧൧൦൫ മകരം, കുംഭം. | ലക്കം 6, 7.


## ഈശ്വരപ്രാൎത്ഥന.

(മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠനുണ്ണി.)

"ദമസോദരിയുടെ"—എന്ന മട്ട്.

കരുണാവരുണാവാസ! പരാപര!
ശരണം മമ നീയേ
നിരവധിവിപുലം ദുരിതമഹാംബുധി
തരണം ചെയ്തീടാൻ
തരുണിയതായ്‌ മ വരണം താവക
ചരണസരോജയുഗം
നരസംഹതി തൻപുരുസുകൃതത്തിനു
പരമഗുണാംബുനിധേ.
സ്മരണംതാനൊരുകാരണമെന്നതു
മറിയുന്നേൻ പരനേ!
നിരയഗരാകും നരരെയുമലിവൊടു
കരകേററീടാനായ്
നിരവൊടു വരനിരപാരിയും നിൻ നില-
യരമറിയോതുണ്ടോ.
പാപവിമോചനപാലയനിത്യം
പാപികളാമിവരെ!

## അച്ഛൻകോവിൽശാസ്താവും പരിവാരമൂൎത്തികളും.

(കവിതിലകൻ, കൊട്ടാരത്തിൽ ശങ്കുണ്ണി)

അച്ചൻകോവിൽ ക്ഷേത്രം തിരുവിതാംകൂർ സംസ്ഥാനത്തു കൊല്ലം ഡിവിഷനിലുള്ള പ്രസിദ്ധക്ഷേത്രങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്തതും ഏററവും പുരാതനമായിട്ടുള്ളതുമാണ്. നാലമ്പലവും ബലിക്കൽപ്പുരയും പുറവു മതിലും നാലു ഗോപുരങ്ങളും മതിൽക്കു പുറമേ ചുററും തേർവീഥിയുമുള്ള ഈ മഹാക്ഷേത്രത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന പ്രധാന മൂൎത്തി ശാസ്താവാകുന്നു. ഈ ദേശം പണ്ടു ഭരിച്ചിരുന്നതു പന്തളത്തുരാജാക്കന്മാരായിരുന്നതി

നാൽ അവർ ഈ ശാസ്താവിനെ തങ്ങളുടെ കുലപരദേവതയായിട്ടാണ് ആചരിച്ചുവന്നിരുന്നതു്. ഇപ്പോഴും അവർ അങ്ങനെതന്നെ വിചാരിച്ചുപോരുന്നുമുണ്ടു്.

അച്ചൻകോവിൽശാസ്താവിന്റെ ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നതു പ്രസിദ്ധമായ "അച്ചൻകോവിൽമല"യുടെ കിഴക്കുവടക്കേ കോണിലുള്ള താഴ്വരയിലാണ്. ഇവിടെ മതിൽക്കകത്തുതന്നെ തെക്കുഭാഗത്തായി ഒരു ഭഗവതിയും തേർവീഥിക്കു പുറത്തു പടിഞ്ഞാട്ടുള്ള നാട്ടുവഴിക്കു തെക്കുവശത്തായി ആറേഴുകോൽ പൊക്കത്തിലുള്ള ഒരമ്മൻകോവിലിൽ വേറേ രണ്ടു ദേവിമാരും മതിൽക്കു പുറത്തു കിഴക്കേ നടയിൽ തെക്കോട്ടു മാറി ചതുർബാഹുവായ വിഷ്ണുവിന്റെ ഒരു ചെറിയ വിഗ്രഹവും ശാസ്താവിന്റെ അമ്പലത്തിൽനിന്ന് ഏകദേശം കാൽനാഴിക ദൂരെ നേരേ കിഴക്കായി, കിഴക്കേ ഗോപുരത്തിൽനിന്നു കിഴക്കോട്ടു നോക്കിയാൽ കാണാവുന്ന ഒരു സ്ഥലത്തു് ഒരു കോവിലിൽ "കറുപ്പസ്വാമി"യെന്നും അതിന്റെ ഇടത്തുവശത്തു "കറുപ്പായിഅമ്മ" എന്നും രണ്ടു മൂർത്തികൾ പടിഞ്ഞാട്ടു ദർശനമായും കറുപ്പസ്വാമികോവിലിനു തെക്കുവശത്തു "ചേപ്പാറമുണ്ടൻ" എന്നൊരു മൂർത്തിയും ആ മൂർത്തിയുടെ തെക്കുവശത്തു സ്വല്പം പടിഞ്ഞാട്ടു മാറി വടക്കോട്ടു ദർശനമായി "ചേപ്പാണിമാടൻ", "കാളമാടൻ" എന്നിങ്ങനെ രണ്ടു മൂർത്തികളും ഇവയ്ക്കും പടിഞ്ഞാറു് ഒരാൽച്ചുവട്ടിൽ "കൊച്ചിട്ടാണൻ" (കൊച്ചിട്ടിനാരായണൻ) എന്നു പേരായ ഒരുരൂകുലയും ആ ആലിന്റെ ചുവട്ടിൽനിന്നു വടക്കോട്ടു മാറി കറുപ്പസ്വാമികോവിലിനു നേരേ, കിഴക്കോട്ടു ദർശനമായി "ശങ്കിലിഭൂതത്താൻ" എന്നൊരു ഭൂതവും പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടു്. ഇവയെല്ലാം ശാസ്താവിന്റെ പരിവാരങ്ങളാണ്. ഇവയിൽ പ്രധാനമൂർത്തി കറുപ്പസ്വാമിതന്നെ. കറുപ്പായിഅമ്മ കറുപ്പസ്വാമിയുടെ ഭാര്യയാണ്.

പടിഞ്ഞാട്ടുള്ള വഴിയുടെ തെക്കുഭാഗത്തു് ഒരമ്മൻകോവിലും അതിൽ രണ്ടു ദേവിമാരെ പ്രതിഷ്ഠിച്ചിട്ടുമുണ്ടെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അവിടെ ഒരു ദേവീവിഗ്രഹത്തിന്റെ അടുക്കൽ ഒരു ശൂലം നാട്ടി, അതിന്മേൽ ഏതാനും ചിലമ്പുകളും മറേറതിന്റെ അടുക്കൽ ഒട്ടുവളരെ കുപ്പിവളകളും ഇട്ടിരിക്കുന്നതായിക്കാണുന്നുണ്ടു്. ഇതിന്റെ ആഗമവും സങ്കല്പവും കാരണവുമൊന്നും അറിഞ്ഞുകൂടാ. ചേപ്പാണിമാടൻ, കാളമാടൻ എന്ന മൂർത്തികളിൽ കാളമാടന്റെ കഴുത്തിനു മേല്പട്ടു കാളയേപ്പോലെയും ശേഷംഭാഗം മനുഷ്യനേപ്പോലെയുമാണിരിക്കുന്നതു്. ശങ്കിലിഭൂതത്താന്റെ പാദത്തിങ്കൽ രണ്ടുമൂന്നു ചങ്ങലകൾ കിടക്കുന്നതായി കാണുന്നുണ്ടു്. ആ ഭൂതത്താൻ പോയി ആരെയും ഉപദ്രവിക്കാതെയിരിക്കാനായി അയ്യപ്പസ്വാമി ആ ഭൂതത്തിന്റെ കാലിൽ ചങ്ങലയിട്ടു ബന്ധിച്ചുനിർത്തിയിരിക്കുന്നു എന്നാണ് അതിന്റെ സങ്കല്പം. ആ ഭൂതത്തിനു പ്രതിദിനമുള്ള പൂജ നടത്തുന്നതു ബ്രാഹ്മണരാണ്. കറുപ്പസ്വാമി മുതലായി ശേഷമുള്ള പരിവാരമൂർത്തികൾക്കെല്ലാം 'താഴത്തേതിൽവീട്ടുകാർ' എന്നു പറയപ്പെടുന്ന ഒരുവക പാണ്ടിപ്പിള്ളമാരാണ് ശാന്തി നടത്തിവരുന്നതു്. ഈ വീട്ടുകാരേ 'കറുപ്പൻപൂശാരികൾ' എന്നും പറയാറുണ്ടു്. ഇനി കൊച്ചിട്ടാണനേക്കുറിച്ചു സ്വല്പം വിവരിക്കേണ്ടിയിരിക്കുന്നു.

പണ്ടു കറുപ്പസ്വാമിക്കു മദ്യവും മാംസവുംകൂടി നിവേദിക്കാറുണ്ടായിരുന്നു. നിവേദ്യത്തിനുള്ള മാംസം അന്നന്നു കൊല്ലപ്പെട്ട കാട്ടുമൃഗങ്ങളുടേതായിരിക്കണമെന്നു നിർബന്ധവുമുണ്ടായിരുന്നു. നിവേദ്യത്തിനുള്ള മദ്യവും മാംസവും കറുപ്പസ്വാമികോവിലിലേ ആവശ്യത്തിനു വേണ്ടുന്ന വിറകും തീയും പതിവായി കൊണ്ടുചെന്നു കൊടുക്കുന്നതിനു് ഒരു വീട്ടുകാരേ പ്രത്യേകം ചുമതലപ്പെടുത്തുകയും അതിലേക്കു് അവർക്കു ചില അനുഭവങ്ങൾ കൊടുത്തുവരികയും ചെയ്തിരുന്നു. ആ വീട്ടിൽ ഒരുകാലത്തു കൊച്ചിട്ടാണൻ എന്നൊരാളുണ്ടായിരുന്നു. അയാളാണു കറുപ്പസ്വാമികോവിലിൽ അക്കാലത്തു മദ്യവും മാംസവും തീയും വിറകും പതിവായി ശേഖരിച്ചുകൊടുത്തിരുന്നതു്. ഒരുദിവസം അതിരാവിലേ കൊച്ചിട്ടാണൻ മാംസം തേടി കാട്ടിൽ ചെന്നപ്പോൾ അയാളേ ഒരു കടമാൻപോത്തു വെട്ടിക്കൊന്നു. അന്നു പൂജയ്ക്കുള്ള സമയമായിട്ടും കൊച്ചിട്ടാണൻ മടങ്ങിവരായ്കയാൽ അയാളുടെ വീട്ടിലുണ്ടായിരുന്നവർ വ്യസനാകുലരായിത്തീർന്നു. നിവേദ്യത്തിനുള്ള സാധനങ്ങൾ സമയത്തിനു കിട്ടായ്കയാൽ പൂശാരി കോപിച്ചുവിറച്ചുതുടങ്ങി. ആ സമയം അയാളിൽ കറുപ്പസ്വാമിയുടെ ആവേശമുണ്ടാകയാൽ അയാൾ വിറച്ചുവിറച്ചു തുള്ളിത്തുടങ്ങി. തുള്ളിത്തുള്ളി അയാൾ കാട്ടിലേക്കു് ഓടിപ്പോയി.

കുറച്ചുസമയം കഴിഞ്ഞപ്പോൾ അയാൾ ഏററവും വലിയതായ ഒരു കടമാൻപോത്തിനെ കൊമ്പിൽപ്പിടിച്ചു വലിച്ചിഴച്ചു കിഴക്കേഗോപുരത്തിങ്കൽ കൊണ്ടുവരികയും അവിടെനിന്ന് അത്യുച്ചത്തിൽ ഒന്നട്ടഹസിക്കുകയും ചെയ്തു. അട്ടഹാസംകേട്ട് അവിടെ അസംഖ്യംജനങ്ങൾ വന്നുകൂടി. അപ്പോൾ കറുപ്പസ്വാമി (തുള്ളിനിന്ന പൂശാരി) കല്പിക്കുകയാലാണു കൊച്ചിട്ടാണൻ മരിച്ചുപോയി എന്ന് എല്ലാവരും അറിഞ്ഞത്. കറുപ്പസ്വാമി ആ കടമാൻപോത്തിനെ കൊമ്പുകളിൽപ്പിടിച്ചു തലയ്ക്കുയോളമുയർത്തി മൂന്നുപ്രാവശ്യം ചുഴററീട്ട് ഒരേറുകൊടുത്തു. കൊമ്പുകൾ സ്വാമിയുടെ കൈകളിൽത്തന്നെയിരുന്നു. കടമാൻപോത്തിൻെറ ഉടൽ ഒരാലിൻെറ ചുവട്ടിൽച്ചെന്നു വീണു. ദുർമ്മരണംനിമിത്തം അറുകൊലയായിത്തീർന്ന കൊച്ചിട്ടാണനെ ആ ആലിൻെറ ചുവട്ടിൽത്തന്നെ കടമാൻപോത്തിൻെറ ഉടൽ ചെന്നുവീണ സ്ഥലത്തു പ്രതിഷ്ഠിച്ചുകൊള്ളണമെന്നും മദ്യവും മാംസവും നിവേദ്യം മേലാൽ വേണ്ടെന്നും കറുപ്പസ്വാമി കല്പിക്കുകയാൽ കൊച്ചിട്ടാണനെ ആ സ്ഥലത്തുതന്നെ പ്രതിഷ്ഠിക്കുകയും അക്കാലം മുതൽക്കു കറുപ്പസ്വാമിക്കു മദ്യവും മാംസവും നിവേദ്യം വേണ്ടെന്നുവെക്കുകയും ചെയ്തു. എങ്കിലും കുറച്ചുകാലം മുൻപുവരെ ക്ഷേത്രത്തിൽ വിറകും തീയും കൊടുത്തിരുന്നതു കൊച്ചിട്ടാണൻെറ വീട്ടുകാർതന്നെയാണ്. അവർക്കു പതിവുണ്ടായിരുന്ന അനുഭവം ദേവസ്വത്തിൽനിന്നു കൊടുത്തുവരികയും ചെയ്തിരുന്നു. പിന്നീട്ട് അവരുടെ അനുഭവം നിർത്തിക്കളയുകയാൽ അവർ തീയും വിറകും കൊടുക്കാതെയുമായി. കടമാൻപോത്തിൻെറ കൊമ്പുകൾ കറുപ്പസ്വാമി ക്ഷേത്രത്തിനകത്തു മണ്ഡപത്തിൽ കൊണ്ടുചെന്നിടുകയാൽ അവ അവിടെത്തന്നെ കെട്ടിത്തൂക്കിയിരുന്നു. ക്ഷേത്രത്തിനു് അഗ്നിബാധയുണ്ടായകാലത്ത് ആ കൊമ്പുകളും അഗ്നിക്കിരയായിത്തീരുകയാൽ ദഹിച്ചുപോവുകയും ചെയ്തു.

പരിവാരമൂർത്തികൾക്കു പ്രതിദിനം നിവേദ്യത്തിനു് ഒരിടങ്ങഴി അരി വീതമാണു പതിവ്. എന്നാൽ കൊച്ചിട്ടാണനു് ആണ്ടിലൊരിക്കൽവീതമേ നിവേദ്യവും പൂജയും പതിവുള്ളു. കറുപ്പസ്വാമിക്കു 'കറുപ്പനൂട്ടു്' എന്നൊരു വഴിപാട്ട് ഓരോ കാര്യങ്ങൾ സാധിക്കുന്നതിനും മററുമായി പലരും നടത്താറുണ്ട്. ഈ വഴിപാട്ടു ക്ഷേത്രസന്നിധിയിൽവെച്ചേ നടത്താവു എന്നില്ല. അവരവർ നിശ്ചയിക്കുന്ന സ്ഥലങ്ങളിലെല്ലാംവെച്ചു നടത്താം. സൌകര്യമുള്ള സ്ഥലമായിരിക്കണമെന്നേ ഉള്ളു. ഇതിൻെറ കർമ്മി കറുപ്പസ്വാമിയുടെ പൂശാരിതന്നെയാണ്. വഴിപാട്ട് എവിടെവെച്ചു നടത്തുന്നതിനു നിശ്ചയിച്ചാലും പൂശാരിയെ അറിയിച്ചാൽ അദ്ദേഹം പരികർമ്മികൾ മുതലായവരോടുകൂടി നിശ്ചിതദിവസം നിശ്ചിതസ്ഥലത്തെത്തി അതു നടത്തും. കറുപ്പനൂട്ടിനു വേണ്ടുന്ന സാമാനങ്ങളുടെ ചുരുക്കത്തിലുള്ള ഒരു പടിത്തരം താഴെച്ചേർക്കുന്നു.

ഉണക്കലരി നാലുപറ, നാളികേരം നാല്പത്, ചാരായം നാലുപറ, കോഴിമുട്ട നാല്പത്, അവൽ നാലുപറ, മലർ നാലുപറ, അട നാല്പത്, അപ്പം നാല്പത്, പഴം പടല നാല്പത്, കരിക്ക് (ഇളന്നീർ) നൂറെറട്ട്, കഞ്ചാവു പലം പതിനാന്ന്, കറുപ്പു കഴഞ്ചു പതിനൊന്ന്, കളഭം ഇടങ്ങഴി പതിനൊന്നേകാൽ, കർപ്പൂരം പലം പതിനൊന്ന്, അഷ്ടഗന്ധപ്പൊടി ഇടങ്ങഴി പന്ത്രണ്ടേകാൽ, വെററിലക്കെട്ടു നൂറെറട്ട്, പാക്കു നറുക്കു പറ രണ്ട്, ചുണ്ണാമ്പു റാത്തൽ നാലു, മഞ്ഞൾപ്പൊടി ഇടങ്ങഴി പതിനൊന്നേകാൽ, അരിപ്പൊടി ഇടങ്ങഴി പതിനൊന്നേകാൽ, ഭസ്മം ഇടങ്ങഴി മുപ്പത്താറേകാൽ, നിലവിളക്കു വലിയതു പതിനൊന്ന്, ടി. ചെറിയതു തൊണ്ണൂററഞ്ച്, കുത്തുവിളക്കു നാല്, വിളക്കിനു് എണ്ണ നാലുപറ, തിരിശ്ശീല തുലാം ഒന്ന്, തൂശനില നൂറെറട്ട്, ചെത്തി, തുളസി മുതലായവ ഉൾപ്പെടെ പൂവ് ഇടങ്ങഴി മുപ്പത്താറേകാൽ, ശർക്കര പലം പതിനൊന്നേകാൽ, നെയ്യ് ഇടങ്ങഴി കാൽ, ഇവ കൂടാതെ ചില ചില്ലറസാമാനങ്ങളും വേണം. അവ പൂശാരി വരുമ്പോൾ പറയും. ഒന്നും മേൽപ്പറഞ്ഞതിൽ കുറയരുത്. കൂടുതൽ എത്രയായാലും വിരോധമില്ല. ആഴികൂട്ടുന്നതിനു വിറകും വേണം. ആഴി എത്ര വലിയതായാലും തരക്കേടില്ല. അധികം ചെറിയതായിപ്പോകരുതെന്നേയുള്ളു. കറുപ്പനൂട്ടു കഴിക്കുന്നതു കറുപ്പസ്വാമിയെ ഉദ്ദേശിച്ചാണെങ്കിലും അതു് അയ്യപ്പസ്വാമിക്കും പ്രസാദകരമായിട്ടുള്ളതാണ്.

പന്തളത്തുരാജാക്കന്മാർ അവർക്കു ദേശാധിപത്യമുണ്ടായിരുന്നപ്പോൾ ആണ്ടുതോറും ഉത്സവകാലത്ത് അച്ചൻകോവിലിൽ പോവുക പതിവായിരുന്നു. ഉത്സവംകഴിഞ്ഞു പോകുന്ന

സമയം അവർ ഒരു കവുങ്ങിൻപൂക്കുല കാഴ്ചവെച്ചു തൊഴുതിട്ടാണ് പോവുക പതിവ്. അവർ അവിടെച്ചെന്നാൽ അമ്പലത്തിൽ കടക്കുക പതിവില്ല. ശാസ്താവിനെ തൊഴുന്നതുതന്നെ ബലിക്കൽപ്പുരയ്ക്കു പുറത്തു കൊടിമരത്തിനു മറഞ്ഞുനിന്നാണ്. അങ്ങോട്ടു കാണണം, ഇങ്ങോട്ടു കാണരുത് എന്നാണു സങ്കൽപ്പം. രാജാവിനെക്കണ്ടാൽ ശാസ്താവ് എണീക്കണം. അതുകൊണ്ടാണ് ഇങ്ങോട്ടു കാണാതെ മറഞ്ഞുനിന്നു തൊഴുന്നത്. ശാസ്താവു ഹരിഹരപുത്രനായി അവതരിച്ച് അക്ഷരവിദ്യയും സകല ശാസ്ത്രങ്ങളും ആയോധനവിദ്യയും മറ്റും പഠിച്ചതിന്റെശേഷം പാണ്ഡ്യരാജ്യത്തു ചെന്നു പാണ്ഡ്യരാജാവിന്റെ സൈന്യത്തിൽ ചേർന്ന് ഒരു സൈനികനായിട്ടും പാണ്ഡ്യരാജാവിന്റെ സേവകനായിട്ടും താമസിച്ചിരുന്നു എന്നൊരു കഥയുണ്ടല്ലൊ. പന്തളത്തുരാജാക്കന്മാർ പാണ്ഡ്യരാജവംശജരാകയാൽ അവർക്കും ശാസ്താവിനും തമ്മിൽ സേവ്യസേവകഭാവമുണ്ടെന്നാണു സങ്കൽപ്പം. തന്റെ സ്വാമിയെക്കണ്ടാൽ സേവകൻ എണീക്കണമല്ലൊ. ശാസ്താവിന് ഈശ്വരത്വമുള്ളതിനാൽ എണീക്കാനിടയാക്കുന്നതു കഷ്ടമാണല്ലോ എന്നു വിചാരിച്ചാണു പന്തളത്തുരാജാക്കന്മാർ അതിനിടയാക്കാത്തത്. ഇവർ ശബരിമലെപ്പോയാലും ഇങ്ങനെതന്നെയാണു പതിവ്. അയ്യപ്പസ്വാമി ഇവരെക്കാണാനിടയാക്കാറില്ല. എങ്കിലും അവരിൽ ഒരാളെങ്കിലും ആണ്ടുതോറും മകരസംക്രാന്തിക്കു ശബരിമലെപ്പോവുക പതിവാണ്.

അച്ചൻകോവിൽശാസ്താവിന്റെയും അവിടത്തെ പരിവാരമൂർത്തികളുടെയും വിശേഷിച്ചു കറുപ്പസ്വാമിയുടെയും മഹത്വവും മാഹാത്മ്യവും ഒട്ടും ചില്ലറയല്ലെന്നുള്ളതിലേക്ക് അനേകം ദൃഷ്ടാന്തങ്ങൾ പറയാനുണ്ട്. അവയിൽ ചിലതുമാത്രം താഴെ പ്രസ്താവിച്ചുകൊള്ളുന്നു.

അച്ചൻകോവിൽദേവസ്വംവകയ്ക്കു മലയാളത്തിൽ അനേകം വസ്തുവകകളുള്ളതുകൂടാതെ പാണ്ടിയിൽ ഒരു സ്ഥലത്ത് ഉരികുറയെ ആയിരത്തോളം പറ നിലമുണ്ട്. ഈ നിലം വലിയ സമ്പന്നനായിരുന്ന ഒരു പരദേശബ്രാഹ്മണൻ പണ്ടൊരിക്കൽ ദേവസ്വത്തിലേക്കു വെച്ചൊഴിഞ്ഞുകൊടുത്തതാണ്. ആ ബ്രാഹ്മണന് അനപത്യതാദുഃഖം ദുസ്സഹമായിത്തീരുകയാൽ അദ്ദേഹം ഭാര്യാസമേതം അച്ചൻകോവിൽക്ഷേത്രത്തിൽ ചെന്നു സ്വാമിദർശനം കഴിച്ചു നടയിൽനിന്ന് "എന്റെ അയ്യപ്പസ്വാമീ! എനിക്കൊരു പുത്രസന്താനമുണ്ടായാൽ എന്റെ സർവ്വസ്വവും ഞാൻ സ്വാമിക്കായി വെച്ചൊഴിഞ്ഞുതന്നേക്കാം" എന്നു പ്രാർത്ഥിച്ചു. അചിരേണ ആ ബ്രാഹ്മണസ്ത്രീ ഗർഭം ധരിക്കുകയും യഥാകാലം ഒരു പുത്രനെ പ്രസവിക്കുകയും ചെയ്തു. അപ്പോൾ ആ ദമ്പതിമാർക്കുണ്ടായ സന്തോഷം അപരിമിതമായിരുന്നു. സന്തോഷാധിക്യത്താൽ മറന്നുപോയിട്ടോ മനസ്സില്ലാഞ്ഞിട്ടോ എന്തോ അവർ അയ്യപ്പസ്വാമിക്കു കൊടുക്കാമെന്നു പറഞ്ഞിരുന്നതുപോലെ സർവ്വസ്വവുമെന്നല്ല, യാതൊന്നും കൊടുത്തില്ല. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ബ്രാഹ്മണസ്ത്രീ രാത്രിയിൽ കിടന്നുറങ്ങുന്ന സമയം പതിവായി ആരോ അവരുടെ അടുക്കൽച്ചെന്നു "പറഞ്ഞിട്ടുള്ളതു മറക്കരുത്" എന്നു പറയുന്നതായി തോന്നിത്തുടങ്ങി. എന്നിട്ടും അവർ അയ്യപ്പസ്വാമിക്കു യാതൊന്നും കൊടുത്തില്ല. അങ്ങനെ അഞ്ചെട്ടുകൊല്ലം കഴിഞ്ഞു. കുട്ടിക്ക് ഉപനയനത്തിനുള്ള കാലമായി. മുഹൂർത്തം നിശ്ചയിക്കുകയും അടിയന്തിരത്തിനു കേമമായി വട്ടംകൂട്ടുകയും ക്ഷണിക്കേണ്ടുന്നവരെ എല്ലാം ക്ഷണിക്കുകയും ചെയ്തു. വാദ്ധ്യാന്മാരും വേളിക്കാരും ബന്ധുക്കളുമെല്ലാം അടിയന്തിരത്തിനു തലേദിവസംതന്നെ വന്ന് ഓരോ ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. അന്നുരാത്രിയിലും കുട്ടിയുടെ മാതാവിനു സ്വപ്നമുണ്ടായി. അതു പതിവുപോലെതന്നെ അല്ലായിരുന്നു. "അയ്യപ്പസ്വാമിക്കു കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതു കൊടുക്കാതെ ഉപനയനത്തിനാരംഭിച്ചാൽ സമയമാകുമ്പോൾ കുട്ടിയെ കൊണ്ടുപോകും" എന്നുകൂടി ആരോ പറഞ്ഞതായി ബ്രാഹ്മണസ്ത്രീക്കു തോന്നി. എങ്കിലും അവർ സ്വാമിക്കൊന്നും കൊടുത്തില്ല. ഉപനയനത്തിന്റെ ക്രിയകൾ ആരംഭിച്ച സമയത്ത് ആരോ ഒരാൾ (ഒരു പട്ടാണിയാണെന്നാണ് എല്ലാവർക്കും തോന്നിയത്) അവിടെക്കയറിച്ചെന്നു കുട്ടിയെ എടുത്തുകൊണ്ട് അന്തർദ്ധാനം ചെയ്തു. അയാൾ ചെന്നതും കുട്ടിയെ എടുത്തതും അവിടെ കൂടിയിരുന്ന എല്ലാവരും കണ്ടു; പോയതു് ആരും കണ്ടില്ല. കുട്ടിയെക്കാണാതെയായപ്പോഴേക്കും അവിടെ എല്ലാവർക്കും വ്യസനവും പരിഭ്രമവും കലശലായി. കുട്ടിയുടെ മാതാപിതാക്കന്മാരുടെ വ്യസനം അവർക്കു സന്തതിയുണ്ടാകാതിരുന്ന കാലത്തേതിലധികമായിരുന്നു.

അവർ മാറത്തും തലയ്ക്കുമടിച്ചുംകൊണ്ടു മുറവിളി തുടങ്ങി. അപ്പോൾ ചിലർ "അയ്യപ്പസ്വാമിക്കു കൊടുക്കാമെന്നു പറഞ്ഞതു കൊടുക്കാഞ്ഞിട്ടാണ് ഇങ്ങനെ വന്നത്. കണക്കായിപ്പോയി. ലുബ്ധന്മാർക്ക് ഇങ്ങനെതന്നേ വരണം. അച്ചൻകോവിൽ ശാസ്താവ് ആരുടെയും കളിപ്പിള്ളയല്ലെന്ന് ഇനിയെങ്കിലും മനസ്സിലാക്കിക്കൊള്ളട്ടെ" എന്നും മററും പറഞ്ഞ് അവരേ ശകാരിച്ചുതുടങ്ങി. മററുചിലർ സാന്ത്വനവാക്കുകൾകൊണ്ടു അവരേ ആശ്വസിപ്പിക്കാൻ ശ്രമിച്ചുതുടങ്ങി. "സ്വാമിക്കു കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതു കൊടുക്കാഞ്ഞാലാപത്തുണ്ടാകുമെന്നു ഞാൻ കൂടെക്കൂടെ പറയാറുണ്ട്. ഈ ദുഷ്ടൻ ധനത്തിലുള്ള അത്യാർത്തിനിമിത്തം അതു കൊടുക്കാതെയിരുന്നിട്ടാണ് എൻെറ ഓമനമകൻ പോയതു്" എന്നുംമററും പറഞ്ഞു ബ്രാഹ്മണസ്ത്രീ ബ്രാഹ്മണനേയും "സ്വാമിക്കു കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതു കൊടുക്കുന്നതിനു ഇനിക്കു പൂർണ്ണസമ്മതമാണ്. ഈ ദുഷ്ട സമ്മതിക്കാഞ്ഞിട്ടാണു ഞാൻ കൊടുക്കാതെയിരുന്നതു്. ഇവൾനിമിത്തം എൻെറ ഏകസന്താനം നഷ്ടപ്പെട്ടു" എന്നും മററും പറഞ്ഞു ബ്രാഹ്മണൻ ബ്രാഹ്മണസ്ത്രീയേയും ശകാരിച്ചുതുടങ്ങി. ആ ശകാരം മൂത്തുമൂത്ത് അവർതമ്മിൽ വലിയ ശണ്ഠയായി. ആകപ്പാടെ അവിടെ വലിയ ലഹളയും ബഹളവുമായിത്തീൎന്നു. "ഇതൊന്നുംകൊണ്ടു യാതൊരു ഫലവുമില്ല. കുട്ടിയേയും കൊണ്ടു് ആ പട്ടാണി എങ്ങോട്ടാണു പോയതെന്നു വേഗത്തിൽ അന്വേഷിച്ചു കണ്ടുപിടിക്കാനാണ് ഇപ്പോൾ ശ്രമിക്കേണ്ടതു്" എന്നു പറഞ്ഞു ബന്ധുക്കൾ ചില മററവരേയുംമററും കൂട്ടിക്കൊണ്ടു പല സ്ഥലങ്ങളിലുമന്വേഷിച്ചു. ഒരു തുമ്പുമുണ്ടായില്ല. കുട്ടിയേ തിരിച്ചുകിട്ടുന്ന കാൎയ്യം അസാദ്ധ്യംതന്നെയെന്ന് എല്ലാവരും തീൎച്ചപ്പെടുത്തുകയാൽ കുട്ടിയുടെ പിതാവായ ബ്രാഹ്മണൻ, "ഈശ്വരകാരുണ്യംകൊണ്ടു് എനിക്ക് അവസാനകാലത്തു് ഒരു സന്തതിയുണ്ടായി. ആ ഏകസന്താനം നഷ്ടപ്പെട്ടു. ഇനി ഈ വാൎദ്ധക്യത്തിൽ സന്താനമുണ്ടാകുമെന്നു വിചാരിക്കാൻ ന്യായവുമില്ല. എനിക്കിനി വസ്തുക്കളും വേണ്ട, സ്വത്തുക്കളും വേണ്ട, പണ്ടവുംവേണ്ട, പണവും വേണ്ട, ഭാൎയ്യയും വേണ്ട എന്നല്ല; യാതൊന്നും വേണ്ട. ഞാൻ വല്ലവഴിക്കും പോവുകയാണു്" എന്നു പറഞ്ഞ് ഒരു കുടയും വടിയുമെടുത്തു യാത്രയായി. ആ സമയം അവിടെയുണ്ടായിരുന്ന അന്യനായ ഒരു ബ്രാഹ്മണൻ തുള്ളിയുറഞ്ഞുകൊണ്ടു് "ഇനിയെങ്കിലും നിങ്ങൾ മുൻപു പറഞ്ഞിട്ടുള്ളതുപോലെ ചെയ്യാൻ തയ്യാറുണ്ടെങ്കിൽ കുട്ടി ഇപ്പോൾ ഇവിടെ വരും. തയ്യാറുണ്ടെന്നു പറഞ്ഞാൽ പോരാ. ആധാരംതീൎത്തു സാക്ഷിവെച്ച് ഒപ്പിടണം" എന്നു പറഞ്ഞു. ഇതുകേട്ടു കുട്ടിയുടെ അച്ഛനായ ബ്രാഹ്മണൻ "കുട്ടി മടങ്ങിവരികയാണെങ്കിൽ എൻെറ സൎവ്വസ്വവും ഞാൻ സ്വാമിക്കു കൊടുത്തേക്കാം. യാതൊരു സംശയവുമില്ല. ആധാരം ഇപ്പോൾ തീൎത്തേക്കാം." എന്നു പറഞ്ഞു. ഉടനേ ആ ബ്രാഹ്മണൻ തനിക്കുള്ള സൎവ്വസ്വവും അച്ചൻകോവിൽ ശാസ്താവിനു വെച്ചൊഴിഞ്ഞുകൊടുത്തിരിക്കുന്നതായി ഒരാധാരം എഴുതിത്തീൎത്ത് ഒപ്പുവെക്കുകയും, നാലുപേരേ സാക്ഷിവെച്ച് അവരേക്കൊണ്ടും ഒപ്പിടുവിക്കുകയും ചെയ്തു. ബ്രാഹ്മണൻ ആധാരത്തിൽ ഒപ്പിട്ടതും അച്ചൻകോവിലിൽ ഉച്ചപ്പൂജയുടെ പ്രസന്നപൂജ കഴിഞ്ഞു നടതുറന്നതും ഒരേ സമയത്തായിരുന്നു. നടതുറന്നയുടനേ മേൽശാന്തിക്കാരൻ തുള്ളിക്കൊണ്ടു കിഴക്കോട്ടു പുറപ്പെട്ടു. അദ്ദേഹം കറുപ്പസ്വാമികോവിലിൻെറ സമീപത്തുചെന്നപ്പോൾ കറുപ്പസ്വാമിയുടെ പൂശാരി തുള്ളി ബ്രാഹ്മണക്കുട്ടിയുടെ കൈയ്ക്കുപിടിച്ചുകൊണ്ടു് അവിടെ നിൽക്കുന്നുണ്ടായിരുന്നു. പിന്നെ രണ്ടുപേരും കുട്ടിയേയും കൊണ്ടു പാണ്ടിയിൽ ആ ബ്രാഹ്മണൻെറ ഗൃഹത്തിലെത്തുകയും ചെയ്തു. കുട്ടിയേ കണ്ടപ്പോൾ അവിടെയുണ്ടായിരുന്നവരെല്ലാം സന്തോഷാത്ഭുതപരവശന്മാരായിത്തീൎന്നു. കുട്ടിയുടെ അച്ഛൻ എഴുതിത്തീൎത്തുവെച്ചിരുന്ന ആധാരമെടുത്തു ഭക്ത്യാദരങ്ങളോടുകൂടി ആനന്ദാശ്രു ഒലിപ്പിച്ചുംകൊണ്ടു് മേൽശാന്തിബ്രാഹ്മണൻെറ പാദത്തിങ്കൽ കൊണ്ടുചെന്നുവെച്ചു നമസ്കരിച്ചു. അപ്പോൾ കറുപ്പസ്വാമി "ഇതു മുഴുവനും എൻെറ സ്വാമിക്കു വേണ്ട. ഒരു സന്തതിയുണ്ടായാൽകൊള്ളാമെന്നുള്ള ആഗ്രഹം കൊണ്ടു നിങ്ങൾ അങ്ങനെ പ്രാൎത്ഥിച്ചുപോയെങ്കിലും നിങ്ങളുടെ സൎവ്വസ്വവും സ്വാമിക്കു സമൎപ്പിച്ചാൽ നിങ്ങൾക്കു നിത്യവൃത്തിക്കു യാതൊന്നുമില്ലല്ലോ. അതുകൊണ്ടു നിങ്ങൾക്കിപ്പോൾ യാതൊരനുഭവവുമില്ലാതെയും യാതൊന്നും വിളയാതെയും ഉരികുറച്ചു തൊള്ളായിരപ്പറ നിലം നിങ്ങൾക്കു ഒരു സ്ഥലത്തുണ്ടല്ലോ. അതു മാത്രം എൻെറ സ്വാമിക്കു കൊടുത്താൽ മതി" എന്നു കല്പിച്ചു. ഉടനേ ബ്രാഹ്മണൻ സന്തോഷസമേതം ആ ഉരികുറച്ചു തൊള്ളായിരപ്പറനിലം അച്ചൻകോവിൽശാസ്താവിനു വെച്ചൊഴിഞ്ഞുകൊടുത്തിരിക്കുന്നതായി വേറൊരാധാരം എഴുതി ഒപ്പിട്ടു സമൎ

പ്പിച്ചു. ആ ആധാരമെടുത്തുംകൊണ്ടു ശാന്തിക്കാരനും പൂശാരിയും തുള്ളിക്കൊണ്ടുതന്നെ മടങ്ങിപ്പോരുകയും ആ ആധാരം അയ്യപ്പസ്വാമിയുടെ നടയ്ക്കൽ വെച്ചിട്ടു കലിയടങ്ങുകയും ചെയ്തു. ഉച്ചപ്പൂജ കഴിഞ്ഞു നട തുറന്നിട്ടു മൂന്നേമുക്കാൽ നാഴികയ്ക്കിടകൊണ്ടു ഈ സംഗതികളെല്ലാം നടന്നു. കലിയടങ്ങിയതിന്റെശേഷം ഇതിലൊന്നും അവർക്കുരണ്ടുപേർക്കും ലേശംപോലും ഓർമ്മയുണ്ടായിരുന്നില്ല. ഇങ്ങനെയാണ് ആ നിലം അഛൻകോവിൽ ദേവസ്വം വകയ്ക്കു കിട്ടിയതു്. പുല്ലുപോലും മുളയ്ക്കാതെകിടന്നിരുന്ന ആ നിലം അയ്യപ്പസ്വാമിക്കായതിന്റെ ശേഷം ഒന്നാംതരമായി വിളഞ്ഞുതുടങ്ങി. ഇപ്പോഴും ആ നിലം ആ ദേശത്തുള്ള നിലങ്ങളിൽവെച്ചു മേത്തരമായിട്ടുതന്നെയാണിരിക്കുന്നതു്.

ശാന്തിക്കാരനും പൂശാരിയും ആധാരവും കൊണ്ടു പോന്നതിന്റെശേഷം ബ്രാഹ്മണൻ അടുത്തുണ്ടായിരുന്ന മറ്റൊരു മുഹൂർത്തത്തിൽ കുട്ടിയുടെ ഉപനയനം നടത്തുകയും ഭാര്യാപുത്രസഹിതം അഛൻകോവിലിൽ വന്നു സ്വാമിദർശനവും സ്വാമിക്കു അനേകം വഴിപാടുകളും കറുപ്പസ്വാമിക്കു് ഊട്ടും കഴിച്ചു മടങ്ങിപ്പോവുകയും ചെയ്തു. ആ ബ്രാഹ്മണന്റെ കുടുംബക്കാർ പാണ്ടിയിലെവിടെയോ ഇപ്പോഴുമുണ്ടെന്നാണു കേഴ്വി. പട്ടാണിവേഷം ധരിച്ചു ബ്രാഹ്മണട്ടിയേ എടുത്തുംകൊണ്ടു മറഞ്ഞതു കറുപ്പസ്വാമിയായിരുന്നു എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

പാണ്ഡ്യരാജ്യം (പാണ്ടി) ബ്രിട്ടീഷുഗവമ്മെന്റിന്റെ അധീനത്തിലായതിന്റെ ശേഷം മേൽപറഞ്ഞ നിലവും ഗവമ്മെന്റുവകയാക്കുന്നതിനു അന്നത്തെ കലക്ടർസായിപ്പു തീർച്ചയാക്കി. ഈ വിവരമറിഞ്ഞു പന്തളത്തുരാജാവു് അച്ചൻകോവിൽമണിക്കാരനെ (പാർവ്വത്യകാരനെ) സായിപ്പിന്റെ അടുക്കലയച്ചു് "ഈ ഉരികുറച്ചുതൊള്ളായിരപ്പറ നിലം അഛൻകോവിൽ ശാസ്താവിന്റെവകയാണ്. അതു ഗവമ്മെന്റുവകയാക്കരുതു്" എന്നു പറയിച്ചു. മണിക്കാരൻ പറഞ്ഞതിനെ സായിപ്പു പുല്ലോളം വകവെച്ചില്ല. ഇത്രയും നിലം അയ്യപ്പസ്വാമിക്കു നഷ്ടപ്പെട്ടു പോകുമല്ലോ എന്നു വിചാരിച്ചു സ്വാമിഭക്തനായ ആ മണിക്കാരൻ വ്യസനിച്ചുകൊണ്ടു മടങ്ങിപ്പോന്നു. നേരം വൈകിയപ്പോൾ അയാൾ രാത്രികഴിച്ചുകൂട്ടാനായി വഴിക്കടുത്തുണ്ടായിരുന്നൊരു സ്ഥലത്തു കയറി. അന്ന് അവിടെയൊരു കറുപ്പനൂട്ടു നടക്കുന്നുണ്ടായിരുന്നു. മണിക്കാരൻ അവിടെച്ചെന്നപ്പോൾ കറുപ്പസ്വാമിയുടെ പൂശാരി കറുപ്പസ്വാമിയുടെ വെളിച്ചപ്പാടായിട്ടു തുള്ളിക്കൊണ്ടു നിൽക്കുന്നുണ്ടായിരുന്നു. ആ തുള്ളൽ കണ്ടപ്പോൾതന്നെ ഇതു സ്വാമിയുടെ അധിവാസമുണ്ടായിട്ടുള്ളതല്ലെന്നും കള്ളത്തുള്ളലാണെന്നും മണിക്കാരനു മനസിലാവുകയാൽ അദ്ദേഹം ഒന്നും മിണ്ടാതെ അവിടെ നിന്നു. അപ്പോൾ പൂശാരി തുള്ളിത്തുള്ളി മണിക്കാരന്റെ അടുക്കൽ ചെന്നു, "ഒട്ടും വ്യസനിക്കേണ്ട. ഞാൻ നിവൃത്തിയുണ്ടാക്കിക്കൊള്ളാം" എന്നു പറഞ്ഞു. മണിക്കാരൻ ശുദ്ധഹൃദയനും ശുണ്ഠിക്കാരനുമായ ഒരു പരദേശബ്രാഹ്മണനായിരുന്നു. അദ്ദേഹം വ്യസനവും ദേഷ്യവും സഹിക്കാൻ വയ്യാതെയായിട്ടു പൂശാരിയുടെ മുഖത്തു "ഹാ!" എന്നൊരാട്ടും ഒരു തുപ്പും വെച്ചുകൊടുത്തു. പൂശാരി മാറിക്കളഞ്ഞതിനാൽ മണിക്കാരന്റെ തുപ്പൽ അവിടെ കത്തിജ്വലിച്ചുകൊണ്ടിരുന്ന ഒരു പന്തത്തിന്മേൽ വീഴുകയും അതു തെള്ളി (ചെഞ്ചല്യ) പ്പൊടി പോലെ കത്തിക്കാളുകയും ചെയ്തു. അപ്പോൾ പൂശാരിയിൽ കറുപ്പസ്വാമിയുടെ ആവേശമുണ്ടാവുകയാൽ ഭാവം മാറീട്ടു വീണ്ടും മണിക്കാരനോടു "ഒട്ടും വ്യസനിക്കേണ്ട. ഞാൻ നിവൃത്തിയുണ്ടാക്കിക്കൊള്ളാം ഗ്രാമത്തിൽ ചെന്ന് എവിടെയെങ്കിലും താമസിച്ചുകൊള്ളണം. അവിടെ ആൾവരും. സംഗതി തീർച്ചയായിട്ടു മടങ്ങിപ്പോന്നാൽ മതി" എന്നു പറഞ്ഞു. ഇതു കറുപ്പസ്വാമിയുടെ കല്പനതന്നെയാണെന്നു തോന്നുകയാൽ മണിക്കാരൻ "കല്പനപോലെ ചെയ്തുകൊള്ളാം. ശുദ്ധഗതിയും മുൻകോപവും കൊണ്ടു ഞാൻ ചെയ്തുപോയ അപരാധം അവിടുന്നു സദയം ക്ഷമിക്കണം" എന്നു പറഞ്ഞു വന്ദിച്ചുകൊണ്ടു് അവിടുന്നു ഇറങ്ങിപ്പോയി. ഗ്രാമത്തിൽ ചെന്ന് ഒരു ഗൃഹത്തിൽ കയറി കിടന്നു.

പന്തത്തിന്മേൽ വീണ തുപ്പൽ കത്തിക്കാളിയപ്പോൾ മുതൽ കലക്ടർസായിപ്പിന്റെ മദാമ്മയ്ക്കു ദേഹമാസകലം ഉമിത്തീയിലിട്ടാലെന്നപോലെ ഒരു പുകച്ചിൽ തുടങ്ങി. ഉടനെ അനേകം ഡാക്ടരന്മാരെ വരുത്തി പല ചികിത്സകൾ ചെയ്യിച്ചുനോക്കി. ഒരു ഗുണവും കണ്ടില്ല അതിനാൽ സായിപ്പു വല്ലാതെ വ്യസനാക്രാന്തനായിത്തീർന്നു. അപ്പോൾ സായിപ്പിന്റെ സേവകനും ക്ലർക്കുമായ ഒരു ഹിന്ദു "ഇതിന്റെ കാരണമറിയുന്നതിനു് ഒന്നു പ്രശ്നം

വെപ്പിച്ചുനോക്കിച്ചാൽ കൊള്ളാം" എന്നു പറഞ്ഞു. ശ്രദ്ധമായി അപ്രകാരം നോക്കിക്കുന്നതിനു സായിപ്പു സമ്മതിക്കുകയാൽ ആ ക്ലർക്ക് ശ്രദ്ധമായി ഒരു പ്രശ്നക്കാരനെ വരുത്തി. ആരും അറിയാതെ ഒരു ശ്രദ്ധസ്ഥലത്തുവെച്ചു പ്രശ്നം വെപ്പിച്ചു നോക്കിച്ചു. മദാമ്മയുടെ സുഖക്കേടിനു കാരണം അച്ചൻകോവിൽ ശാസ്താവിന്റെ കോപമാണെന്നും മണിക്കാരനെ വരുത്തി സമാധാനം പറഞ്ഞാൽ മദാമ്മക്കു സുഖമാകുമെന്നും പ്രശ്നക്കാരൻ വിധിച്ചു! ക്ലർക്ക് ഉടനെ ഈ വിവരം സായിപ്പിനെ ഗ്രഹിപ്പിക്കുകയും സായിപ്പിന്റെ ആജ്ഞപ്രകാരം ആളയച്ചു മണിക്കാരനെ വരുത്തുകയും ചെയ്തു. വിവരമൊക്കെപ്പറഞ്ഞപ്പോൾ മണിക്കാരൻ അയ്യപ്പസ്വാമിയെ സ്മരിച്ചുകൊണ്ടു സ്വല്പം ഭസ്മമെടുത്തു ജപിച്ചു മദാമ്മയുടെ ദേഹത്തിലും ശിരസ്സിലുമിട്ടു. ഉടനെ മദാമ്മയുടെ സുഖക്കേടെല്ലാം മാറി, നല്ല സുഖമായി. സായിപ്പു സന്തോഷിച്ചു മണിക്കാരനു ചില സമ്മാനങ്ങൾ കൊടുക്കുകയും നിലം ഗവമ്മെന്റിൽ ചേർക്കാൻ പാടുള്ളതല്ലെന്നു തീർച്ചയാക്കുകയും ദേവസ്വംപേരിൽത്തന്നെ പതിച്ചുകൊടുക്കുകയും ചെയ്തു.

(തുടരും)

# ഭാരതീയായുർവേദം.

(മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠൻഉണ്ണി)

ധർമ്മാർത്ഥകാമമോക്ഷങ്ങളായ പുരുഷാർത്ഥങ്ങളെ സാധിക്കുക എന്നുള്ളതാണല്ലോ മനുഷ്യജന്മത്തിന്റെ പരമോദ്ദേശ്യം. അനന്തകാരുണികനായ ഭഗവാൻ ജഗദീശ്വരന്റെ അരുമസന്താനങ്ങളും അജ്ഞാകരന്മാരുമായ നാം അതിനായി എത്രമാത്രം പ്രയത്നിക്കുന്നുവോ അത്രമാത്രം സന്തോഷവും അജ്ഞാനനിവൃത്തിയിൽനിന്നുണ്ടാകുന്ന മാഹാത്മ്യവും നമുക്കു സിദ്ധമാകുന്നു. ഇതിൽനിന്നും വ്യതിചലിച്ച് സ്വകൃത്യം എന്തെന്നറിയാതെ അലഞ്ഞുതിരിയുന്ന ഒരു മനുഷ്യന്റെ ആയുസ്സ് നിഷ്ഫലമെന്നു പറയുന്നതിൽ എന്താണു വിരോധം. കേവലം താന്തോന്നിയായി ജീവിതം നയിച്ചതുകൊണ്ടു തങ്ങൾക്കോ അന്യന്മാർക്കോ യാതൊരു പ്രയോജനവും ഉണ്ടാവാനില്ലെന്നുള്ളതും വിശിഷ്യ വക്തവ്യമായിട്ടുള്ളതാണ്. സുഖസാധനോപായങ്ങളെ ഗവേഷണം ചെയ്യുന്നതിൽ സാധാരണജനങ്ങൾ ബദ്ധശ്രദ്ധന്മാരാണ്. എന്നാൽ അവാന്തരസുഖങ്ങളെ അരാഞ്ഞും അവാന്തരദുഃഖങ്ങളെത്തന്നെ സുഖങ്ങളെന്നഭിമാനിച്ചും ജീവിതം നയിക്കുകയാണ് സാധാരണജനങ്ങളുടെ പതിവ്. പുനരാവൃത്തിരഹിതവും ആനന്ദാസ്പദവുമായ മോക്ഷം അത്ര സുസാധമല്ല. ഇതിനു അനേകകാലത്തെ പരിശ്രമവും സുദൃഢമായ ജ്ഞാനവും അത്യാവശ്യമാകുന്നു. ദീർഘമായ ആയുസ്സും ബാധാവിരഹിതമായ ശരീരവും അനല്പമായ മനശ്ശക്തിയും ഉള്ളവർക്കേ ഇതു സാധിതപ്രായമായിത്തീരുകയുള്ളൂ. അതായതു് ആയുസ്സും ശരീരസുഖവും ഉള്ളവർ മാത്രമേ ജന്മോദ്ദേശ്യം നിറവേറുന്നതിനു സാധിക്കയുള്ളൂ എന്നാണു വന്നുകൂടുന്നത്. തന്മൂലം ആയുർവൃദ്ധിക്കും രോഗശാന്തിക്കുമായി ഏവനും ആയുർവേദം അഭ്യസിക്കേണ്ടതാണ്. "ശരീരമാദ്യം ഖലുധർമ്മസാധനം" എന്നല്ലേ ആപ്തവാക്യം. ശരീരമില്ലാത്തവനു എന്തുതന്നെ ചെയ്വാൻ സാധിക്കും. ചിത്രകലാനിപുണനായ ഒരാൾക്കു സാമഗ്രീസമ്പത്തി പരിപൂർണ്ണനിലയിൽ എത്തിച്ചേർന്നിട്ടുണ്ടെന്നുതന്നെയല്ല അന്യാദൃശമായ വാസനാനൈപുണ്യവും ധാരാളമായിട്ടുണ്ടെങ്കിലും ഭിത്തിയില്ലെങ്കിൽ അവന്റെ താദൃശവിഭവങ്ങളെല്ലാം നിഷ്ഫലമായി തീരാനേ ഇടയുള്ളുവല്ലോ.

ഭാരതീയരുടെ ആയുർവേദത്തോളം അത്രമാത്രം പ്രാധാന്യമേറിയ ഒരു ശാസ്ത്രം ഇതഃപര്യന്തം ലോകത്തിൽ എവിടേയും ഉണ്ടായിട്ടില്ലെന്നുള്ള സംഗതി നിർമ്മത്സരബുദ്ധികളായ സകലരും സശിരഃകമ്പം സമ്മതിക്കുന്ന ഒരു കാര്യമാണ്. വിവിധരോഗങ്ങൾക്കു നിദാനഭൂതങ്ങളായ കാര്യങ്ങളെ കണ്ടുപിടിക്കുന്നതിലും കേവലം വനൌഷധികളെക്കൊണ്ടും ധാത്വാദിദ്രവ്യങ്ങളെക്കൊണ്ടും രോഗശാന്തിക്കു പര്യാപ്തങ്ങളായ ചികിത്സകൾ നിശ്ചയിക്കുന്നതിലും ഭാരതീയവൈദ്യശ്രേഷ്ഠന്മാർ അഗ്രഗണ്യന്മാർ തന്നെയാണ്. അനല്പമായ ശാരീരികജ്ഞാനവും യന്ത്രാദിസഹായം മൂലം സാധിക്കാവുന്ന വ്രണശോധന രോപണാദികളിലുള്ള പാടവവും പുരാതനകാലത്തിൽ ഭാരതീയവൈദ്യന്മാർക്കുണ്ടായിരുന്നു എങ്കിലും ഇപ്പോൾ അവ വിഭാതതാരകപ്രായമായിത്തീർന്നിരിക്കുന്നു എന്നു കാണുന്നതു് ഏതൊരു സഹൃദയന്റെ ഹൃദ

യത്തെയാണ് ഭേദിപ്പിക്കാത്തതു്. അന്തസ്സാരവിഹീനമായ പാശ്ചാത്യപരിഷ്കാരത്തിന്റെ ആവിർഭാവമാണ് ഭാരതീയശാസ്ത്രങ്ങൾക്കു വിനാശകാരണമായിത്തീർന്നിട്ടുള്ളതു്. പുതുമോടിയിൽ ഭ്രമിച്ചു പരിപാവനങ്ങളായ പുരാതനാചാരങ്ങളെ തീരെ ഉപേക്ഷിക്കുന്നതിനു ഭാരതീയരെ പ്രേരിപ്പിച്ച ശക്തി എന്തുതന്നെ ആയിരുന്നാലും അതിനെ അവജ്ഞാപൂർവ്വം തിരസ്കരിക്കാതെ നിവൃത്തിയില്ല. അപ്രസക്തമായ ഈ വിഷയം ഇവിടെ നിൽക്കട്ടെ.

ഭാരതീയർ താന്താങ്ങളുടെ ശാസ്ത്രങ്ങൾക്കു ദൈവികത്വം സമ്പാദിക്കുന്നതിനായി അവകളെ വിധിവിരചിതങ്ങളെന്നൽഘോഷിച്ചുവരുന്നു. പ്രചാരപ്രാചുര്യവും അനിർവ്വചനീയമായ മാഹാത്മ്യവും സർവ്വദാ ആദരണീയമായ ഒരു അവസ്ഥയും തങ്ങളുടെ ഗ്രന്ഥങ്ങൾക്കുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലയോ ഈവിധം ഒരു വിദ്യ തൽകർത്താക്കന്മാർ കണ്ടുപിടിച്ചിട്ടുള്ളതു്. പ്രശസ്തമായ ആയുർവ്വേദത്തിന്റെ ഉല്പത്തിയാകട്ടെ ഈവിധത്തിലാണെന്നു പറയപ്പെടുന്നു.

"ബ്രഹ്മണാഹിയഥാപ്രോക്തമായുർവേദംപ്രജാപതിഃ
ജഗ്രാഹനിഖിലേനാദാവശ്വിനൌതുപുനസ്തതഃ
അശ്വിഭ്യാംഭഗവാൻശക്രഃപ്രതിപേദേഹകേവലം
ഋഷിപ്രോക്തോഭരദ്വാജസ്തസ്മാച്ഛക്രമുപാഗമൽ" ചരകം.

"ബ്രഹ്മാപ്രോവാചതതഃപ്രജാപതിരധിജഗേ
തസ്മാദശ്വിനാവശ്വിഭ്യാമിന്ദ്രഇന്ദ്രാദഹം
മയാത്വിഹപ്രദേയമർത്ഥിഭ്യഃപ്രജാഹിതഹേതോഃ" സുശ്രുതം.

"ബ്രഹ്മാസ്മൃത്വായുഷോവേദംപ്രജാപതിമജിഗ്രഹൽ
സോശ്വിനൌതൌസഹസ്രാക്ഷംസോത്രിപുത്രാദികാൻമുനീൻ
തേഗ്നിവേശാദികാംസ്തേതുപൃഥക്തന്ത്രാണിതേനിരേ" അഷ്ടാംഗഹൃദയം.

ദേവന്മാർക്കും മനുഷ്യർക്കും എന്നുവേണ്ട പ്രാണിസഞ്ചയത്തിനാകപ്പാടെ തന്നെ ആയുരാരോഗ്യപ്രദായകമായ ആയുർവേദം ബ്രഹ്മാവു് ആദ്യമായി ഹൃൽകമലത്തിൽ വിചിന്തനം ചെയ്തു് ബോധിക്കുകയും ലക്ഷം ശ്ലോകങ്ങൾ അടങ്ങിയ ഒരു സംഹിത തനിയെ നിർമ്മിക്കുകയും ചെയ്തു. സർവ്വപ്രധാനമായ അതു് ബ്രഹ്മാവിൽനിന്നും പ്രജാപതിയായ ദക്ഷൻ പഠിച്ചു. അദ്ദേഹം അതിനെ അശ്വനീദേവന്മാരെ ഗ്രഹിപ്പിക്കുകയും അവർ ഇന്ദ്രനുപദേശിക്കുകയും ചെയ്തു. ഇന്ദ്രനാകട്ടെ മാനുഷ്യകരോഗവിനാശനത്തിനായി പുറപ്പെട്ടിട്ടുള്ള ആയുർവ്വേദം അപാരവും ശാരീരവനൌഷധി വിദ്യാപ്രധാനവും ആയതുകൊണ്ടു ഏതദ്വിജ്ഞാനം മനുഷ്യായുസ്സുകൊണ്ടു സാദ്ധ്യമല്ലെന്നു കരുതി അതിനെ രണ്ടായി പിരിക്കുകയും ശാസ്ത്രീയവിചാരം കുറേക്കൂടി ചെയ്യുകയും ചെയ്തു. ഈ രണ്ടു സമ്പ്രദായങ്ങളാണിപ്പോഴും നിലനിൽക്കുന്നതു്. ശല്യാംഗപ്രധാനമായ ആയുർവ്വേദം ധന്വന്തരിപരമ്പരാസിദ്ധവും കായചികിത്സാപ്രധാനമായ ആയുർവേദം ഭരദ്വാജപരമ്പരാസിദ്ധവുമാകുന്നു.

മേൽപറയപ്പെട്ട അഭിപ്രായം എത്രമാത്രം സാധുവാണെന്നു വിചാരിച്ചുനോക്കേണ്ടകാര്യം നമുക്കില്ലെങ്കിലും ലോകസ്ഥിതിയെ അനുസ്മരിച്ചു നോക്കുന്നപക്ഷം അല്പമായ അഭിപ്രായവ്യത്യാസത്തിനും വഴിയില്ലാതില്ല. മനുഷ്യപ്രയത്നംകൊണ്ടു സുസാധ്യങ്ങളായ കാര്യങ്ങളിൽ പരമകാരുണികനായ വിധിയെ എന്തിനു ബുദ്ധിമുട്ടിക്കുന്നു. എന്നുതന്നെയുമല്ല നിസ്സാരങ്ങളായ കാര്യങ്ങളെ അദ്ദേഹത്തിന്റെ തലയിൽ കെട്ടിവെക്കുന്നതു് ഒരുമാതിരി മൌഢ്യംകൂടിയല്ലേ എന്നു തോന്നിപ്പോകുന്നു. ഭാരതീയരായ ഋഷിശ്രേഷ്ഠന്മാർ വിജ്ഞാനാഭിവൃദ്ധിക്കായി സർവ്വസുഖങ്ങളേയും ബലികഴിച്ചു നിരന്തരപ്രയത്നം ചെയ്തുവന്നവരാണ്. തത്വാന്വേഷണത്തിന്നായി കാട്ടുകേറിയും കാട്ടുമൃഗങ്ങളുമായിട്ടിണങ്ങിയും പ്രശാന്തഗംഭീരമായ രീതിയിൽ പർണ്ണശാലാന്തരങ്ങളിൽ താമസിച്ചും പ്രയത്നിച്ചുവന്ന ഇവരുടെ ചരിത്രത്തോളം അത്രമാത്രം പവിത്രമായ ഒരു സംഭവം ഇനി ഒരുകാലത്തും സംഭൃതമാകുകയില്ല; തീർച്ചതന്നെ. പരാർത്ഥമായി ജീവിതംനയിച്ച ആ വന്ദ്യ ഋഷിപ്രവരന്മാരുടെ വിചാരപരമ്പരകളുടെ ഫലങ്ങളാണു ഇന്നു നാം കാണുന്ന സകലവിധ പരിഷ്കാരങ്ങളുടേയും ആദികാരണങ്ങൾ. ആദ്യകാലങ്ങളിൽ അരണ്യപ്രദേശങ്ങളിൽ താമസിച്ചുവന്ന താപസശ്രേഷ്ഠന്മാർ രോഗശമനാർത്ഥം വനൌഷധികളെ ഓരോന്നോരോന്നായി പരീക്ഷിച്ചു വന്നിരിക്കണം. ഒരാ

ളുടെ അയുസ്സിൽ ഏതെങ്കിലും ഒരു പുതിയ തത്വം കണ്ടുപിടിക്കാൻ കഴിഞ്ഞാൽ അതിനെ മഹാഭാഗ്യമായി കരുതുന്നവരായിരുന്നു അന്നുള്ളവർ. അങ്ങിനെ ഇരിക്കെ ആദികാലംമുതൽ ഓരോരുത്തർ ഓരോ ഔഷധികളെ പരീക്ഷിക്കുകയും ഗുണാഗുണവിവേചനത്തിനായി പുറപ്പെടുകയും ചെയ്തു എന്നുള്ളത് അത്ര അതിശയിക്കത്തക്ക ഒരു കാര്യമല്ല.. കാലാന്തരത്തിൽ പലരുടേയും പരിക്ഷണങ്ങളും നിരീക്ഷണങ്ങളും മൂലം അയുർവ്വേദം നാമിന്നു കാണുന്നരീതിയിൽ ആയിത്തീർന്നു എന്നു വേണം വിചാരിപ്പാൻ. അതല്ലാതെ മേൽ പറയപ്പെട്ട ദൈവികസംഭവത്തെ എല്ലാം സത്യമെന്നു വിചാരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നുമാത്രമല്ല അതുകൾ ശാസ്ത്രജിജ്ഞാസുക്കളായ അല്പബുദ്ധികൾക്കു തങ്ങൾ അദ്ധ്യയനം ചെയ്‌വാൻ പോകുന്ന ശാസ്ത്രത്തിൽ ഒരു ബഹുമാനം തോന്നണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പറയപ്പെട്ടിട്ടുള്ളവയാകയാൽ തൽകർത്താക്കൾ കേവലം അജ്ഞത മൂലമോ ദൈവികത്വത്തിലുള്ള ദൃഢവിശ്വാസം മൂലമോ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളാണെന്നു വിചാരിക്കേണ്ട ആവശ്യവും തീരെ ഇല്ലതന്നെ.

സർവ്വപ്രധാനമായ അയുർവ്വേദത്തിൻെറ ഉല്പത്തി ഏതുവിധത്തിലായാലും സമ്പ്രദായദ്വയം ധന്വന്തരിപരമ്പരാഗതവും ഭരദ്വാജപരമ്പരാഗതവുമാണെന്നുള്ളതിൽ വിവാദത്തിനു വഴിയില്ല. ധന്വന്തരി രാജർഷിയും കൂടിയായിരുന്നു എന്നാണറിയുന്നത്. അദ്ദേഹം സകലവിദ്യകളുടേയും ആകരമെന്നു പുരാതനകാലത്തിൽ പ്രസിദ്ധമായിരുന്ന കാശിയിൽ തന്നെയാണു നിവസിച്ചിരുന്നതു്. അദ്ദേഹം അവിടെ താമസിച്ചുകൊണ്ടു സുശ്രുതൻ, ഔരഭ്രൻ, ഔപധേനവൻ, പുഷ്കലാവതൻ, കരവീര്യൻ, ഗോപുരരക്ഷിതൻ മുതലായ ശിഷ്യന്മാരെ ശല്യാംഗപ്രധാനമായ ആയുർവ്വേദം അധ്യയനം ചെയ്യിച്ചു. ബ്രഹ്മർഷിയായ ഭരദ്വാജനാകട്ടെ പുനർവസുവായ ആത്രേയനേ പഠിപ്പിച്ചു. ആത്രേയൻ പാഞ്ചാലരാജ്യത്തിൻെറ തലസ്ഥാനമായിരുന്ന കാമ്പില്യത്തിൽ താമസിച്ചുകൊണ്ടു് അഗ്നിവേശൻ, ഭേളൻ, ജതൂകർണ്ണൻ, പരാശരൻ, ഹാരീതൻ, ക്ഷാരപാണി തുടങ്ങിയുള്ള ബ്രാഹ്മണശിഷ്യന്മാൎക്ക് കായചികിത്സാപ്രധാനമായ ശാസ്ത്രവും ഉപദേശിച്ചു. ഈ രണ്ടു സമ്പ്രദായങ്ങളും പ്രസിദ്ധങ്ങളും, ശാസ്ത്രജിജ്ഞാസുക്കൾക്കു വിജ്ഞാനപ്രദങ്ങളുമാണെന്നു പറയേണ്ടതില്ലല്ലൊ. ഇതിൽ ആദ്യത്തേതിന്നു ധന്വന്തരിസമ്പ്രദായമെന്നോ സുശ്രുതസമ്പ്രദായമെന്നോ, രണ്ടാമത്തേതിനു ഭരദ്വാജസമ്പ്രദായമെന്നോ ആത്രേയസമ്പ്രദായമെന്നോ പേരും പറയപ്പെടുന്നു. കാലാന്തരത്തിൽ ഈ രണ്ടുവൎഗ്ഗത്തിൽ പെട്ടവരും അവരവരാൽ കഴിയുന്നത്ര ഗ്രന്ഥരത്നങ്ങളെക്കൊണ്ടു് ആയുർവേദത്തെ പോഷിപ്പിച്ചിട്ടുണ്ടു്.

ഇപ്രകാരം ആയുർവ്വേദത്തിൻെറ ശക്തിമത്തായ പുരോഗമനത്തിൽ പൊതുവേ ഈ രണ്ടംഗങ്ങളിലും കൂടി കാൎയ്യമാത്രപ്രധാനമായ ഒരു വിഭാഗംകൂടി ഉണ്ടായി. അതായതു് ശല്യാപഹൎത്താക്കൾ, ശാലാകികൾ, കായചികിത്സകർ, ഭൂതവൈദ്യന്മാർ, കൌമാര ഭൃത്യകന്മാർ, അഗദതാന്ത്രികന്മാർ, രസായനികന്മാർ, വാജീകരണികന്മാർ, ഇങ്ങിനെ എട്ടുവിധമായി ആയുർവ്വേദത്തെ വിഭാഗിക്കേണ്ടിവന്നിട്ടുണ്ടു്. ഇതിൽ സുശ്രുതനും അദ്ദേഹത്തിൻെറ അനുഗാമികളും ശല്യഹൎത്താക്കളും, വിദേഹാധിപൻ, നിമി, ഗാൎഗ്ഗ്യൻ, കങ്കായനൻ, ഗാലവൻ തുടങ്ങിയുള്ളവർ ശാലാകികളും അഗ്നിവേശൻ, ഭേളൻ തുടങ്ങിയുള്ളവരുടെ മാൎഗ്ഗത്തെ അനുഗമിക്കുന്നവരും ചരകാദികളും കായചികിത്സകന്മാരും അധൎവ്വാദികൾ ഭൂതവൈദ്യന്മാരും ജീവകാദികൾ കൌമാരഭൃത്യന്മാരും കാശ്യപാദികൾ അഗദതാന്ത്രികന്മാരും അദിമൻ, നിത്യനാഥൻ, ചന്ദ്രസേനൻ, സോമദേവൻ, ഗോവിന്ദൻ, നാഗാർജ്ജുനൻ മുതലായവർ രസായനികന്മാരുമാകുന്നു. വാജീകരണികന്മാരാകട്ടെ യവനരാജ്യാധികാരസമയത്തിൽ വസിച്ചിരുന്ന വിദ്വാന്മാരാണെന്നാണൂഹിക്കപ്പെടുന്നതു്.

ഭാരതീയരായ നമ്മുടെ ഭാഗ്യഹീനതയാലും കഴിഞ്ഞ ആയിരത്തിൽപരം വൎഷങ്ങളായി നടന്നുകൊണ്ടിരുന്ന രാജ്യത്തെ കലഹങ്ങൾമൂലവും മേൽപറയപ്പെട്ട അമൂല്യങ്ങളായ ഗ്രന്ഥങ്ങളിൽ ഒട്ടുമുക്കാലും നാശഗൎത്തത്തിൽ ആണ്ടുപോകുകതന്നെ ഉണ്ടായി. കായചികിത്സാപ്രധാനങ്ങളായ ഗ്രന്ഥങ്ങളിൽ ഒന്നുംതന്നെ നമുക്കു് ഇതേവരെ കിട്ടിയിട്ടില്ല. അന്യങ്ങളായ ഗ്രന്ഥങ്ങളിൽ തന്നെ നമുക്കു ലബ്ധങ്ങളായിട്ടുള്ളവ കേവലം തുഛങ്ങളെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അവയിൽ പ്രധാനങ്ങളായവ ചരകം സുശ്രുതം എന്ന രണ്ടു

ഗ്രന്ഥങ്ങളാണ്. പ്രായേണ നമുക്കു കിട്ടിയിട്ടുള്ള ഗ്രന്ഥങ്ങൾ തന്നെ മുദ്രണവിഷയകമായ സ്ഖാലിത്യം ധാരാളമായി വന്നുചേർന്നിട്ടുള്ളവയും അപഭ്രംശബഹുലങ്ങളും ആകുന്നു. വാഗ്ഭടൻ, ശാർങ്ഗധരൻ, ഭാവമിശ്രൻ, ചക്രപാണി, വംഗസേനൻ മുതലായ പണ്ഡിതവരേണ്യന്മാരാൽ ഉണ്ടാക്കപ്പെട്ട ഗ്രന്ഥങ്ങളാകട്ടെ മേൽപറയപ്പെട്ട ഗ്രന്ഥങ്ങളുടെ സംഗ്രഹരൂപങ്ങളായ പരിവർത്തങ്ങളെന്നു വിചാരിപ്പാനേ ഉള്ളൂ. നിഘണ്ടുനിദാനാദികൾ വനൌഷധരോഗവിജ്ഞാനാദികളായ ഏകദേശങ്ങളെ മാത്രം പ്രതിപാദിക്കുന്നവയാണ്. രസരത്നാകരം, രസേന്ദ്രചിന്താമണി, രസരത്നസമുച്ചയം മുതലായ ഗ്രന്ഥങ്ങൾ ഇദാനീന്തനലോകത്തിൽനിന്ന് ആവിർഭവിച്ചവയാണ്. പഴയകാലത്തു ഇവ ദുർലഭങ്ങളായിരുന്നു. ഭേളസംഹിത ദക്ഷിണഇൻഡ്യയിൽ തഞ്ചാവൂർ രാജധാനിയിലുള്ള ഗ്രന്ഥപ്പുരയിൽ ഇരിപ്പുണ്ടെന്നാണറിയുന്നതു്. പകർത്തിയെഴുതിയ ഒരു പ്രതി പാശ്ചാത്യവിദ്വാനായ ഡാക്ടർ ഹണ്ണ്ലി (Dr Hoernle) യുടെ കൈവശമുണ്ടെന്നു അദ്ദേഹംതന്നെ പറയുന്നു. ഏതായാലും അതു സുലഭമാണെന്നു തോന്നുന്നില്ല. പ്രസ്തുതഗ്രന്ഥംതന്നെ ഹാരീതസംഹിത എന്ന പേരിൽ മുദ്രണംചെയ്തു കാണുന്നുണ്ട്. പക്ഷേ പുനരുക്തദോഷദൂഷിതവും അപഭ്രംശബഹുലവുമായ ഇതു് എത്രമാത്രം ആദരണീയമാണെന്നുള്ള കാര്യം വിദ്വജ്ജനവിചാരത്തിന്നായി വിടുകയാണു നല്ലതു്. തൽക്കാലം നമുക്കു കിട്ടിയിട്ടുള്ള ഗ്രന്ഥങ്ങൾ പ്രായേണ ഇത്രമാത്രമാണ്.

അതിപ്രധാനങ്ങളായ ചരകസുശ്രുതാദിഗ്രന്ഥങ്ങളുടെ കർത്താക്കന്മാർ ചരകനും സുശ്രുതനുമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ചരകൻ പതഞ്ജലിയുടെ ഒരവതാരമെന്നുതന്നെയാണ് പറയപ്പെടുന്നതു്.

"പാതഞ്ജലമഹാഭാഷ്യചരകപ്രതിസംസ്കൃതൈഃ
മനോവാക്കായദോഷാണാം ഹർത്രേഹിപതയേനമഃ"

"യോഗേന ചിത്തസ്യ പദേന വാചാം
മലം ശരീരസ്യ ച വൈദ്യകേന
യോപാകരോത്തം വരദം മുനീനാം
പതഞ്ജലിം പ്രാഞ്ജലിരാനതോസ്മി"

മേലെഴുതിയ ഉദാഹരണങ്ങളിൽനിന്നു ചരകൻ സാക്ഷാൽ പതഞ്ജലിതന്നെയാണെന്നു വന്നുകൂടുന്നു. ഇനിയും ദൃഷ്ടാന്തങ്ങൾ എടുത്തുകാണിക്കുന്നതിനു വിഷമമില്ല. സർപ്പരാജനായ ശേഷൻ വേദശാസ്ത്രനിപുണനായ ഒരു മഹർഷിയുടെ പുത്രനായി ജനിച്ചു എന്നും അദ്ദേഹത്തിനു പതഞ്ജലി എന്നായിരുന്നു നാമമെന്നുമാണറിയുന്നതു്. എന്നുമാത്രമല്ല പാതഞ്ജലയോഗസൂത്രത്തിനും ചരകസംഹിതക്കും അന്യോന്യസംബന്ധവും പല സ്ഥലങ്ങളിലും കാണുന്നുണ്ടുതാനും. രാമഭദ്രദീക്ഷിതവിരചിതമായ പതഞ്ജലിചരിതത്തിൽ അദ്ദേഹം ചരകസംഹിതാകാരനാണെന്നു മുക്തകണ്ഠം ഉൽഘോഷിക്കുന്നു.

"സൂത്രാണിയോഗശാസ്ത്രേ വൈദ്യകശാസ്ത്രേ ച സംഹിതാമതുലാം.
കൃത്വാ പതഞ്ജലിമുനിഃ പ്രചരയാമാസ ജഗദിദം ത്രാതും"

എന്നാൽ പതഞ്ജലി ചരകസംഹിതാകർത്താവു മാത്രമല്ലാ വേറെ പല ഗ്രന്ഥങ്ങളും അദ്ദേഹത്താൽ വിനിർമ്മിതങ്ങളായിട്ടുണ്ടു് എന്നാണറിയുന്നതു്. സർവ്വഥാ പതഞ്ജലിയല്ല ചരകൻ എന്നുള്ള വാദം യുക്തിരഹിതവും അനുഭവവിഹീനവുമാണെന്നു വിചാരിക്കുന്നതിൽ വിരോധമില്ല.

സുശ്രുതസംഹിതയാകട്ടെ ഏതുകാലത്തു ആരാൽ ഉണ്ടാക്കപ്പെട്ടു എന്നറിവാൻ നിവൃത്തിയില്ല. സുശ്രുതടീകയിൽ ഉല്ലനൻ "പ്രതിസംസ്കർത്താപീഹനാഗാർജ്ജുനഃ" എന്നെഴുതിക്കാണുന്നു. ഇതിൽനിന്നു ഉല്ലനനു മുമ്പുള്ള വ്യാഖ്യാകാരന്മാർ സുശ്രുതപ്രതിസംസ്കർത്താവു നാഗാർജ്ജുനനല്ലെന്നു വാദിച്ചിരുന്നു എന്നും എന്നാൽ ഇദ്ദേഹം അതിനെ സ്വീകരിക്കുന്നില്ലെന്നും നാഗാർജ്ജുനൻതന്നെയാണു ചരകകർത്താവെന്നാണു അദ്ദേഹത്തിന്റെ അഭിമതമെന്നുമല്ലേ വന്നുചേരുന്നതു്. ചക്രപാണിയാവട്ടെ ചരകപ്രതിസംസ്കർത്തൃത്വം സ്വീകരിക്കുന്നുണ്ടെങ്കിലും തൽകർത്താവാണെന്നദ്ദേഹം പറയുന്നില്ല. ഇപ്രകാരം നോക്കുമ്പോൾ നാഗാർജ്ജുനാദികളായ അനേകംപേർ സുശ്രുതസംസ്കർത്താക്കളായിട്ടുണ്ടെന്നു വന്നുകൂടുന്നു. നാഗാർജ്ജുനൻ

തന്നെയാണു തൽകർത്താവെന്നു ദൃഢമായി പറയുന്നതിനു തക്ക യുക്തികൾ ഒന്നുംതന്നെ കാണാത്തതുകൊണ്ടു് ഉല്ലനന്റെ അഭിപ്രായവും സ്വീകാര്യകോടിയിൽ എത്തിച്ചേരുന്നില്ല.

അഥവാ ഇനി നാഗാർജ്ജുനൻതന്നെയാണു സുശ്രുതപ്രതിസംസ്കർത്താവു് എന്നു വിചാരിക്കുന്നപക്ഷവും അനേകം നാഗാർജ്ജുനന്മാരുള്ളതിൽ ഏതാണു പ്രകൃതനാഗാർജ്ജുനൻ എന്നറിവാൻ തക്ക പ്രമാണങ്ങൾ ഒന്നുംതന്നെ കാണുന്നില്ല. പ്രാചീനേതിഹാസങ്ങളെ ക്രൂലംകഷമായി പര്യാലോചിക്കുന്ന പണ്ഡിതശ്രേഷ്ഠന്മാർക്കു് ഒന്നിലധികം നാഗാർജ്ജുനന്മാരെ കാണ്മാൻ കഴിയും. ലോഹശാസ്ത്രകാരനും രസതന്ത്രകാരനുമായ നാഗാർജ്ജുനൻ ഒന്നു്, കാശ്മീരരാജ്യചരിത്രമെന്നു പ്രഥിതമായ രാജതരംഗിണിയിൽ കാണുന്ന ബൗദ്ധരാജാവായ നാഗാർജ്ജുനൻ ഒന്നുവേറെ; ബൗദ്ധേതിഹാസപ്രസിദ്ധനും ബൗദ്ധാചാര്യനും മഹായാനസമ്പ്രദായപ്രതിഷ്ഠാപകനുമായ നാഗാർജ്ജുനൻ മറെറാന്നു്. ഇതിൽ ഒന്നാമതു പറയപ്പെട്ട ആൾ കക്ഷപുടം രസരത്നാകരം മുതലായവയുടെ കർത്താവും നേപ്പാളദേശവാസിയും ആയിരുന്നു എന്നാണു തദ്ദേശീയന്മാർ ഇന്നും വാദിക്കുന്നതു്. സുശ്രുതപ്രതിസംസ്കർത്താവു് ഇദ്ദേഹമാണെന്നൊരുകാലത്തും വരുന്നതല്ല. അങ്ങിനെ ആയിരുന്നു എങ്കിൽ സകലലോകവിനാശത്തിനും ഒരുപോലെ ഉതകുന്ന രസത്തെപ്പററി—അദ്ദേഹം ഒരു രസതന്ത്രകാരനായിരുന്ന സ്ഥിതിക്കു്—എന്തുകൊണ്ടു സുശ്രുതത്തിൽ ഒരിടത്തും ഒന്നും പറയാതെ വിട്ടുകളഞ്ഞു, എന്നുള്ള ചോദ്യത്തിനു സമാധാനം കാണുന്നില്ല: ത്രപ്വാദിലോഹങ്ങളുടെ ചികിത്സോപയോഗിത്വത്തേയും ഗുണപൌഷ്കല്യത്തേയും സുശ്രുതത്തിൽ വിവരിച്ചിട്ടുള്ളസ്ഥിതിക്കു പ്രസ്തുതനാഗാർജ്ജുനനായിരുന്നു പ്രതിസംസ്കർത്താവു എങ്കിൽ തീർച്ചയായും രസത്തെപ്പററിയും പറയുമായിരുന്നു എന്നു വേണം ഊഹിപ്പാൻ. ബൌദ്ധരാജാവായ നാഗാർജ്ജുനനാണു സുശ്രുതപ്രതിസംസ്കർത്താവെന്നു പറയുന്നതിനും യാതൊരു യുക്തികളും കാണുന്നില്ല. ബൌദ്ധധർമ്മാചാര്യനും മാദ്ധ്യമികമതസ്ഥിതനുമായ നാഗാർജ്ജുനനാണു് പ്രതിസംസ്കർത്താവെന്നു പറയുകയാണെങ്കിൽ അദ്ദേഹത്തിനു വൈദ്യശാസ്ത്രത്തിൽ പരിചയമുള്ളതായി വെളിവാകത്തക്കവണ്ണമുള്ള പ്രമാണങ്ങൾ ഒന്നുംതന്നെ കാണുന്നില്ല. ആകപ്പാടെ നോക്കുമ്പോൾ സുശ്രുതപ്രതിസംസ്കർത്താവു് ആരാണെന്നു നിശ്ചയിക്കുന്നതിനു യാതൊരു മാർഗ്ഗവും ഇല്ലാതെയാണിരിക്കുന്നതു്. ഇനി വാദത്തിനുവേണ്ടി സുശ്രുതപ്രതിസംസ്കർത്താവു് ബൌദ്ധാചാര്യനായ നാഗാർജ്ജുനൻതന്നെയാണെന്നു പറയുകയാണെങ്കിൽ അദ്ദേഹത്തിന്റെ കാലം രണ്ടായിരം വർഷങ്ങൾക്കു മുമ്പായതുകൊണ്ടു പ്രസ്തുതസംസ്കാരത്തിനും അത്രമാത്രം പഴക്കമുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

എന്തിനധികം പറയുന്നു. ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുൻപുതന്നെ ഭാരതത്തിൽ വിപുലമായ ആയുർവേദത്തിനു പറയത്തക്ക പ്രതിഷ്ഠ ലഭിച്ചിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. അക്കാലത്തുതന്നെ സംഹിതാപ്രതിസംസ്കാരങ്ങളും അനവധി വ്യാഖ്യാനങ്ങളും ഉണ്ടാകണമെങ്കിൽ അതിനെത്രയോ മുൻപുതന്നെ ആയുർവ്വേദത്തെപ്പററിയുള്ള ചിന്തയും തദീയപോഷണത്തിൽ നിരന്തരമായ പരിശ്രമവും പണ്ഡിതലോകത്തിനുണ്ടായിരുന്നിരിക്കണം. സംഹിതാപ്രതിസംസ്കാരത്തിനുശേഷമാണു് വാഗ്ഭടൻ, മാധവൻ, വൃന്ദൻ, ചക്രപാണി, വിജയരക്ഷിതൻ മുതലായ വൈദ്യശാസ്ത്രഗ്രന്ഥകാരന്മാരും നിരവധി വ്യാഖ്യാതാക്കളും ഉണ്ടായിട്ടുള്ളതു്. ഇവരുടെ ഗ്രന്ഥങ്ങളെ പഠിച്ചും ചർവ്വിതചർവ്വണം ചെയ്തും മാത്രമാണു് ഇന്നത്തെ വൈദ്യന്മാർ ചികിത്സാസാമർത്ഥ്യം പ്രകടിപ്പിക്കുന്നതു്. പ്രാചീനഭാരതീയരുടെ അന്വേഷണബുദ്ധിയും തത്വചിന്താസാമർത്ഥ്യവും ഇവരിൽ ലേശംപോലും കാണുന്നില്ലെന്നു മാത്രമല്ല കേവലം സതൃണാഭ്യവഹാരികളെപ്പോലെ കാലയാപനം ചെയ്തുവരികയും ചെയ്യുന്നു എന്നു കേൾക്കുമ്പോൾ യഥാർത്ഥഭാരതീയനായ ഏതൊരുത്തന്റെ ഹൃദയത്തെയാണു് അധികം സങ്കടപ്പെടുത്താത്തതു്.

ഇനി ആയുർവേദത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയെപ്പററി ചിന്തിക്കേണ്ടിയിരിക്കുന്നു. ബ്രഹ്മാവിന്റെ ലക്ഷശ്ലോകാത്മകമായ സംഹിതയും അതോടു സദൃശങ്ങളായ മററു ഗ്രന്ഥങ്ങളും ആയുർവ്വേദത്തിന്റെ പ്രഥമഘട്ടത്തിൽ ഉണ്ടായിട്ടുള്ളവയും അതിപാവനങ്ങളുമാണു്. ഇതിനെ ആയുർവ്വേദത്തിന്റെ ബാല്യദശയെന്നു നമുക്കനുമാനിക്കാം. പിന്നീടുണ്ടായ സമ്പ്രദായഭേദവും കാര്യവശേനയുണ്ടായിട്ടുള്ള എട്ടു വിഭാഗങ്ങളും തത്തദ്വിഭാഗാനുസൃതങ്ങളായ ഗ്രന്ഥരത്നങ്ങളും സുശ്രുതാദിസംഹിതകളും ഇതിന്റെ രണ്ടാമത്തെ ഘട്ടമായിട്ടു വിചാരി

ക്കാം. അതായത്തു് കൌമാരാവസ്ഥയായി കരുതാം. പിന്നീട്ടുണ്ടായ സംഗ്രഹകാരന്മാരുടെ കാലമാണു യൌവ്വനദശ എന്നു പറയേണ്ടതു്. അക്കാലത്തിനു ശേഷം ആയുർവേദത്തിന്റെ മാഹാത്മ്യം ക്രമേണകുറഞ്ഞുതുടങ്ങി. അതിന്നുശേഷം ഉണ്ടായിട്ടുള്ള ഇദാനീന്തനകാലമാണു് അയുർവ്വേദത്തിന്റെ ഒടുവിലത്തെ കാലഘട്ടമായ വാർദ്ധക്യം. ഇപ്പോഴാവട്ടെ ശാസ്ത്രവിചാരത്തിൽ ജനങ്ങൾക്കു മടിയും ശാസ്ത്രങ്ങളുടെ തന്നെ വൈരള്യവും അപരങ്ങളായ വിഘ്നരാശികളും ധാരാളമായിട്ടുണ്ടു്. പക്ഷേ ലോകസ്ഥിതി അനുസ്മരിച്ചു നോക്കുമ്പോൾ കാലാന്തരത്തിൽ കഴിഞ്ഞ കാലങ്ങൾ ഇനിയും വരാതെ കഴികയില്ലല്ലോ എന്നുള്ള ഒരു വിചാരം മാത്രമേ നമുക്കാശ്വാസജനകമായിട്ടുള്ളു.

അതിപ്രധാനമായ ആയുർവേദത്തിന്നു ഭാരതത്തിൽ മാത്രമല്ല സകല ഭൂമണ്ഡലത്തിലും പ്രചാരപ്രാചുര്യം സിദ്ധമായിരുന്നു എന്നുള്ളതിനു ധാരാളം തെളിവുകളുണ്ടു്. പാശ്ചാത്യവൈദ്യശാസ്ത്രജ്ഞന്മാർ ഛേദനപാടനാദികൾക്കായി ഉപയോഗിക്കുന്ന ശസ്ത്രാദികൾക്കും ഭാരതീയരുടെ പുരാതന യന്ത്രങ്ങൾക്കും തമ്മിൽ സാരതരങ്ങളായ വ്യത്യാസങ്ങൾ ഒന്നുംതന്നെ കാണുന്നില്ല. പുരാതന ഗ്രീക്കു് വൈദ്യാചാര്യന്മാരായ പിത്താഗോറസ്; ഹിപ്പോക്രിട്ടസ് മുതലായവർപോലും ഭാരതം ഈജിപ്റ്റ് ഈ രാജ്യങ്ങളിൽനിന്നും കിട്ടിയിട്ടുള്ള ജ്ഞാനം മൂലമാണു് വിദ്വാന്മാരായിത്തീർന്നിട്ടുള്ളതെന്നാണു് ഗ്രീക്കു് ദേശക്കാരുടെ ഐതിഹ്യപരമ്പരകളിൽ കാണുന്നതു്: വാതപിത്തകഫശോണിതാദികൾക്കു സർവ്വശരീരാധാരതയും രോഗനിദാനതയും ഉള്ളതായിട്ടാണു ഗ്രീക്കുകാരായ വൈദ്യന്മാർ ഉൽഘോഷിക്കുന്നതു്. ഭാരതീയരായ വൈദ്യന്മാരുടേയും മതം ഇതുതന്നെയാണല്ലോ. സുപ്രസിദ്ധനായ അലക്സാണ്ടർ ചക്രവർത്തി ദിഗ്വിജയം ചെയ്തു് ഭാരതത്തിൽ വന്നുചേർന്നപ്പോൾ, അദ്ദേഹത്തിനു് സർപ്പദംശനമുണ്ടാകുകയും ഇവിടുത്തെ ഭിഷഗ്വരന്മാരെക്കൊണ്ടു അതിനു വേണ്ടതക്ക പ്രതിവിധികൾ ഉടനടി ചെയ്യിക്കയും, തന്മൂലം സുഖശരീരനായിത്തീരുകയും ചെയ്ത കഥകൾ സുപ്രസിദ്ധങ്ങളാണല്ലോ. ഭാരതീയ വൈദ്യന്മാരുടെ മാഹാത്മ്യമോർത്തു് അദ്ദേഹം അക്കാലത്തു് അത്യധികം വിസ്മയിച്ചിട്ടുണ്ടെന്നാണറിവു്. കൂടാതെ ചരകം സുശ്രുതം മുതലായ ഭാരതീയ വൈദ്യഗ്രന്ഥങ്ങളെ അറബി ഭാഷയിലേക്കു വിവർത്തനം ചെയ്യിക്കയുമുണ്ടായിട്ടുണ്ടെന്നു് ആൽബർട്ടു് എന്ന പ്രാചീനേതിഹാസികൻ സ്വകീയഗ്രന്ഥത്തിൽ പറഞ്ഞുകാണുന്നു. മഖൻ എന്ന ഒരു ഭാരതീയ വൈദ്യൻ ഒരു അറബി രാജാവിനെ ചികിത്സിക്കുകയും, അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ചില സംസ്കൃത ഗ്രന്ഥങ്ങളെ അറബി ഭാഷയിലേക്കു തർജ്ജമ ചെയ്കയും ഉണ്ടായിട്ടുണ്ടു്.

യൂനാനി ചികിത്സ എന്നു സുപ്രസിദ്ധമായിത്തീർന്നിട്ടുള്ള യവന ചികിത്സയും സർവ്വഥാ ഭാരതീയരുടെ ചികിത്സാമാർഗ്ഗങ്ങളെ അനുകരിക്കുന്നവയാണു്. യവനരാജ്യത്തിൽ പ്രസിദ്ധമായ ഈ ചികിത്സ മഹമ്മദീയരുടെ ഭാരതാക്രമണത്തോടുകൂടിയാണിവിടെ വന്നുചേർന്നിട്ടുള്ളതു്. സുശ്രുത സമ്പ്രദായത്തോടു കിടപിടിക്കത്തക്കവണ്ണമുള്ള പ്രയോഗങ്ങളാണവയിൽ ധാരാളമായിക്കാണുന്നതു്. ഔഷധികളും ഉപയോഗസമ്പ്രദായങ്ങളും രോഗനിദാനങ്ങളും എല്ലാം ഒന്നുപോലെ ഇരിക്കുന്ന സ്ഥിതിക്കു് ഈ ചികിത്സ ആയുർവേദത്തിന്റെ ഒരു അപഭ്രംശരൂപമെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

ചീനദേശീയരുടെ ചികിത്സാസമ്പ്രദായവും, ഭാരതീയ ചികിത്സാസമ്പ്രദായവും ഏകദേശം ഒന്നുപോലെതന്നെ ഇരിക്കുന്നതിനാൽ വാതപിത്തകഫ വിചിന്തയും, ഔഷധപ്രയോഗവും എല്ലാം ഭാരതത്തിൽ നിന്നുതന്നെ ചീനദേശത്തേക്കു കടന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

മേലെഴുതിയ കാരണങ്ങളിൽനിന്നും വ്യക്തമാകുന്നതെന്തെന്നാൽ ഭാരതീയരുടെ പരിപാവനമായ ആയുർവ്വേദം തന്നെയാണു ലോകത്തിലുള്ള സകല ചികിത്സാ സമ്പ്രദായങ്ങൾക്കും നിദാനമായിത്തീർന്നിട്ടുള്ളതെന്നാണു്.

ഇപ്രകാരം സകലനാട്ടുകാരുടേയും ലാളനയ്ക്കു പാത്രമായിത്തീർന്ന ഭാരതീയരുടെ സാക്ഷാൽ ആയുർവേദം ഇടക്കാലത്തു മാഹാത്മ്യംകുറഞ്ഞു് പ്രഭാവിഹീനമായ ഒരു നിലയിൽ എത്തിച്ചേർന്നു എന്നു കേൾക്കുന്നതു് ഏവർക്കും മർമ്മഭേദകമായിത്തന്നെ ഇരിക്കും. ഗ്രന്ഥബാഹുല്യംകൊണ്ടും ശാസ്ത്രീയചർച്ചയിലുള്ള സൂക്ഷ്മാന്വേഷണശീലംകൊണ്ടും ഒരുന്നതമായ നില

ിൽ സ്ഥിതിചെയ്തിരുന്ന ആയുർവേദത്തിനു ഉടനടി ഇങ്ങിനെ ഒരു പരിവർത്തനമുണ്ടാകുന്നതിനുള്ള കാരണങ്ങൾ പലതാണു്.

ഈവിധം ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയോടുകൂടി ഉത്തരോത്തരം ഉൽകൃഷ്ടമായി വന്നുകൊണ്ടിരുന്ന ഭാരതീയവൈദ്യസമ്പ്രദായത്തിനു പാശ്ചാത്യന്മാരായ ഹൂണന്മാരുടേയും യവനന്മാരുടേയും മററും ആക്രമങ്ങളും അക്രമങ്ങളും വിഘാതകാരണമായിത്തീർന്നു. ബി. സി. 327-ൽ ഗ്രീക്കുചക്രവർത്തിയായ അലക്സാണ്ഡർ ചെയ്ത ഭാരതാക്രമണം ഹൈന്ദവശാസ്ത്രവിചാരത്തിനാകപ്പാടെ ഒരു നിപാതമായിട്ടാണു തീർന്നിട്ടുള്ളതു്. ഗ്രാമങ്ങളെ കൊള്ളയിട്ടും ജനങ്ങളെ നശിപ്പിച്ചും ഹൈന്ദവ വൈദ്യശാസ്ത്രത്തിലുള്ള പ്രതിപത്തിമൂലം ഗ്രന്ഥങ്ങളെ വാരിയെടുത്തും സിന്ധു മുതൽ പഞ്ചനദംവരെ ആ വീരപരാക്രമശാലിയായ അലക്സാണ്ഡർ സഞ്ചരിച്ചു. നിത്യതയ്ക്കുള്ള സാധനങ്ങൾ നഷ്ടപ്പെട്ടുപോയതുകൊണ്ടും, ഗൃഹങ്ങൾ ഇല്ലാതെ ആയതുകൊണ്ടും ജനങ്ങൾക്കു ശാസ്ത്രവിചാരത്തിനു കേവലം അവസരം ഇല്ലാതായി; എന്നുമാത്രമല്ല, പിന്നീടുണ്ടായ സെല്യൂക്കസ്സിൻെറ ഭരണവും ഭാരതീയക്ക് അഹിതകരങ്ങളായ സംഭവങ്ങളെ ഉണ്ടാക്കുന്നതിനു പര്യാപ്തമായിട്ടാണു തീർന്നിട്ടുള്ളതു്. മഗധരാജാവായ ചന്ദ്രഗുപ്തൻ ഈ സെല്യൂക്കസ്സിനെ ജയിച്ചു ഭാരതത്തിൽ രാജ്യാധിപത്യം സ്ഥാപിച്ചുവെങ്കിലും അദ്ദേഹം വൈദ്യവിദഗ്ദ്ധനായ മെഗസ്തീൻ എന്നൊരാളെ തൻെറ കൊട്ടാരത്തിൽ വൈദ്യനായിത്താമസിപ്പിക്കയാണുണ്ടായിട്ടുള്ളതു്. അതോടുകൂടി യവനചികിത്സാസമ്പ്രദായത്തിനു ഭാരതത്തിൽ അല്പാല്പമായ പ്രതിഷ്ഠയും ഉണ്ടായി. എന്നാൽ ഇതുകൊണ്ടു യവന ചികിൽസയിൽ നിന്നാണു് ആയുർവൈദ്യം ഉണ്ടായിട്ടുള്ളതെന്നു പറവാൻ മേൽ പറയപ്പെട്ട കാരണങ്ങളാൽ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്.

നന്ദകുലപ്രദ്ധ്വംസകനും ഗ്രീക്കുകാരുടെ വിജേതാവുമായ ചന്ദ്രഗുപ്തൻേറയും, തൽപുത്രനായ ബിന്ദുസാരൻേറയും കാലം അവസാനിച്ചതോടുകൂടി പ്രകൃത്യാ ക്രൂരസ്വഭാവിയായ അശോകൻ ബി. സി. 264-ൽ രാജ്യഭാരം ആരംഭിച്ചു. അദ്ദേഹത്തിൻെറ കാലത്തു മഹത്തായ യുദ്ധങ്ങളും, ക്രൂരപ്രവൃത്തികളും ഭാരതത്തിൽ സർവത്ര ഉണ്ടായിട്ടുണ്ടു്. ഭാരതീയരുടെ പ്രാചീനാചാരങ്ങളിലുള്ള വൈരസ്യം മൂലമോ പ്രകൃത്യാ അതിലുള്ള അജ്ഞത മൂലമോ അദ്ദേഹം ഒടുവിൽ ബൌദ്ധമതം സ്വീകരിച്ചുകളഞ്ഞു. അദ്ദേഹത്തിൻെറ വാഴ്ചക്കാലത്തു ഹൈന്ദവശാസ്ത്രങ്ങൾക്കു സാരതരമായ വിനാശം സംഭവിച്ചു. ബൌദ്ധമതപ്രചാരത്തിനായി അശോകൻ ചെയ്തിട്ടുള്ള ശ്രമങ്ങൾ ഇത്രമാത്രമെന്നു പറവാൻ പ്രയാസം. ഗ്രീക്ക്, ചീനം മുതലായ രാജ്യങ്ങളിൽപോലും ഇദ്ദേഹത്തിൻെറ കാലത്തു ബൌദ്ധധർമ്മാചാരികൾ അത്യധികമായിട്ടുണ്ടായിരുന്നു എന്നാണറിയുന്നതു്. ഈ അവസരത്തിൽ ഭാരതീയായുർവ്വേദത്തിനു് അത്യധികമായ ക്ഷീണം വന്നുചേർന്നു. രാജാജ്ഞമൂലം അക്കാലം മുതൽ ശസ്ത്രക്രിയാദികളിൽ വൈദ്യന്മാർ ദൃഷ്ടിവെക്കാതെയുമായി. അന്നുമുതൽക്കാണു ശാരീരികവിജ്ഞാനം ഭാരതീയ വൈദ്യന്മാർക്കില്ലാതെ ആയിത്തീർന്നതു് എന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

ബി. സി. 183-നോടടുക്കു മൌര്യവംശം നാമാവശേഷമാകുകയും ഗ്രീക്കുകാർ യവനന്മാർ മുതലായവർ ഭാരതത്തെ ആക്രമിക്കുകയും, രാജ്യസ്ഥാപനത്തിനായി യത്നിക്കുകയും ഉണ്ടായിട്ടുണ്ടു്. ഏകദേശം ഇക്കാലത്തിൽ തന്നെയാണു് ഭഗവാൻ പതഞ്ജലിയുടെ ആവിർഭാവമെന്നാണു് ഐതിഹ്യം. ചരകസുശ്രുതാദി വൈദ്യഗ്രന്ഥങ്ങളുടെ കാലം ഇതുതന്നെ എന്നു ചിലർ പറയുന്നു. അതിനു ശേഷമുണ്ടായ കാനിഷ്ക നരപതിയുടെ ആക്രമണങ്ങൾക്കുശേഷം പത്തുമുന്നൂറു വർഷക്കാലത്തേക്കു ഭാരതം പ്രശാന്തനിലയിൽ തന്നെ സ്ഥിതിചെയ്തു. ഈ കാലഘട്ടത്തിൽ തന്നെയാണു ചരകസംഹിതാപൂരകനായ ദൃഢബലൻെറ ആവിർഭാവം.

പിന്നീടുണ്ടായ പാശ്ചാത്യദേശീയരുടെ സുമഹത്തായ ആക്രമണം ഭാരതത്തിനാകപ്പാടെ ഒരു ബാധയായിത്തീർന്നു. പത്തുനൂറു വർഷക്കാലത്തേക്കു ദീർഘിച്ചുനിന്ന ഈ രണംമൂലം ആകപ്പാടെ സമാധാനലംഘനവും, പരസ്പര വിരോധവും ആൾനാശവും ഭാരതത്തിൽ ഉണ്ടായിത്തീർന്നു. ഒടുവിൽ മാളവരാജാവായ വിക്രമാദിത്യൻ ഇവരെയെല്ലാം തോല്പിച്ചോടിക്കയും സുദൃഢമായ ഒരു ശക്തി ഉജ്ജയിനിയിൽ സ്ഥാപിക്കുകയും ഉണ്ടായി. ഇ

ദ്ദേഹത്തിന്റെ ബാഹുപരാക്രമംമൂലം പിന്നീടു കുറച്ചുകാലത്തേക്കു ഭാരതത്തിൽ സ്വച്ഛത്ര സമാധാനവും സമൃദ്ധിയും ഉണ്ടായിക്കൊണ്ടിരുന്നു. ഇക്കാലത്താണു കാളിദാസാദി മഹാകവികളും ശാസ്ത്രകാരന്മാരും ഭാരതത്തെ അലങ്കരിച്ചതു്. ക്രിസ്ത്വബ്ദം 533 മുതൽ ഏകദേശം 500 വർഷക്കാലത്തോളം ഭാരതീയ സാഹിത്യത്തിനും ശാസ്ത്രങ്ങൾക്കും ക്രമാഗതമായ ഉൽഗതി തന്നെയാണുണ്ടായിട്ടുള്ളതു്. അമരസിംഹൻ, വരരുചി, വരാഹമിഹിരൻ മുതലായ വിദ്വാന്മാരും ദണ്ഡി, ബാണഭട്ടൻ, ഭവഭൂതി മുതലായ മഹാകവികളും, ആര്യഭട്ടൻ, ബ്രഹ്മഗുപ്തൻ മുതലായ ജ്യോതിഷികന്മാരും, ഭഗവാൻ ശങ്കരാചാര്യരും അഷ്ടാംഗഹൃദയകാരനായ വാഗ്ഭടനും, സംഗ്രഹകാരന്മാരായ മാധവാദികളും ചക്രപാണി മുതലായ ഭിഷഗ്വരന്മാരും സുശ്രുത ടീകാകാരനായ ഉല്ലനനും ഇക്കാലത്തുതന്നെയാണു ജീവിച്ചിരുന്നതു്. അകപ്പാടെ നോക്കുന്നതായാൽ വിക്രമാദിത്യന്റെ കാലം ഭാരതത്തിന്റെ സുവർണ്ണകാലം തന്നെയായിരുന്നു എന്നുവേണം വിചാരിപ്പാൻ. മാളവാധിപനും സാഹിത്യരസികനും ശാസ്ത്രവിദഗ്ദ്ധനുമായ ഭോജൻ ക്രിസ്ത്വബ്ദം 1006-ൽ ജനിച്ചു എന്നാണു് ഐതിഹ്യവേദികൾ കണക്കാക്കിയിട്ടുള്ളതു്.

തദനന്തരം വളരെക്കാലത്തേക്കു ഭാരതീയരുടെ സൌഭാഗ്യം നിലനിന്നില്ല. അതിനു മുൻപുതന്നെ പാപിഷ്ഠന്മാരും ക്രൂരസ്വഭാവികളുമായ മഹമ്മദീയർ ഭാരതത്തെ അക്രമിച്ചു പിടിച്ചടക്കാൻ അത്യധികമായ ശ്രമങ്ങൾ ചെയ്തുതുടങ്ങി. ചിൻകാസിം, ഗസിനിമഹമ്മദ്, മുതലായ മഹമ്മദീയ വീരന്മാർ ഭാരതഭൂമിയിൽ ചെയ്തിട്ടുള്ള അക്രമപ്രവൃത്തികൾക്കൊരു കയ്യുംകണക്കുമില്ല. പ്രസിദ്ധമായ സോമനാഥക്ഷേത്രത്തെ കൊള്ളയിടുകയും, വിഗ്രഹങ്ങളെ നശിപ്പിക്കുകയും, മതഭ്രാന്തുമൂലം ബ്രാഹ്മണരെ കൊലപ്പെടുത്തുകയും സ്വമതത്തിൽ ചേർക്കുകയും ഗൃഹങ്ങളേയും ഗ്രാമങ്ങളേയും നശിപ്പിക്കുകയും ധനങ്ങൾ കുത്തിവാരിക്കൊണ്ടു പോകുകയും മററുമായിരുന്നു ഇവരുടെ വീരപ്രവൃത്തികൾ. അക്കാലത്തു ക്ഷീണപ്രതാപന്മാരായ ഭാരതീയർ ശാസ്ത്രീയ ചിന്തകളിൽ നിന്നു വിരമിക്കുകയും നവീന ജ്ഞാനാർജ്ജനോപായങ്ങളെ പരിത്യജിക്കുകയുമാണു ചെയ്തതു്. അക്കാലത്തു് എത്രയോ പ്രാചീന ഗ്രന്ഥങ്ങൾ നശിച്ചുപോയിരിക്കണം. കുറച്ചുകാലംകൊണ്ടു മാളവ ദാക്ഷിണാത്യ ഭാഗങ്ങളെ ഉപേക്ഷിച്ചു ബാക്കി മുഴവൻ മഹമ്മദീയർ കൈവശത്തിലാക്കി. മാളവ ദക്ഷിണാപഥങ്ങൾ അൽട്ടാമാസ്, അലാവുദീൻ മുതലായവരാൽ കുറേക്കാലം മുൻപുതന്നെ അക്രമിക്കപ്പെട്ടിട്ടുള്ളവരായതുകൊണ്ടു തദ്ദേശങ്ങളിലെ ധനാദികൾ നശിച്ചിരിക്കുന്നു. തദനന്തരം അല്പകാലത്തേക്കു ഭാരതീയ ജ്ഞാനഭണ്ഡാഗാരം പരിപുഷ്ടമായ നിലയിൽ വന്നുചേർന്നുവെങ്കിലും പിന്നീടുണ്ടായ മുഗൾ ചക്രവർത്തികളുടെ അക്രമണങ്ങളോടുകൂടി അവയും വിനഷ്ടപ്രായമായിത്തീർന്നു. തൈമൂറിന്റെയും മററും ഘോരകർമ്മങ്ങളാണിവയിൽ പ്രധാനങ്ങളായിട്ടുള്ളവ.

ഭാരതത്തിന്റെ സ്ഥിതി ഇപ്രകാരമിരിക്കെ ദക്ഷിണാപഥത്തിൽ വീരവുക്കൻ എന്നൊരു രാജാവു് മഹാ വീരപരാക്രമിയായിട്ടുണ്ടായി. അദ്ദേഹം വിജയനഗരത്തിൽ സ്ഥിതിചെയ്തുകൊണ്ടു സാഹിത്യപോഷണത്തിനും ശാസ്ത്രോദ്ധാരണത്തിനുമായി മഹത്തായ പ്രയത്നം ചെയ്തു. സായണമാധവാദികളെക്കൊണ്ടു വേദവ്യാഖ്യാനങ്ങൾ ഉണ്ടാക്കിച്ചതും മററും ഇദ്ദേഹമാണ്. ഇക്കാലത്തു തന്നെയാണു ശാർങ്ഗധരൻ എന്ന മഹാൻ സ്വനാമധേയസ്മാരകമായി ശാർങ്ഗധരസംഹിത എന്ന വൈദ്യഗ്രന്ഥം നിർമ്മിച്ചതും. എന്നാൽ ബേബറുടെ കാലംമുതൽ രണ്ടാമതും മുകിലന്മാരുടെ അധികാരം വർദ്ധിച്ചുതന്നെവന്നു. ബേബറുടേയും പിൻഗാമിയായ ഹുമയൂണിന്റെയും കാലം അവസാനിച്ചതോടുകൂടി സാഹിത്യരസികനും മഹാവിദ്വാനുമായ അക്ബർ രാജ്യം വാണു. ഇദ്ദേഹത്തിന്റെ കാലത്തു ഭാരതത്തിൽ സ്വച്ഛത്ര സമാധാനം വിളയാടി. ഇക്കാലത്തു പല ശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടു്. ഭാവമിശ്രൻ എന്ന വൈദ്യശാസ്ത്രവിശാരദൻ ഇദ്ദേഹത്തിന്റെ കാലത്താണു ജീവിച്ചിരുന്നതു്.

അക്ബറുടെ കാലശേഷം ജിഹാംഗീർ അല്പകാലം രാജ്യം ഭരിച്ചു. അതിനുശേഷം തൽപുത്രനായ ഷാജിഹാൻ രാജ്യാധികാരമേററു. വിശിഷ്ടനും കലാനിപുണനുമായിരുന്ന ഇദ്ദേഹത്തിന്റെ കാലത്തു സാഹിത്യശാസ്ത്രങ്ങൾക്കു് ഉൽഗതിതന്നെ ഉണ്ടായിക്കൊണ്ടിരുന്നു. ഭട്ടോജി ദീക്ഷിതർ, ജഗന്നാഥപണ്ഡിതർ, അഗേശഭട്ടൻ മുതലായവരുടെ കാലം ഇതുതന്നെ ആയിരുന്നു എന്നാണറിയുന്നതു്. തൽപുത്രനായ അറംഗസീബിന്റെ കാലം ഏ

ത്തുകൊണ്ടും ഭാരതത്തിനൊരു മഹാ വിപത്തുതന്നെ ആയിരുന്നു. വൃദ്ധനായ പിതാവിനെ പിടിച്ചുകെട്ടിയും ഭ്രാതാക്കന്മാരെ സൂത്രം പ്രയോഗിച്ചു കൊന്നും ആണ് ഇദ്ദേഹം സിംഹാസനാരൂഢനായതു് എന്നു കേൾക്കുമ്പോൾതന്നെ ഇദ്ദേഹത്തിൽനിന്നും ഭാരതീയർക്കുണ്ടായിട്ടുള്ള ദ്രോഹങ്ങൾ ഇത്രമാത്രമെന്നു സാമാന്യ ജനങ്ങൾക്കുപോലും അനുമാനിക്കാവുന്നതാണല്ലൊ. ക്ഷേത്രങ്ങളെ കൊള്ളയിടുകയും, അകാരണം ജനതയെ ഉപദ്രവിക്കുകയും, ഗ്രന്ഥങ്ങളെ നശിപ്പിക്കുകയും ഇദ്ദേഹത്തിന്റെ തൊഴിലായിരുന്നു. അക്കാലത്തു ശാസ്ത്രഗ്രന്ഥങ്ങളും വിദ്വാന്മാരും നശിക്കുകയും, കേവലം വൈദ്യവിദ്യക്കു മാത്രമല്ല സകല ഹൈന്ദവശാസ്ത്രങ്ങൾക്കും വിഘാതം നേരിടുകയും ചെയ്തു. ഏകദേശം അക്കാലത്തുതന്നെ മഹാരാഷ്ട്രവീരനായ ശിവാജി സ്വധർമ്മസ്ഥാപനാർത്ഥം യത്നിച്ചുവന്നു എന്നുള്ളതു ഭാരതീയരായ നമുക്ക് അഭിമാനഹേതുകംതന്നെ. പക്ഷെ മഹാരാഷ്ട്രന്മാരിൽതന്നെ ഉണ്ടായിക്കൊണ്ടിരുന്ന അന്തഃഛിദ്രങ്ങൾ മൂലം അദ്ദേഹത്തിന്റെ ശ്രമം അത്യധികം ഫലപ്രദമായിത്തീരുന്നതിനിടയായില്ല. എങ്കിലും വർദ്ധമാന നിലയിൽ എത്തിയിരുന്ന മുകിലപ്രതാപത്തെ നശിപ്പിക്കുന്നതിനു് ആയതു പര്യാപ്തമായിരുന്നു. വന്ദ്യനായ ശിവാജിയുടെ പരാക്രമത്തിനു ലക്ഷ്യമാണിന്നത്തെ ഗ്വാളിയർ, ബറോഡാ മുതലായ രാജ്യങ്ങളിലെ മഹാരാഷ്ട്രശ്രീ എന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിനുശേഷമുണ്ടായ തുച്ഛങ്ങളായ പരാക്രമങ്ങൾക്കുശേഷം ഭാരതത്തിൽ ബ്രിട്ടീഷാധിപത്യം സ്ഥാപിതപ്രായമായിത്തീർന്നു. തദാപ്രഭൃതി ഭാരതീയ ശാസ്ത്രങ്ങൾക്കു ക്രമേണ വളർച്ചയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബ്രിട്ടീഷാധിപത്യസ്ഥാപനത്തിനുശേഷം ക്രിസ്ത്വബ്ദം 1857-ൽ പ്രമാദമായ ശിപായിലഹള ഭാരതത്തെ ആകമാനം ഗ്രസിച്ചു എങ്കിലും ആയതു് അധികം കാലം നിലനിന്നില്ല. ബ്രിട്ടീഷാധിപത്യത്തിനുശേഷം ഭാരതത്തിൽ അത്യധികം ശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ഇപ്രകാരം അതിമഹത്തായ നാശഗർത്തത്തിൽക്കൂടി കടന്നുപോന്നിട്ടുള്ള ഭാരതീയായുർവ്വേദത്തിന്റെ ഇന്നത്തെ നില ഏററവും ശോചനീയമായിട്ടുള്ള ഒന്നാണെന്നു പറയാതെ തരമില്ല. പുരാതനകാലത്തേപ്പോലെ ശാസ്ത്രവിചാരം ചെയ്യുന്നതിനോ നവീന തത്വങ്ങൾ കണ്ടുപിടിക്കുന്നതിനോ ഇപ്പോഴുള്ള വൈദ്യന്മാർ ശ്രമിച്ചുകാണുന്നില്ല. ഗതാനുഗതികത്വം ഏതൊരുത്തനും അശാസ്യമല്ലെന്നുള്ളതു ഏവർക്കും അറിയാവുന്നതാണല്ലോ. നവീനങ്ങളായ തത്വങ്ങളെ കണ്ടുപിടിക്കുന്നതിനും; ശാരീരികജ്ഞാനം കൂടുതലായിട്ടുണ്ടാകുന്നതിനു വേണ്ട ഗ്രന്ഥരത്നങ്ങളെ നിർമ്മിക്കുന്നതിനും, വൈദ്യശ്രേഷ്ഠന്മാർ ഉദ്യമിക്കേണ്ടതാണ്. അതിദാരുണമായ ദശാവിപര്യയങ്ങളിൽപെട്ടു നട്ടംതിരിഞ്ഞിട്ടുപോലും നാശമടയാത്ത ആയുർവൈദ്യത്തിന്റെ മാഹാത്മ്യം എത്രമാത്രമുണ്ടെന്നു് ഇനിയെങ്കിലും അറിഞ്ഞു പ്രയത്നിക്കുന്നതിനു് ഓരോ ഭാരതീയനും യത്നിക്കേണ്ടതാണു്.

പാശ്ചാത്യവൈദ്യ സമ്പ്രദായത്തിന്റെ ഇന്നത്തെ ക്രമപ്രവൃദ്ധമായ നിലയും യന്ത്രാദിസഹായങ്ങളും ശാസ്ത്രാദിസാമഗ്രികളും കൊണ്ടു് അവർ കാട്ടിക്കൂട്ടുന്ന ഗോഷ്ടികളും കണ്ടിട്ടുപോലും ലജ്ജാവിഹീനം ഉണർന്നിരിക്കുന്ന ഭാരതീയ വൈദ്യശ്രേഷ്ഠന്മാരെക്കാണുമ്പോൾ മനസ്താപിക്കാത്ത സഹൃദയന്മാർ വല്ലവരുമുണ്ടോ. ഭാരതീയ വൈദ്യശാസ്ത്രങ്ങളുടെ രൂപാന്തരങ്ങളാണു് ഇന്നു നാം കാണുന്ന പാശ്ചാത്യ വൈദ്യസമ്പ്രദായങ്ങളെന്നു നമുക്കനുമാനിക്കാൻ വഴിയുണ്ടെങ്കിലും അതുകളെത്തന്നെ ആദരിച്ചുകൊണ്ടിരിക്കേണ്ട ആവശ്യം നമുക്കില്ലതന്നെ. പൌരസ്ത്യശാസ്ത്രങ്ങളെല്ലാം ഉപേക്ഷിച്ചു് അഥവാ അന്യർക്കുവേണ്ടി ബലികഴിച്ചു് ഇപ്പോൾ പാശ്ചാത്യരെ അപേക്ഷിക്കേണ്ടതായിട്ടാണു നമുക്കു വന്നിരിക്കുന്നതു്. ഈ ഒരവസ്ഥ പൌരസ്ത്യരക്തം അല്പമെങ്കിലും നാഡികളിൽക്കൂടി പ്രവഹിക്കുന്ന ഒരു ഭാരതീയനും സഹിക്കുന്ന ഒന്നാണെന്നു തോന്നുന്നില്ല.

# സാഹിത്യരത്നമാല.

(ചുനക്കരെ കെ. രാമവാരിയർ.)

## രത്നം XV

### സാമവേദം.

യജുസ്സ്, സാമം, അഥർവ്വം എന്ന മൂന്നിൽ സാമവേദം ഋഗ്വേദത്തോടാണ് വളരെ അധികം യോജിക്കുന്നതു്. സാമവേദത്തിനു് ചരിത്രപരമായ പ്രാധാന്യം മിക്കവാറും ഇല്ലെന്നുതന്നെ പറയാം. എന്തെന്നാൽ അതിൽ സ്വാതന്ത്ര്യമായ സംഗതി വളരെ ചുരുക്കമാണ്. സാമവേദത്തിലെ എഴുപത്തഞ്ചു സൂക്തങ്ങളൊഴികെ ശേഷമെല്ലാം ഋഗ്വേദത്തിൽ നിന്നു് നേരെ പകർത്തിയിരിക്കുന്നു. സാമവേദത്തിലേ മന്ത്രങ്ങൾ അധികവും ഋഗ്വേദത്തിലേ അഷ്ടമമണ്ഡലത്തിൽ നിന്നും സോമമണ്ഡലമായ നവമത്തിൽ നിന്നും ഉദ്ധരിച്ചതത്രെ. ഋഗ്വേദത്തിലേ സന്ദർഭങ്ങൾ സാമവേദത്തിൽ മാററീട്ടുണ്ട്. മന്ത്രങ്ങൾ അഭ്യന്തരങ്ങളായ ബന്ധങ്ങൾ കൂടാതെ സാമവേദത്തിൽ ചേർപ്പിച്ചിരിക്കുന്നു. ഈ സൂക്തങ്ങളുടെ പ്രാധാന്യം പ്രത്യേകയാഗങ്ങളുടെ ബന്ധങ്ങളെ സർവ്വഥാ ആശ്രയിച്ചിരിക്കുന്നു. ഋഗ്വേദത്തിൽനിന്നു് സാമവേദത്തിലേക്കു് സ്വീകരിച്ചിരിക്കുന്ന മന്ത്രങ്ങളുടെ അക്ഷരങ്ങൾക്കുപോലും യാതൊരു ഭേദവും ചെയ്തിട്ടില്ല. എന്നാൽ രണ്ടും രണ്ടുവിധത്തിലാണ് ജപിക്കുന്നതു്. സാമവേദം ഗാനം ചെയ്കയാണ് പതിവു്. "ഉദ്ഗാതാക്കൾ" എന്നു നാമകരണം ചെയ്തിട്ടുള്ള ഒരു പുരോഹിതവർഗ്ഗമുണ്ട്. അവർ സോമയാഗാവസരങ്ങളിൽ സാമഗാനം ചെയ്യുന്നു. അതുകൊണ്ടു് സാമവേദം ഗാനരീതിയേ ആശ്രയിച്ചിരിക്കുന്നു എന്നു് വ്യക്തമായല്ലോ. ഋഗ്വേദം മന്ത്രസംഹിതയും യജുർവേദം യാഗസംഹിതയും സാമവേദം ഗാനസംഹിതയും ആണെന്നു നവമരത്നത്തിൽ നിർദ്ദേശിച്ചിട്ടുണ്ടു്. സാമശബ്ദത്തിനു് ഗാനാർത്ഥമാണ് ഇവിടെ വിവക്ഷ. സാധാരണ ഗാനങ്ങൾക്കുള്ളതുപോലെ സാമഗാനത്തിനു് ആവർത്തനവും, വിസ്താരവും ആരോഹണാവരോഹണക്രമങ്ങളും മററും ഉണ്ടു്. ഗാനങ്ങൾക്കു രാഗങ്ങളും കല്പിച്ചിരിക്കുന്നു. ഒരു സാമഗാനത്തിനു് ഒരു രാഗം മാത്രമല്ല ഉള്ളതു്. ഓരോ ഗാനവും വിവിധരാഗങ്ങളിൽ ഗാനം ചെയ്യാം.

സാമവേദത്തിന്റെ അവാന്തരവിഭാഗത്തിനു് (ആർച്ചിക)എന്നു് നാമം കല്പിച്ചിരിക്കുന്നു. ആകെ ഇതിൽ രണ്ടു് ആർച്ചികയേ ഉള്ളു. ഈ രണ്ടു് ആർച്ചികയിലുംകൂടി ആകെ ആയിരത്തഞ്ഞൂററിനാല്പത്തൊൻപതു് (1549) ഋക്കുകൾ (പദ്യങ്ങൾ) ഉണ്ടു്.

അനുസൂത്രണങ്ങൾ ഈ രണ്ടു് ആർച്ചികയിലേയും ഭിന്നങ്ങളാണ്. ആർച്ചികക്കു ഛന്ദസ്സ്, ആരണ്യകം, ഉത്തരം എന്നു് മൂന്നു വിഭാഗമുണ്ടു്. ആർച്ചിക കൂടാതെ സാമത്തിലേ ഗാനം എന്ന വിഭാഗത്തിനു ഗേയം, ആരണ്യകം, ഊഹം അഥവാ ഊഹ്യം എന്നു മൂന്നു വിഭാഗം കൂടി കാണുന്നു. പ്രഥമാർച്ചികയിൽ ആറു് പ്രപാഠകങ്ങളുണ്ടു്. ഓരോ പ്രപാഠകത്തിലും സാധാരണ പത്തുപത്തു് ദശകം, കാണുന്നു. ആറാമത്തേതിൽ മാത്രം ഒൻപതുദശകമേ ഉള്ളു, ആദ്യത്തേ പന്ത്രണ്ടു ദശകത്തിലേ ഋക്കുകൾ അഗ്നിയെ ഉദ്ദേശിച്ചും അടുത്ത മുപ്പത്താറു ദശകത്തിലേ ഋക്കുകൾ പ്രധാനമായി സോമപായികളിൽ (സോമപന്മാരിൽ) അഗ്രഗണ്യനായ ഇന്ദ്രനെ ഉദ്ദേശിച്ചും ശേഷമുള്ള പതിനൊന്നു ദശകത്തിലേ ഋക്കുകൾ സോമരസത്തെ ഉദ്ദേശിച്ചും ഉള്ള മന്ത്രങ്ങളാണ്. ഇവയേ പ്രഥമാർച്ചികയിൽ ചേർപ്പിച്ചിരിക്കുന്നു. ദ്വിതീയാർച്ചികയിൽ ഒൻപതു് പ്രപാഠകങ്ങൾ ഉണ്ടു്. ഓരോ പ്രപാഠകത്തേയും രണ്ടോ അഥവാ മൂന്നോ ആയി വിഭജിച്ചിരിക്കുന്നു. ഓരോ വിഭാഗത്തിലും സാധാരണ മുമ്മൂന്നു സൂക്തങ്ങൾ ഉണ്ടു്. ഈ സൂക്തങ്ങൾക്കു പരസ്പരസംബന്ധവും കാണുന്നു. ഓരോന്നിലേയും ആദ്യസൂക്തങ്ങൾ പ്രഥമാർച്ചികയിലും ഉണ്ടു്.

ദ്വിതീയാർച്ചിക പിൽക്കാലത്തുണ്ടായതായിരിക്കാം. അതിനു് പ്രാധാന്യവും കുറയും. സ്വഭാവത്തിൽ ഗുണപൗഷ്കല്യവും ഇല്ല. പ്രഥമാർച്ചികയിലേ സൂക്തങ്ങളുടെ ആവൃത്തി ധാരാളമായി കാണുന്നുമുണ്ടു്, ആകയാൽ ഈ ദ്വിതീയാർച്ചിക എല്ലാം കൊണ്ടും ഋഗ്വേദത്തെക്കാ

ൽ വളരെ താണ ഒരു നിലയെ ആശ്രയിക്കുന്നതേയുള്ളു. പ്രഥമാച്ചികയിൽ നിന്നു് ദ്വിതീയാച്ചികയിലേക്കു് സ്വീകരിച്ചിട്ടുള്ള സൂക്തങ്ങൾ അവയോടു സംഘടിച്ചിരിക്കുന്ന മററു സൂക്തങ്ങളേക്കാൾ ഋഗ്വേദമന്ത്രങ്ങളോടു് അധികമായി യോജിച്ചുകാണുന്നു എന്ന സംഗതിയും ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവയോഗ്യമാണു്. പ്രഥമാച്ചികയിൽ മന്ത്രങ്ങൾ സ്വീകരിച്ചു വളരെക്കാലം കഴിഞ്ഞശേഷമായിരിക്കണം ദ്വിതീയാച്ചിക ഉണ്ടായതു്. ദ്വിതീയാച്ചികയിൽ ഈ മന്ത്രങ്ങൾ പ്രഥമാച്ചികയിൽ നിന്നല്ല ഋഗ്വേദത്തിൽ നിന്നു തന്നെ ആയിരിക്കാം സ്വീകരിച്ചിട്ടുള്ളതു്. ഋഗ്വേദമന്ത്രങ്ങളോടു് ദ്വിതീയാച്ചികയിലെ ഋക്കുകൾക്കു് അധികമായി കാണുന്ന സാദൃശ്യത്തിനു് ഇത്രമാത്രമേ തൽക്കാലം സമാധാനം പറയാൻ കാണുന്നുള്ളു.

ശതപഥ ബ്രാഹ്മണത്തിന്റെ ദ്വിതീയഭാഗം നിർമ്മിക്കുന്ന കാലത്തു് സാമവേദത്തിലെ പ്രഥമാച്ചികയെങ്കിലും കുറഞ്ഞപക്ഷം ഉണ്ടായിരിക്കണമെന്നു് നമുക്കു് ആ ബ്രാഹ്മണത്തിന്റെ വിവരണങ്ങളിൽ നിന്നു് ഗ്രഹിക്കാം. യജുർവേദത്തിന്റെ തൈത്തിരീയം, വാജസനേയം എന്ന രണ്ടു സംഹിതകളേക്കാൾ സാമവേദം പഴക്കമുള്ളതാണെന്നു വിശ്വസിക്കാൻ ചില ലക്ഷ്യങ്ങൾ ഉണ്ടുതാനും. എന്തെന്നാൽ തൈത്തിരീയ വാജസനേയ സംഹിതകളിലുള്ള ചില മന്ത്രങ്ങൾ സാമഗാനമന്ത്രങ്ങളോടു് വളരെ യോജിച്ചിരിക്കുമ്പോൾ അവയ്ക്കു് ഋഗ്വേദസൂക്തങ്ങളുമായി സാദൃശ്യം കുറഞ്ഞും കാണുന്നു. എന്നാൽ അതേമന്ത്രങ്ങൾ തന്നെ ഋഗ്വേദത്തിലുണ്ടുതാനും. ചിലടത്തു് വാജസനേയസംഹിത ഋഗ്വേദത്തോടു് വളരെ യോജിക്കുന്നു. സാമഗാനങ്ങൾക്കു് ഋഗ്വേദസംഹിതയുമായി ചില സ്ഥലങ്ങളിൽ ഭേദം കാണുന്നു എങ്കിൽ അതുകൾ ഋഗ്വേദമന്ത്രങ്ങൾ സംഹിതയായി സമാഹരിക്കുന്നതിനു മുമ്പു് സാമത്തിലേക്കു് സ്വീകരിച്ചതായിരിക്കണമെന്നു് പ്രോഫസർ വീബർ (Professor Weber) അഭിപ്രായപ്പെടുന്നു. സാമഗാനങ്ങളുടെ ഭേദഗതിക്കു് വേറെയും സമാധാനം പറയാം. അതതു ശാസ്ത്രത്തിനു് അനുരൂപമായി ഗാനം ചെയ്യേണ്ടയാവശ്യത്തിലേക്കു് അവയെ സ്വതന്ത്രമായി സാമഗാനങ്ങളുടെ ഋഷികൾ മാററി എന്നൂഹിക്കുന്നതും തീരെ അസ്ഥാനത്തിലാണെന്നു പറവാൻ നിവൃത്തിയില്ല.

സാമവേദവും ശതശാഖമാണെന്നു് മഹാഭാഷ്യകാരനായ പതഞ്ജലി പറയുന്നു. വിഷ്ണുപുരാണവും ഈ അഭിപ്രായത്തോടു് യോജിക്കുന്നു. ഇതിൽ നിന്നും സാമവേദത്തിനു് പല ശാഖകൾ ഉണ്ടെന്നു മാത്രം അർത്ഥമാക്കിയാൽ മതിയെന്നു തോന്നുന്നു. ഉദീച്യസാമഗശാഖ, പ്രാച്യസാമഗശാഖ, കൗതുമിസാമഗശാഖ, കൃതിശാഖ, ഇവയ്ക്കു് പ്രാധാന്യം ഉണ്ടെന്നു വിഷ്ണുപുരാണത്തിൽ നിന്നു ഗ്രഹിക്കാം. "സാമവേദത്തിനു് പതിമ്മൂന്നു ശാഖയുണ്ടു് എന്നറിയാം." എന്നു് 'സത്യഭാരത സമാശ്രമി' പറയുന്നു. എന്നാൽ ഇപ്പോൾ സാമവേദത്തിനു കൗതുമം, രാണായണീയം, എന്നു രണ്ടുശാഖയുള്ളതായിട്ടേ നമുക്കറിവുള്ളു. കൗതുമശാഖ ഇപ്പോഴും ഗുജറാററിൽ ഉണ്ടു്. രാണായണീയശാഖ മഹാരാഷ്ട്രദേശത്തും ഹൈദരബാദിലും (Hyderabad) ഗാനം ചെയ്തുവരുന്നു. ഈ രണ്ടു ശാഖയ്ക്കും തമ്മിൽ വലിയ വ്യത്യാസം ഇല്ല. രാണായണീയം 1842—ൽ അച്ചടിച്ചിട്ടുണ്ടു്. പിന്നീടു് സായണഭാഷ്യത്തോടുകൂടി രണ്ടു ശാഖയും പ്രസിദ്ധീകരിച്ചിരിക്കുന്നു. എന്നാൽ കൗതുമശാഖയിൽ ഉള്ളതു മുഴുവൻ ഭാഗം അതിൽ ഇല്ല. അച്ചടിച്ചപുസ്തകത്തിൽ ആ ശാഖയിലെ സപൂമ പ്രപാഠകമാണു്. അതിന്റെ (കൗതുമശാഖയുടെ) മററു ഭാഗങ്ങൾ സൂക്ഷിച്ചിട്ടുണ്ടോ എന്നും നിശ്ചയമില്ല. എന്നാൽ കൗതുമശാഖ തീരെ നഷ്ടപ്രായമാണെന്നു തോന്നുന്നില്ല. അതിനെക്കുറിച്ചു് അന്വേഷണം ഇന്നും നടന്നുവരുന്നു.

## അഥർവ്വവേദം.

## രത്നം xvi

ഋക്കു്, യജുസ്സു്, സാമം ഇവമൂന്നും മാത്രമേ ആദ്യം വേദങ്ങളായി ഗണിച്ചിട്ടുണ്ടായിരുന്നുള്ളു. ത്രയീ എന്ന വേദനാമംതന്നെ ഇതിനു് ഒരു ലക്ഷ്യമാണു്. ഈ മൂന്നും മാത്രമേ വാസ്തവത്തിൽ യാഗപരങ്ങളായിട്ടുള്ളു. അഥർവ്വവേദത്തിൽ ഒടുവിലത്തെ അദ്ധ്യായം ഒഴിച്ചു നോക്കുന്നപക്ഷം, അതിൽ യാഗത്തെക്കുറിച്ചു യാതൊന്നുമില്ല. എന്നാൽ അഥർവ്വത്തിനു യാഗവുമായി ബന്ധമുണ്ടാകുന്നതിനായിരിക്കാം അതിലെ അവസാനാദ്ധ്യായം യാഗപരമാക്കിയിരിക്കുന്നതു്. അഥർവ്വവേദത്തിലെ കർമ്മക്രമം മിക്കവാറും ഗൃഹ്യസൂത്രത്തിൽ കാണുന്നത

ത്രെ. ജനനം, മരണം, വിവാഹം ആദിയായ ഗൃഹ്യകൎമ്മങ്ങളേയും, രാജ്യാഭിഷേകം തുടങ്ങിയ സംസ്ഥാനകൎമ്മങ്ങളേയും മററും ഈ അവസാനാദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു. അഥൎവ്വവേദം ആകപ്പാടെ ഭിന്നവൎഗ്ഗങ്ങളിൽപ്പെട്ട അഭിചാരമന്ത്രങ്ങളുടെ ഒരു സംഹിതയാണു്. ഇതു് ഒരു മന്ത്രവാദസംഹിതയാണെന്നും പറയാം. ഇതിൽ പല ഇന്ദ്രജാലങ്ങളുമുണ്ടു്. ഈ വിദ്യ പ്രായേണ ശത്രുസംഹാരത്തെ മുഖ്യമായി ഉദ്ദേശിച്ചു നിൎമ്മിച്ചതാണു്. എന്തെന്നാൽ അഥൎവ്വത്തിൽ രോഗങ്ങൾ, ശത്രുക്കൾ, ഹിംസ്രജന്തുക്കൾ, അസുരന്മാർ, രാക്ഷസന്മാർ, മായാവികൾ, അഭിചാരകൎത്താക്കൾ ആദിയായി വിപക്ഷത്തിൽ വരുന്ന സകലരേയും സകലത്തേയും നശിപ്പിക്കുന്നതിനുള്ള മന്ത്രങ്ങളും പ്രയോഗങ്ങളും വിവരിച്ചിരിക്കുന്നു. എന്നാൽ ഇതിൽ സാന്മാൎഗ്ഗികങ്ങളായ പ്രയോഗമന്ത്രങ്ങൾക്കും കുറവില്ല. ആരോഗ്യം, ഐശ്വൎയ്യം, ദീൎഘായുസ്സു്, സഞ്ചാരത്തിൽ സൌഖ്യവും രക്ഷയും, ദ്യൂതത്തിൽ വിജയഭാഗ്യം, വൈരശാന്തി, കുടുംബജീവിതത്തിലും ഗ്രാമജീവിതത്തിലും മൈത്രി ഇത്യാദികൾ ഉണ്ടാകുന്നതിനു വിവിധമന്ത്രങ്ങൾ അഥൎവ്വത്തിൽ കാണുന്നു. അതുകൊണ്ടു് ഈ വേദത്തിൽ ഗുണകരങ്ങളും ദോഷകരങ്ങളും ആയി രണ്ടുതരത്തിലുള്ള മന്ത്രങ്ങളുണ്ടു്.

അഥൎവ്വത്തിനു ഋഗ്വേദത്തോളം മാഹാത്മ്യം കാണുന്നില്ല. എന്തെന്നാൽ അതിൽ പുരോഹിതവൎഗ്ഗത്തിന്റെ അധികം അഭിവൃദ്ധമായ ധൎമ്മവിശ്വാസങ്ങളെ പ്രതിപാദിച്ചിട്ടില്ല. എന്നാൽ ജനങ്ങളുടെയിടയിൽ അന്നു പ്രചാരത്തിലിരുന്ന മന്ത്രങ്ങളേ അഥൎവ്വത്തിൽ സമാഹരിച്ചിരിക്കുന്നു. ആ മന്ത്രങ്ങളിൽ, ആസുരശക്തികളേക്കുറിച്ചുള്ള പ്രഥമബോധങ്ങളേ അധികമായിക്കാണുന്നുള്ളൂ. അഥൎവ്വമന്ത്രങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം അവയിൽ പലതും ചരിത്രപൂൎവ്വകാലങ്ങളിൽ നിൎമ്മിച്ചതാണെന്നു വ്യക്തമാകും. ചില മന്ത്രങ്ങൾ ഇൻഡ്യയിലെ ആൎയ്യന്മാരുടെയും, പാശ്ചാത്യരാജ്യക്കാരായ ആൎയ്യന്മാരുടെയും പൂൎവ്വന്മാർ ഒരുമിച്ചു താമസിച്ചിരുന്നകാലത്തു നിൎമ്മിച്ചതാണെന്നു് അനുമാനിക്കാനും ന്യായം കാണുന്നു. ശരീരാതങ്കങ്ങളെ ശമിപ്പിക്കുന്നതിനുള്ള ഏതാനും അഥൎവ്വമന്ത്രങ്ങൾ ഉദ്ദേശ്യത്തിലും സംഗതിയിലും ആകൃതിയിലും ജൎമ്മൻ, ലാററിൻ, റഷ്യൻ മന്ത്രങ്ങളോടു വളരെ സദൃശങ്ങളാണെന്നു് ഒരു വിശിഷ്ടപണ്ഡിതൻ (Ad albert kuhn) സമൎത്ഥിച്ചിരിക്കുന്നു. എന്നാൽ ദേവപരങ്ങളായി അധികം അഭിവൃദ്ധിയെ പ്രാപിച്ച അഥൎവ്വമന്ത്രങ്ങൾ ഋഗ്വേദത്തേക്കാൾ നവീനവും ഉൽകൃഷ്ടവും പരിഷ്കൃതവും ആയ ആശയങ്ങളടങ്ങിയ ഒരു അവസ്ഥയേ വ്യഞ്ജിപ്പിക്കുന്നു. മററു മൂന്നു വേദങ്ങളിലേക്കാൾ ബ്രഹ്മവിദ്യാപരങ്ങളായ സംഗതികൾ അഥൎവ്വത്തിൽ വളരെയധികമുണ്ടു്. ആൎയ്യോൽക്കൎഷചരിത്രം ഋഗ്വേദത്തിലേക്കാൾ അഥൎവ്വത്തിൽ മുഖ്യവും രസപ്രദവുമാണു്.

(2) ശാഖ.

സാമവേദത്തിന്റെയും അഥൎവ്വവേദത്തിന്റെയും ശാഖകളെപ്പററി പൌരാണികന്മാർ പലതും പറയുന്നുണ്ടു്. സാമവേദാചാൎയ്യനായ ജൈമിനി സ്വശാഖയേ സുമന്തുവിനും, തൽപുത്രൻ സുധന്വാനും ഉപദേശിച്ചു. പിന്നെ ജൈമിനിയുടെ ശിഷ്യൻ സുകൎമ്മാവു സാമവേദത്തിൽനിന്നു് ആയിരം ശാഖയുണ്ടാക്കി ഹിരണ്യനാഭൻ, കൌസല്യൻ, പൌഷ്യജിത്തു്, സുകൎമ്മാവു തുടങ്ങിയുള്ളവരേ പഠിപ്പിച്ചു. ഇവൎക്കു സാമഗാനാഭ്യാസികളായി ആറു ശിഷ്യന്മാരുണ്ടായി. ഉദീച്യൻ, ലോകാക്ഷിലാംഗലി, കല്യൻ, കുസീദൻ, കുക്ഷി ഇവർ പൌഷ്യശിഷ്യന്മാരിൽ പ്രധാനന്മാരത്രെ. ഹിരണ്യനാഭനും അസംഖ്യം ശിഷ്യന്മാരുണ്ടായി. ഹിരണ്യനാഭൻ സ്വസംഹിതയേ ഇരുപത്തിനാലായിട്ടു വിഭജിച്ചു ശിഷ്യന്മാൎക്കായി ഉപദേശിച്ചു. അഥൎവ്വാചാൎയ്യനായ സുമന്തുവിന്റെ ശിഷ്യൻ അദ്ധ്യാപയനനാണു്. ഈ ശിഷ്യൻ സ്വസംഹിതയേ രണ്ടായി വിഭജിച്ചു് ഉചത്ഥ്യൻ, വേദദൎശനൻ, ഗാൎഗ്ഗായനി, ബലി, മോദാക്ഷൻ, പിപ്പലായനി എന്നീ സ്വശിഷ്യന്മാൎക്കുപദേശിച്ചു. കുമുദൻ, ശൌനകൻ, ജാജലി ഇവർ വേദദൎശനന്റെ ശിഷ്യന്മാരാണു്. ശൌനകൻ സ്വശാഖയേ രണ്ടായി വിഭജിച്ചു് ഏകാന്തുവിനും, ബഭ്രുവിനും കൊടുത്തു. അവർ അംഗിരാവിനും, സൈന്ധവനും ഉപദേശിച്ചു. ഈ രണ്ടു ശാഖ സാവൎണ്ണ്യാദികളും നക്ഷത്രകല്പൻ, ശാന്തി, കാശ്യപൻ, അംഗിരസ്സു് ഇവരും ഈ രണ്ടു സംഹിതയേയും അഭ്യസിച്ചു. എന്നാൽ ഇപ്പോൾ അഥൎവ്വത്തിനു പിപ്പലാദമന്ത്രങ്ങൾ എന്നും ശൌനകമന്ത്രങ്ങൾ എന്നും രണ്ടു ശാഖയുള്ളതായി അറിവുണ്ടു്. അഥൎവ്വത്തി

ന്റെ ഒരു പരിശിഷ്ടത്തിൽ പിപ്പലാദശാഖയ്ക്കു പിപ്പലാദമന്ത്രങ്ങൾ എന്നു നാമകരണം ചെയ്തിരിക്കുന്നു. അഥർവ്വത്തിന്റെ പിപ്പലാദശാഖയും ശൌനകശാഖയും സായണഭാഷ്യങ്ങളോടുകൂടി അച്ചടിച്ചിട്ടുണ്ടു്. അഥർവ്വത്തിന്റെ കൈയ്യെഴുത്തുപ്രതികളും സുലഭങ്ങളാണ്. എന്നാൽ ഇവയ്ക്കു് അന്യോന്യം വളരെ പാഠഭേദങ്ങൾ കാണുന്നു.

## (3) വിഭാഗം.

അഥർവ്വസംഹിതയിൽ ആകെ ഇരുപതു കാണ്ഡങ്ങളുണ്ടു്. ഈ കാണ്ഡങ്ങളിൽ എല്ലാം കൂടി എഴുനൂററിമുപ്പതു (730) സൂക്തങ്ങളും, ഈ സൂക്തങ്ങളിൽ ആകെ ആറായിരം (6000) പദ്യങ്ങളും (ഋക്കുകളും) കാണുന്നു. ഇവയിൽ ആയിരത്തിരുനൂറു (1200) ഋക്കുകൾ ഋഗ്വേദത്തിൽനിന്നു സ്വീകരിച്ചതാണ്. ഈ ഋക്കുകൾ പ്രധാനമായി ദശമം, പ്രഥമം, അഷ്ടമം ഈ മണ്ഡലങ്ങളിൽനിന്നാണ് ഉദ്ധരിച്ചിട്ടുള്ളതു്. മററു മണ്ഡലങ്ങളിൽനിന്നു ചില മന്ത്രങ്ങൾ എടുത്തിട്ടുണ്ടു്. അഥർവ്വത്തിൽ ഇരുപതാംകാണ്ഡത്തിലുള്ള നൂററിനാൽപ്പത്തിമൂന്നു (143 മന്ത്രങ്ങളിൽ നൂററിപ്പതിനൊന്നു (111) മന്ത്രം ഋഗ്വേദത്തിൽനിന്നു യാതൊരു ഭേദവും ചെയ്യാതെ നേരേ സ്വീകരിച്ചിരിക്കുന്നു. മററുകാണ്ഡങ്ങളിലേക്കു ഋഗ്വേദത്തിൽനിന്നു കടം വാങ്ങിയിട്ടുള്ള മന്ത്രങ്ങളിൽ പാഠഭേദം കാണുന്നു. എന്നാൽ ഇവ മററു സംഹിതകളിലേപ്പോലെ, ഋഗ്വേദസംഹിതയോടു താരതമ്യപ്പെടുത്തുമ്പോൾ ഗുണം കുറഞ്ഞതായിത്തോന്നുന്നു. അഥർവ്വത്തിൽ ഏകദേശം ആറിലൊരുഭാഗം, യജുർവ്വേദത്തിലേപ്പോലെ ഗദ്യമാണ്. അൻപതു സൂക്തങ്ങൾക്കുശേഷം പതിനഞ്ചും പതിനാറും കാണ്ഡങ്ങളിലുള്ള എല്ലാ മന്ത്രങ്ങളും, മററുകാണ്ഡങ്ങളിൽ പലേ സ്ഥലങ്ങളിലായി മുപ്പതു മന്ത്രങ്ങളും സർവ്വഥാ ഛന്ദോബന്ധം (വൃത്തബന്ധം) ഇല്ലാത്തവയാണ്. നൂറിലധികം മററു മന്ത്രങ്ങളുടെ ഏതാനും ഭാഗങ്ങളിലും വൃത്തനിയമം ഒന്നും കാണുന്നില്ല.

## (4) ശുദ്ധാഥർവ്വവും മിശ്രാഥർവ്വവും.

അഥർവ്വവേദത്തിലെ വിഷയവും ആസൂത്രണവും പരിശോധിച്ചുനോക്കിയാൽ അതിൽ ആദ്യം പതിമ്മൂന്നു കാണ്ഡമേ ഉണ്ടായിരുന്നുള്ളുവെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഒന്നുമുതൽ ഏഴുവരെ കാണ്ഡങ്ങളെ മന്ത്രങ്ങളിലെ ഋക്കുകളുടെ ക്രമം അനുസരിച്ചു വിഭജിച്ചിരിക്കുന്നു. ഒന്നാംകാണ്ഡത്തിലെ മന്ത്രങ്ങളിൽ ശരാശരി നാലും, രണ്ടിൽ അഞ്ചും, മൂന്നിൽ ആറും, നാലിൽ ഏഴും, അഞ്ചിൽ എട്ടുമുതൽ പതിനൊന്നുവരെയും, ആറിൽ മൂന്നും ഋക്കുകൾ വീതമുണ്ടു്. ഏഴിൽ പകുതി മന്ത്രങ്ങളിൽ ഓരോ ഋക്കുവീതമേയുള്ളു. എട്ടുമുതൽ പതിമ്മൂന്നുവരെയുള്ള കാണ്ഡങ്ങളിലെ മന്ത്രങ്ങളിൽ ഋക്കുകൾ കൂടുതൽ കാണുന്നു. ഈ പതിമ്മൂന്നു കാണ്ഡങ്ങളിലെ വിഷയങ്ങൾ നിർവ്വിശേഷം വ്യാകീർണ്ണമാണ്. അടുത്ത അഞ്ചു കാണ്ഡങ്ങൾ (14–18) വിഷയങ്ങളെ ആധാരമാക്കി ആസൂത്രണം ചെയ്തിരിക്കുന്നു. പതിന്നാലാം കാണ്ഡത്തിൽ വിവാഹമന്ത്രങ്ങളാണ്. ഇവയിൽ അധികവും ഋഗ്വേദത്തിൽനിന്നു സ്വീകരിച്ചിരിക്കുന്നു. ഋഗ്വേദം ദശമമണ്ഡലത്തിലെ വിവാഹമന്ത്രങ്ങൾക്കും ഇവയ്ക്കും തമ്മിൽ ഗണ്യമായ ഭേദം ഇല്ല. പതിനഞ്ചാംകാണ്ഡത്തിൽ സർവ്വേശ്വരനായ വ്രാത്യദേവതയെ സ്തുതിക്കുന്നു. പതിനഞ്ചും പതിനാറും കാണ്ഡങ്ങൾ ബ്രാഹ്മണങ്ങളിലെ ഗദ്യരീതിയിലാണ് നിർമ്മിച്ചിട്ടുള്ളതു്. പതിനാറും പതിനേഴും കാണ്ഡങ്ങൾ ഒരുമാതിരി 'സമുച്ചയ'ങ്ങളാണ്. ഇവ വളരെ ചെറുതുമത്രെ. പതിനാറാംകാണ്ഡത്തിൽ ഒൻപതു മന്ത്രങ്ങളുണ്ടു്. പതിനേഴിൽ ഒരു മന്ത്രമേയുള്ളു. എന്നാൽ ഈ മന്ത്രം അൽപ്പം ദീർഘമാണ്. പതിനെട്ടാംകാണ്ഡത്തിൽ ശവസംസ്കാരത്തെക്കുറിച്ചും പിതൃക്കളെപ്പററിയും പറയുന്നു. പതിന്നാലിലേപ്പോലെ ഈ കാണ്ഡത്തിലെ മന്ത്രങ്ങൾ അധികവും ഋഗ്വേദം ദശമമണ്ഡലത്തിൽനിന്ന് എടുത്തതാണ്. അതുകൊണ്ടു പതിന്നാലും പതിനെട്ടും കാണ്ഡങ്ങൾ കേവലം അഥർവ്വരീതിയിലുള്ളതല്ല.

ഒടുവിലുള്ള രണ്ടുകാണ്ഡവും പുനസ്സംഘടിതമത്രെ. പത്തൊൻപതിൽ പരിശിഷ്ടപദ്യങ്ങളും അഥർവ്വഭാഗവും കലർന്നിരിക്കുന്നു. ഇരുപതാംകാണ്ഡത്തിൽ മിക്കവാറും ഇന്ദ്രപരങ്ങളായ പൂർണ്ണമന്ത്രങ്ങളാണ്. ഇന്ദ്രപരങ്ങളല്ലാത്ത മന്ത്രങ്ങൾ ഇതിൽ വളരെ ചുരുക്കംതന്നെ. ഈ കാണ്ഡത്തിലെ മന്ത്രങ്ങൾ ഋഗ്വേദത്തിൽനിന്നു നേരേ കടംവാങ്ങിയതത്രെ. ഇവയിൽ ഭേദഗതിയും ഒന്നും ചെയ്തിട്ടില്ല. പാഠത്തിനു രണ്ടിനും തമ്മിൽ യാതൊരു വ്യത്യാസ

വും കാണുന്നില്ല എന്ന ഏകസംഗതിതന്നെ ഈ ഇരുപതാംകാണ്ഡം അനന്തരകാലങ്ങളിൽ അഥൎവ്വത്തോടു ഘടിപ്പിച്ചതാണെന്നു തെളിയിക്കുന്നു. മററുകാണ്ഡങ്ങളിലേക്ക് ഋഗ്വേദത്തിൽനിന്ന് എടുത്തിട്ടുള്ള മന്ത്രങ്ങളിൽ കാണുന്നതുപോലെയുള്ള വ്യത്യാസം അല്ലാത്തപക്ഷം ഇതിലും കാണേണ്ടതാണല്ലോ. എങ്കിലും ഇതിൻെറ നവീനതയെ തെളിയിക്കാൻ വേറെയും ലക്ഷ്യമുണ്ട്. ഇരുപതിൽ സോമയാഗത്തെ വിവരിക്കുന്നു. അഥൎവ്വരീതിക്ക് അതു് അശേഷം അനുയോജിച്ചതല്ല. ഈ വിഷയം ഇവിടെ ഘടിപ്പിച്ചിരിക്കുന്നതു് ഈ സംഹിതയ്ക്കു തുരീയവേദസ്ഥാനം ലഭിക്കുന്നതിനു മാത്രമാണെന്നു സ്പഷ്ടമത്രെ. മററു മൂന്നു സംഹിതയിലേപ്പോലെ യാഗപ്രകരണം ഇല്ലാതിരുന്നാൽ ഇതിനു വേദത്വം ലഭിച്ചില്ലെന്നുവരാം. പത്തൊൻപതും ഇരുപതും കാണ്ഡങ്ങളേക്കുറിച്ച് അഥൎവ്വത്തിൻെറ പ്രാതിശാഖ്യത്തിൽ ഒന്നുംപറയുന്നില്ല. അതുകൊണ്ടു് ഇതു രണ്ടും പ്രാതിശാഖ്യനിൎമ്മാണാനന്തരം അഥൎവ്വത്തോടു ഘടിപ്പിച്ചതായിരിക്കണം. ഇരുപതിലേ നൂററിരുപത്തേഴുമുതൽ നൂററിമുപ്പത്താറുവരെ (127–136) ഉള്ള മന്ത്രങ്ങൾക്കു 'കുന്താപമന്ത്രങ്ങൾ' എന്നു നാമകരണം ചെയ്തിരിക്കുന്നു. ഇതിൽ ഗദ്യമന്ത്രങ്ങളായ നാൽപ്പത്തെട്ടും നാൽപ്പത്തൊൻപതും ചേരുന്നില്ല. മററു മന്ത്രങ്ങൾ കേവലം ഋഗ്വേദത്തിലേ ദാനസ്തുതികളാണ്.

## (5) നാമം.

ശതപഥബ്രാഹ്മണത്തിൻെറ അവസാനഭാഗവും തൈത്തിരീയ ബ്രാഹ്മണവും ഛാന്ദോഗ്യോപനിഷത്തും ഉണ്ടായ കാലങ്ങളിൽ അഥൎവവേദം ഉണ്ടായിരുന്നു എന്ന് അതുകളിൽ ഈ സംഹിതയേക്കുറിച്ചു കാണുന്ന നിർദ്ദേശങ്ങളിൽ നിന്നു ഗ്രഹിക്കാം. പതഞ്ജലിയുടെ മഹാഭാഷ്യത്തിൽ അഥൎവസംഹിതയേ വളരെ ശ്ലാഘിക്കുന്നു. പതഞ്ജലി അഥൎവത്തേ ഒരു വേദമായി ഗണിച്ചിട്ടുണ്ടെന്നു മാത്രമല്ല ഇതിനു അദ്ദേഹം പ്രത്യേകം പ്രാധാന്യവും കല്പിച്ചിരിക്കുന്നു. ഈ വേദത്തിൻെറ ആദ്യത്തേ പേരു് അഥൎവ്വാംഗിരസസംഹിത എന്നായിരുന്നു എന്നു പഴയ കൈയെഴുത്തുപ്രതികളിൽ കാണുന്നു. ഈ നാമം 'അഥൎവ്വം' 'ആംഗിരസം' എന്നു രണ്ടു ഗോത്രശബ്ദങ്ങളേ ഒരുമിച്ചുചേൎത്തു സമസ്തപദമാക്കിയതാണ്. പ്രൊഫസർ ബ്ളൂംഫീൽഡ് (professor Bloomfield) അഥൎവത്തിനു ശുഭമന്ത്രം എന്നും ആംഗിരസത്തിനു അഭിചാരമന്ത്രമെന്നും അൎത്ഥമാണെന്നു പറയുന്നു. അഥൎവ്വശബ്ദത്തിൻെറ വാച്യാൎത്ഥം ആ വേദത്തിലേ ശുഭഭാഗങ്ങളേ മാത്രമേ ഗ്രഹിക്കുന്നുള്ളു എന്നാണല്ലോ പ്രൊഫസറുടെ അഭിപ്രായം. എന്നാൽ അഥൎവ്വശബ്ദം തുരീയവേദത്തിൻെറ സംജ്ഞയാണെന്നുള്ള സംഗതി പ്രത്യേകം ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ഈ ശബ്ദം "അഥൎവ്വാണഃ" എന്ന ബഹുവചനരൂപത്തിൽ വേദസംഹിത എന്ന അൎത്ഥത്തിൽ ബ്രാഹ്മണത്തിൽ പലേടത്തും പ്രയോഗിച്ചിരിക്കുന്നു. എന്നാൽ അഥൎവവേദത്തിനു ആ ശബ്ദം ആദ്യം ഏകവചനരൂപത്തിൽ ഉപയോഗിച്ചുതുടങ്ങിയതു് ഉപനിഷത്തിലാണെന്നു തോന്നുന്നു. അഥൎവണശബ്ദം നപുംസകബഹുവചനരൂപത്തിൽ 'അഥൎവ്വമന്ത്രങ്ങൾ' എന്ന അൎത്ഥത്തിൽ ആദ്യം അഥൎവവേദം പത്തൊൻപതാം കാണ്ഡത്തിലാണ് ഉപയോഗിച്ചുതുടങ്ങിയതു്. അക്കാലം മുതൽക്ക് അഥൎവ്വണവേദമെന്നു സംഹിതയ്ക്കു നാമം സിദ്ധിച്ചു. പ്രസ്തുതസംഹിതയ്ക്കു് അഥൎവവേദം എന്ന സംജ്ഞ സൂത്രങ്ങളിലാണ് ആദ്യം കാണുന്നതു്. അതുകളിൽ ഋക്ക, യജുസ്സ, സാമം, അഥൎവ്വം എന്നു നാലുവേദങ്ങളുടേയും പേരുകാണുന്നു. അഥൎവവേദത്തിനു രണ്ടു നാമംകൂടിയുണ്ടു്. എന്നാൽ അതുരണ്ടും പരമാൎത്ഥത്തിൽ അഥൎവത്തിലേയാഗഭാഗങ്ങളേ മാത്രമേ പരാമർശിക്കുന്നുള്ളു. അതിൽ ഒന്നു 'ഭൃഗ്വാംഗിരസസംഹിത' എന്നാണ്. ഭൃഗു എന്നതു് ഒരു വംശംതന്നെ. ഈ വംശത്തിലുള്ളവൎക്കു "അഗ്നിഹോത്രികൾ" എന്നു പറയുന്നു. വേറൊരു പേരുള്ളതു ബ്രഹ്മവേദമെന്നാണ്. ഈ നാമം ആ സംഹിതയിൽ അല്ലാതെ വേറൊരിടത്തും പറഞ്ഞിട്ടുള്ളതായി അറിയാം. അതു് ഋഗ്വേദത്തിൻെറ ഒരു ഗൃഹ്യസൂത്രത്തിലാണ്.

## (6) അഥൎവ്വത്തിൻെറ വേദത്വം.

അഥൎവസംഹിതയുണ്ടായി വളരെക്കാലം കഴിഞ്ഞതിൻെറ ശേഷം ആയിരിക്കാം അതിനു വേദസ്ഥാനം ലഭിച്ചതു്. ഋഗ്വേദത്തിൻെറ അവസാനകാലങ്ങളിൽപോലും അഥൎവ്വവേദത്തിലേ മന്ത്രങ്ങളേ പ്രത്യേകം ഗണിച്ചിരുന്നതായി നമുക്കു് ഇന്നേവരെ യാതൊരു ലക്ഷ്യവും ലഭിച്ചിട്ടില്ല. എന്തെന്നാൽ പ്രഥമവേദം ദശമമണ്ഡലത്തിലേ പുരുഷസൂക്തത്തിൽ ഋക്ക്

യജുസ്സ്, സാമം എന്ന യാഗസംബന്ധികളായ മൂന്നു വേദങ്ങളുടേയും നാമങ്ങൾ നിർദ്ദേശിച്ചിരിക്കുമ്പോൾ അഥർവ്വവേദത്തേയോ അഥവാ അഥർവ്വമന്ത്രങ്ങളേയോ കുറിച്ചു യാതൊന്നും പറയുന്നില്ല. ഋഗ്വേദത്തിൽ പ്രധാനമായി യാഗം സംബന്ധിച്ച ദേവന്മാരെ സ്തുതിക്കുന്നു എങ്കിലും ഇൻഡ്യയിൽ അതിപ്രാചീനകാലം മുതൽക്കേ ഗൃഹ്യങ്ങളായ ചില അഭിചാരകർമ്മങ്ങൾ നടത്തിവന്നിരുന്നു എന്നു സ്പഷ്ടമാകുന്ന ചില സൂക്തങ്ങൾകൂടി അതിൽ (ഋഗ്വേദത്തിൽ) കാണുന്നു. യജുർവ്വേദത്തിന്റെ തൈത്തിരീയ ശാഖയിൽ മാത്രമേ അഥർവ്വമന്ത്രങ്ങളെ നിർദ്ദേശിക്കുന്നുള്ളു. അതിൽ നാമം 'അംഗിരസം' എന്നാണ്. ഋക്ക്, യജുസ്സ്, സാമം, അംഗിരസം എന്നു നാലുവേദങ്ങളേയും നിർദ്ദേശിച്ചിരിക്കുന്നു. ശേഷം ഭാഗങ്ങളിൽ അഥർവ്വത്തെ ത്രിവേദങ്ങളോടു ചേർത്തു പറഞ്ഞിട്ടുള്ളതായി അറിവില്ല. എന്നാലും യജുർവ്വേദസൂക്തങ്ങൾ അഥർവ്വമന്ത്രശക്തിയാൽ ആകർഷിക്കപ്പെട്ടു ചിലപ്പോൾ അഥർവ്വത്തെ പ്രതിവാദിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഋഗ്വേദത്തിലും യജുർവ്വേദത്തിലും അഭിചാരമന്ത്രങ്ങൾ കാണുന്നു. എന്നാൽ അവയ്ക്കു് ആ വേദങ്ങളിൽ പ്രാധാന്യമോ പ്രാമാണ്യമോ കാണുന്നില്ല. അഭിചാരമന്ത്രങ്ങളുടെ പ്രയോഗബാഹുല്യവും പ്രാമാണ്യവും പ്രാധാന്യവും മററും അഥർവ്വത്തിലാണെന്നു സാരം. അഥർവ്വവേദത്തിൽ തന്നെ അതിനേ ത്രിവേദങ്ങളോടു ചേർത്തു നേരേ ഒരിക്കലേ നിർദ്ദേശിച്ചിട്ടുള്ളു. അവിടെ ഈ സംഹിതയുടെ പേരു് അഥർവ്വാംഗിരസമെന്നാണ്. വേറെ ഒരു സ്ഥലത്തു ഭേഷജം എന്നു നാമം കല്പിച്ചും ഇതിനേ ത്രിവേദങ്ങളോടു ചേർത്തു അഥർവ്വസംഹിതയിൽതന്നെ പറഞ്ഞിട്ടുണ്ടു്. ത്രിവേദങ്ങളോടു ഘടിപ്പിക്കാതെ ഭേഷജം എന്ന സംജ്ഞ ഇതിനു് ആ സംഹിതയിൽ പലേടത്തും നിർദ്ദേശിച്ചിട്ടുണ്ടു്. ത്രിവേദങ്ങളോടു അഥർവ്വത്തെ ഘടിപ്പിക്കുന്നതിനു വിരോധമില്ലായിരുന്നു എന്നു നമുക്കു മേൽപ്രസ്താവിച്ച ലക്ഷ്യങ്ങളെക്കൊണ്ടു സമർത്ഥിക്കാം.

ഋഗ്വേദബ്രാഹ്മണങ്ങളിൽ അഥർവ്വവേദത്തെക്കുറിച്ചു് ഒന്നും പറയുന്നില്ല. തൈത്തിരീയബ്രാഹ്മണത്തിലും, തൈത്തിരീയാരണ്യകത്തിലും അഥർവ്വവേദത്തെപ്പററി ഈരണ്ടുപ്രാവശ്യം നിർദ്ദേശിച്ചിട്ടുണ്ടു്. ശതപഥബ്രാഹ്മണത്തിൽ അഥർവ്വത്തിനു ഒരു ഉന്നതസ്ഥാനം ലഭിച്ചിരിക്കുന്നു. പലപ്പോഴും അതിൽ അഥർവ്വത്തെക്കുറിച്ചു പറയുന്നുമുണ്ടു്. എന്നാൽ അതിൽ അഥർവ്വത്തിനു വേദത്വം കല്പിച്ചിട്ടില്ല. ഋക്കു, യജുസ്സ്, സാമം എന്ന ത്രയീവിദ്യയെ മാത്രമേ വേദങ്ങളായിട്ടു ഒരുമിച്ചും ചിലപ്പോൾ പ്രത്യേകമായിട്ടും ശതപഥത്തിൽ പറഞ്ഞുകാണുന്നുള്ളു. എന്നാൽ അതിൽ പല സ്ഥലങ്ങളിലും ത്രിവേദങ്ങളോടുകൂടി അഥർവ്വം, ഇതിഹാസം, പുരാണം, ഗാഥ, സൂത്രം, ഉപനിഷത്തു് ഇവയെ നിർദ്ദേശിച്ചിട്ടുണ്ടു്. ഈ പരിഗണനങ്ങളിൽ മററു ചിലതിനു മാററം വന്നുപോയിട്ടുണ്ടെങ്കിലും മൂന്നുവേദങ്ങൾ കഴിഞ്ഞാൽ അടുത്ത സ്ഥാനം അഥർവ്വസംഹിതയ്ക്കുതന്നെ. ഉപനിഷത്തുകൾ സാധാരണ അഥർവ്വവേദത്തിനു തുരീയസ്ഥാനമാണു കല്പിച്ചിരിക്കുന്നതു്. അഥർവ്വത്തിന്റെ ഉപനിഷത്തുകളിൽ ഇതിഹാസാദികളുടെ നാമങ്ങൾ നിർദ്ദേശിക്കാത്ത സന്ദർഭങ്ങളിലും മൂന്നു വേദം കഴിഞ്ഞാൽ നാലാമതായി അടുത്തു് ഇതിനെ പരിഗണിച്ചിരിക്കുന്നു. കാത്യായനന്റെ ശുക്ലയജുർവ്വേദ ശ്രൗതസൂത്രങ്ങളിലോ ലാട്യായനന്റെ സാമവേദശ്രൗതസൂത്രങ്ങളിലോ അഥർവ്വവേദത്തെക്കുറിച്ചു ഒന്നും പറയുന്നില്ല. എന്നാൽ ഋഗ്വേദത്തിന്റെ സാംഖ്യായനശ്രൗതസൂത്രത്തിലും അഥർവ്വവേദത്തെപ്പററി ഓരോതവണ നിർദ്ദേശിച്ചിട്ടുണ്ടു.

(7) യാഗവും യാതുവിധാനവും.

യാഗസാഹിത്യത്തിൽ ഒരിടത്തും അഥർവ്വത്തോടു വിരോധമുണ്ടായിരുന്നതായി തെളിയുന്നില്ല. വിശിഷ്യ ഋഗ്വേദികളും, യജുർവ്വേദികളും, സാമവേദികളും അഥർവ്വകർമ്മങ്ങൾ ചെയ്തുകൂടാ എന്നോ അഥർവ്വമന്ത്രം ജപിച്ചുകൂടാ എന്നോ വിധിച്ചിട്ടുള്ളതായി നമുക്കറിവില്ല. യാഗവിധാനങ്ങളും അഥർവ്വവിധാനങ്ങളും ഭിന്നങ്ങളാണ്. അതുകൊണ്ടു ത്രിവേദങ്ങളിലെ യാഗകർമ്മങ്ങളും, അഥർവ്വത്തിലെ അഭിചാരകർമ്മങ്ങളും തമ്മിൽ യോജിപ്പിക്കാൻ നിവൃത്തിയില്ലെങ്കിലും വൈദികസാഹിത്യത്തിൽ യാതുവിധാനത്തിനും (അഭിചാരക്രിയയ്ക്കും) അല്പം പ്രാധാന്യം ഇല്ലാതില്ല. യാഗപരങ്ങളായ ത്രിവേദങ്ങളിലും യാതുവിധാനങ്ങളേക്കുറിച്ചുള്ള സൂചനകൾ ഉണ്ടെന്നു സ്പഷ്ടമായല്ലോ. ഈ യാതുവിധാനങ്ങൾ യാതുവിത്തുകൾക്കു (ക്രിയാകർത്താക്കന്മാർക്കു്) തന്നെ അപത്തിനു കാരണമായേക്കാം, എന്നുള്ളതുകൊണ്ടു് ആ ക്രിയക

ൾ കേവലം ക്ഷുദ്രങ്ങളാണെന്നും യാതുധാവിത്തുകൾ വിശിഷ്യ "ബഹ്വൃക്കുകൾ" ആയിരിക്കണമെന്നും ശതപഥബ്രാഹ്മണത്തിൽ പറയുന്നു. 'ബഹ്വൃക്ക്' എന്ന ശബ്ദത്തിൻെറ ബഹുവചനരൂപം 'ബഹ്വൃചഃ' എന്നാണ്. ഇതിൻെറ അർത്ഥം ഋഗ്വേദമന്ത്രങ്ങൾ സാമർത്ഥ്യപൂർവ്വം ഹൃദിസ്ഥമാക്കിയവർ എന്നത്രേ. ഋഗ്വേദത്തിൽ യാതുവിധാനമന്ത്രങ്ങൾ വളരെക്കുറച്ചേ ഉള്ളു. അതുകൾക്കു് അതിൽ നേരേവലിയ പ്രാധാന്യവുമില്ല. പ്രത്യുത അഥർവ്വത്തിൽ യാഗമന്ത്രങ്ങൾ പ്രധാനങ്ങളത്രേ. അഥർവ്വം ആറാം കാണ്ഡം നാല്പത്തേഴും നാല്പത്തെട്ടും സൂക്തങ്ങൾ കേവലം യാഗമന്ത്രങ്ങളാണ്. എന്നാൽ അതിൽ പ്രതിദിനം മൂന്നു പ്രാവശ്യം ചെയ്യേണ്ട "സോമവന"ത്തെക്കുറിച്ചേ അർത്ഥവത്തായി നിർദ്ദേശിക്കുന്നുള്ളു, ആ കാണ്ഡത്തിലെതന്നെ നൂററിപ്പതിന്നാലാം (114) മന്ത്രയാഗത്തിൽ വന്നുപോകുന്ന തെററുകൾക്കുള്ള പ്രായശ്ചിത്തസൂക്തമാണ്. അതുകൊണ്ടു് അഥർവ്വവേദങ്ങൾക്കു് ഒരുകാലത്തു യാഗക്രമം അറിയാമായിരുന്നു എന്നു നമുക്കു് അനുമാനിക്കാം. ആദ്യം അഥർവ്വത്തിനും ശ്രൗതസൂത്രങ്ങൾക്കും തമ്മിൽ സാദൃശ്യം വളരെ കുറവായിരുന്നു. എന്നാൽ കാലാന്തരത്തിൽ അതിനു ശ്രൗതസൂത്രങ്ങളോടു സാമ്യം ഉണ്ടാകേണ്ട ആവശ്യം നേരിട്ടപ്പോഴായിരിക്കാം ഋഗ്വേദമന്ത്രങ്ങളെക്കൊണ്ടുതന്നെ ഇരുപതാം കാണ്ഡം നിർമ്മിച്ചു് അഥർവ്വത്തോടു ഘടിപ്പിച്ചതു്. ഈ ഒടുവിലത്തെ കാണ്ഡം യാഗവിധാനവും ആണ്.

ശ്രൗതസൂത്രങ്ങളിൽ അഥർവ്വത്തിനു ബന്ധം ഇല്ലാതിരുന്നതിനുള്ള മുഖ്യകാരണം അതിൽ യാഗവിഷയത്തെ പ്രതിപാദിക്കാതിരുന്നതുതന്നെ ആയിരിക്കാം. എന്നാൽ പ്രസ്തുതസൂത്രങ്ങളിൽ അഥർവ്വത്തിൻെറ മാഹാത്മ്യത്തെ സ്തുതിക്കയോ അപലപിക്കയോ ചെയ്തിട്ടില്ല. യാഗവിധാനങ്ങളെ വിവരിക്കുന്ന ശ്രൗതസൂത്രങ്ങളിൽ യാഗപരമല്ലാത്ത അഥർവ്വത്തെ പ്രതിപാദിക്കേണ്ട അവശ്യവും ഇല്ലല്ലോ. ഗൃഹ്യസൂത്രങ്ങളിൽ യാതുവിധാനമുണ്ടു്. അതുകൊണ്ടു ഗൃഹ്യസൂത്രങ്ങൾക്കു് അഥർവ്വവുമായി ബന്ധമുണ്ടാകാൻ ന്യായമുണ്ടല്ലോ. വാസ്തവവും അങ്ങനെതന്നെ. എന്തെന്നാൽ ഗൃഹ്യസൂത്രങ്ങളിൽ ഉദ്ധരിച്ചിരിക്കുന്ന പല മന്ത്രങ്ങൾക്കും അഥർവ്വത്തിലെ സൂക്തങ്ങളോടു വളരെ സാദൃശ്യവും ചിലതിനു സ്വല്പം ഭേദവും കാണുന്നു. എന്നാൽ ഋഗ്വേദപരങ്ങളായ ഗൃഹ്യസൂത്രങ്ങളിൽ ഉള്ള മന്ത്രങ്ങൾ മിക്കവാറും ഋഗ്വേദത്തിൽനിന്നുതന്നെ സ്വീകരിച്ചിരിക്കാനാണ് അധികം ന്യായം കാണുന്നതു്. അല്ലാത്ത പക്ഷം ഗൃഹ്യസൂത്രങ്ങളിലുള്ള അഥർവ്വത്തിലെ പ്രത്യേക നിർദ്ദേശങ്ങൾക്കു വലിയ വിലയില്ലാതെ വരും. വാസ്തവത്തിൽ തുരീയവേദമായ അഥർവ്വത്തെക്കുറിച്ചു ഗൃഹ്യസൂത്രങ്ങളിൽ കൂടെക്കൂടെ പല നിർദ്ദേശങ്ങളും കാണുന്നു. എന്നാൽ ഇതിൽനിന്നു ഗൃഹ്യസൂത്രങ്ങൾ കാലാന്തരങ്ങളിൽ ഉണ്ടായതുമാത്രമാണെന്നു് അനുമാനിച്ചാൽപോരയോ എന്നു ബലമായി ഒരു സംശയവും ഇല്ലാതില്ല.

ധർമ്മസൂത്രങ്ങളിൽ അഥർവ്വത്തിനു പ്രവേശവും പ്രാധാന്യവുമുണ്ടു്. എന്തെന്നാൽ ആചാരക്രമം, ആയുർവേദം, ജ്യോതിശ്ശാസ്ത്രം മുതലായവ അഥർവ്വത്തിലുള്ളതാണ്. രാജാവിൻെറ പുരോഹിതൻ യാതുവിധാനങ്ങളെക്കൊണ്ടു ശത്രുക്കളെ നശിപ്പിക്കുന്നതിനും, യുദ്ധത്തിൽ വിജയമുണ്ടാക്കിക്കൊടുക്കുന്നതിനും ശക്തനാണെന്നു വിശ്വസിച്ചുവന്നിരുന്നതായി നമുക്കു ധർമ്മസൂത്രങ്ങളിൽനിന്നു ഗ്രഹിക്കാം. ഇങ്ങനെയുള്ള ഒരു പുരോഹിതൻ "അഥർവ്വനിധി" ആയിരിക്കണമെന്നതു നിർവ്വിവാദമത്രെ. സൂര്യവംശത്തിലെ പുരോഹിതനായ വസിഷ്ഠൻ അഥർവ്വനിധി ആയിരുന്നു എന്നും മന്ത്രങ്ങളെക്കൊണ്ടു് അദ്ദേഹം ശത്രുക്കളെ നശിപ്പിച്ചുവന്നിരുന്നുവെന്നും കാളിദാസൻെറ രഘുവംശം ഒന്നാംസർഗ്ഗത്തിൽ പറയുന്നു.

"അഥാഥർവ്വനിധേസ്തസ്യ"

"തവ മന്ത്രകൃതോ മന്ത്രൈഃ—ദൂരാൽപ്രശമിതാരിഭിഃ"

അഥർവ്വവേദം കഴിഞ്ഞാൽ യാതുവിധാനങ്ങളെ ശരിയായി വിവരിക്കുന്നതു ധർമ്മസൂത്രങ്ങളിലാണ്. എന്തെന്നാൽ ഈ വിധാനങ്ങൾകൊണ്ടു് ഒരുവനു മറെറാരുവനെ ഹനിക്കാൻ കഴിയും എന്നു ധർമ്മസാഹിത്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു. അഥർവ്വത്തിനു ത്രിവേദങ്ങളെക്കാൾ ഒരു താണ നിലയേ ലഭിച്ചിട്ടുള്ളു. എങ്കിലും സ്മൃതിസംബന്ധമായ പല കാര്യങ്ങളും ഇതിലുണ്ടു്. എന്നാൽ അഥർവ്വത്തിലെ ക്രിയാപദ്ധതി പരിശുദ്ധമല്ലെന്നു സ്മൃതികൾ വാദിക്കുന്നു. ആപസ്തംബധർമ്മസൂത്രത്തിൽ അഥർവ്വത്തിലെ അപരിശുദ്ധകർമ്മങ്ങളെ നേരെ

അപലപിക്കുന്നുണ്ടു്. വൈഷ്ണവസ്മൃതിയിലും ഈ കർമ്മങ്ങളെ നിന്ദിക്കാതിരിക്കുന്നില്ല. "ഘാതകന്മാർ ഏഴുവിധത്തിലുണ്ടു്; വൈദ്യന്മാരും ജ്യോത്സ്യന്മാരും പരിശുദ്ധന്മാരല്ല; വേരുകൾകൊണ്ടു് ഔഷധമുണ്ടാക്കാൻ പാടില്ല; യാതുവിധാനംചെയ്യുന്നവരെ കഠിനമായി ശിക്ഷിക്കണം." എന്നു വൈഷ്ണവസ്മൃതിയിൽ കാണുന്നു. എന്നാൽ ചില സംഗതികളിൽ അഥർവ്വം വളരെ ഉപയോഗപ്രദമാണെന്നും പറയാതിരിക്കുന്നില്ല. 'അഥർവ്വം ബ്രാഹ്മണക്കു ശത്രുസംഹാരത്തിനുള്ള ഒരു നല്ല ആയുധമാണു്' എന്നു മനുസ്മൃതിയിൽ പ്രസ്താവിച്ചിട്ടുണ്ടു്. മഹാഭാരതത്തിൽ അഥർവ്വത്തിന്റെ മാഹാത്മ്യത്തെ വർണ്ണിക്കയും അതിന്റെ വേദത്വത്തെ പൂർണ്ണമായി സമ്മതിക്കയും ചെയ്യുന്നു. വിശിഷ്യ, മഹാഭാരതത്തിൽ നാലു വേദത്തെയും കൂടെക്കൂടെ നിർദ്ദേശിക്കയും, വേദനിർമ്മാതാക്കൾ ബ്രഹ്മാവും വിഷ്ണുവും ആണെന്നു പല സ്ഥലങ്ങളിലും പ്രതിപാദിക്കയുംചെയ്തിട്ടുണ്ടു്. വേദങ്ങളെ വ്യസിച്ചതു കൃഷ്ണദ്വൈപായനനാണെന്നും അതിൽ പറയുന്നു. അഥർവ്വത്തെക്കുറിച്ചു പ്രത്യേകമായി ആ വിശിഷ്ടേതിഹാസത്തിൽ ചില സന്ദർഭങ്ങളിൽ പ്രസ്താവിക്കുന്നുമുണ്ടു്. മഹാഭാരതകാലത്തു് അഥർവ്വവിധാനങ്ങൾ സുപ്രസിദ്ധങ്ങളായിരുന്നു. യാതുവിധാനങ്ങളെക്കുറിച്ചു ദൂഷ്യമായി ഒന്നും ആ 'ശതസഹസ്രിക'യിൽ പറഞ്ഞിട്ടില്ല. പുരാണങ്ങളിൽ ചതുർവ്വേദങ്ങളെ പ്രശംസിക്കയും അഥർവ്വത്തിന്റെ പ്രാമാണ്യത്തെ ചിലതിൽ സ്ഥാപിക്കയുംചെയ്യുന്നു. വിഷ്ണുപുരാണത്തിൽ അഥർവ്വത്തെ പ്രത്യേകം ശ്ലാഘിച്ചിട്ടുണ്ടു്.

ധർമ്മസൂത്രകാലംമുതൽക്കു് അഥർവ്വത്തെക്കുറിച്ചു ചില ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരുന്നു. ദക്ഷിണാപഥത്തിലുള്ള ചില വിശിഷ്ടബ്രാഹ്മണർ അഥർവ്വത്തിന്റെ തുരീയവേദത്വത്തെയും അതിന്റെ പരിശുദ്ധിയെയും വിസമ്മതിക്കുന്നതുകൊണ്ടു് ഇക്കാലത്തും ഭിന്നാഭിപ്രായമുണ്ടെന്നു ബർണൽ സ്ഥാപിച്ചിരിക്കുന്നു. അഥർവ്വവേദത്തെസംബന്ധിച്ചുള്ള ഗ്രന്ഥങ്ങളെ പരിശോധിച്ചാലും ഈ സംഗതി ഏറെക്കുറെ വ്യക്തമാകും. എന്നാൽ അവകളിൽ അഥർവ്വത്തെ കൂടാതെ വേദങ്ങളെ ഒരിക്കലും പരിഗണിക്കുന്നില്ല. എന്നുതന്നെയല്ല, ചിലടത്തു് അതിനു പ്രഥമസ്ഥാനവും കല്പിച്ചിരിക്കുന്നു. ഋക്കു്, യജുസ്സു്, സാമം എന്ന യാഗപരങ്ങളായ വേദങ്ങളുടെ ജ്ഞാനം അഥർവ്വബോധത്തിനു് ആവശ്യമാണെന്നും, ത്രിവേദജ്ഞാനമുള്ള ബ്രാഹ്മണൻമാത്രമേ അഥർവ്വക്രിയ ചെയ്യാവൂ എന്നും പ്രത്യേകം വിധിച്ചിരിക്കുന്നു. ത്രിവേദജ്ഞാനം അത്യാവശ്യമാണെങ്കിലും അതിലുള്ള കർമ്മങ്ങളിൽ സംബന്ധിക്കാത്ത ബ്രാഹ്മണനേ അഥർവ്വവിധാനത്തിനു് അധികാരമുള്ളൂ. വിശിഷ്യ, അഥർവ്വകർമ്മകർത്താവിനു ബ്രഹ്മവിദ്യയിൽ നൈപുണ്യവും, ദേവന്മാരുടെ സ്വഭാവങ്ങളെയും യാഗരഹസ്യങ്ങളെയുംപററി ബോധവും ഉണ്ടായിരിക്കണം. ഗോപഥബ്രാഹ്മണത്തിൽ അഥർവ്വത്തെ "ബ്രഹ്മവേദം" എന്നു നാമകരണം ചെയ്തിരിക്കുന്നു. ബ്രഹ്മശബ്ദം മന്ത്രം എന്ന അർത്ഥത്തിൽ അഥർവ്വവേദത്തിൽ പലേടത്തും നിർദ്ദേശിക്കുന്നതുകൊണ്ടും ത്രിവേദങ്ങളിലേക്കാൾ ഇതിൽ ബ്രഹ്മവിദ്യയെ അധികമായി പ്രതിപാദിക്കുന്നതുകൊണ്ടും ആയിരിക്കാം തുരീയവേദത്തിനു ബ്രഹ്മവേദമെന്നു നാമം സിദ്ധിച്ചതു്. അഥർവ്വപരങ്ങളായ ഗ്രന്ഥങ്ങളിൽ പുരോഹിതൻ ഒരു അഥർവ്വവേദിയായിരിക്കണം എന്നു പറയുന്നു. ഒടുവിൽ അഥർവ്വവേദികൾക്കു പുരോഹിതാവകാശം സിദ്ധിച്ചു എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. യാതുവിധാനത്തിലുള്ള പ്രത്യേകജ്ഞാനത്തെ രാജാക്കന്മാർ പ്രത്യേകം വിലവെച്ചിരുന്നുവെന്നു വ്യക്തമാണു്.

## (8) സ്ഥലം.

അഥർവ്വവേദം ഏതുസ്ഥലത്തുവെച്ചു നിർമ്മിച്ചു എന്നു തീർച്ചപ്പെടുത്താൻ നമുക്കു് ആന്തരമായ ലക്ഷ്യം ഒന്നും ശരിയായി ലഭിച്ചിട്ടില്ല. അഥർവ്വത്തിൽ പഞ്ചമം ഇരുപത്തിരണ്ടാം സൂക്തത്തിൽ "ഗാന്ധാരം, മൂജാവത്തു്, മഹാവൃക്ഷം, ബാൽഹികം എന്നു വടക്കുപടിഞ്ഞാറും; മഗധം, അംഗം എന്നു കിഴക്കും ഉള്ള സ്ഥലങ്ങളെ നിർദ്ദേശിക്കുന്നു. ഇതുകൊണ്ടുമാത്രം നമുക്കു ദേശത്തെക്കുറിച്ചു് ഒന്നും നിശ്ചയിക്കാൻ നിവൃത്തിയില്ല. ജ്യോതിശാസ്ത്രപരമായി ചില സംഗതികൾ അഥർവ്വത്തിലുണ്ടു്. പത്തൊൻപതാംകാണ്ഡത്തിൽ രാശിചക്രത്തെ പരിഗണിച്ചിരിക്കുന്നു. ഇതു തൈത്തിരീയസംഹിതയിലും കാണുന്നു. ഈ ഭാഗം പക്ഷേ പുനസ്സംഘടിതമായിരിക്കാമെന്നും ഒരു അഭിപ്രായമുണ്ടു്.

### (9) കാലം.

വ്യാകരണദൃഷ്ട്യാ പരിശോധിക്കുന്നതായാൽ അഥർവത്തിലേ ഭാഷ ഋഗ്വേദത്തേക്കാൾ നവീനവും എന്നാൽ ബ്രാഹ്മണങ്ങളേക്കാൾ പ്രാചീനവും ആണെന്നു തീർച്ചപ്പെടുത്താം. മറ്റു മൂന്നു വേദങ്ങളിലേക്കാൾ അർവാചീനപദങ്ങൾ അഥർവത്തിൽ കാണുന്നുണ്ടു്. എന്നാൽ ഈ വേദത്തിൽ അതിപ്രാചീനങ്ങളായ മന്ത്രങ്ങളുമുണ്ടു്. എങ്കിലും അഥർവവേദമന്ത്രങ്ങളേ സംഹിതാരൂപത്തിൽ ആക്കിയതു മിക്കവാറും ഋഗ്വേദബ്രാഹ്മണങ്ങളുടെ നിർമ്മാണകാലം കഴിഞ്ഞതിന്റെശേഷമായിരിക്കാനാണു് അധികം ന്യായംകാണുന്നതു്. അഥർവത്തിൽ നവീനപദങ്ങൾ ഉള്ളതു പക്ഷേ അതിൽ നവീനാശയങ്ങൾ ഉള്ളതുകൊണ്ടും ആയിരിക്കുന്നതെന്നില്ല. ത്രിവേദങ്ങളിൽനിന്നു ഭേദിച്ച യാതുവിധാനമാണല്ലോ അഥർവത്തിൽ മുഖ്യം.

### (10) വിശ്വാസവും അനുഭവവും.

അനേക രോഗങ്ങൾക്കു കാരണം ദുർദ്ദേവതകളാണെന്നും അവയേ അഥർവമന്ത്രങ്ങൾകൊണ്ടു നശിപ്പിക്കാമെന്നും ഒരു വിശ്വാസം അഥർവകാലത്തു് ഉണ്ടായിരുന്നു. അതുകൊണ്ടു ദുർദ്ദേവതകളേ ഉച്ചാടനാദി ക്രിയകളെക്കൊണ്ടു ദൂരീകരിച്ചു രോഗത്തെ ശമിപ്പിക്കുന്നതിനു പല മന്ത്രങ്ങളും തുരീയവേദത്തിലുണ്ടു്. ജ്വരം, കുഷ്ഠം, രാജയക്ഷ്മാവു, കഷണ്ടി, ക്ഷതങ്ങൾ, സർപ്പവിഷം, ഗരം, മറ്റുജന്തുക്കളുടെ വിഷം ഇത്യാദികളേ മന്ത്രങ്ങൾകൊണ്ടു ശമിപ്പിക്കാം. ഇവയ്ക്കെല്ലാം മന്ത്രങ്ങളോടുകൂടി ഔഷധികളും പ്രയോഗിച്ചുവന്നു. ഔഷധികളേക്കൊണ്ടു് ഇവയേ ശമിപ്പിക്കുവാൻ കഴിയും എന്നുള്ളതു നമുക്കു് ഇന്നും വിശ്വാസവും അനുഭവവും ഉണ്ടല്ലോ. അതുകൊണ്ടു് ആയുർവേദത്തിന്റെ (വൈദ്യശാസ്ത്രത്തിന്റെ) പ്രഥമസ്മാരകസ്തംഭം അഥർവവേദമാണു്. ഷഷ്ഠകാണ്ഡത്തിലേ നൂറ്റിപ്പതിനഞ്ചാം (115) മന്ത്രം രാജയക്ഷ്മാവിനെ ശമിപ്പിക്കുന്നതിനും, പ്രഥമത്തിലേ ഇരുപത്തിമൂന്നാം (23) മന്ത്രം കുഷ്ഠശമനത്തിനും ഉള്ളതാണു്. ഒരുതരം ഇരുണ്ട പച്ചില ജപിച്ചുപയോഗിക്കുന്നതുകൊണ്ടു കുഷ്ഠരോഗം നിശ്ശേഷം മാറുമത്രെ.

ദുർദ്ദേവതകളേ ഉച്ചാടനംചെയ്യുന്നതിനും, ശത്രുക്കളെയും ക്ഷുദ്രംചെയ്യുന്നവരെയും സംഹരിക്കുന്നതിനുമായി വളരെ മന്ത്രങ്ങൾ അഥർവത്തിലുണ്ടു്. ഷഷ്ഠം മുപ്പത്തേഴും (37) സപ്തമം പതിമ്മൂന്നും (13) മന്ത്രങ്ങൾ ഇവയ്ക്കു നല്ല ഉദാഹരണങ്ങളാണു്. ബ്രാഹ്മണദ്വേഷികളേ വിശിഷ്യ സംഹരിക്കുന്നതിനും, ബ്രാഹ്മണദാനങ്ങളേ ഇല്ലായ്മചെയ്യുന്നവരെ ഹിംസിക്കുന്നതിനും, ബ്രാഹ്മണദക്ഷിണകളേ ധ്വംസിക്കുന്നവരെ ഭയപ്പെടുത്തുന്നതിനും മറ്റുമായി അഥർവത്തിൽ അസംഖ്യം മന്ത്രങ്ങളുണ്ടു്. പഞ്ചമം പത്തൊൻപതാം (19) മന്ത്രം ഭയപ്പെടുത്തുന്നതിനുള്ള ഒരു ഉത്തമോദാഹരണമാണു്. സ്ത്രീകളുടെ പ്രണയം സമ്പാദിക്കുന്നതിനു പല ഔഷധികളും മന്ത്രങ്ങളുമുണ്ടു്. സ്ത്രീസ്വീകരണത്തിൽ പ്രതിദ്വന്ദ്വിയായി വരുന്ന ജനത്തെ ഹനിക്കുന്നതിനു മന്ത്രങ്ങൾ സുലഭങ്ങളത്രെ. ഷഷ്ഠം എട്ടാം മന്ത്രം മൂന്നാംപദ്യവും, തൃതീയം ഇരുപത്തഞ്ചാം (25) മന്ത്രം രണ്ടാംപദ്യവും അതിനു നല്ല ഉദാഹരണങ്ങളാണു്. മരണവും രോഗവും കൂടാതെ ദീർഘായുസ്സും സൌഖ്യവും ഉണ്ടാക്കിത്തരുവാൻ ശക്തിയുള്ള മന്ത്രങ്ങൾ അഥർവത്തിൽ ധാരാളം കാണുന്നു. തൃതീയം പതിനൊന്നാം മന്ത്രം രണ്ടാംപദ്യവും അഷ്ടമം ഒന്നാംമന്ത്രം നാലാംപദ്യവും അതിനു് ഉദാഹരണങ്ങളത്രെ. വേറെ ഒരുതരം മന്ത്രങ്ങളുണ്ടു്. അവ ആപത്തുകളിൽനിന്നു രക്ഷ കിട്ടുന്നതിനും, ഗൃഹത്തിലും, കൃഷിയിലും, സമരാങ്കണത്തിലും, വ്യാപാരങ്ങളിലും, ദ്യൂതകളിയിലും അഭിവൃദ്ധിയും വിജയവും ഉണ്ടാകുന്നതിനും ഉള്ളതാണു്.

സഭയിൽ ബഹുമാനം ഉണ്ടാകുന്നതിനുംമറ്റുമായി ചില മന്ത്രങ്ങളുണ്ടു്. സപ്തമം പന്ത്രണ്ടാംമന്ത്രം രണ്ടാംപദ്യം അതിനുദാഹരണമാണു്. യാഗാദികർമ്മങ്ങളിൽ വരുന്ന ന്യൂനതകൾ, ജ്യേഷ്ഠനേക്കാൾ മുമ്പു വിവാഹംചെയ്ക ഇത്യാദികളായ പാപങ്ങളേ ശമിപ്പിക്കുന്നതിനും, ദുസ്സ്വപ്നദോഷപരിഹാരത്തിനും മറ്റുമായി ചില മന്ത്രങ്ങൾ അഥർവത്തിൽ കാണുന്നു. രാജപരങ്ങളായ വേറെ ചില മന്ത്രങ്ങളുണ്ടു്. രാജത്വം ലഭിക്കുന്നതിനും, പോയ രാജ്യം വീണ്ടെടുക്കുന്നതിനും, കീർത്തി, പ്രതാപം, സംഗ്രാമവിജയം ആദിയായവയുടെ സിദ്ധിക്കും ഈ മന്ത്രങ്ങൾ പ്രയോഗിക്കുന്നു. ഏകദേശം പത്താംമന്ത്രം ഒന്നാംപദ്യം ശത്രുവിനു ഭയത്തെ ജനിപ്പിക്കുന്നതിനുള്ളതാണു്. ദ്വാദശത്തിലേ ഒന്നാംമന്ത്രം വിശ്വോൽപ്പത്തിയേയും

ബ്രഹ്മവിദ്യയേയും വിവരിക്കുന്നതാണ്. ഇതിൽ അറുപത്തിമൂന്നു പദ്യം (ഋക്ക്) ഉണ്ട്. ഇതു ഭൂമിയേ അഭിസംബോധനം ചെയ്തു പറയുന്നു.

### (11) മററുമന്ത്രങ്ങൾ.

ത്രയോദശത്തിലെ നാലു മന്ത്രം രോഹിതനാകുന്ന സൂര്യനേ ഉദ്ദേശിച്ചു രചിച്ചതത്രെ. സൂര്യൻ വിശേഷകശക്തനാണ്. ഏകാദശം അഞ്ചാംമന്ത്രം സൂര്യനേ ഒരു ബ്രഹ്മചാരിയുടെ ആകൃതിയിലാക്കി സ്തുതിക്കുന്നു. ഏകാദശം നാലാംമന്ത്രം പ്രാണനെയും, അതിൽത്തന്നെ രണ്ടാംമന്ത്രം കാമനേയും ഏകോനവിംശതി (19) അൻപത്തിമൂന്നും അൻപത്തിനാലും കാലനേയും സ്തുതിക്കുന്നതാണ്. ഏകാദശം ഏഴാംമന്ത്രം യാഗോച്ഛിഷ്ടത്തെക്കുറിച്ചുള്ളതത്രെ. അതിൽ അതിനെ പരമാത്മാവായി കല്പിച്ചിരിക്കുന്നു. തുരീയത്തിൽ പതിനാറാംമന്ത്രം വരുണപരമാണ്. ഇതിൽ ഒടുവിലത്തെ രണ്ടു പദ്യം അഥർവരീതിയിൽതന്നെ രചിച്ചിരിക്കുന്നു. എന്തെന്നാൽ "ശത്രുവിനെ വരുണന്റെ ശൃംഖലകൊണ്ടു ബന്ധിക്കണം" എന്ന് അതിൽ പ്രാർത്ഥിക്കുന്നു. ആ സൂക്തത്തിലേ ശേഷം പദ്യങ്ങൾക്കും ത്രിവേദമന്ത്രങ്ങളോടു സാദൃശ്യമില്ല.

---

# ഭ്രാതൃഭക്തി.

---

വി. പി. പത്മനാഭൻനമ്പൂതിരി.

ശോകാബ്ധിജാതനമലൻ ജനതയ്ക്കുമോദ-
മേകാൻസമർത്ഥ,നതിനവൻവരിഷ്ഠൻ
ഞാൻകാത്തിരിപ്പൊരവനീവനിതയ്ക്കു കാന്ത-
നാകാൻ കുശാഗ്രമതിരാഘവനേകനല്ലൊ! 1

ഈരാജമാനരഘുവംശമണിപ്രദീപം
ശ്രീരാമനാം പ്രഥമപുത്ര,നിവനുതന്നേ
പാരാതെനൽകിടണ,മീവിധമോർത്തുകൊണ്ടു-
പേരാളിടും ദശരഥൻ നിവസിച്ചുമുന്നം!! 2

ആശസ്തുധീശനുടെ ചിത്തതടത്തിലായി-
ട്ടാശക്കളുർച്ചെടിമുളച്ചുവളൎന്നിടുമ്പോൾ
നാശത്തിനായ് കൊടിയദുർവ്വിധിയായതിന്മേ-
ലാശങ്കവിട്ടൊരുവിപൽക്കരവാളമോങ്ങി!! 3

ഈവാർത്തവാനവരറിഞ്ഞഭിഷേകവിഘ്നം-
ചെയ്വാൻനിനച്ചരിയമന്ഥരയെസ്സഹർഷം
ധീവാച്ചെഴുന്നൊരവർ കേകയപുത്രിയോട-
ന്നീവാസ്തവസ്ഥിതിയുരപ്പതിനായയച്ചു. 4

കൈകേയിതൻ മനസിമന്ഥരനട്ടൊരാപത്-
ത്തൈ, കേമമായ്ഝടിതിവാച്ചുവളൎന്നവന്നു
ശോകേതരം ദശരഥന്റെ ചെവിക്കകത്തു
ളുകേണ്ടിവന്നു വിഷവാക്ഫലജാലമന്നാൾ!! 5

"നൽകേണമിന്നുമമപുത്രനുരാജ്യഭാരം;
പോകേണമിപ്പൊഴുതു രാഘവനും വനത്തിൽ
കൈകേയിതന്നുടയദാരുണവാക്യമേവം
ഹാ! കേൾക്കയാൽ ദശരഥന്റെ മനം തകൎന്നു!! 6

"നല്ലാർനിരയ്ക്കുനടുനായകമാം നിനക്കി-
ന്നല്ലാസമസ്തജനതയ്ക്കുമതീവതോഷം
ചൊല്ലാന്നു കോമളമകൻ പതിവായ് വളൎത്താൻ
നല്ലാളുതന്നെ,യവനേക്കുകരാജ്യമെന്നും 7

എമ്പുത്രരല്ലനുഭവത്തിനു രാമനെന്നും
വമ്പുള്ള കൂട്ടരിലവൻ ബഹു മുമ്പനെന്നും
അൻപുള്ളളിലേറുമവ,നെന്നുമുരച്ചനീതാ-
നെമ്പുണ്യസന്തതിയോടെന്തിനെതിർപ്പതിപ്പോൾ? 8

നിന്നിൽപ്രിയം കുറവെഴുന്നവനല്ല രാമൻ
നിന്നിഷ്ടമാസകലവും നിറവേററിടുന്നോൻ,
എന്നിട്ടുമാപ്പെരിയമൈത്രിയെ ദൂരവിട്ടു-
വന്നിപ്രകാരമുരചെയ്തതു കഷ്ടമല്ലേ? 9

ഈമന്നു ഞാൻ ഭരതനേകണമെങ്കിലേകാം
ക്ഷേമത്തൊടും ധരണികാത്തുവസിച്ചിടട്ടേ,
ഓമൽക്കുമാരനെ വനത്തിലയച്ചിടേണ-
മീമട്ടുരപ്പതതിദുസ്സഹമല്ലയോ കേൾ?!! 10

നിന്നോടെനിക്കു ബഹുമൈത്രി ജനിക്കമൂലം
തന്നോരു നല്ലവരമിത്തരമാകുമെന്നായ്
ഇന്നോളമെൻമനസി ഞാൻ നിരൂപിച്ചതില്ല,
വന്നോ വിപത്തിവിടയും വിഷമപ്പെടുത്താൻ 11

“ആരാമതന്നുടയവാക്ശരമെൻശ്രുതിക്കു
ഘോരാമയത്തെയുളവാക്കിയതെത്രമാത്രം?
വൈരാഗ്യസമ്മിളിതമത്സരബുദ്ധിയേവം
ശ്രീരാമനോടുപെരുമാറുവതെന്തിനാവോ? 12

എൻപൂർവ്വപുണ്യമതിനാലുളവായപുത്രൻ
സമ്പൂതചിത്തനൊരു രാജകുമാരവീരൻ
അൻപുന്നമാൾശ്ലേഷനമതിങ്കൽ മറഞ്ഞുപോയാൽ
വിൺപൂവൊളിസ്മിതനിലാവിവനെന്നുകാണും? 13

ഇല്ലോമനസ്സുമമതിൽക്കുളുർചുംബനത്തെ-
നല്ലോപകന്റ മധുരാകൃതിക്കുട്ടിമുന്നം
വല്ലോതുവാൻ വിരഹവഹ്നിയിലെന്റെ ഭാഗ്യ-
ത്തല്ലോ കരിപ്പു; മനമേ! മമ ഭാവിയെന്താം? 14

ഈമട്ടിലായ് ദശരഥൻ പലതോർത്തുകൊണ്ടുൾ-
പ്പൂമങ്ങിവാഴ്വതറിവാനിടയായനേരം
രാമൻപിതാവിനുടെയന്തികമെത്തി ദുഃഖ-
സ്തോമത്തെ നീക്കുവതിനേവമുരച്ചു മന്ദം! 15

“എന്താതനിങ്ങിനെ വിഷാദമനിഗ്നനായി-
ട്ടെന്താണിരിപ്പു? വിവരങ്ങളറിഞ്ഞുഞാനും
എന്താകിലും ഭരതനേകുകരാജപട്ടം
കാന്താരവാസമിവനായതുപോരുമല്ലോ! 16

ചിററമ്മതന്നഭിമതം നിറവേററിടാഞ്ഞാ-
ലേററം പിതാവിനുടെ വാക്കു നിരർത്ഥമാകും
തെററന്നുപൂമ്പുകളിനും വലുതായിടുന്ന-
കുററം ഭവിക്കു,മതിനിന്നിടയാക്കിടാമോ? 17

ഘോരാടവീതലനിവാസമതിന്നനുജ്ഞ=
ശ്രീരാമനേകീടണ,മിത്തരമോതിടുമ്പോൾ
പാരാതെയാളു ദശരഥൻറമനം മുകിൽച്ചാ-
ത്താരാൽ മറച്ചമതിയെന്നതുപോലെമങ്ങി! 18

കാന്താരവാസമതിനായ് സഹജാതനോടും
ചെന്താമരാക്ഷിയോടുമൊത്തുതിരിച്ചുരാമൻ
ചിന്താകുലത്വമിയലുംപടി കാട്ടിലെത്തി-
വന്താപസപ്പരിഷപോലെവസിച്ചിടുന്നു!! 19

പട്ടാഭിഷേകനവമുത്സവമൊന്നു കാണ്മാൻ
നാട്ടാർക്കുപോലുമുളവായൊരു കാമവല്ലി
മൊട്ടാകെയിട്ടിടുകിലും വിടരുന്നമുമ്പേ
പെട്ടാശുവീണു, ഹഹ! നിഷ്ഫലമായ് വിചാരം!! 20

പെൺവാക്കുകേട്ടിടുകിലേററമനർത്ഥമുണ്ടായ്-
പ്പോവാമിതെന്നകമതിൽ കരുതാത്തതാതൻ
ആവാരിജാക്ഷിയുടെതേന്മൊഴികേൾക്കമൂലം
ശ്രീവാച്ചപുത്രനടവീതലവാസമെന്നായ്!! 21

സൂരൻ ദിനാന്തസമയത്തുമറഞ്ഞിടുമ്പോൾ
പാരംവരും കലുഷമാമിരുളെന്നപോലെ
ധീരത്വമേറുമൊരുരാമനകന്നുകൊണ്ടു-
പാരത്രയുംവിരഹവേദനയാലെമങ്ങി! 22

"ശ്രീരാമ! ലക്ഷ്മണ! വസുന്ധരതൻസുതേ! പൊൽ-
ത്താരായിടഞ്ഞനവമേനികലന്നനിങ്ങൾ
ആരാൽപ്പിരിഞ്ഞുവനസീമനിപോയതോർത്താ-
ലീ രാജ്യവും സുഖവുമെന്തിന്നെനിക്കുമേലിൽ?! 23

പ്രാണാധികപ്രിയമെഴും മകനെപ്പിരിഞ്ഞു-
കേണാധിമൂത്തുജനകൻ മൃതനായികഷ്ടം!
ചേണാർന്നിടുംഭരതനീവിവരംധരിച്ചുൾ-
ക്ഷീണാനപിതംഝടിതിയെത്തിയയോധ്യതന്നിൽ! 24

ശ്രീമൽപിതാവിനുടെദേഹവിയോഗദുഃഖ-
മോമൽസ്സഹോദരവനാന്തരവാസഖേദം
ഈമട്ടുരണ്ടുവിധമായവിപത്തിലായ്പ്പെ-
ട്ടാമഞ്ജുളപ്രകൃതിയാം ഭരതൻവലഞ്ഞു!! 25

നാമാഗ്രഹിപ്പതിനുനേർവിപരീതമായി
സീമാതിരേകഫലമീശ്വരനേകിയെന്നാൽ
ആമാൽക്കടൽത്തിരയിലായലയാവതല്ലാ-
തീമാനുഷർക്കുപുനരെന്തവലംബമോർത്താൽ? 26

"പൂമട്ടുതോററമൊഴിജാനകി, ലക്ഷ്മണൻ, ശ്രീ-
രാമൻ, പിതാവിവർവെടിഞ്ഞൊരുരാജ്യമിപ്പോൾ
ഈ മർത്ത്യനെന്തിനു? ജവേന വനത്തിലെത്തി-
ക്ഷേമത്തൊടും സഹജരൊത്തുവസിക്കനല്ലൂ!! 27

പേരാളിടുംഭരതനിത്തരമോർത്തുവേഗം
ശ്രീരാമദേവനമരുന്നവനത്തിലെത്തി
പോരാടുവാൻനിപുണനാകിയലക്ഷ്മണനു-
പാരാതെയേവമൊരുശങ്കജനിച്ചിതപ്പോൾ 28

"കാട്ടിൽക്കടന്നി,യതുപോരിവിടത്തിൽനിന്നു-
മാട്ടിപ്പുറത്തിടണമിന്നിവരെബ്ബലത്താൽ:
കൊട്ടിപ്പോൾ വാങ്ങുവതിനുള്ളൊരുചെണ്ടങ്ങൾ,
പാട്ടിൽധനാപഹരണംഭരതനുമായി! 29

കംസ്സാരിയോടുനരകാസുരനെന്നപോലെ
ക്രുസ്സാതെഞങ്ങളൊടെതിർപ്പതിനായിടാനിം,
നിസ്സാരനാംഭരതനത്രവരുന്നുവെങ്കിൽ
ദുസ്സാധമാണതിനുസംശയമില്ലതെല്ലും 30

ക്രനിമ്മേൽവന്നകുരുപോലഴലേററമേററാൻ
മേനിക്കണഞ്ഞിടുമൊരിമ്പ് ഭരതൻെറകാഴ്ചം
ഹാ! നിഷ്പ്രയാസമുടനെശരിയാക്കിവിട്ടു–
ഞാനിപ്പോഴെൻെറകരശക്തിവെളിപ്പെടുത്തും!! 31

ചേതസ്സിലിങ്ങനെനിനച്ചുശരംതൊടുപ്പാൻ
സ്ഫീതപ്രഭൻ സഹജനന്നുതുനിഞ്ഞിടുമ്പോൾ
ജാതപ്രമോദമൊടുലക്ഷ്മണനെത്തടുത്തീ–
ട്ടാതങ്കഹാരിരഘുനായകനേവമോതി! 32

"ഹേ! ലക്ഷ്മണ! കഥപെടാതൊരുസാഹസത്താൽ
മാലത്രനീഭരതനേററുകിലെത്രനിന്ദ്യം?
കൂലങ്കഷപ്രണയമേറുമവൻ നമുക്ക
ചേലഞ്ചിടുന്നൊരുസഹോദരനല്ലയോകേൾ! 33

കാലംനമുക്കവിപരീതതരത്തിലായ്‌തൽ–
കാലം വനത്തിൽനിവസിക്കകവേണ്ടിവന്നു
ആലംബമററലയുമീസ്സമയത്തിലിദ്ദു–
ശ്ശീലംനിനക്കരുതുകേൾപ്പവരെന്തുരയ്ക്കും? 34

ശ്രീരാമനേവമരുളുന്നൊരുവേളയിങ്ക–
ലാരാലണഞ്ഞുഭരതൻ കഴൽകൂപ്പിനിന്നു
പേരാളിടുന്നൊരവനുള്ളൊരുഭക്തികണ്ടു–
പാരാതെലക്ഷ്മണനുമുള്ളുകുളുർത്തുവേഗം!! 35

ശ്രീരാമലക്ഷ്മണരേററമെതിർപ്പതിന്നാ–
ണാരാലണഞ്ഞിടുവതാസ്സഹജാതനെന്നായ്
പാരാതെലക്ഷ്മണനുതോന്നിയതൊക്കെയുംപോയ്
പോരായ്മതന്നെയവിവേകമതെന്നുമായി 36

കോപത്തിനാൽമതിമറഞ്ഞിടുവോർക്കുപശ്ചാ–
ത്താപത്തിനാണൊടുവിലൊട്ടിടയാവതെന്നും
ആപത്തിലും ക്ഷമവരേണ്ടതുതന്നെയെന്നും
സ്വാപത്തിലുംമനസിലക്ഷ്മണനോർത്തുപിന്നെ!! 37

ആരാഞ്ഞറിഞ്ഞനുജനെത്തിയതോർത്തുമോദ–
വാരാന്നിധിക്കടയകോളിൽ നിമഗ്നനായി
ശ്രീരാമനാമ്പ് ഭരതനെസദയംപുണർന്നു
താരാർന്നചാരുമധുസൂക്തികളോതിയേവം 38

"ശ്രീതാവുമെൻപ്രിയസഹോദര! വന്നതെന്തേ!
മാതാപിതാക്കൾസസുഖം നിവസിച്ചിടുന്നോ?
ഏതാദൃശസ്ഥിതിയിവർക്കുളവായമൂലം
ശ്രോതാക്കളെന്തുപറയുന്നുകഥിക്കസർവ്വം" 39

പൊന്നാമരനെൻഭരത! വല്ലതുമീവനത്തിൽ–
വന്നാത്തൽപൂണ്ടുമരുവുന്നൊരിവർക്കുനൽകാൻ
തന്നത്രനിന്നെയധിരവൊടുപറഞ്ഞയച്ചു–
വെന്നല്ലമെൻമനസിശങ്കയുദിച്ചിടുന്നു!! 40

ഏവംപെട്ടു മധുരവാണികൾകേട്ടുള്ളഖ—
ഭാവംകലൎന്നുഭരതൻഭയഭക്തിപൂൎവം
ആ വന്ദ്യനായനിജജ്യേഷ്ഠനോടിപ്രകാരം
താൻ വന്നകാൎയ്യമഖിലംപറയാനൊരുങ്ങി: 41

ഓതാൻപെരുത്തുമടിയോണ്ടിവനിന്നുതാത—
മാതാക്കൾചെയ്ത ചപലത്തരമാംപ്രവൃത്തി
ഏതാകിലുംകദനഹേതുകമായിതെന്നായ്
ശ്രീതാവുമെൻപ്രിയസഹോദര! ഞാൻനിനച്ചു! 42

കാരുണ്യവാരിധിഭവാൻനിജ നാട്ടകൈവി—
ട്ടാരുംവരാതൊരുവനത്തിലലഞ്ഞുകൊൾവാൻ
പാരുഷ്യവാക്കുകൾപൊഴിച്ചൊരിവൻറയമ്മ
നേരുംതികച്ച നെറിവുംവെറുതേകളഞ്ഞു! 43

തൻമക്കൾനല്ലനിലയിൽസസുഖംവസിപ്പാൻ
കാമംസദാപിജനയിത്രികളിൽ ഭവിക്കാം
ക്ഷേമത്തിനായൊരുവനെക്കദനാബ്ധിതന്നി—
ലിമട്ടുതാഴ്ത്തിടണമെന്നതുവേണ്ടയല്ലോ 44

അമ്മയ്ക്കുഴുംകുസൃതിവാക്കുകൾവിശ്വസിച്ചി
ട്ടിമ്മട്ടുഘോരവിപിനത്തിലലഞ്ഞുകൊൾവാൻ
നമ്മൾക്കുവാസഗൃഹമായഭവാനെവിട്ടി
ട്ടമ്മന്നവൻജനകനെങ്ങിനെവാണിടുന്നു? 45

മാതാപിതാക്കളുടെ പുഞ്ചിരിവെണ്ണിലാവേ—
റേറതാനുമല്ലദിവസങ്ങൾകഴിഞ്ഞുപോന്നു
ജാതാദരംഗുരുകുലാന്തികവാസമാൎന്നും
വീതാമയം പരിലസിച്ചവരല്ലിനമ്മൾ? 46

കൂട്ടുന്നകൂട്ടരൊട്ടുമൊത്തുതകൎത്തുഹൎത്താ—
രാട്ടുംപടിക്കബഹുലലീലയിലാണ്ടകാലം
തേട്ടുംപൊഴിപ്പൊഴുതിലുംകുതുകംനിറഞ്ഞി—
ട്ടിട്ടററനമ്മളുടെചിത്തമലിഞ്ഞിടുന്നു!! 47

ശോകത്തിലായ് പെരിയബന്ധുജനങ്ങൾപിന്നെ—
ലോകക്കെഴുന്നദുരവസ്ഥയുമോൎക്കവയ്യ!
ശ്ലോകജ്ഞനായൊരുഭവാൻറകൃപാകടാക്ഷ—
ശ്രീകണ്ടുതന്നെകഴിയേണ്ടവരല്ലിഞങ്ങൾ? 48

ശ്രേഷ്ഠൻപിതാവുസുരനാട്ടിനുപോയകൊണ്ടും
ജ്യേഷ്ഠൻതുടങ്ങിയവർവിട്ടുപിരിഞ്ഞകൊണ്ടും
കഷ്ടത്തിലായ്ഹഹഹ! നമ്മുടെരാജ്യമിപ്പോൾ
ശിഷ്ടംഭവാനൊടിവനോതുകവേണ്ടയല്ലോ! 49

ശ്രീമൻ! ഭവാനിവിടെനിന്നുതിരിക്കയോഗ—
ക്ഷേമംനമുക്കജഗദീശ്വരനേകമെല്ലോ!
ഓമൽസുതൻറവിരഹംസഹിയാഞ്ഞരാമ—
നാമംസദാപിജനയിത്രിജപിച്ചിരിപ്പൂ!!! 50

സ്സ്ഫീതപ്രഭാങ്കുരഗണങ്ങൾ കുമാരർതൻറ—
താതൻമരിച്ചതറിവാനിടയായനേരം
ചേതസ്സുവക്കൊട്ടതായൊരുതീയ്യിൽവെന്തു
ചൈതന്യമററവനരാജിയൊടൊപ്പമായി! 51

ആ രാജമൌലിയൊട്ടവസ്ഥതയൊക്കെയന്നാൾ-
ത്താരാകെവാടിയസഹോദരനോതിടുമ്പോൾ
ആരാലണഞ്ഞുഭരതൻെറമനംകുളുക്കാൻ
ശ്രീരാമനിത്ഥമുരചെയ്തു മനോജ്ഞവാക്യം! 52

"അല്ലേമമാനുജ! ധരിക്ക! യിവൎക്കുകാട്ടും-
കല്ലേറിടുന്നമലയും മതിമേലിലെന്നായ്
ചൊല്ലേണ്ടതായവരുരയ്ക്കുകിലെന്തുചെയ്യാം
കില്ലേതുമിന്നതിനുനമ്മൾനിനച്ചിടാമോ? 53

ഈരേഴുവൎഷമൊരുമട്ടുകഴിച്ചുകൂട്ടി-
ട്ടോരേണ,മെന്നജനകാജ്ഞയെഞാൻവഹിപ്പൂ;
ആരേയുമിന്നിതിനുകുററമുരച്ചിടേണ്ട
നേരേനമുക്കുവഴിയീശ്വരനുണ്ടുകാട്ടാൻ! 54

ആൎക്കുംസുഖാനുഭവമെന്നതുദീർഘകാല-
മോൎക്കുമ്പോളേകനിലയിൽ നിലനിൽക്കയില്ല
പാൎക്കുന്നതാകിലഴലററൊരുസൌഖ്യമിന്നെ-
ല്ലാവൎക്കുംലഭിച്ചിടുകയില്ലതുസിദ്ധമല്ലോ! 55

ജന്മാന്തരാഘഫലശക്തിനിമിത്തമാവാ-
മിമ്മാതിരിക്കലയുവാനിടവന്നതിപ്പോൾ
അമ്മാന്യമാംപുകളെഴുന്നൊരുനാട്ടിലേക്കാ-
യെന്മാന്യസോദര! വരാമവധിക്കുശേഷം! 56

ഈയുള്ളവൎക്കുപിടിപെട്ടവിപത്തുകണ്ടു-
നീയുള്ളിലെന്തിനുവഹിപ്പുവിഷാദഭാരം?
പേയുള്ളക്രൂരരുടെമാതിരിയായിടാതെ-
ധീയുള്ളൊരാളെന്നുടയസോദര! പോകനാട്ടിൽ! 57

നമ്മൾക്കുവാസഗൃഹമായ്‌വിലസുന്നനീതാ-
നമ്മന്നുകാത്തുമരുവീടണമല്പകാലം
അമ്മയ്ക്കുമെന്നുടയനല്ലിളയമ്മമാൎക്കും
ശൎമ്മംവളൎന്നിടുകനമ്മുടെനാട്ടുകാൎക്കും! 58

ഞാനിപ്പോളേകുമൊരുപാദുകമാത്തുവാങ്ങി-
മാനിച്ചുജ്യേഷ്ഠനിതുതാ,നിതിയോൎത്തുനന്നായ്
മേനിക്കുനീയവനികാത്തുമുറയ്ക്കയോദ്ധ്യാ-
ജാനിക്കെഴുംപുകൾനിലാവുവളൎത്തിയാലും! 59

അൻപാൎന്നൊരാളുശരഥാത്മജനേവമോതി-
തൻപാദുകത്തെനിജസോദരനായ്കൊടുത്തു
വൻപാളിടുംഭരതനായതുവാങ്ങിയന്നാൾ
കമ്പോടിടുന്നപടി യാത്രപറഞ്ഞിറങ്ങി! 60

സീതാകാമുകപാദുകത്തെയുടനേ
തൻനാട്ടിലായ്‌ക്കൊണ്ടുപോയ്
ശ്രീതാവും മഹനീയമാംനിലയിലായ്
പൂജിച്ചുവെച്ചാദരാൽ
സ്ഫീതാതങ്കനിമഗ്നനായ്‌ബ്ഭരതന-
ക്കാലത്തയോധ്യക്കെഴും-
നേതാവായിവിളങ്ങിനാൻസമകളീ-
രേഴുംസുഹൃത്സമ്മതൻ!!! 61

അച്ഛനകീർത്തിയൊടുനാടുഭരിച്ചിരുന്നോ-
രച്ഛൻമരിച്ചു, സഹജാതൻവനത്തിലുംപോയ്
ഇച്ഛപ്രകാരമവനീതലവുംലഭിച്ചാൽ
തുച്ഛത്തിലെന്നുകരുതുന്നവരാരുപാരിൽ? 62

സമ്പത്തുമാസ്സകലസൽഗ്ഗുണപുഷ്ടിയൊത്ത
വൻപത്തവുംഭരതനന്നുവെടിഞ്ഞുവേഗം
ഇമ്പത്തൊടൊത്തൊരുസഹോദരനെത്തിരിഞ്ഞുൾ-
ക്കാമ്പത്തിൽപ്പൂണ്ടുവനസീമനിപോയിതല്ലേ? 63

ആരാകിലുംനിജസഹോദരപാദയുഗ്മം
തീരാത്തഭക്തിയൊടുമൊത്തുഭജിപ്പതാകിൽ
ആരാദ്ധ്യമാമരിയജീവിതയാത്രയിങ്കൽ
ധാരാളമായ്കുശലമീശ്വരനേകുമല്ലോ! 64

# കഥകളിക്കൈകൾ.

(ജി. കൃഷ്ണപിള്ള, മാവേലിക്കര)

കേരളത്തിലെ നാട്യവിദ്യകളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന കലയാണല്ലോ കഥകളി. ഏകദേശം അര ശതവർഷം മുമ്പുവരെ, നമ്മുടെ പൂർവ്വികന്മാർക്ക കഥകളി സംബന്ധിച്ചുണ്ടായിരുന്ന പ്രതിപത്തിയും ജ്ഞാനവും ഒന്നു വേറെതന്നെയായിരുന്നു. ആട്ടം കണ്ടുരസിക്കാൻ കഴിയാത്തവൻ സഹൃദയനോ, ആട്ടക്കഥ രചിക്കാത്തവൻ 'കവി'യെന്നപേരിനു അർഹനോ അല്ലെന്നായിരുന്നു പണ്ടത്തെ വിധി. പരിഷ്കാരത്തിന്റെ ഏററത്തോടുകൂടിയോ, നാടകാദിവിനോദങ്ങളുടെ ആവിർഭാവത്തോടുകൂടിയോ, അഥവാ രണ്ടിന്റേയും തള്ളൽകൊണ്ടോ എന്തോ, കഥകളിക്ക കുറച്ചുകാലമായി ഒരു മങ്ങൽ തട്ടീട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ. പ്രവൎത്തിക്കു തക്ക ഫലമോ പ്രോത്സാഹനമോ ഉണ്ടായില്ലെങ്കിൽ പ്രവൎത്തകൻ ഭഗ്നോത്സാഹനാകാതെ ഗത്യന്തരമില്ലല്ലോ. ആദായത്തിന്റെ തുച്ഛതയും പുത്തൻപരിഷ്കാരികളുടെ പുച്ഛവും അജ്ഞതയും കാലഗതിയുടെ മാററവും എല്ലാംകൂടിച്ചേർന്നപ്പോൾ, പ്രസ്തുത നൃത്യദേവിയുടെ ശക്തി ക്രമേണ ക്ഷയോന്മുഖമായി ഭവിച്ചതിൽ എന്താണതിശയിപ്പാനുള്ളത്. രാജകുടുംബങ്ങളിൽനിന്നു മുൻകാലത്തേപ്പോലെ വിവിധസഹായങ്ങൾ ലഭിക്കായ്ക, ആദായക്കുറവും ശ്രമാധിക്യവുംനിമിത്തം നല്ല നടന്മാരുടെ അഭാവം, നാടകസംഘങ്ങളുടെ ബഹളം, ആട്ടം കണ്ടു രസിക്കുന്നവരുടെ അപാണ്ഡിത്യവും അശ്രദ്ധയുമെന്നുവേണ്ടാ, ഇവയെല്ലാം ഈ ഇടക്കാലത്തു കഥകളിക്കു നേരിട്ട ന്യൂനതയ്ക്കു കാരണങ്ങളാകുന്നു

ഇപ്പോഴെങ്കിലും ഈ ശോച്യാവസ്ഥയെ മനസ്സിലാക്കി കഴിയുന്നത്ര പരിഹരിക്കുന്നതിനും, ജനസാമാന്യത്തിനു പൂർവ്വാധികം അഭിരുചി ജനിപ്പിക്കുന്നതിനുമായി, നമ്മുടെ മഹാകവി വള്ളത്തോൾ മുതൽപേർ ശ്രമിച്ചുതുടങ്ങീട്ടുണ്ടെന്നുള്ളതു് ഏററവും സന്തോഷാവഹവും കഥകളിയുടെ "ഭാവിശ്രേയഃപിശുനശകുന"വുമായിക്കരുതാവുന്നതുമാകുന്നു.

നല്ല നടന്മാർ അഭിനയിക്കുന്നപക്ഷം കഥകളിയെപ്പോലെ ഇത്രമാത്രം ഹൃദയാകർഷകവും, ജ്ഞാനപ്രദവും, സന്മാൎഗ്ഗദ്യോതകവുമായ ഒരു വിനോദവിദ്യ കേരളീയരെസ്സംബന്ധിച്ചിടത്തോളം വേറെയില്ലെന്നു ഖണ്ഡിച്ചുപറയാം. എന്നാൽ ആട്ടം കണ്ടു രസിക്കണമെങ്കിൽ താളമേളങ്ങൾ, സംഗീതം, കലാശം, രസഭാവാദികൾ മുതലായവ കണ്ടും കേട്ടും അനുഭവിക്കുന്നതിനുള്ള വാസനയും, കൈകളിൽ സാമാന്യപരിചയവും ഉണ്ടായിരിക്കണം. പ്രേക്ഷകന്മാരായി രംഗത്തിരിക്കുന്നവരിൽ മുക്കാലെമുണ്ടാണിയും കൈക്രിയാഗന്ധമില്ലാത്തവരായിട്ടാണു പ്രായേണ കണ്ടുവരുന്നതു്. അംഗ്യം സംബന്ധിച്ചുള്ള അജ്ഞത പലരേയും ആട്ടം കാണുന്നതിൽ വിരസന്മാരാക്കിത്തീർക്കുന്നുണ്ടെന്നുള്ള ബോധമാണ് "ആട്ടക്കൈകളെ" സംബ

ന്ധിച്ച് ഈ ലേഖനമെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. ഭരതമുനിയുടെ നാട്യശാസ്ത്രപ്രകാരമുള്ളതും കഥകളിക്കാർ ഗുരുശിഷ്യപരമ്പരയാ അഭ്യസിച്ചുപോരുന്നതുമായ ഇരുപത്തിനാലു പ്രധാനമുദ്രകളെ താഴെ വിവരിക്കുന്നു. കഥകളിക്കാർ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും അല്ലാത്തവർ കാര്യം മനസ്സിലാക്കി ആട്ടംകണ്ടു രസിക്കുന്നതിനും ഉപകരിക്കുമെന്നു വിശ്വസിക്കുന്നു.

മുദ്രകൾ:— "ഹസ്തഃ പതാകോ മുദ്രാഖ്യഃ കടകോ മുഷ്ടിരിത്യപി
കർത്തരീമുഖസംജ്ഞശ്ച ശുകതുണ്ഡഃ കപിത്ഥകം
ഹംസപക്ഷശ്ച ശിഖരോ ഹംസാസ്യഃ പുനരഞ്ജലിഃ
അർദ്ധചന്ദ്രശ്ച മുകുരോ ഭ്രമരഃ സൂചികാമുഖം
പല്ലവഃ ത്രിപതാകശ്ച മൃഗശീർഷാഹ്വയം തഥാ
പുനഃ സർപ്പശിരഃസംജ്ഞോ വർദ്ധമാനകമിത്യപി
അരാളമൂർണ്ണനാഭിശ്ച മുകുളം കടകാമുഖം"

| | | | | | |
|---|---|---|---|---|---|
| 1. | പതാക | 9. | ശിഖരം | 17. | ത്രിപതാക |
| 2. | മുദ്രാഖ്യം | 10. | ഹംസാസ്യം | 18. | മൃഗശീർഷം |
| 3. | കടകം | 11. | അഞ്ജലി | 19. | സർപ്പശിരസ്സ് |
| 4. | മുഷ്ടി | 12. | അർദ്ധചന്ദ്രം | 20. | വർദ്ധമാനകം |
| 5. | കർത്തരീമുഖം | 13. | മുകുരം | 21. | അരാളം |
| 6. | ശുകതുണ്ഡം | 14. | ഭ്രമരം | 22. | ഊർണ്ണനാഭം |
| 7. | കപിത്ഥം | 15. | സൂചീമുഖം | 23. | മുകുളം |
| 8. | ഹംസപക്ഷം | 16. | പല്ലവം | 24. | കടകാമുഖം |

ഇങ്ങനെ ഹസ്തലക്ഷണദീപികയിൽ ഇരുപത്തിനാലു മുദ്രകളാണു പ്രധാനമായി പറയപ്പെടുന്നതു്. ഇനി ഓരോന്നിന്റെ ലക്ഷണവും ഓരോ മുദ്രകൊണ്ടും ഇന്നിന്ന സംജ്ഞകളെ കാണിക്കാമെന്നും വിവരിക്കുന്നു.

1\. പതാക:— "നമിതാ/നാമികാ യസ്യ പതാകസ്സകരസ്മൃതഃ" എന്നു ലക്ഷണം.

അർത്ഥം:— അനാമികാ=അണിവിരൽ (മോതിരവിരൽ) അയതു മദ്ധ്യേ മടക്കിയാൽ ആ മുദ്രയ്ക്കു പതാകയെന്നു പേർ. കൈപ്പടത്തിൽ വിരലുകളിൽ നോക്കുക. ഓരോ വിരലിലും വിലങ്ങെ മൂന്നുരേഖകൾവീതം കാണുന്നു. അവയിൽ (അനാമികയുടെ) മദ്ധ്യത്തിൽ വെച്ചു മുന്നോട്ട് ഒടിച്ചു ചുണ്ടിനിവൃത്തുക. വിരൽമുട്ടിൽ (മണിബന്ധത്തിൽ)വച്ചു മടക്കുന്നമെന്നർത്ഥം. ഈ മുദ്രകൊണ്ടു കാണിക്കാവുന്നവയുടെ പേർ പറയുന്നു.

"സൂര്യോ രാജ ഗജസ്സിംഹോ വൃഷഭോ ഗ്രാഹതോരണം
ലതാ പതാക വീചിശ്ച രഥ്യാ പാതാള ഭൂമയഃ
ജഘനം ഭാജനം ഹർമ്മ്യം സായം മാദ്ധ്യം ദിനം ഘനം
വന്മീകമൃതർല്ലാസശ്ച ചരണം ചക്രമാസനം
അശനിർഗ്ഗോപുരം ശൈത്യം ശകടം സൗമ്യകുബ്ജകൗ
കവാടമുപധാനഞ്ച പരിഘാംഘ്രിലതാഗ്രകെ
ഷൾത്രിംശൽ ഭരതേനോക്താഃ പതാകാസ്സംയുതിഃകരാഃ"

അർത്ഥം:— സൂര്യൻ, രാജാവ്, ആന, സിംഹം, കാള, മുതല, തോരണം, വള്ളി, കൊടിക്കൂറ, തിരമാല, വഴി, പാതാളം, ഭൂമി, നാഭിപ്രദേശം, പാത്രം, മാളിക, സായാഹ്നം, മദ്ധ്യാഹ്നം, മേഘം, പുററു്, തുട, ഭൃത്യൻ, സഞ്ചാരം, ചക്രം, പീഠം, വജ്രായുധം, ഗോപുരം, തണുപ്പ്, വണ്ടി, ശാന്തം, കട്ടിലം, വാതിൽ, തലയണ, കിടങ്ങ്, കാല്, സാക്ഷ ഇങ്ങനെ ഭരതോക്തങ്ങളായിരിക്കുന്ന മുപ്പത്തിആറ് എണ്ണത്തെ (സംയുതകരങ്ങൾ) രണ്ടു കൈകൾകൊണ്ടും,

"ആസനം ഗമനം ജിഹ്വാ ലലാടം ഗാത്രമേവ ച
ഇവ ശബ്ദശ്ച ശബ്ദശ്ച ദൂതസ്സ്യേകതപല്ലവാഃ
അസംയുക്ത പതാകാഖ്യാ ദശഹസ്താസ്സമീരിതാഃ"

അത്ഥം:— ആസനം, ഗമനം, നാവ്, നെററി, ശരീരം, എന്നപോലെ, എന്നതു, ദൂതൻ, മണൽത്തിട്ട, തളിര് ഈ പത്തു വസ്തുക്കളെ അസംയുക്തകരം (ഒരു കൈയ്യ്) കൊണ്ടും പതാകമുദ്രയിൽ കാണിക്കണം. ആകെ നാല്പത്താറു സംജ്ഞകളെയാണ് ഈ മുദ്രകൊണ്ടു കാണിക്കേണ്ടത്.

2. മുദ്രാഖ്യം, ലക്ഷണം:—

"അംഗുഷ്ഠസ്യ തു തർജ്ജന്യായസ്യാഗ്രേ മിളിതോ ഭവേൽ
ശേഷം വിശ്ലഥിതാ യസ്യ മുദ്രാഖ്യസ്തുകരോമതഃ"

അത്ഥം:— ചൂണ്ടുവിരലിൻെറയും പെരു (തള്ള) വിരലിൻെറയും തുഞ്ചങ്ങൾതമ്മിൽ തൊടീക്കുക, മററുവിരല്ലകൾ തൊടീക്കരുത്. ഇതാകുന്നു മുദ്രാഖ്യമുദ്ര.

"വർദ്ധനം ചലനം സ്വർഗ്ഗം സമുദ്രസ്സാന്ദ്രവിസ്മൃതിഃ
സർവ്വോ വിജ്ഞാപനം വസ്തു മൃത്യുശ്ച ധ്യാനമേവ ച
ഉപവീതമൃജ്ജുഃപ്രോക്താ മുദ്രാഖ്യസ്തു ത്രയോദശ
ഹസ്താസ്തു സംയുതാ പ്രോക്താ നാട്യസിദ്ധാന്തവേദിഭിഃ
ചിത്തം ചിന്താഭിലാഷശ്ച സ്വയം ചൈവ തഥാ സ്മൃതിഃ
പുനഃ ജ്ഞാനഞ്ച സൃഷ്ടിശ്ച പശ്ചാൽ പ്രാണപരാഭവൗ
ഭാവ്യർത്ഥശ്ച നഞർത്ഥശ്ച ചതുർത്ഥീ ദ്വാദശോഭിധാഃ
അസംയുക്താമുനീന്ദ്രൈസ്തു കരാ മുദ്രാഹ്വയാസ്മൃതാഃ"

അത്ഥം:— വർദ്ധനം, ചലനം, സ്വർഗ്ഗം, സമുദ്രം, ഇടതിങ്ങിയതു, മറവി, എല്ലാം, അറിയിക്കുക, സാധനം, മരണം, ധ്യാനം, പൂണനൂൽ, ഋജു (നേരെയുള്ളതു) ഈ പതിമ്മൂന്നു സംജ്ഞകളെ രണ്ടുകൈകൾ ഉപയോഗിച്ചും; മനസ്സു, വിചാരം ആഗ്രഹം, തന്നെ (താൻ) സ്മരണം (ഓർമ്മ) ജ്ഞാനം, സൃഷ്ടി, പ്രാണൻ, പരിഭവം, വരുവാനുള്ളതു, ഇല്ലെന്നുള്ളതു, ആയിക്കൊണ്ടു് ഇങ്ങനെ പന്ത്രണ്ടെണ്ണത്തെ ഒരു കൈയ്യ് ഉപയോഗിച്ചും കാണിക്കണം. ആകെ ഇരുപത്തഞ്ചു സംജ്ഞകളെയാണ് മുദ്രാഖ്യമുദ്രകൊണ്ടു കാണിക്കേണ്ടതു്.

3. കടകമുദ്ര, ലക്ഷണം:—

"അംഗുഷ്ഠാംഗുലിമൂലന്തു സംസ്പൃശേദ്യദിമധ്യമം
മുദ്രാഭിധാനഹസ്തസ്തു കടകാഖ്യാം പ്രജേത്തദാ"

അത്ഥം:— മുദ്രാഖ്യമുദ്ര വിടാതെ നടു (പാമ്പു) വിരലിൻെറ അഗ്രം തള്ളവിരലിൻെറ ചുവട്ടിൽ (താഴെ) തൊടീക്കണം. അതിൻെറ പേർ കടകമുദ്രയെന്നാകുന്നു.

"വിഷ്ണുഃ കൃഷ്ണോഹലീ ബാണഃ സ്വർണ്ണം രൂപ്യം നിശാചരീ
നിദ്രാ പ്രധാനയോഷിത് ശ്രീ വീണാ താരാസ്രഗുൽപലം
രക്ഷഃ കിരീടപരിഘം വിശേഷം സ്യന്ദനം പുനഃ
സഹാർത്ഥോവിംശതികരാഃ സംയുക്തകടകാഹ്വയാഃ
കുസുമം ദർപ്പണം നാരീഹോമസ്വേദോല്പവാചകം
ശബ്ദസ്തൂണീരസുരഭിഃ നിർദ്ദിഷ്ടാഃ കടകാഭിധാഃ
അസംയുക്താ നവകരാഃ നാട്യശാസ്ത്രവിശാരദൈഃ"

അത്ഥം:— വിഷ്ണു, കൃഷ്ണൻ, ബലഭദ്രൻ, ശരം, സ്വർണ്ണം, വെള്ളി, രാക്ഷസി, ഉറക്കം, സുന്ദരി, ശ്രീഭഗവതി, വീണ, നക്ഷത്രങ്ങൾ, മാല, ഉൽപലം, രക്ഷസ്സ്, കിരീടം, പരിഘം (ആയുധം, ഗദ) വിശേഷം, തേരു, കൂടെ (ഒന്നിച്ച്) ഈ ഇരുപതെണ്ണം രണ്ടു കൈകൾകൊണ്ടും; പുഷ്പം, കണ്ണാടി, സ്ത്രീ, ഹോമം, വിയർപ്പ്, അല്പം, ആവനാഴി, സൌരഭ്യം, യാതൊന്നു് ഇങ്ങനെ ഒൻപതെണ്ണം ഒരു കൈകൊണ്ടും കാണിക്കണം. ആകെ ഇരുപത്തൊൻപതു സംജ്ഞകളെ കടകമുദ്രകൊണ്ടു കാട്ടാം.

4. മുഷ്ടിമുദ്ര, ലക്ഷണം:—

"അംഗുഷ്ഠസ്തർജ്ജനീ പാർശ്വമാശ്രിതോംഗുലയഃ പരാഃ
ആകുഞ്ചിതാശ്ച യസ്യസ്യുസ്സഹസ്തോ മുഷ്ടിസംജ്ഞകഃ"

അർത്ഥം:— ചൂണ്ടുവിരലിൻെറ അരുവിൽ പെരുവിരൽ തൊട്ടുവിക്കുകയും മററംഗുലികൾ മടക്കുകയുംചെയ്താൽ അതിനു മുഷ്ടിമുദ്രയെന്നുപേർ. (തർജ്ജനീപാർശ്വത്തിൽ അംഗുഷ്ഠം സ്പർശിച്ചിരിക്കണം) വിരലുകൾ കൂട്ടിമടക്കി മദ്ധ്യേ പെരുവിരൽ ചേർക്കണമെന്നും കാണുന്നു.

“സൂതോപവർഗ്ഗേ ലാവണ്യം പുണ്യം ഭൃതഞ്ചബന്ധനം
യോഗ്യം സ്ഥിതിശ്ച ഗുൽഫശ്ചാകർഷണം ചാമരം യമഃ
പങ്കമൌഷധിശാപൌച ഡോളാദാനം പ്രദക്ഷിണം
ഖനനം ത്യാഗകുന്തൌച വിക്രമം തപനം തഥാ
ഉൽക്കീർണ്ണം പ്രസവം ചൈവ ഹസ്താസ്തേ പഞ്ചവിംശതി
മുഷ്ടിസംജ്ഞാമുനീന്ദ്രൈസ്തു സംയുക്താഃ പരികീർത്തിതാഃ
വൃഥാർത്ഥശ്ച ഭൃശാർത്ഥശ്ച ധിഗർത്ഥസ്സചിവസ്തഥാ
ലംഘനം സഹനം ദാന മനുവാദം ജയം ധനുഃ
അസ്മച്ചബ്ദൈകവാക്യഞ്ച ജരാഹരണഭോജനേ
അയുക്തമുഷ്ടിനാമാനഃ കരാഃ പഞ്ചദശാദിതാഃ”

അർത്ഥം:— തേരാളി, വരം, സൌന്ദര്യം, പുണ്യം, ഭൃത്യം, ബന്ധനം, യോഗ്യത, ഇരിപ്പ്, കാലിൻെറ പുറവടി, വലിക്കുക, ചാമരം, അന്തകൻ, ചെളി, ഔഷധം, ശാപം, ഊഞ്ഞാൽ, ദാനം, പ്രദക്ഷിണം, കുഴിക്കുക, ഉപേക്ഷിക്കുക, കുന്തം, വിക്രമം, തപിക്കുക, വിതറുക, പ്രസവം ഈ ഇരുപത്തഞ്ചെണ്ണം രണ്ടുകൈകൾകൊണ്ടും; വെറുതെ, ഏററവും, ധിക്കരിക്കുക, മന്ത്രി, അതിക്രമിക്കുക, സഹിക്കുക, ദാനം, സമ്മതം, ജയം, വില്ല്, ഞങ്ങൾ, ഒന്ന്, വാർദ്ധക്യം, ഹരിക്ക, ഭക്ഷണം ഇങ്ങനെ പതിനഞ്ചെണ്ണം ഒരു കൈയ്കൊണ്ടും, ആകെ നാല്പതു സംജ്ഞകളാണ മുഷ്ടിമുദ്രകൊണ്ടു കാട്ടേണ്ടവ.

5. കർത്തരീമുഖമുദ്ര, ലക്ഷണം:—

കനീയസ്സുന്നതയത്ര തിസ്രഃ സ്യുസ്സുന്നതാഃ പരാഃ
അംഗുഷ്ഠസ്തർജ്ജനീപാർശ്വം സംസ്പൃശേൽ ഭരതർഷഭാഃ
കർത്തരീമുഖമിത്യാഹുഃ ഹസ്തം തം നൃത്തവേദിനഃ

അർത്ഥം:— ചെറുവിരൽ പൊക്കിയും അടുത്ത മൂന്നുവിരലുകൾ അല്പം മടക്കിയും, പെരുവിരലിൻെറ തലയെ ചൂണ്ടുവിരലിൻെറ അഗ്രത്തിൽ ഒരുവശത്തു തൊടീക്കുകയുംചെയ്താൽ അതിനു കർത്തരീമുഖമുദ്രയെന്നുപേർ.

“പാപശ്രമൌ ബ്രാഹ്മണശ്ച കീർത്തിഃ കുംഭ ഗൃഹം വ്രതം
ശുദ്ധിസ്തീരഞ്ച വംശശ്ച ക്ഷുധാ ശ്രവണഭാഷണേ
ഗർഭോവസാനമൃഗയാ നാട്യജ്ഞൈർമ്മുനിപുംഗവൈഃ
കർത്തരീമുഖഹസ്താസ്തു സംയുക്താഷോഡശസ്മൃതാഃ
യുഷ്മദർത്ഥെകവചനം വചനം സമയഃ ക്രമഃ
ബഹുക്തിരസ്മദർത്ഥശ്ച മർത്ത്യോ പകർത്രം വിരോധിതാ
ബാലകോ നകുലശ്ചാപി നൃത്തജ്ഞൈസ്സമുദീരിതാഃ
കർത്തരീമുഖഹസ്താഖ്യാ അസംയുക്താ ദശൈവഹി”

അർത്ഥം:— പാപം, ക്ഷീണം, ബ്രാഹ്മണൻ, കീർത്തി, മസ്തകം, ഭവനം, വ്രതം, ശുദ്ധി, തീരം, വംശം, വിശപ്പു, കേൾക്ക, പറക, ഗർഭം, അവസാനം, നായാട്ട് ഇവ പതിനാറും രണ്ടുകൈകൾകൊണ്ടും; നീ, വാക്ക, സമയം, ബഹുവചനം, ഞങ്ങൾ, മനുഷ്യൻ, മുഖം, വിരോധം, കുട്ടി, കീരി ഇവ പത്തും ഒരു കൈയ്യുകൊണ്ടും ഇങ്ങനെ ആകെ ഇരുപത്താറു സംജ്ഞകൾ കർത്തരീമുഖമുദ്രകൊണ്ടു കാണിക്കേണ്ടവയാണ്.

6. ശുകതുണ്ഡം, ലക്ഷണം:—

“ഭ്രൂലതേവയദാവക്രാ തർജ്ജന്യംഗുഷ്ഠസംയുതാ
നമിതാനാമികാശേഷേ കുഞ്ചിതോദഞ്ചിതേ തദാ
ശുകതുണ്ഡകമിത്യാഹുരാചാര്യാഃ ഭരതർഷഭാഃ”

അൎത്ഥം:— തൎജ്ജനിയെ (ചൂണ്ടുവിരലിനെ) വൃത്താകൃതിപോലെ വളയ്ക്കുകയും മോതിരവിരൽ മടക്കി അതിന്മേൽ പെരുവിരൽ വയ്ക്കുകയും മററുവിരലുകൾ ഉയൎത്തി മടക്കുകയും ചെയ്താൽ അതിനു ശുകതുണ്ഡമുദ്രയെന്നു പേർ (ചൂണ്ടുവിരൽ കിളിച്ചുണ്ടുപോലെ വളച്ച മററുവിരലുകൾ മടക്കി പെരുവിരൽ അതിൽ അണിവിരൽമീതെ വയ്ക്കണം.)

"ഹസ്തോയം,മംകുശേ ചൈവ പക്ഷിണ്യേവ പ്രയുജ്യതേ"

അനന്തരത്തോട്ടി, പക്ഷി ഈ രണ്ടുപദാൎത്ഥങ്ങളേ മാത്രമേ ഈ മുദ്രകൊണ്ടു കാട്ടേണ്ടതുള്ളു. ഇതുകൾ രണ്ടുകൈകൾകൊണ്ടും കാട്ടേണ്ടതാകുന്നു.

7. കപിത്ഥമുദ്ര, ലക്ഷണം:—

"നമിതാനാമികാ പൃഷ്ഠേ മംഗുഷ്ഠായദിസംസ്പൃശേൽ
കനിഷ്ഠികാസുനമ്രാച യസ്മിംസ്തു സംകരസ്മൃതഃ
കപിത്ഥാഖ്യശ്ച വിദ്വദ്ഭിസ്തത്ര ശാസ്ത്രവിശാരദൈഃ"

അൎത്ഥം:— മോതിരവിരൽ മടക്കി അതിന്മേൽ പെരുവിരൽ തൊടീച്ച ചെറുവിരൽ നല്ലതുപോലെ മടക്കിയാൽ കിട്ടുന്നതു കപിത്ഥമുദ്രയാകുന്നു.

"വാഗുരാ സംശയഃ പിഞ്ഛം പാനം സ്യഗ്രോനിവൎത്തനം
ബഹിഃ പൃഷ്ഠാവതരണേ, പദവിന്യാസമിത്യപി
സംയുക്താസ്തു കപിത്ഥാഖ്യാ ദശഹസ്താസ്സമീരിതാഃ"

വല, സംശയം, പീലി, കുടിക്കുക, തോട്ടുക, പിന്തിരിപ്പിക്കുക (നിവൎത്തിക്കുക), വെളിയിൽ, പുറം (പിൻഭാഗം), ഇറങ്ങുക, കാലടി വയ്ക്കുക ഈ പത്തെണ്ണങ്ങളേ രണ്ടുകൈകൾകൊണ്ടും കപിത്ഥമുദ്രയിൽ കാണിക്കാം.

(തുടരും)

# തോലകവിയും സുഭദ്രാധനഞ്ജയം നാടകവും.

## നാലാമങ്കം.

(കവിതിലകൻ, കൊട്ടാരത്തിൽ ശങ്കുണ്ണി)

നാലാമങ്കത്തിൻെറ പൂൎവ്വാംശത്തിൽ പ്രവേശിക്കുന്നതു സുഭദ്രയുടെ സഖിമാരായ ഷൾപതികയും ഗോപദ്മിനികയും ഋഷഭകൻ, മഹിഷകൻ എന്നീ ഗോപാലന്മാരുമാണ്. ഇവരുടെ പരസ്പരസംഭാഷണംകൊണ്ടു അൎജ്ജുനൻ സുഭദ്രയേ തേരിൽ കയററിക്കൊണ്ടു പോയിയെന്നും, തേരിൽ സുഭദ്രയുടെ സഖിയായ ഷൾപതികയും അൎജ്ജുനൻെറ വയസ്യനായ ബ്രാഹ്മണ (വിദൂഷക) നും കൂടിയുണ്ടെന്നും തേർ തെളിക്കുന്നതു സുഭദ്രതന്നെയാണെന്നും, അൎജ്ജുനൻ സുഭദ്രയേ തേരിൽ കയററിക്കൊണ്ടു യാത്രയായതു കണ്ടു കോപിച്ച യാദവന്മാർ സൈന്യസമേതം യുദ്ധത്തിനു ചെന്നുവെന്നും അൎജ്ജുനൻ ശരങ്ങൾ പ്രയോഗിച്ച് അവരുടെ ചട്ടയും തൊപ്പിയും ആയുധങ്ങളും കൊടിയും കുടയും തേരുമെല്ലാം മുറിച്ചുകളഞ്ഞ് ആരെയും കൊല്ലാതെ തോല്പിച്ചയച്ചുവെന്നും വെളിപ്പെടുന്നു. അങ്കാരംഭത്തിൽ സുഭദ്ര തെളിക്കുന്ന തേരിലിരുന്നുകൊണ്ട് അൎജ്ജുനനും വിദൂഷകനും ഷൾപതികയുമാണു പ്രവേശിക്കുന്നത്.

അൎജ്ജുനൻ—(സുഭദ്രയേ നോക്കീട്ട്) അയി പ്രിയതമേ!

ഗമിച്ചു പൃഥുലോചനേ! വിപൃഥുവൃഷ്ണിസൈന്യങ്ങൾ പോയ്
ഭ്രമിച്ചിടുകവേണ്ട മെല്ലവെ തെളിക്കുകശ്വങ്ങളേ
ശ്രമിച്ചധികമൂനമായ് ശ്രമജലൌഘമുത്തങ്ങു കീൾ—
പ്പതിച്ചു തവ തൽക്കവിൾത്തടമിനിക്കു നൽകുന്നു മാൽ.

സുഭദ്ര—(വിചാരം) ആൎയ്യപുത്രൻെറ മുഖത്തുതന്നെ നോക്കിക്കൊണ്ടിരിക്കുന്ന എൻെറ മനസ്സു മറെറാരു വസ്തുവിലും ഉറയ്ക്കുന്നില്ല. ഭ്രാതാവായ വാസുഭദ്രൻെറ ശിക്ഷാവിശേഷംത

ന്നെയാണ കടിഞ്ഞാണുകളിൽ കൈയിനേ പ്രവൎത്തിപ്പിക്കുന്നതു്. (പ്രകാശം) ആൎയ്യപുത്രൻ ആജ്ഞാപിക്കുന്നതുപോലെ ചെയ്യാം. [മന്ദംമന്ദം തേർതെളിക്കുന്നു. വിദൂഷകൻ—(സ്വഗതമായിട്ടു്) അല്ലയോവയസ്യ! കലഹമാകുന്ന ഉപദംശം കൂടാതെ അങ്ങു് ഒരു കാമരസത്തേയും അനുഭവിക്കുന്നില്ല. മുൻപു ദേവാസുരയുദ്ധംപോലെയുള്ള യുദ്ധംചെയ്തിട്ടാണ പാഞ്ചാലിയെക്കിട്ടിയതു്. എന്നാലിപ്പോൾ വാസുദേവൻ താനേതന്നെ ഇവളേ തന്ന സ്ഥിതിക്കു കലഹമൊന്നും ഉണ്ടാവുകയില്ലെന്നു ഞാൻ വിചാരിച്ചു. എന്നിട്ടിവിടെ അതിലിരട്ടി ഘോഷമാണുണ്ടായതു്. എല്ലാപ്രകാരത്തിലും എനിക്കു് അപമൃത്യുമുഖത്തിങ്കൽനിന്നു വേർപാടില്ല.

ഈ വാക്യങ്ങൾക്കുപകരം വിദൂഷകനു ചൊല്ലാനായിട്ടു തോലകവി ഉണ്ടാക്കിയിട്ടുള്ള ശ്ലോകങ്ങൾ—

“മദനകലഹമെന്നും മാരസംഗ്രാമമെന്നും
വദതിസുദതിമാരിൽ ക്രീഡനം കാമുകനാം
തദപുനരതുസത്യം യുദ്ധമാം വ്യഞ്ജനത്തോ—
ടവിരഹിതമശേഷം ഹന്ത! കാമോപഭോഗം.”
“മുന്നംപാഞ്ചാലപുത്രീ പരിണയനവിധൌ യുദ്ധമത്യന്തഘോരം
സന്നദ്ധം കണ്ടു ദേവാസുരപരസമരം ജാതമായെന്നപോലെ
തസ്മാൽ ഘോരം സുഭദ്രാഹരണസമരസംരംഭമുൽഭൂതമിപ്പോ—
ളസ്മാകം കാലദോഷം മരണഭയമൊഴിഞ്ഞിടുവാൻ കൎമ്മമില്ല.”

സുഭദ്ര—ഷൾപദികേ! ഈ ഗാത്രിക അധികം മുറുക്കിക്കെട്ടുകയാൽ എന്റെ സ്തനങ്ങൾ വേദനപ്പെടുന്നു. അതിനാൽ ഇതിനെ അയയ്ക്കു.

ഷൾപദിക—(ചിരിച്ചുംകൊണ്ടു്)ഭൎത്തൃദാരികേ! അപ്പോൾ വിവാഹത്തിനുള്ള മംഗളാലങ്കാരങ്ങളൊക്കെയും അണിയാറായ സമയം ദിവ്യഭൂഷണങ്ങൾ വളരെ അടുക്കലുണ്ടായിരുന്നിട്ടും ഇതു കുമാരനാമാങ്കിതമാണെന്നു വിചാരിച്ചു് ആൎയ്യകൌണ്ഡിന്യന്റെ കൈയിൽനിന്നു വാങ്ങി മുൻപേ ഭവതിതന്നെയല്ലയോ കെട്ടിയതു്. ഇപ്പോൾ അതിനോടുതന്നെ എന്താണ മത്സരം?

സുഭദ്ര—(അസൂയയോടുകൂടി) ഈ വായാടി അവിടെ ഇരിക്കട്ടെ. ആൎയ്യാ! അങ്ങിതു് അഴിച്ചെടുത്തോളു.

വിദൂഷകൻ—അങ്ങനെതന്നെ. (അഴിച്ചെടുക്കുന്നു)

അണിയറയിൽ

ഇതാ ഇതാ അക്രൂരൻ, അനിരുദ്ധൻ. ചാരുദേഷ്ണൻ, നിശഠൻ, വിദൂരഥൻ, സാമ്പൻ, സാരണൻ, സാത്യകി, പ്രസേനൻ, പ്രദ്യുമ്നൻ മുതലായ പ്രധാന നായകന്മാരോടുകൂടി കിരീടകടകാംഗദകവചാദികൾ കൂട്ടിമുട്ടി പൊടിഞ്ഞുണ്ടായ പൊടികൾകൊണ്ടു വൎദ്ധിച്ചിരിക്കുന്ന ഭൂരേണുക്കളാൽ ദിക്ചക്രവാളത്തെ പാണ്ഡരമാക്കിച്ചെയ്തുകൊണ്ടു യാദവസമൂഹം ഞാൻ കേമൻ, ഞാൻകേമൻ എന്നുള്ള അഹങ്കാരത്തോടും കോപത്തോടുംകൂടി ഇങ്ങോട്ടു വരുന്നു.

സഭാപാലൻ—(സംഭ്രമത്തോടുകൂടി അണിയറയിലോട്ടു നോക്കീട്ടു്) യുദ്ധത്തിനായി ചട്ടയിട്ടു മുറുക്കിയ കൃതവൎമ്മാവിനാൽ അനുഗമ്യമാനനായ ഇദ്ദേഹം ആരാണു്? അന്തകനോ? അല്ലല്ല.

കമ്പംചേൎത്തദ്രിച്ചൂൎണ്ണക്ഷിതിയതിനടിവെച്ചാശു തീജ്ജ്വാലകണ്ണീ
നമ്പമ്പോ! ചാടിയും ഭ്രുകുടിവിഷമിതമാമാസ്യമേററം വിയൎത്തും
ജൃംഭിക്കും കോപമൊടൊക്കെയുമുടനെ നശിപ്പിക്കുവാൻ രുദ്രദേവൻ
താൻപോലേവന്നിടുന്നു പ്രവിചലിതമഹാസീരനായ്ക്കാമപാലൻ

അൎജ്ജുനൻ—(കേട്ടിട്ടു കോപത്തോടുകൂടി) ആ! എങ്ങിനെയെങ്ങിനെ? കാമപാലൻ എന്റെനേരെ വരുന്നുവോ? അല്ലയോ പ്രിയതമേ! എല്ലായ്പോഴും കള്ളും കുടിച്ചു വെളിവില്ലാതെ കണ്ടിരിക്കുന്നവനായ നിന്റെ ഭ്രാതാവായ ബലഭദ്രന്റെനേരെ തേരു തിരിക്കുക. അത്രതന്നെയുമല്ല,

ഉൾത്താരിലങ്ങരിസുയോധനസഖ്യബന്ധ-
മത്യന്തമൊന്നിളകമിഷ്ടമുരാരിമൈത്രി
ശസ്ത്രങ്ങളാൽ മമ മുറിഞ്ഞു വിലായുധന്റെ
ച്ചീർത്താഗ്ഗളാഖ്യമുഴപോയ് സ്ഥിരയായിടട്ടെ.

[ചെറുഞാണൊലിയിടുന്നു.

[എല്ലാവരും സംഭ്രമിക്കുന്നു.

സുഭദ്ര — (കണ്ണീരോടും ഗൽഗദത്തോടും സംഭ്രമത്തോടും കൂടി) അല്ലയോ ആര്യപുത്രാ! കുട്ടിക്കാലം മുതൽക്കു തന്നെ ഭവാനെക്കുറിച്ചുള്ള എന്റെ അനുരാഗത്തെപ്പററി വിചാരിച്ചു, എങ്ങിനെയായാൽ ഞാൻ വംശവിനാശകാരിണിയാണെന്നുള്ള ലോകാപവാദത്തിനു പാത്രീഭവിക്കാതെയിരിക്കുമോ അപ്രകാരം അങ്ങു ചെയ്യണേ. [കാൽക്കൽ വീഴുന്നു.

അർജ്ജുനൻ — (സംഭ്രമത്തോടുകൂടി പിടിച്ചെഴുന്നേല്പിച്ചിട്ട്) പ്രിയേ! ഭവതി വിഷാദിക്കേണ്ട. കരിങ്കുവളപ്പൂക്കൾപോലെയുള്ള ഭവതിയുടെ കണ്ണുകളിൽനിന്നും പൊഴിഞ്ഞ ഈ കണ്ണുനീർത്തുള്ളികൾ ഗതായുസ്സായ ബലഭദ്രനു ശരണമായിബ്ഭവിച്ചു. എന്നാൽ ഇനി വൃഷ്ണികൾ എന്റെനേരേ യുദ്ധത്തിനുവന്നാൽ എന്റെ ശരാഗ്നികളേ കെടുത്താൻ ഭവതിയുടെ കണ്ണീരുകൾകൊണ്ടു മതിയാവുകയില്ല. അതിനാൽ ഇപ്പോൾ ഇഷ്ടംപോലെ തേരു തെളിക്കുക.

വിദൂഷകൻ — ഇദ്ദേഹം ഇനിയും വല്ലവരുടേയും വരവിനെക്കുറിച്ചു കേട്ടാൽത്തന്നെ ചെറുഞാണൊലികൊണ്ട് എന്റെ ചെവികൾ രണ്ടും പൊട്ടിക്കും അതിനാൽ വേഗത്തിൽ തേരുതെളിക്കു.

ഈ വാക്യങ്ങൾക്കുപകരം തോലകവിയുണ്ടാക്കീട്ടുള്ള ശ്ലോകം താഴെച്ചേർക്കുന്നു.

"വാരണഗാമിനി! ഭദ്രേ! തേരുതെളിച്ചാലുമധികവേഗേന
ഘോരധനുജ്ജ്യാഘോഷാന്മമ ചെവി പൊട്ടുന്നതിൻമുൻപേ."

സുഭദ്ര — ആര്യപുത്രൻ എന്നെ അനുഗ്രഹിച്ചു.

അർജ്ജുനൻ — (വിസ്മയത്തോടുകൂടി) അല്ലയോ സുന്ദരി! ആശ്ചര്യംതന്നെ. ഭവതിയുടെ സാരഥ്യശിക്ഷാവിശേഷം അചിന്തനീയമാകുന്നു. എന്തെന്നാൽ,

നീങ്ങുള്ളും ശ്രീകൾ മടക്കിയഥ നീട്ടും വെച്ചിടുന്നില്ലകേൾ
മങ്ങുംവാജികൾ കാണ്മതില്ലിഹ പുരക്ഷേപം ധരാദ്ദ്വോക്കളിൽ
കണ്ടീടുംസമയത്തുതന്നെയകലെപ്പോയിട്ടുതൽബോധമ-
ങ്ങുണ്ടാകുന്നതുമില്ലഹോ! തരുലതാവ്രാതങ്ങളേത്തും ദൃഢം.

[അർജ്ജുനൻ പരിവാരങ്ങളോടുകൂടെ പോയി.

(അണിയറയിൽ)

എടാ! ദുരാത്മാവും പാണ്ഡുകുലത്തിനു കളങ്കഭൂതനും സന്ന്യാസിവേഷം ധരിച്ചുകൊണ്ടു വന്ന് എന്റെ സഹോദരിയെ അപഹരിച്ചു തന്റെ അശക്തതയെ പ്രകാശിപ്പിച്ചവനുമായ അർജ്ജുനാ! നീയെവിടെ, എവിടെപ്പോകുന്നു?

സഭാപാലൻ — (ഞെട്ടീട്ട്) ഹോ ഹോ! ജ്വലിച്ചിരിക്കുന്ന കോപാഗ്നിയോടുകൂടി പിന്നെയും പിന്നെയും വട്ടത്തിൽ ചുഴലുന്ന കണ്ണുകളാൽ ഇദ്ദേഹം സകലജീവലോകങ്ങളേയും കീഴമേൽ മറിക്കുന്നോ എന്നു തോന്നുന്നു.

(മേൽപറഞ്ഞപ്രകാരം കോപത്തോടുകൂടി ബലഭദ്രരും കൃതവർമ്മാവും പ്രവേശിക്കുന്നു)

ബലഭദ്രര് — എടാ! ദുരാത്മാവും . . . . . അർജ്ജുനാ!

പൂകും പാതാളമെന്നാലതുമചലശതാപൂർണ്ണമാക്കിപ്പൊടിക്കും
നാകേ പോയിട്ടുമെങ്കിൽസ്സുപദി ഹലമുഖംകൊണ്ടിഹോരുഭാണ്ഡഖണ്ഡം
ആകർഷിച്ചും പൊടിക്കും പുനരെവിടെയതെന്നാകിലും ഹന്തജീവ-
ന്നാകുംനിന്നെസ്സഹിക്കില്ലരിരുധിരവസാപിച്ഛചാലം മേഹലാഗ്രം

കൃതവർമ്മാവ്—ആശ്ചര്യം! വിധിയുടെ ഉപക്രമം അവിജ്ഞേയംതന്നെ എന്തെന്നാൽ,

പാലിപ്പോർ സീരിദൈത്യാരികൾ, പുരിയിതഹോ! ദ്വാരകാ, ബാഹുവീര്യ-
ത്താലേ വിശ്വം ജയിച്ചുൾമദമെഴുമവരീ ഞങ്ങളൊന്നിട്ടുമിപ്പോൾ
ചേലോടാ ഭദ്രയേപ്പാണ്ഡവ ഹഹ! ഹരിച്ചിന്നു ദിഗ്ദന്തികുംഭം
പോലേ ഭേദിച്ചുമുക്താവലിയെയൊരുമൃഗം കൈക്കലാക്കിഗ്ഗമിച്ചാൻ.

സഭാപാലൻ—(ഭയത്തോടുകൂടി) അർജ്ജുനൻ ചെയ്ത പരിഭവത്താൽ വർദ്ധിച്ചിരിക്കുന്ന കോപാഗ്നിയോടുകൂടിയ ഇദ്ദേഹമിപ്പോൾ ത്രൈലോക്യത്തെസ്സംഹരിക്കും. അതിനുമുൻപ് ഈ വൃത്താന്തം ദേവകീനന്ദനനായ ദേവന്റെ അടുക്കൽ അറിയിക്കുകതന്നെ. (പോയി

ബലഭദ്രൻ—(അവഹേളനത്തോടുകൂടി) ഏകനായ അർജ്ജുനഹതകനേക്കൊണ്ടെന്ത്?,

സീരാഗ്രത്താൽപ്പിളർന്നും മുസലഹതികളാലസ്ഥിപാരം തകർന്നും
പോരിൽക്കൗന്തേയരഞ്ചിന്റെയുമുടൽകളിൽനിന്നൊലിച്ചോരു ഭൂരിരക്തം
കോരിക്കോരിക്കുടിച്ചാശകളമവയെയുടൻ തിന്നിടട്ടേ മെലിഞ്ഞു-
ള്ളോരാക്കങ്കൃപക്ഷിസ്ത്രീകളുമഥ പിശാചീകുലം പ്രീതിപൂർവം.

കൃതവർമ്മാവ്—അല്ലയോ ദേവാ! കൗരവന്മാരുടെ അതിവിപുലയായ ലക്ഷ്മി സമൃദ്ധിപവതിയായ ഭൂമിയെ അടക്കുവാൻ ആഗ്രഹത്തോടുകൂടിയതാണ്. അതിനാൽ പ്രേരിതന്മാരായ ഈ പാണ്ഡവന്മാർ മിത്രമായ ഭവാനേയും ശത്രുവാക്കിത്തീർക്കുന്നു.

ബലഭദ്രൻ—സകല രാജാക്കന്മാരേയും ജയിച്ച ആ കൗരവപുത്രന്മാരും ഇരിക്കട്ടെ. അവരുടെ പിതൃസ്വസൃപുത്രന്മാരല്ലേ ഈ പാണ്ഡവന്മാർ? അത്രയുമല്ല, ശത്രുക്കളുടെ പ്രാണങ്ങളേ ദഹിപ്പിക്കുന്ന എന്റെ കോപാഗ്നി ഏറ്റവും ജ്വലിച്ചുംകൊണ്ടിരിക്കുമ്പോൾ—

ശീർഷണ്യം പൊട്ടിവീഴിച്ചഥ മുടിയെവലിച്ചും ദൃഢംമുഷ്ടിബന്ധാൽ-
പ്പേഷാദ്വക്ഷസ്സിൽനിന്നങ്ങെഴുമനലശിഖാശോണഗാത്രങ്ങളാലേ
വൈരംമൃദ്വന്ദയുദ്ധേ രിപുഭയദരതായിന്നതൊട്ടത്രപോരിൽ-
പ്പോഷിക്കുംവീര്യമോടും കുരുസുതരെവിടെസ്സഞ്ചരിക്കുന്നുപാർത്താൽ?

അല്ലെങ്കിൽ എന്റെ കൈയൂക്കിനുള്ള ശക്തിക്കു മതിയാകാത്ത വീര്യത്തോടുകൂടിയവരും ഭൂവലയത്തിൽ വസിക്കുന്നവരും ദീനന്മാരുമായ രാജാക്കന്മാരൊക്കെയും അവിടെ ഇരിക്കട്ടെ.

അഹങ്കാരംകോലുംവിമതരുധിരത്താൽശ്ശബളമാം
മഹാസീരാഗ്രംകൊണ്ടധികമിളകുംസന്ധികളൊടും
അഹോ! സത്യാന്തംപാർത്തിട്ടുമമരം ദൈത്യാദിജനതാ
സഹിച്ചീടട്ടെ മേ മുസലഹതിയേത്താനൊരുകുറി.

കൃതവർമ്മാവ്—അല്ലയോ ദേവാ! അങ്ങിപ്പോൾ ഇത്രവളരെ കോപിക്കേണ്ട. ദൈവത്താൽ കൊടുക്കപ്പെട്ട ആയുസ്സോടുകൂടിയ ആ പാണ്ഡവപുത്രൻ ഇപ്പോൾ വളരെ ദൂരെ പ്പോയിരിക്കും. അതിനാൽ ശാർങ്ഗധന്വാവായ ദേവനോടുകൂടി ആലോചിച്ച് ഇവിടെ യുക്തംപോലെ ചെയ്യാം.

(അനന്തരം സന്തുഷ്ടനായ ശ്രീകൃഷ്ണനും, സാത്യകിയും പ്രവേശിക്കുന്നു.)

ശ്രീകൃഷ്ണൻ—(ആനന്ദത്തോടുകൂടി) സാത്യകേ! അർജ്ജുനൻ തന്റെ ആയുധാഗ്നി കൊണ്ട് അന്ധകന്മാരെ ദഹിപ്പിക്കാതെ തന്നെ സുഭദ്രയെ സ്വീകരിച്ചുകൊണ്ടു പോയി പോലും. അതുതന്നെയുമല്ല,

ചന്ദ്രമസ്സോടുനിലാവുമർക്കനോടു ഭാസ്സുമഭ്രമൊടുമിന്നലും
വഹ്നിയോടുഹവിരാഹുതീംസുരഭിമാസമോടുസുമശോഭയും
ചിന്നമാഭ കമലാകരത്തിനൊടുമങ്ങുചേർത്തവിധിയോടു പി-
ന്നിന്ദ്രപുത്രനോടുഭദ്രയേസ്സുഖിച്ചേർത്തൊൻ സദൃശനായഹോ!

സാത്യകി—ദേവൻ പറഞ്ഞതു ശരിയാണ്. എന്നാൽ ബലഭദ്രദേവൻ ആവേഗത്തോടുകൂടി ഇരിക്കുന്നതു യുക്തമല്ല. എന്തെന്നാൽ,

ശശാങ്കവംശമണിയും സുരനായകൻതൻ–
പ്രാണപ്രിയൻമകനുമാകിയപാർത്ഥനോട്
ചേർന്നൊന്നുതൻഭഗിനിചെന്നളവങ്ങു സീര–
പാണിക്കുമോദസമയത്തിതികോപമെന്തേ?

അതിനാൽ ദേവൻ ബലഭദ്രദേവന്റെ കോപമൊക്കയും പറഞ്ഞടക്കണം.

ബലഭദ്രൻ—അല്ലയോ കൃതവർമ്മാവ്! ഇങ്ങിനെ പറയേണ്ട. ദുരാത്മാവായ അവൻ വളരെദ്ദൂരെ പോയി എങ്കിലും ഈ കലപ്പ അവനെ പ്രാപിക്കാതെകണ്ടു നിവൃത്തിക്കുകയില്ല. അതിനാൽ അവന്റെ പിന്നാലെ ചെല്ലുകതന്നെ.

(ഗർവ്വോടുകൂടി പുറപ്പെടുന്നു.)

ശ്രീകൃഷ്ണൻ—(അടുത്തുചെന്നു നമസ്കരിച്ചിട്ട്) അഗ്രജൻ പ്രസാദിച്ചാലും; ബന്ധുക്കളുടെ നേരെയുള്ള ഈ യുദ്ധോദ്യമം ഉചിതമല്ല. ഏററവും വർദ്ധിച്ചിരിക്കുന്ന ഈ കോപാഗ്നിയെ അടക്കിയാലും.

ബലഭദ്രൻ—(നോക്കീട്ട്) കൃഷ്ണാ! എന്തു! ബന്ധുക്കളുടെ നേരേ?

കുരുകുലമാംപക്ഷിക്കുളെളാരുമട്ടിൽഭിക്ഷുവായിമാധവിയേ
പരമപഹരിച്ചപാർത്ഥൻപറകെവിടെ? നമ്മളങ്ങെവിടെ?

ശ്രീകൃഷ്ണൻ—അഗ്രജാ! ഇതിനാർക്കാണപരാധം? അന്നു സന്യാസിവേഷംധരിച്ചു മറഞ്ഞുവന്ന അവനെ അഗ്രജൻതന്നെ കന്യാപുരത്തിൽ പാർപ്പിച്ചിട്ട് ഇപ്പോൾ ആരോടാണ് കോപിക്കുന്നത്?

ബലഭദ്രൻ—കൃഷ്ണാ! പരവഞ്ചനത്തിങ്കൽ അതിസമർത്ഥന്മാരായ പാപിഷ്ഠന്മാരുടെ ദുഷ്പ്രവൃത്തികൾ അറിയാൻ പാടില്ലാത്തവയാണ്: അതിനാൽ വിശ്വസ്തന്മാരെ വഞ്ചിക്കുന്ന അവൻ വദ്ധ്യൻതന്നെയാണ്. കാരണംകൂടാതെയുള്ള പക്ഷപാതത്താൽ പരവശനായ ഭവാൻ പാപികളായ പാണ്ഡവന്മാരെ ഉപേക്ഷിക്കുകയും വേണം. അത്രതന്നെയുമല്ല, ഇപ്പോൾത്തന്നെ(

ഊക്കോടെൻശസ്ത്രപാതാൽപ്പെട്ടമൊരുവഴിയേചോന്നിട്ടുംചാരവേഷം
കൈക്കൊണ്ടാഖൾഗമേററങ്ങനെ തലകൾമുറിഞ്ഞുള്ളകൌന്തേയരേത്താൻ
തിക്കിച്ചേർന്നങ്ങുനിന്നാപ്രിയകൾ ചളമതിൽകൈകൾവെച്ചാശരന്മാർ
മുഷ്ക്കോടുംപോരിൽനൃത്തംതുടരുമൊരുകബന്ധങ്ങളായ്ക്കണ്ടിടട്ടെ.

സാത്യകി—അല്ലയോ ദേവാ! ഭവാന്റെ അനുജനായി കംസശത്രുവായ ഈ ദേവന്റെ അനുനയത്തെ അവിടുന്നു സംഭാവന ചെയ്യണം. ഇപ്പോൾ ഫലമൊന്നും കാണാതെ കണ്ടുള്ളതും അതിദുർഭരവുമായ ഈ കോപഭാരത്തെ ലഘൂകരിക്കുകയും വേണം.

കൃതവർമ്മാവ്—(കോപത്തോടുകൂടി) സാത്യകേ! താൻ അതിദുഷ്ടമല്ലേ പറയുന്നത്? അപൂർവ്വമായ പരിഭവംമൂലമുണ്ടായതും ഉചിതസ്ഥാനത്തു വർത്തിക്കുന്നതുമായ ഇദ്ദേഹത്തിന്റെ കോപത്തെ ഏതൊരു യാദവൻ തടുക്കും? അത്രതന്നെയുമല്ല,

തെല്ലുംപേടിയറിഞ്ഞിടാതരികളേബാണങ്ങളെയ്തേററവും
വെല്ലുന്നീമധുസൂദനനയേത്തൃണമതെന്നോർത്തല്ലമസ്ത്രങ്ങളേ
ശീലിച്ചിട്ടു വൃഥാഭിമാനമൊട്ടമിന്നുൾക്കൊഴുമൌലിയിൽ
കാലേററിടിനഫൽഗുനപ്പുത്തൂവുപേക്ഷിക്കപ്പെടാൻയോഗ്യനോ?

സാത്യകി—(കോപത്തോടുകൂടി) എടാ ദുരാത്മാവേ! ശത്രുക്കളിൽ തടവുകൂടാതെയുള്ള പരാക്രമത്തോടുകൂടിയ ഈ കാമപാലൻ അർജ്ജുനനോടു കോപിച്ചോട്ടെ. എന്നാൽ ജന്മകാലംമുതൽക്കു വീരന്മാരുടെ മാർഗ്ഗത്തിൽ പരിചയിക്കാത്ത നിന്നെപ്പോലെയുള്ള ആളുകൾ ത്രൈലോക്യത്തിൽ മുഖ്യവില്ലാളിയായും ധർമ്മപുത്രരുടെ അനുജനായുമിരിക്കുന്ന അസ്മൽഗുരുവിനെ ആക്ഷേപിക്കയോ? തന്നെത്താനറിയാത്തവരുടെ ഇങ്ങനെയുള്ള വലിയ ഗർവ്വ് ആശ്ചര്യംതന്നെ. അത്രതന്നെയുമല്ല,

സീരിശ്രീവല്ലഭന്മാരിവിടെയരികിലില്ലാതിരുന്നെങ്കിലെന്നാ-
ചാര്യൻപാർത്ഥൻപഠിപ്പിച്ചൊരുകഠിനമതായ് ക്രൂരത്തെഴന്നസ്ത്രലേശം
പാരാതിപ്പോളനേകംവിധമവനയുടൻഭത്സനംചെയ്തിടുംനി-
സ്സാരൻനിന്നോടുചേരുംമറുപടിയുരചെയ്തേനെഞാനെന്നുചെയ്യാം.

കൃതവർമ്മാവ്—(കോപത്തോടുകൂടി) എടായെടാ! വൃഷ്ണികുലകീടകാ!,

യൽപ്രാപ്തായുധലേശനായ് പുരുഷവാക്കോതുന്നുഗർവ്വോടുനീ
കെല്പോടാഫലലഭിക്ഷുതന്നുടെമദംപോക്കീട്ടുപോരിൽപ്പരം
ഇപ്പേവാക്കുകളെന്തിനിന്നു? ബത! നിൻശീർഷംമുറിക്കാതെക-
ടിപ്പോളംബരമെന്നപോലസിതമാമെൻവാളടങ്ങില്ലഹോ!!

ശ്രീകൃഷ്ണൻ—(കോപത്തോടുകൂടിയ രണ്ടുപേരെയും കണ്ടിട്ട്) അർജ്ജുനനെ ഉദ്ദേശിച്ച് അകാലത്തു നിങ്ങൾ തമ്മിൽ എന്താണുകലഹംതുടങ്ങിയിരിക്കുന്നതു്? നിങ്ങൾ മിണ്ടാതെയിരിക്കുവിൻ.

(സാത്യകിയും കൃതവർമ്മാവും പ്രയാസപ്പെട്ടു കോപത്തെ അടക്കി മിണ്ടാതെയിരിക്കുന്നു.)

ശ്രീകൃഷ്ണൻ—അല്ലയോ ആര്യ! ഇതു് ഇപ്പോൾ കോപാന്ധകാരത്തെ ഒക്കെയും കളഞ്ഞു ശുദ്ധമായ മനസ്സുകൊണ്ടു് ആലോചിക്കേണ്ടതാണ്. എന്തെന്നാൽ,

അനോപമംസൽഗുണമാർന്നനമ്മുടെ
മനോരഥത്താല്പമഹോ! സുദുർല്ലഭൻ
ധനഞ്ജയൻമാധവിയേഹരിക്കവേ
മനസ്സിൽനമ്മൾക്കിഹകോപമെന്തഹോ!

ബലഭദ്രൻ—കൃഷ്ണാ! നീയിപ്പോൾ അവൻചെയ്ത പരിഭവത്തെ അനുഗ്രഹമെന്നു വിചാരിക്കുന്നു. എന്നാൽ ഇവിടെ പ്രതിക്രിയ ചെയ്യാത്ത നമ്മളെ ജനങ്ങളൊക്കെയും അസമർത്ഥന്മാരെന്നു വിചാരിക്കും.

ശ്രീകൃഷ്ണൻ—ആര്യ! ഇങ്ങനെ ഉത്തരോത്തരകഥകൾകൊണ്ടു് എന്തുപ്രയോജനം? നമ്മുടെ അച്ഛന്റെ ഭാഗിനേയനെന്നും കുന്തീദേവിയുടെ പുത്രനെന്നും എന്റെ ബന്ധുവെന്നും വിചാരിച്ച് അർജ്ജുനങ്കലുള്ള കോപമൊക്കയും കളഞ്ഞു് ആര്യൻ ഇപ്പോൾ എന്നെ അനുഗ്രഹിക്കണം.

ബലഭദ്രൻ—(കൈകൾ കൂട്ടിത്തിരുമ്മിക്കൊണ്ടു്) ഹാ കഷ്ടം!

പരാഭവശരത്തിനാൽമുറിവുപെട്ടതിൽ ക്ഷാന്തിതാൻ
വരാത്തൊരുമനസ്സിനേപ്പരമടക്കുവാനുംതവ
നിറഞ്ഞനുനയങ്ങൾചേർന്നൊരുവചസ്സിനേക്കൂട്ടിടാ-
തിരിപ്പതിനുമിങ്ങുവയ്യധിഗഹോ! ഹതൻ ഞാൻ ഹതൻ.

(പണിപ്പെട്ടു കോപമടക്കിക്കൊണ്ടു ബലഭദ്രരും കൃതവർമ്മാവും പോയി)

സാത്യകി—ദേവാ! അന്തക്ഷോഭമാകുന്ന കടലിലേ ബഡവാഗ്നിപോലെയിരിക്കുന്ന ബലഭദ്രകോപാഗ്നി ഇപ്പോൾ ശമിച്ചുവെന്നു തോന്നുന്നു.

ശ്രീകൃഷ്ണൻ—സാത്യകേ! ഇതങ്ങനെതന്നെ. എന്നാൽ താൻ ഇവിടെനിന്നുപോയി എന്റെ വാക്കിനാൽ ആര്യന്റെ കോപമൊക്കയും ശമിച്ചുവെന്നു യാദവന്മാരെയെല്ലാവരേയും അറിയിച്ച്, അവരേയും പറഞ്ഞു സമാധാനപ്പെടുത്തി, പലവിധത്തിലുള്ള സ്ത്രീധനദ്രവ്യങ്ങളും യാത്രയ്ക്കുവേണ്ടുന്ന ഉപകരണങ്ങളുമെല്ലാം ചട്ടംകെട്ടി, നാളെ ഇന്ദ്രപ്രസ്ഥത്തിലേക്കു പോകുവാൻ ഉത്സാഹിപ്പിക്കുക. ഞാനും,

അത്യന്തംപ്രണയംകലർന്നനുസരിക്കുംമട്ടിലുള്ളുക്തിയാൽ
ചിത്തംപോക്കികിടക്കുമാര്യനുടയകോപംകളഞ്ഞങ്ങനെ
അത്യാനന്ദമിയന്നവൃഷ്ണിവരരൊത്തശ്ലേഹമാഖണ്ഡല-
പ്രസ്ഥംപോവതിനാശുസമ്മതിവരുത്തീടട്ടെനിസ്സംശയം.

സാത്യകി—ദേവൻ ആജ്ഞാപിക്കുന്നതുപോലെ ചെയ്യാം.

[രണ്ടുപേരും പോയി.]

(നാലാമങ്കം കഴിഞ്ഞു.)

വീരരൌദ്രരസപ്രധാനമായ ഈ നാലാമങ്കം നാട്യശാസ്ത്രനിപുണന്മാരും രസവാസനയുള്ളവരുമായ നടന്മാരഭിനയിച്ചാൽ രസജ്ഞന്മാൎക്കു രസാവഹമായിരിക്കുമെങ്കിലും വിദൂഷകൻെറഭാഗം ചുരുക്കവും, തന്നിമിത്തം തോലകവിയുടെ ഫലിതമയങ്ങളായ പദ്യങ്ങൾ കുറവുമായിരിക്കുന്നതിനാൽ എല്ലാവൎക്കും ഒരുപോലെ രുചിക്കുമെന്നു തോന്നുന്നില്ല. എന്നാൽ അടുത്ത അഞ്ചാമങ്കം അങ്ങനെയല്ല. അതു പണ്ഡിതന്മാൎക്കും പാമരന്മാൎക്കും ഒരുപോലെ രസകരമായിരിക്കുന്നതാണ്.

അഞ്ചാമങ്കത്തിൻെറ പൂൎവ്വാംഗത്തിൽ ആദ്യമൊരു ദ്വാരപാലകനും രണ്ടാമതു "നന്ദിനിക" എന്നു പേരായ ഒരു ചേടിയുമാണ് പ്രവേശിക്കുന്നതു്. ഇവരുടെ സംഭാഷണംകൊണ്ടു സുഭദ്രയും അൎജ്ജുനനും പരിവാരങ്ങളും ഇന്ദ്രപ്രസ്ഥസമീപത്തിങ്കലെത്തി ഗൃഹപ്രവേശനത്തിനുള്ള മുഹൂൎത്തമാകാനായിട്ടു നഗരത്തിനുപുറത്തുള്ള ഉദ്യാനത്തിൽ കാത്തുനിൽക്കുന്നുവെന്നും ഇവരുടെ ആഗമനംകൊണ്ടു സന്തുഷ്ടനായിത്തീൎന്ന ധൎമ്മപുത്രരുടെ കല്പനപ്രകാരം നഗരമാസകലം ഭംഗിയായി അലങ്കരിച്ചുവെന്നും സുഭദ്ര സപത്നീമത്സരത്തെ കളയാനായിട്ടു ആദ്യം പാഞ്ചാലിയുടെ അടുക്കലേക്കു ഒരു ഗോപാലികയുടെ വേഷം ധരിച്ചുകൊണ്ടാണ് ചെല്ലാൻ നിശ്ചയിച്ചിരിക്കുന്നതെന്നും സുഭദ്ര ദേവീദൎശനത്തിനായി അവിടെയുള്ള ദുൎഗ്ഗാക്ഷേത്രത്തിലേക്കു പോയിരിക്കുന്നുവെന്നും ബലഭദ്രൻ സകല യാദവന്മാരോടുംകൂടി സ്ത്രീധനദ്രവ്യങ്ങളുംകൊണ്ടു രണ്ടുമൂന്നുവിളിപ്പാടു ദൂരത്തിങ്കലെത്തിയിരിക്കുന്നുവെന്നും സ്പഷ്ടമാകുന്നു. അങ്കാരംഭത്തിൽ ആദ്യം പ്രവേശിക്കുന്നതു് അൎജ്ജുനനും വിദൂഷകനുംകൂടിയാണ്.

അൎജ്ജുനൻ—(ആനന്ദത്തോടുകൂടി) ആശ്ചൎയ്യംതന്നെ. തീൎത്ഥയാത്ര പുറപ്പെട്ടദിവസം മുതൽക്കുണ്ടായിട്ടുള്ള ദുഃഖപരമ്പര പലവിധത്തിലുള്ള ആനന്ദത്തെ ജനിപ്പിക്കുന്നതായിത്തീൎന്നു. എങ്ങനെയെന്നാൽ,

കന്ദൎപ്പൻമാധവീനൽക്കുളൎമുലകളെയെൻമാറിനോടിണ്ടുചേൎത്തു
നന്നായ്പ്പാഞ്ചാലപുത്രീദൃഢതരപരിരംഭോത്സവംവന്നടുത്തു
ഷണ്ണാംഗംസോദരന്മാരുടെചിരപരിരംഭംലഭിച്ചീടുമിപ്പോൾ—

(ദുൎല്ലക്ഷണത്തെ നടിച്ചിട്ടു വിഷാദത്തോടുകൂടി)

സ്പന്ദിക്കുന്നെന്നിടത്തെക്കരമതോരുമഹാപത്തിനെച്ചൊല്ലിടുന്നു.

വിദൂഷകൻ—(വിചാരം) ഇദ്ദേഹത്തിൻെറ ഇടത്തെക്കൈയിളകിയതിൻെറ ഫലം എനിക്കു മനസ്സിലായി. ഇങ്ങോട്ടു പോന്നപ്പോൾ തേരിൻെറ ശീഘ്രഗതികൊണ്ടു പരവശനായ എൻെറ കൈയിൽനിന്നു ആ ഗാത്രിക വഴിയിൽ വീണുപോയി. ഈ ദുൎല്ലക്ഷണം ആ അൎത്ഥഹാനിയെ സൂചിപ്പിക്കുകയാണ്.

ഈ വാക്യങ്ങൾക്കു പകരം ചൊല്ലാനുള്ള ശ്ലോകം.—

"തോഴക്കുവാമഭുജകമ്പനകാരണം മേ
പോഴത്തമെന്നുവരുമിന്നുനിനച്ചുകണ്ടാൽ
മുഗ്ദ്ധാംഗിതന്നുടെമുലപ്പുടമെൻകരാഗ്രാ—
ദദ്ധ്വാപതിച്ചുരഥവേഗവശേനമാഗ്ഗേ."

(പ്രകാശം) അല്ലയോ വയസ്യാ! അങ്ങു വിഷാദിക്കേണ്ട. വായുവിനെക്കൊണ്ടും ആകാശത്തെക്കൊണ്ടുമാണ് ശരീരമുണ്ടാകുന്നതെന്നാണ് ലോകായതികന്മാരുടെ ശാസ്ത്രമെന്നു് അങ്ങു കേട്ടിട്ടില്ലേ? അതിനാൽ ശരീരത്തിലെ വായുവിൻെറ ഇളക്കം ആൎക്കും തടുക്കാൻ വയ്യാത്തതാണ്.

ഈ വാക്യങ്ങൾക്കുപകരം തോലകവി ഉണ്ടാക്കീട്ടുള്ള ശ്ലോകം.—

"ലോകായതന്മാർപറയുന്നുദേഹിനാ—
മാകാശവാതാത്മകമംഗലക്ഷണം

ഏകാംഗചാഞ്ചല്യമകപ്പെടാത്തതോ
ശോകാവകാശംകിമനേനതോഴരേ!"

(ഗാത്രികായെടുത്തുകൊണ്ടു് ഒരു പെരു വഴിപോക്കൻ ശുൽക്കാരത്തോടുകൂടി പ്രവേശിക്കുന്നു.)

വഴിപോക്കൻ—കഷ്ടം! ഞാനിത്രയും വഴിനടന്നു പരിശ്രമിച്ചതു നിഷ്ഫലമായിത്തീന്നു. എന്തെന്നാൽ, "സംവത്സരം കഴിഞ്ഞിട്ടും വത്സനായ അർജ്ജുനൻ വരുന്നില്ല. അതിനാൽ നീ വേഗംപോയി അവന്റെ വൎത്തമാനം അറിഞ്ഞുവരണം" എന്നു ധൎമ്മപുത്രമഹാരാജാവു കല്പിച്ചിട്ടു് ഞാൻ പാണ്ഡ്യരാജ്യത്തും മലയശിഖരത്തിങ്കലും കുമാരതീൎത്ഥത്തിങ്കലും കേരളരാജ്യങ്ങളിലും സഹ്യപൎവ്വതത്തിന്റെ പ്രഭാഗങ്ങളിലും ഗോകൎണ്ണത്തും കടൽതീരത്തുള്ള അന്യങ്ങളായ തീൎത്ഥസ്ഥാനങ്ങളിലും അന്വേഷിച്ചിട്ടു കാണായ്കയാൽ ഞാൻ ദ്വാരവതിയിൽപ്പോയി. അവിടെയും കാണായ്കയാൽ എവിടെനിന്നു ഞാൻ പോയോ, ആ ഇന്ദ്രപ്രസ്ഥത്തിൽവെച്ചുതന്നെയാണ് കാണാൻ സംഗതിവന്നിരിക്കുന്നതു്. കുമാരൻ നഗരത്തിന്റെ ബാഹ്യോദ്യാനത്തിൽ പാൎക്കുന്നു എന്നു ഞാൻ കേൾക്കുകയും ചെയ്തു. അതിനാൽ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുകതന്നെ. (ചുററിനടന്നു നോക്കീട്ടു്) ഇതാ ആ ഉദ്യാനം, ഇതിലേക്കു കടക്കുകതന്നെ. (കടന്നടുത്തുചെന്നിട്ടു്) കുമാരൻ ജയിച്ചാലും.

അർജ്ജുനൻ—(നോക്കീട്ടു്) നീ ദൂരവൎത്തമാനം വേഗത്തിൽ അറിഞ്ഞുവന്നു പറയാനുള്ളവനും ജ്യേഷ്ഠന്റെ ചാരനുമായ വാതജവനല്ലേ? എന്തുനിയോഗം കൈക്കൊണ്ടാണു വന്നതു്?

വാതജവൻ—കുമാരാ! മഹാരാജാവിന്റെ നിയോഗത്താൽ കുമാരനെ അന്വേഷിക്കാനായി ഞാൻ ഭൂമണ്ഡലത്തിൽ ചുററിനടന്നപ്പോൾ കുമാര നാമാങ്കിതയായ ഒരു ഗാത്രിക വഴിയിൽ കിടക്കുന്നതു കണ്ടിട്ടു് ഇതു കുമാരന്റേതാണെന്നു വിചാരിച്ചു് എടുത്തുകൊണ്ടുപോന്നു. [ഗാത്രിക വിദൂഷകന്റെ കൈയിൽ കൊടുക്കുന്നു]

അർജ്ജുനൻ—വയസ്യാ! ഗാത്രിക കളഞ്ഞിട്ടു് ഇത്രനാളും എന്താണ് അനാകുലനായിട്ടിരുന്നതു്?

വിദൂഷകൻ—ഭവാൻ തത്ര ഭവതിയോടുവേണം കോപിക്കാൻ. എന്തെന്നാൽ തത്ര ഭവതി തെരുതെരെ ഇളക്കുന്ന വേഗംകൊണ്ടാണിതു പോയതു്.

ഈ വാക്യങ്ങൾക്കു പകരമുള്ള ശ്ലോകം—

"ഇക്കോപമത്രഭവതീംപ്രതിയോഗ്യമിപ്പോ-
ളിക്കാൎയ്യഹാനിവരുവാനിവൾതന്നെമൂലം
ചിക്കെന്നുതേരിവൾനടത്തുകകാരണം മേ
കൈക്കേറ്റുന്ന ഗാത്രിക ധരിത്രിയിൽവീണുപോയി."

(അണിയറയിൽ)

ഹാ കഷ്ടം! ഘോരനാംരാക്ഷസനൊരുവനിതാ ഫൽഗുനൻപത്നിയാകും
ശ്രീകൃഷ്ണസ്വാമിതൻ സോദരിയെയിഹ പിടിച്ചാശുവാൾകൊണ്ടുദേഹം
ആകെഖണ്ഡിച്ചുതിന്നങ്ങനെ ഗഗനതലംപൂകിഭൂഗോചരന്മാ-
രാകുംനാമെന്തുചെയ്യുന്നിതുകൃപയതുതെല്ലില്ലകാത്തീടുവാനിക്കും.

അർജ്ജുനൻ—(കേട്ടിട്ടു് വിഷാദത്തോടുകൂടി) അയ്യോ! പ്രിയതമേ!

[മൂർഛിച്ചുവീഴുന്നു.]

വിദൂഷകൻ—(കണ്ണീരോടും ഗൽഗദത്തോടുംകൂടി) അയ്യോ! ദുഷ്ടനായ അന്തകാ! മഹേന്ദ്രപുത്രനായും ത്രൈലോക്യത്തിൽ മുഖ്യവില്ലാളിയായും ശ്രീകൃഷ്ണന്റെ ബന്ധുവായും ധൎമ്മപുത്രരുടെ അനുജനായുമിരിക്കുന്ന ഇദ്ദേഹത്തിനു പ്രതിക്രിയയില്ലാത്ത ഈ ആപത്തിനെ കാണിച്ച നീ തന്നെ ഇപ്പോൾ ഈശ്വരനായിത്തീന്നു.

ഈ വാക്യങ്ങൾക്കു പകരം ചൊല്ലാനുള്ള ശ്ലോകം—

"ഹാ കഷ്ടം! മമ കാലദോഷമമരാധീശാത്മജൻ, വീൎയ്യവാ-
നാകാരേണമനോഭവൻ, വിമലധീർ,വില്ലാളി,വീരാഗ്രണീഃ

ശ്രീകൃഷ്ണപ്രിയബന്ധു, ബന്ധുരഗുണൻ, ധർമ്മാത്മജസ്യാനുജൻ
ലോകാന്തംഗമിതൻകൃതാന്ത! ഭവതാ, ലോകേഭവാനീശ്വരൻ"

(വിചാരിച്ചുനോക്കീട്ട്) എൻെറ മൂഢത ആശ്ചര്യംതന്നെ. എന്തെന്നാൽ, ഇദ്ദേഹത്തെ ആശ്വസിപ്പിക്കാതെ കണ്ടു ഞാൻ നിലവിളിച്ചുതുടങ്ങിയിരിക്കുന്നു. അല്ലയോ വയസ്യാ! ആശ്വസിക്കു, ആശ്വസിക്കു,

ഈ വാക്യങ്ങൾക്കു പകരം ചൊല്ലുവാനുള്ള ശ്ലോകം—

"അഹോ! മമ വിമൂഢത്വമാർത്തനായവയസ്യനേ
ആശ്വാസമനയന്നേവമാക്രന്ദിക്കുന്നതെന്തുഞാൻ?"

വാതജവൻ—അയ്യോ! വലിയ ആപത്ത്. ഇദ്ദേഹം ഇപ്പോഴും പ്രതിബോധിക്കുന്നില്ല. അയ്യോ! ദൈവമേ! കുമാരൻെറ ഈ അവസ്ഥയേക്കാണിക്കാനാണ് നീ എന്നെ ഇവിടെ വരുത്തിയത്.

വിദൂഷകൻ—(വിഷാദത്തോടുകൂടി) അയ്യോ! ഇദ്ദേഹത്തിനു ഇപ്പോഴും ബോധമുണ്ടാകുന്നില്ലല്ലൊ. അല്ലയോ വയസ്യാ! ഇന്ദ്രൻ വിചാരിച്ചാൽ കൂടിയും ജയിക്കാൻ വഹിയാത്ത യാദവസൈന്യമാകുന്ന സമുദ്രത്തിൽനിന്നു ബലാൽക്കാരേണ അപഹരിച്ചിട്ട് ഇപ്പോൾ ഈ രാക്ഷസനാകുന്ന പശ്ചാലടി വെള്ളത്തിൽ മുങ്ങിയിരിക്കുന്ന സുഭദ്രയേ എന്താണ് അങ്ങു ഉപേക്ഷിക്കുന്നത്? എടോ വാതജവാ! ഇദ്ദേഹത്തിൻെറ ഈ അവസ്ഥയേ അമ്മയായ കുന്തിദേവിയോടും സോദരന്മാരോടും പാഞ്ചാലിയോടും അറിയിക്കാതെ താനെന്താണ് നിൽക്കുന്നത്? അയ്യോ! അംബ! കുന്തീദേവീ! നിൻെറ പ്രിയപുത്രനായ, അർജ്ജുനൻെറ അപൂർവ്വമായുള്ള ആചാരലംഘനത്തെ കണ്ടാലും. എന്തെന്നാൽ വളരെക്കാലംകൂടി വന്നിട്ടു നിന്നെക്കണ്ടു നമസ്കരിക്കാതെ തന്നെ പരലോകയാത്രയ്ക്കായിട്ടാരംഭിക്കുന്നു.

ഈ വാക്യങ്ങൾക്കുപകരം ചൊല്ലുവാനുള്ള ശ്ലോകങ്ങൾ താഴെചേർക്കുന്നു.

"ഹാഹാഹാ! മമ തോഴരേ! യദുഭടന്മാരായ വാരാന്നിധേ—
രന്തർവ്വർത്തിനിയാം മുകുന്ദസഹജാമാഹൃത്യ ബാഹാബലാൽ
ഇപ്പോളല്പനിശാടഗോഷ്പദജലേമുങ്ങിസ്ഥിതാമംഗനാം
കെല്പോടാഹരിയാതെ മോഹമിയലുന്നെന്തിന്നു? കുന്തീസുത!".

"ദൈർഘ്യംപെരുത്തൊരു കരിമ്പനപോലെനിൽക്കും"
ദീർഘായുധാഗാ! നഹി നിനക്കൊരു ദീർഘദൃഷ്ടി
അന്തഃപുരേ സപദി ചെന്നഥ യാജ്ഞസേനീ—
കുന്ത്യാദിപർഷ്ഷമിതു നീയറിയിക്കവേണ്ടേ?"

വാതജവൻ—അങ്ങുന്നു പറയുന്നതു ശരിയാണ്. ഒരുസമയം സോദരന്മാരടുക്കൽ വന്നാൽ ഇദ്ദേഹത്തിനു പ്രതിബോധം വന്നേക്കാം. കഷ്ടം ഞാൻ വളരെക്കാലംകൂടി വന്നിട്ട് ഇപ്പോൾ ഈ ദുഃഖവാർത്ത അറിയിക്കുന്നവനായിത്തീർന്നുവല്ലൊ. [കരഞ്ഞുംകൊണ്ടുപോയി.]

വിദൂഷകൻ—പരലോകയാത്രക്കായി ഭാവിക്കുന്ന ഇദ്ദേഹത്തിൻെറ കൂടെപ്പോകാതെ ഞാൻ എന്തുനോക്കിക്കൊണ്ടാണു നിൽക്കുന്നത്?

ഇവിടെ വിദൂഷകനു ചൊല്ലുവാനായി തോലകവി ഉണ്ടാക്കീട്ടുള്ള ശ്ലോകങ്ങൾ താഴെച്ചേർക്കുന്നു.

"തെരിക്കനേ ഫൽഗുനനോടുകൂടെ—
ത്തിരിക്കതന്നെ മമ യോഗ്യമിപ്പോൾ
മരിക്കുവാനാഗ്രഹമൊട്ടുമില്ലെ—
ന്നിരിക്കിലും സമ്പ്രതി വേണ്ടിവന്നു".

"ഹാ! നേന്ത്രപ്പഴമേ! ഗുളേനമിള നാൽക്കെറല്ലറുമുപ്പേരിയേ!
ഹാ! ചക്കപ്രഥമന്നടപ്രഥമനേ! മാങ്ങാപ്പുളിശ്ശേരിയേ!
ഹാ! പാൽപ്പായസമേ! പരിപ്പുകറിയേ! പാൽക്കഞ്ഞി! പഞ്ചാരയേ!
ഹാഹാ! പപ്പടമേ! നമോസ്തു ഭവതാം ലോകാന്തരം യാമിഞാൻ".

"ചുക്കം ചീരകവും പൊടിച്ചുവിതറിത്തേക്കിൻഗുളം തേങ്ങയും
വെക്കം ചേർത്തിലയിൽപ്പരത്തി വിരവിൽപ്പാത്രേ പചിച്ചാദരാൽ
കിട്ടുന്നോരടകത്തികൊണ്ടു നടുവേ ഖണ്ഡിച്ചു ഭക്ഷിപ്പതി–
ന്നൊട്ടും പാത്രമതാകയില്ല യമനാം കണ്ടച്ചനാർ വീട്ടിൽ ഞാൻ".

"കാച്ചുകുറുക്കിയ പാലിൽ
ചേർച്ചവരും പഞ്ചതാരയും കൂട്ടി
താഴ്ചവരാതെ കുടിപ്പാൻ
തരുവാനാരുള്ളു ഹന്ത! മേ ചത്താൽ?"

"അവൽ മലരപ്പവുമടയും
നവനീതം നല്ല മാഹിഷം ദധിയും
ഞവരച്ചോറും കറികളു–
മിവചിന്തിച്ചാൽ മരിക്ക മേ വിഷമം".

പുളളിപ്പെട്ടു തടിച്ചുരുണ്ട കദളിപ്പൂവൻപഴം, മാമ്പഴം,
തുളളിപ്പെട്ടു മധുദ്രവം പൊഴിയുമാറേ നിൽക്കുന്ന ചക്കപ്പഴം
ഉളളിൽപ്പുഷ്ടികരങ്ങളാമിവ വെടിഞ്ഞന്തുഭവിച്ചാലഹോ!
കൊളളില്ലിക്കാവതെനിക്കിനിപ്പരഗതിക്കെന്തുളളതെൻതോഴരേ!"

അഥവാ ഇവളുടെ അംഗസംഗത്താൽ സുഭഗയായ ഈ ഗാത്രിക പലപ്പോഴും ഇദ്ദേഹത്തിന്റെ സന്താപത്തെ കളയുന്നതു കണ്ടിട്ടുണ്ട്. അതിനാൽ ഒരു സമയം ഇതു മോഹാലസ്യത്തേയും കളഞ്ഞേക്കും. പരീക്ഷിച്ചു നോക്കീട്ടു പിന്നെയെന്റെ പ്രാണങ്ങളേ കളയാം.

ഇതിനു പകരം ചൊല്ലാനുളള ശ്ലോകം—

"പലകുറി മമ തോഴർക്കുളളിലാശ്വാസദാത്രീ
ചലമിഴികുലമാലാമൌലിതൻ ഗാത്രികേയം
വലരിപുസുതഗാത്രേ വെച്ചുനോക്കേണമെന്നാൽ
ഫലമിഹവരുമെങ്കിൽപ്പാഴിൽ ഞാൻ ചാകവേണ്ട".

[ഗാത്രികയെ അർജ്ജുനന്റെ മാറത്തു വെയ്ക്കുന്നു.

അർജ്ജുനൻ—(പെട്ടെന്ന് ആശ്വസിച്ചു സന്തോഷത്തോടുകൂടി ആലിംഗനം ചെയ്തുകൊണ്ട്) അല്ലയോ സുന്ദരീ! നീ തിരിച്ചു വന്നുവോ? (പിന്നെയും നോക്കീട്ടു വിഷാദത്തോടുകൂടി) ഓ! ഇതു ഗാത്രികയാണോ? (കണ്ണീരോടുകൂടി) അല്ലയോ ഗാത്രികേ! സഹായത്തോടുകൂടാതെ പോകുന്ന ആ പ്രാണവല്ലഭയോടുകൂടിപ്പോകുന്ന എന്നെ എന്തിനാണിങ്ങനെ തടുക്കുന്നതു്? (മുകളിലോട്ടുനോക്കി കണ്ണീരൊലിപ്പിച്ചു തൊഴുതുകൊണ്ട്)

അല്ലയോ ജനക! ജംഭഹൻ! പുരമണഞ്ഞനിൻ സ്നുഷയതായിട്ടും
വല്ലഭാം മമ സുഭദ്രയേ മടിയിൽവെച്ചു കൂറോടവൾതന്നുടെ
അല്ലൽതീർക്കുക പുലോമജാംബയൊടുമൊത്തു, ജീവവിയുതാംഗനായ്
കില്ലതെന്നിയേ തവാന്തികത്തിലഹമാശു വന്നിടുമതേവരെ!

വിദൂഷകൻ—(സന്തോഷത്തോടുകൂടി വിചാരം) ദൈവാധീനം. ഇദ്ദേഹം എന്റെ ഭാഗ്യശേഷത്താൽ പ്രതിബോധിച്ചു. അതിനാൽ ഇനിയും ഇദ്ദേഹത്തിനു മോഹാലസ്യം വരാതെയിരിക്കുവാൻ തക്കവിധത്തിൽ ചികിത്സിക്കണം. (പ്രകാശം) അല്ലയോ വയസ്യാ! എന്തൊരുസാഹസമാണങ്ങേയ്ക്കു്? എന്തെന്നാൽ, ഭവാന്റെ ബാഹുബലത്തിന്നധീനങ്ങളായ സകല പുരുഷാർത്ഥങ്ങളോടുകൂടിയ ജ്യേഷ്ഠനായ ധർമ്മപുത്രരേയും അമ്മയേയും പാഞ്ചാലിയേയും മററുളള സഹോദരന്മാരേയും കാണാതെകണ്ട് അങ്ങു് ജീവനിൽ അപേക്ഷകൂടാതെ പ്രവർത്തിക്കുന്നു.

അർജ്ജുനൻ—വയസ്യാ! ജീവലോകസുഖത്തെ ഉപേക്ഷിച്ച ജനത്തിനു ബന്ധുക്കളിൽ എന്തൊരപേക്ഷയാണ്? (ദീനഭാവത്തോടുകൂടി) അല്ലയോ കുന്തീദേവീ! ഭോജരാജപുത്രിയായ അമ്മേ! ഇന്നുതുടങ്ങി അർജ്ജുനനിലുളള പുത്രവാത്സല്യത്തെ മററുളള നാലുമക്കൾക്കായി വിഭജിച്ചാലും. എന്തെന്നാൽ,

വെന്നാളുമ്പോധനം ലക്ഷ്മിയെ യമസുതനിൽച്ചേർത്തില്ലാഴിനാലും
നന്നാച്ചുററുന്നൊരീബ് ഭൂമിയെയിഹ വശംതാക്കീല താനായവന്ന്
മന്നന്മാർ ശീർഷമെല്ലാമവനുടെ പദപീഠത്തിലാക്കീല, ഗർഭം–
തന്നിൽക്കൃഛ്റാൽവഹിച്ചു വിജയനെ വെറുതേ തന്നെയമ്മേ! പൃഥേ! നീ.

വിദൂഷകൻ—വയസ്യാ! ഇതു പറയു. ആത്മഹത്യ ഉഭയലോകസുഖത്തിന്റെയും വിഘ്നമായിട്ടുള്ളതാണെന്നും അങ്ങോട്ടു ഞാൻ പറയണമോ?

ഈ വാക്യത്തിനു പകരം ചൊല്ലാനുള്ള ശ്ലോകം—

“ഉഭയലോകവിരുദ്ധമിദം സഖേ!
ശുഭവിരോധി ശരീരവിമോചനം
അരുതു ജീവപതത്യജനോദ്യമം
കരുതുകിൽത്തവബോധമതില്ലയോ?”.

അർജ്ജുനൻ—വയസ്യാ! ഇതു സത്യംതന്നെ. എന്നാൽ, ഞാൻ ഈ പ്രാണങ്ങളെ ത്യജിക്കുന്നില്ല. എന്തെന്നാൽ.

കുറെയടിനടന്നിട്ടാവക്ത്രം തിരിച്ചവളെൻ ഹൃദ–
ന്തരമതിലഹോ! ചേർത്തുള്ളോരാക്കടാക്ഷഗുണത്തിനാൽ
മുറുകെമുറുകെക്കെട്ടിക്കഷ്ടിക്കുമെന്നുടെ ജീവിതം
പരവശമതായിപരവശമതായ്പ്പോയീടുന്നു ധ്രുവം മമ തോഴരേ!

വിദൂഷകൻ—(വിചാരം) ബന്ധുക്കളിലേ സ്നേഹംകൊണ്ടും പിന്നെ മറെറാന്നുകൊണ്ടും ഇദ്ദേഹത്തെ പൂർവ്വസ്ഥിതിയിലാക്കുവാൻ പ്രയാസംതന്നെ. എന്നാൽ ഇദ്ദേഹത്തെപ്പോലെയുള്ള ആളുകൾ ശത്രുക്കളുടെ തിരസ്കാരത്തെ ക്ഷമിച്ചുംകൊണ്ടിരിക്കുന്നവരല്ല. അതിനാൽ ഇദ്ദേഹത്തിന്റെ ഉള്ളിൽ അല്പം കോപത്തെ ജനിപ്പിക്കുകതന്നെ. (പ്രകാശം) വയസ്യാ! ഈ ത്രൈലോക്യത്തിൽ ശോകപാരവശ്യത്തേക്കാൾ വലിയതായ മനോവികാരം ഒന്നുംതന്നെയില്ല. എന്തെന്നാൽ, ശോകപരവശനായിട്ട് അങ്ങുക്കൂടെയും പ്രാണവല്ലഭാപ്രാണാപഹാരിയായ പാപരാക്ഷസനോടു പ്രതിക്രിയ ചെയ്യാതെ നിലവിളിക്കാൻ തുടങ്ങിയിരിക്കുന്നു. (ശ്ലോകങ്ങൾ)

“തനിച്ചവില്ലാളി ഭവാൻ ജഗൽത്രയേ
ജനിച്ചതിൽ തത്സമനേകനില്ലെടോ!
അതിക്രമിച്ചോരധമം നിശാചരം
വധിക്കയെന്ന്യേ കിമിദംഹോചിതം? സഖേ!”.

“ഉള്ളിൽക്കൊള്ളാത്ത ഗർവ്വാമയഗരിമവശാദുർവ്വരാപുത്രിതന്നെ–
പ്പുള്ളിപ്പൊൻമാൻ വിലാസച്ഛതിയൊടു നിഭൃതം കട്ട ലങ്കാധിനാഥം
വെള്ളം കെട്ടിക്കടന്നാപ്പുടനടുവില്ലുടൻ കൂട്ടമോടേ മുടിച്ചാ–
പ്പുള്ളിപ്പൂമേനിയാളേ ജ്ഝടിതി രഘുവരൻ പണ്ടഹോ! വീണ്ടുകൊണ്ടാൻ”.

“ആപത്തിങ്കൽ മിടുക്കുവേണമധമന്മാരേ ക്ഷയിപ്പിക്കണം
താപത്തിങ്കലധീരഭാവമശുഭം താണീടൊലാ വൈരിയു
കോപത്തിങ്കലകപ്പെട്ടുന്ന സമയേ കോടാസ്സു വാടായ്കെടോ!
സ്വാപത്തിങ്കലുമാക ശോകചപലാലാപങ്ങൾ ഭൂപാലക!”.

അർജ്ജുനൻ—(കോപത്തോടുകൂടി എഴുന്നേററിട്ട്) ഛേ! അപരാധംചെയ്ത ശത്രുക്കളിൽ പ്രതികാരത്തെ ചെയ്യാതെകണ്ട് അർജ്ജുനൻ ഇരിക്കുമോ? (മുകളിലോട്ടു നോക്കീട്ട്) എടാ! എടാ! എന്റെ പ്രാണവല്ലഭയുടെ പ്രാണങ്ങളെ അപഹരിക്കുന്ന രാക്ഷസാധമാ! നീയെവിടെപ്പോയിട്ടാണ് എന്റെ ബാണപാതത്തെപ്പരിഹരിക്കുന്നതു്?—

കാലനിന്നുശരണംഭവിക്കുകിൽ നിനക്കു ധൂർജ്ജടി പുരത്രയം
പോലവേ സപദി നിന്നോടൊത്തു യമനേയുമാ യമപുരത്തെയും

ചാലവേ കപീതപന്നഗേശസമചാപ ഞാണൊലിയോടും ശിഖി-
ജ്വാലകോലുമൊരു ദിവ്യ ബാണനിരകൊണ്ടു ഞാൻ പൊടിപെട്ടത്തിടും.

വിദൂഷകൻ—(ശ്ലോകങ്ങൾ)—

“നില്ലെടാ! നിശിചരമൂഢാ!
    നിന്നെ വധിപ്പാൻ മുതിൎന്നു കൌണ്ഡിന്യൻ
കല്ലുകൾകൊണ്ടിഹ നിന്നുടെ
    പല്ലുകൾ മുപ്പത്തിരണ്ടുമിടിപൊടിയാം”.
“പൂണുലുകൊണ്ടു നിന്നേ-
    ത്തൂണന്മേലാശു കെട്ടിവരിയും ഞാൻ
പാണിയിലവണപ്പലകാം
    പശ്യ കൃതാന്തസ്യ ദണ്ഡമിവ”.

അൎജ്ജുനൻ— അഥവാ,

ശരണാഗതയാം നിജസോ-
ദരിയാമെൻപത്നിയാളെ രജനിചരാൽ
പരിപാലിച്ചീടാൻ-
ള്ളൊരു ചണ്ഡിക നൽകിടും നമുക്കിപ്പോൾ.

വില്ലെവിടെ?

വിദൂഷകൻ (ശ്ലോകങ്ങൾ)—

“കോവിലിൽവെച്ചീ നമ്മുടെ
    കോടികുറിമുണ്ടു കട്ടിതൊരു കള്ളൻ
തേവർ തരേണമെനിക്കതു
    കേവലമിഹ പാട്ടുപാക്കമഹം”.
“തോണികടക്കുന്നേരം
    പാണിയിൽനിന്നെന്റെ മോതിരം വീണു
താണുജലത്തിലതിപ്പോൾ
    തോണിക്കാരൻ നമുക്കു തരവേണം...

(തുടരും)

# നരകസ്വർഗ്ഗങ്ങൾ.

(ഗോപാലകൃഷ്ണപിള്ള. പി.)

നമുക്കു സുഖദുഃഖബോധങ്ങൾ സാധാരണമാണു്. സൎവ്വജീവരാശികളും സുഖത്തെ ഇഷ്ടപ്പെടുന്നവരും ദുഃഖത്തെ വെറുക്കുന്നവരും ആകുന്നുവല്ലൊ. ഈ ഭൂമിയിൽ സുഖദുഃഖമിശ്രമായ ജീവിതത്തെ മാത്രമെ നമുക്കു സിദ്ധിച്ചിട്ടുള്ളു. പൂൎണ്ണസൗഖ്യമുള്ള ജീവിതവും, പൂൎണ്ണദുഃഖമയമായ ജീവിതവും ഭൂമിയിൽ ഒരിടത്തും കാണുന്നില്ല. പൂൎണ്ണസൗഖ്യം നമുക്കു സ്വൎഗ്ഗത്തിൽ ലഭിക്കുമെന്നു് മനുഷ്യർ വിശ്വസിക്കുന്നുണ്ടു്. മനുഷ്യർ അഗ്രഹിക്കുന്നില്ലെങ്കിലും ദുഃഖാലയമായ നരകവും ഉണ്ടെന്നു നാം വിശ്വസിക്കുന്നു. ഇങ്ങനെ വിശ്വസിക്കുന്നതിനു കാരണം ഭൂമിയിൽ ഉള്ള സുഖദുഃഖജീവിതങ്ങളെ കാണുന്നതുകൊണ്ടുതന്നെ നാം വിശ്വസിക്കുന്നതുപോലെ ജന്തുക്കൾ സ്വൎഗ്ഗനരകങ്ങളിൽ വിശ്വസിക്കുന്നില്ല. അവയെ പ്രാപിക്കുന്നു അവകൾ പ്രയത്നിക്കുന്നുമില്ല. മനുഷ്യർ മാത്രം അങ്ങിനെയുള്ള സുഖലോകങ്ങളും ദുഃഖിതലോകങ്ങളും ഭൂമിക്കു ലഭ്യങ്ങളായിട്ടുണ്ടെന്നുവിശ്വസിക്കുകയും നരകത്തിൽ പോകാതിരിക്കുന്നതിനും സ്വൎഗ്ഗവാസം ലഭിക്കുന്നതിനും നിരന്തരം ജോലിചെയ്തുപോരുന്നു. വേദോപനിഷത്തുക്കളും പുരാണങ്ങളും ഇതിഹാസങ്ങളും സ്വൎഗ്ഗനരകങ്ങളേ നാനാപ്രകാരത്തിൽ കാണുകയും വൎണ്ണിക്കുകയും ചെയ്യുന്നു. മനുഷ്യരിൽ അധികംതന്നെ ഈ ഭൂവാസത്തെ തൃപ്തിപ്പെടുന്നി

ക്കു. ഭൂജീവിതത്തെ തുടൎന്ന് സ്വൎഗ്ഗനരകവാസങ്ങളുണ്ടെന്നു ദൃഢമായി വിശ്വസിക്കുന്നു. എന്നാൽ ഈ സ്വൎഗ്ഗനരകങ്ങൾ എവിടേയാണ് സ്ഥിതിചെയ്യുന്നതെന്നു ഞാൻ പലപ്പോഴും എന്റെ സ്നേഹിതന്മാരോടും ഗുരുക്കന്മാരോടും അന്വേഷണം നടത്താറുണ്ടായിരുന്നു. ചിലതൊക്കെ ജ്യോതിശ്ശാസ്ത്രപ്രകാരം ഗതന്മാരായ പണ്ഡിതന്മാരിൽ നിന്നും,

ചിലതൊക്കെ മററുള്ള പുരാണ ഗ്രന്ഥങ്ങളിൽ നിന്നും മററും അവർ എനിക്കു കാണിച്ചുതന്നു. അവയിൽ ഞാൻ വിശ്വസിക്കുന്നതുപോലെ മററുള്ളവരും വിശ്വസിക്കുന്നുണ്ടായിരിക്കാം. അതിനാൽ എന്റെ അറിവിൽ പെട്ട കാൎയ്യങ്ങളെ താഴെ കുറിച്ചുകൊള്ളുന്നു.

പൂൎവ്വികന്മാർ ആകാശത്തിൽ ചരിക്കുന്ന ജ്യോതിസ്സുകളുടെ നിലകളേയും ഗതികളേയും രൂപങ്ങളേയും വൎണ്ണങ്ങളേയും പരിശോധിക്കുകമാത്രമല്ല ചെയ്തിട്ടുള്ളത്. അവയെ ഭൂമിയിൽ മനുഷ്യജീവതത്തിന്റെ സുഖജീവിതങ്ങളോട് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യൎക്ക് ഈ ഭൂജീവിതത്തിൽ സുഖദുഃഖങ്ങളേ അറിയുന്നതിനു സൂൎയ്യാദിനവഗ്രഹങ്ങളെ വിനിയോഗിച്ചിരിക്കുന്നു. ഈ നവഗ്രഹങ്ങളിൽ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സ്വൎഗ്ഗനരകങ്ങളേ കാണുന്നവരായി ഗണിക്കപ്പെടുന്നു. ആദിത്യമണ്ഡലം നമ്മേപ്പോലെയുള്ള ജീവികൾക്കും മററും അധിവാസയോഗ്യമല്ലെന്നു അവർ പറയുന്നുണ്ട്. ബുധനും ആദിത്യനേ ഏററവും സമീപിച്ചിരിക്കുന്നതുകൊണ്ട് അതിനേയും മനുഷ്യവാസയോഗ്യമല്ലെന്നു അവർ പറയുന്നു. ചൊവ്വായും ആദിത്യനും തിൎയ്യക് ജാതികളുടെ ലോകങ്ങളാണെന്നും മനുഷ്യരിൽ പാപികളായുള്ളവർ ജീവസംസ്കരണത്തിനായി ആ നരകങ്ങളേ പ്രാപിക്കുന്നുവെന്നും സംകല്പിക്കുന്നു. ശനിമണ്ഡലവും ബുധമണ്ഡലവും കൃമികീടാദികളുടെലോകങ്ങളാണെന്നും അവകുപാപികൾ കൃമികീടാദികളായി ആ മണ്ഡലങ്ങളിൽ ജനിക്കയോ അഥവാ കൃമികീടാദികളായി ഭൂമിയിൽ ജനിച്ച ദുഃഖത്തെ അടയുകയോ ചെയ്യുന്നുവത്രെ. ഇങ്ങനെ ആദിത്യമണ്ഡലം ബുധമണ്ഡലം കുജമണ്ഡലം ശനിമണ്ഡലം ഇങ്ങനെ നാലു നരകങ്ങളേ കാണിച്ചിരിക്കുന്നു.

പുണ്യകൎമ്മങ്ങളേ ചെയ്യുന്നവർ സ്വൎഗ്ഗങ്ങളിലേക്കു പോകുന്ന ഒരു വിശ്വാസം മനുഷ്യൎക്ക് സാധാരണമായിട്ടുണ്ട്. ജ്യോതിശ്ശാസ്ത്രം, രണ്ടുവകസ്വൎഗ്ഗങ്ങളേ വൎണ്ണിച്ചിരിക്കുന്നു. പിതൃലോകവും, ദേവലോകവും. പിതൃലോകമെന്നതു ചന്ദ്രലോകവും ശുക്രലോകവുമാകുന്നു. ദേവലോകം വ്യാഴമണ്ഡലമാകുന്നു. ഭൂമിയിൽ പുണ്യങ്ങളെ ചെയ്യുന്നവർ ശ്രേഷ്ഠന്മാർ സ്വൎഗ്ഗങ്ങളെ —ദേവലോകത്തേക്കു സുഖങ്ങളേ അനുഭവിക്കുന്നുവെന്നും നാം അറിയുന്നു. ജ്യോതിശാസ്ത്രപ്രകാരം പുണ്യം ക്ഷയിക്കുമ്പോൾ മനുഷ്യാത്മാക്കൾ ദേവലോകത്തുനിന്നും നികൃതന്മാരായിട്ടു ഭൂമിയിലേക്കു മടങ്ങുന്നു. വേദശാസ്ത്രാദികളിൽ ലോകത്തേക്കു പോകുന്നവർ മടങ്ങുന്നുവെന്നും ദേവലോകത്തേക്കു പോകുന്നവർ മടങ്ങുകയില്ലെന്നും കാണുന്നു. ദേവലോകമെന്നതു ഇന്ദ്രലോകം പ്രജാപതിലോകം ബ്രഹ്മലോകം ഇവയാകുന്നു. ബ്രഹ്മലോകത്തു ചെന്നാൽ അവിടത്തെ അധിപനായ ബ്രഹ്മാവിനോടു ചേൎന്ന് പുനരാവൎത്തിരഹിതമായ ശുദ്ധകൈവല്യം പ്രാപിക്കാമെന്നു ഉപനിഷത്തുകൾ സിദ്ധാന്തിക്കുന്നു. ബ്രഹ്മലോകം തന്നേയാണ് സത്യലോകമെന്നും പറഞ്ഞുവരുന്നു. ചില ശാസ്ത്രങ്ങൾ മുൻപറഞ്ഞ മൂന്നു ലോകങ്ങളേയും സത്യലോകത്തേക്കുള്ള (ബ്രഹ്മലോക) സോപാനങ്ങളായി കരുതുന്നുണ്ട്. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരെ ദേവന്മാരായി ഗണിച്ചു ആരാധിക്കുന്നവരെ നാം ധാരാളമായി കാണുന്നുണ്ടല്ലോ. ഇപ്രകാരം ഭേദബുദ്ധിയോടുകൂടി അവരെ ആരാധിക്കുന്നവർ പ്രത്യേകലോകങ്ങളെ പ്രാപിക്കുന്നതായും പറയപ്പെടുന്നു.

മുമ്പേ കാണിച്ച സ്വൎഗ്ഗനരകങ്ങളേ കൂടാതെ മനുഷ്യൎക്കു സിദ്ധിക്കാവുന്ന സ്വൎഗ്ഗനരകങ്ങൾ ഇനിയും ഉണ്ട്. ഇങ്ങിനെയുള്ള ലോകങ്ങളും നമ്മുടെ സ്വൎഗ്ഗാനുഭൂതിക്കുള്ള സ്വൎഗ്ഗങ്ങളാകുന്നു. അവകൾ സപ്തൎഷിലോകം.

ധ്രുവലോകം മുതലായവയാകുന്നു. അവയ്ക്കും നിൎദ്ദിഷ്ടങ്ങളായ സ്ഥാനങ്ങൾ ഉണ്ടോ എന്നു പരിശോധിക്കാം. ഭൂമിയുടെ ഉത്തരധ്രുവത്തിൽ നിന്നും അനേകയോജന ദൂരെ ഒരു സപ്തൎഷിലോകത്തെ ഒരു സപ്തനക്ഷത്രസംഘാതത്തിൽ കാണാവുന്നതാണ്. ഭൂമിയേ ചുററുന്നതായി കാണപ്പെടുന്ന സൂൎയ്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, വ്യാഴം, വെള്ളി, ശനി എന്നീ സപ്തഗ്രഹങ്ങളേപ്പോലെ തന്നെ സപ്തൎഷിമണ്ഡലത്തിലെ നക്ഷത്രലോകങ്ങളും ധ്രുവനക്ഷത്രപ്രദക്ഷിണം ചെയ്യുന്നു. ഈ ഭൂമിയുടെ ഉത്തരധ്രുവത്തേയും, ദക്ഷിണധ്രുവത്തേയും സംഘടിപ്പിക്കു

ന്ന ഋജുരേഖയെ ഉത്തരദിക്കുകളിലേക്കു നീട്ടിയാൽ സപ്തർഷിമണ്ഡലകേന്ദ്രത്തിൽ കൂടി കടന്നു ധ്രുവനക്ഷത്രത്തിൽ ചെന്നു ചേരുമെന്നു പാശ്ചാത്യന്മാർ അറിഞ്ഞിരിക്കുന്നു. ഭൂമിയെ ഒരു ധ്രുവപദമാക്കി സൂര്യാദി നക്ഷത്രങ്ങളെ സപ്തർഷികളാക്കിയാൽ എങ്ങിനെയോ അതുപോലെ ധ്രുവനക്ഷത്രവും അതിനെ ചുററിത്തിരിയുന്ന സപ്തർഷിനക്ഷത്രങ്ങളും ഭൂമിയുടെ സ്വർഗ്ഗലോകങ്ങളായി പൌരാണികന്മാർ നിർദ്ദിഷ്ടപ്പെടുത്തീട്ടുണ്ട്. ധ്രുവൻ എന്ന രാജാവു വിഷ്ണുഭക്തികൊണ്ടു ധ്രുവലോകത്തെ പ്രാപിച്ചിരിക്കുന്നുവെന്നു ഭാഗവതത്തിൽ കാണുന്നു. ഭൂമിയിൽ ഭാരതഖണ്ഡത്തിൽ ജനിച്ചുവളന്ന മഹാത്മാക്കൾ ഋഷീശ്വരന്മാരായിട്ടു ആ ലോകങ്ങളെ പ്രാപിച്ചിട്ടുള്ളവരാണ്. ഇങ്ങനെ പലഋഷീശ്വരന്മാരും മന്വന്തരം തോറും ഈ സപ്തർഷിലോകങ്ങളേ പ്രാപിച്ചിരിക്കുന്നതായിട്ട് വേദാന്തികൾ പറയുന്നു.

ഇനി ധ്രുവലോകത്തിൽ നമ്മുടെ സ്വർഗ്ഗാന്വേഷണബുദ്ധി അവസാനിക്കുന്നുവോ എന്നു ചോദിച്ചാൽ ആ ധ്രുവമണ്ഡലത്തിലും എത്രയോ മുകളിലാണ് "പാലാഴി" എന്നു നമുക്ക് ഊഹിക്കാവുന്നതാണ്. രാത്രികാലങ്ങളിൽ ചന്ദ്രപ്രകാശം കൂടാതെ നക്ഷത്രങ്ങളുടെ പ്രകാശം മാത്രം തെളിഞ്ഞിരിക്കുമ്പോൾ ദക്ഷിണഭാഗത്തേക്കു നോക്കിയാൽ ഒട്ടധികം ദൂരം വളരെ വിസ്താരത്തിൽ ഒരു ജ്യോതിസ്സാഗരത്തെ ആരുടേയും നഗ്നനേത്രങ്ങളിൽ കാണ്മാൻ കഴിയും. അനേകകോടി നക്ഷത്രങ്ങൾ അടുത്തടുത്തു ചേൎന്നു കിടക്കുന്നതുപോലെ ഒരു പാലാഴിയെത്തന്നെ നമുക്കു കാണ്മാൻ സാധിക്കും. അതിനെ ഇംഗ്ലീഷിൽ Milky Way എന്ന് ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളിൽ പേരുപറഞ്ഞുകാണുന്നു. ഇതാണ് പൌരാണികന്മാരുടെ പാലാഴി അഥവാ ക്ഷീരസാഗരം. ആ പാലാഴിയുടെ കരയിൽ പള്ളി കൊള്ളുന്ന വിഷ്ണുഭഗവാന്റെ പാദങ്ങളിൽനിന്നുംപുറപ്പെടുന്ന ഗംഗാജലം ധ്രുവപദത്തിൽ കൂടി സപ്തർഷിമണ്ഡലത്തിലെത്തി അവിടെനിന്നും സത്യലോകത്തിലേക്കും പിതൃലോകത്തേക്കും അവിടെനിന്നും ഹിമവാൻ പർവ്വതാഗ്രത്തിൽ എത്തി ഭാരതഭൂമിയിലേക്കു ഒഴുകിപ്പോകുന്നു. അതിനാലത്രേ ഗംഗാസ്നാനം വിശേഷഫലങ്ങളോടുകൂടിയുള്ളതാണെന്നു ഭാരതീയർ വിശ്വസിക്കുന്നു. ഗംഗയെ സ്പർശിക്കുന്നവർ വിഷ്ണുപാദത്തെ സ്പർശിക്കുന്നവരാകുന്നു. ഗംഗാ കാശിയിൽനിന്നും വിഷ്ണുലോകംവരെ എത്തിയിരിക്കുന്നതായി കാണുന്നു. കാശി ഭാരതഖണ്ഡത്തിന്റെ കേന്ദ്രസ്ഥാനമാണ്. ഭാരതഭൂമി വിശേഷിച്ചും പ്രത്യേകം അനുഗ്രഹിക്കപ്പെട്ട ഭൂഖണ്ഡമാണ്. ആ ഭൂമിയിൽ മാത്രമെ മുക്തന്മാർ അവതരിക്കുന്നുള്ളു. ആ ഭൂമിക്കു മാത്രമേ വേദങ്ങളും സിദ്ധിച്ചിട്ടുള്ളു.

ഭാരതഭൂമിയെ വേദപുരുഷനായി സങ്കല്പിച്ചും, ഹിമവാൻപർവ്വതത്തെ ശിരസ്സാകുന്ന ജ്ഞാനശക്തിയായും, മദ്ധ്യഭാഗങ്ങളെ ഉപാസനഭൂമിയായും, ദക്ഷിണഭാഗത്തെ കർമ്മഭൂമിയായും പിരിച്ചിരിക്കുന്നു.

ഭാരതഖണ്ഡത്തെ മാതാവ് എന്നു പറയുമ്പോൾ വേദമാതാവ് എന്നർത്ഥമാക്കണം. അല്ലെങ്കിൽ ഭാരതഖണ്ഡത്തിനു പ്രത്യേകമായി മാതൃസംജ്ഞക്കു വിശേഷാധികാരം ഇല്ല. മൂന്നു വേദങ്ങളുടെയും മാതാവായ ഗായത്രിയാണ ഭാരതീയരുടെ ഈശ്വരപ്രാർത്ഥനാമന്ത്രം. ഇങ്ങനെ നിഷ്കാമമായും, ആത്മീയമായുമുള്ള പ്രാർത്ഥന വേറെ എങ്ങും ഇല്ല. കർമ്മികൾക്കും, ഉപാസകന്മാർക്കും, ജ്ഞാനികൾക്കും ഒരുപോലെ സമർത്ഥമായ മന്ത്രം ഗായത്രിതന്നെ. അവകളുടെ അർത്ഥം ഗ്രഹിച്ചവൎക്ക് ആ മന്ത്രത്തെ നിത്യവും ഉപയോഗിക്കാവുന്നതാണ്. അർത്ഥം മനസ്സിലാക്കാനുള്ള ഗ്രഹണശക്തി ഇല്ലാത്തവരോ, കാര്യബോധം അറിയാത്തവരോ അവകളെ പഠിക്കുന്നതുകൊണ്ടോ, നിത്യപാരായണത്തിനായി ഉപയോഗിക്കുന്നതുകൊണ്ടോ യാതൊരു പ്രയോജനവുമുണ്ടാകുന്നതല്ല. ഈ മന്ത്രം സൂര്യനെ ലക്ഷ്യമാക്കി ആരാധിക്കുന്നതായാൽ സൂര്യലോകത്തിലും, ഈശ്വരനെ ആധാരമാക്കിയായാൽ ഈശ്വരന്റെ സാലോക്യാദിപദങ്ങളെയും പ്രാപിക്കാം.

സ്വർഗ്ഗങ്ങളിൽ സത്യലോകത്തെ പ്രധാനമായിട്ടും പ്രമാണമായിട്ടും ഭാരതീയർ കരുതിയിരിക്കുന്നു. അതുമാത്രം നാശമില്ലാത്തലോകമാണെന്ന് അവർ വിശ്വസിക്കുന്നുണ്ടായിരിക്കും.

ബ്രഹ്മലോകം എന്ന സംജ്ഞയാൽ അനന്തലോകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. അപ്രകാരമുള്ള അനന്തലോകങ്ങളിൽ ചിലതാണ സപ്തർഷിലോകവും, ധ്രുവലോകവും, വിഷ്ണുലോകവും. ഈ സ്വർഗ്ഗപ്രാപ്തിക്കു വേദങ്ങൾ വിധിച്ചിട്ടുള്ളവ, ശ്രോത്രങ്ങളിൽ ഉപനയനമുഹൂർത്തത്തിൽ ഓതുന്ന പ്രണവവും, ഗായത്രിയും ആകുന്നു. എന്നു വിധിനിഷേധങ്ങളെയും ഇപ്പോഴ

ത്തെ സമുദായനേതാക്കന്മാർ സ്വീകരിച്ചിരുന്നാലും ഈ ബ്രഹ്മോപദേശം ബ്രഹ്മചാരിയായിരിക്കുമ്പോൾതന്നെ നടത്തേണ്ടതാണ്: ബ്രഹ്മചാരി എന്നാൽ വിവാഹബന്ധത്തിൽപെടാത്ത വിദ്യാർത്ഥി എന്നാകുന്നു. ഏതു വിദ്യാർത്ഥിയും ബ്രഹ്മചാരിയാണെങ്കിൽ ഈ ഉപദേശം നൽകാമെന്നുണ്ട്. ഇതു ബ്രാഹ്മണർക്ക പരമ്പരയായി സിദ്ധിക്കുന്ന ഉപദേശം ആണ്. പിതാവാണു പുത്രനെ ഉപദേശിക്കുന്നതു്. അതിനു നിവൃത്തിയില്ലാത്തപക്ഷ് അന്യന്മാർ ഉപദേശംനൽകും. ഈ ബ്രഹ്മോപദേശം സിദ്ധിച്ചതിന്റെശേഷമേ വിവാഹംപാടുള്ളുവെന്നു പ്രത്യക്ഷമാണല്ലൊ. ബ്രഹ്മോപാസന ആരംഭിക്കേണ്ട കാലം മുൻപുതന്നെ വേണ്ടതാകുന്നു. അപ്രകാരമായാൽമാത്രമെ ആ ബ്രഹ്മോപാസനയുടെ ഫലം സന്താനങ്ങൾക്കും സിദ്ധിക്കുകയുള്ളു.

എന്നാൽ ഈ ഉപന്യാസത്തിന്റെ അന്ത്യദശയിൽ ഒന്നുകൂടി എനിക്ക പറയുവാനുള്ളതു്, സത്യലോകംവരെയുള്ള സ്വർഗ്ഗങ്ങളും നമുക്ക സിദ്ധിക്കുന്നതു നമ്മുടെ ഭാവനപോലെയാണെന്നു ഉപനിഷത്തുകൾ ഏകകോപിച്ചു സിദ്ധാന്തിക്കുന്നു. ശ്രീകൃഷ്ണഭഗവാനും അപ്രകാരംതന്നെ അരുളിയിരിക്കുന്നു അതായതു്,

> യംയംലോകം മനസാസംവിഭാതി
> വിശുദ്ധസത്വഃ കാമയതേയാംശ്ചകാമാൻ
> തംതംലോകം ജയതേതാംശ്ചകാമാൻ
> തസ്മാദാത്മജ്ഞം ഹ്യർച്ചയേൽഭൂതികാമഃ

സ്വർഗ്ഗവിഭൂതികളെ കാമിക്കുന്നവർ ഏതേതു ലോകങ്ങളെ പ്രാപിക്കണമെന്നു വിശുദ്ധസത്വനായി അതായതു രാഗദ്വേഷാദി മലിനങ്ങളെ നീക്കിയ ഹൃദയത്തോടുകൂടി ഇച്ഛിക്കുന്നവൻ അതാതുലോകങ്ങളെ പ്രാപിക്കുന്നു

അതുകൊണ്ട് സ്വർഗ്ഗവിഭൂതി കാമനാകാത്തവിധത്തിൽ പെരുമാറുകയുംചെയ്യണം. ഇതിലേക്ക കാരണമായ ശുദ്ധമനസ്സു നമ്മുടെ മനസ്സിനെ മലിനമാക്കുന്ന അശുഭവാസനകളെ നശിപ്പിക്കണം. ഇങ്ങിനെ ത്രികരണശുദ്ധി സിദ്ധിച്ചാൽ സത്യലോകപ്രാപ്തി നമുക്ക തീർച്ചയായും സിദ്ധിക്കും. സത്യമായ വാക്കോടും, അഭേദബുദ്ധിയെ നൽകുന്ന ജ്ഞാനത്തോടും, ഹിംസകൂടാതെയുള്ള ക്രിയയോടും നാം ജീവിക്കുന്നതായാൽ സ്വർഗ്ഗങ്ങളെ നമുക്ക അന്വേഷിക്കേണ്ടിവരികയില്ല. നരകങ്ങളും നരകപാലന്മാരും നമ്മെ തീണ്ടുകപോലും ചെയ്യുകയില്ല. ഇപ്രകാരമുള്ള ജീവിതത്തെ ഉപേക്ഷിച്ചുള്ള ഏതു മന്ത്രത്തിനും തന്ത്രത്തിനും നമുക്ക സ്വർഗ്ഗവാസം നൽകുന്നതിനു സാമർത്ഥ്യം ഇല്ല. ശുഭജീവിതത്തെ സ്വീകരിച്ചാൽ മന്ത്രത്തിനും തന്ത്രത്തിനും ആ ജീവിതത്തിൽ മന്ത്രവും ജപവും അർത്ഥം ഇല്ലാത്തതാണ്. പിന്നെ നമ്മെ ദുഃഖജീവിതത്തിലേക്ക വലിപ്പിക്കാതിരിക്കുന്നതിനു ഈ മന്ത്രജപങ്ങളും തപങ്ങളും യോഗ്യമായിത്തീരു. അവരെ ആ വിധത്തിൽ ഗ്രഹിച്ചു സുജീവിതം ആഗ്രഹിച്ച് അവയെ ആസ്വദിക്കുന്നവരായിത്തീരട്ടെ.

## "ഒരു പ്രഭാതം."

(വരിക്കോലിൽ കേശവനുണ്ണിത്താൻ, മാവേലിക്കര)

നേരം പ്രഭാത, മുലകാകെയിരുട്ടിനിന്ന
ക്രൂരപ്പിശാചി—നിശകാട്ടു ഗുഹസ്ഥകത്തായ്
സൂരൻ സ്വസാരഥിയുമായുദയാദ്രിശൃംഗ—
ദ്വാരത്തിലെത്തി; യൊരുണവ്വും പരന്നു നീളെ! 1

തള്ളിപ്പരന്ന കുളിർമാററിടുവാൻ പുതച്ചോ—
രല്ലിൻ കരിമ്പടമകററിയിതാ, ധരിത്രി
ചൊല്ലിക്കഴിഞ്ഞു ശുകരാശിയെണീററിരുന്നി—
ട്ടുള്ളിൽ കരുത്ത കുതുകേന പഠിച്ചപാഠം. 2

പാരിൽ ദിവാകരനുഷസ്സിലെണീററു തങ്ക-
ച്ചാറിൽ കുളിച്ചുടലിലുത്തമഭൂതി ചാർത്തി
നേരിട്ടയൻ വിമലാംബരശാലയിങ്കൽ,
കോരിച്ചൊരിഞ്ഞു പുരുഗോക്കൾ; തെളിഞ്ഞു വിശ്വം 3

ലോകാന്തരാർത്ഥഗതികണ്ടുപഠിച്ചുകൊൾവാ-
നേകാന്തചിന്തയോടു വാണൊരു താരകങ്ങൾ.
ആകാശമാം വിപുല പാഠഗൃഹം വെടിഞ്ഞു
പോകാൻതുടങ്ങി ഗുരുവൊത്തഥ വിശ്രമാർത്ഥം. 4

തങ്കത്തനിത്തകിടടിച്ചമരാധിപാശാ-
മങ്കസ്സു ചാർത്തിയ സഹസ്രകരൻ ക്രമേണ
തങ്കൽപ്പെട്ടും പ്രചുരകാന്തിയിലന്ധകാര-
പങ്കം കളഞ്ഞൊളിവുളത്തി ജഗത്തിലെങ്ങും. 5

പാരാതെ ഭൂവിനുടെ പൂവുടലിങ്കലെങ്ങു-
മാരാത്രി തേച്ച കരിതൂത്തു വെടിപ്പിയററാൻ
ഘോരാഭനാഴ് സപദിപൊങ്ങിയ ഭാസ്കരൻത-
ന്നോരായിരം കരവുമിങ്ങിത, നീട്ടിടുന്നു! 6

സ്വൈരം ജഗത്തഖിലവും നിതരാം വിളക്കു-
ന്നോരപ്രഭാതമഹിമതിശയം ജയിപ്പൂ!
പാരം നമിച്ചിടുക, കണ്ണിണപൊത്തുമന്ധ-
കാരത്തെയിങ്ങിനി വരാതെയകററുവാൻ നാം. 7

# * വിശാഖംതിരുനാൾ-മൃത്യുയോഗം.

(ശാസ്ത്രി)

"ആശാൻ വർഷംപ്രതി പഞ്ചാംഗം ഗണിച്ചിറക്കാറുണ്ടോ?"

"ഏറാൻ"

"ആശാൻ രാജഭക്തനായ ഒരു പ്രസിദ്ധ ജ്യോത്സ്യൻ ആണെന്നാണ നാം ധരിച്ചിരുന്നതു്. എന്നാൽ—"

"തിരുവുള്ളക്കേടു തോന്നരുതു്. ജ്യോത്സ്യം പിഴസ്സുകയോ രാജഭക്തി ദൂഷിക്കയോ ഇതുവരെയുണ്ടായിട്ടില്ല."

"പഞ്ചാംഗം ഗണിച്ചിറക്കുന്നതിനുമുമ്പു ചില ബാലപാഠങ്ങൾ പഠിക്കാനുണ്ടെന്നാണ് അറിവു്. ആശാൻ അവ പഠിച്ചില്ലായിരിക്കുമോ? പഠിപ്പിച്ച ആശാൻ ആരാണു്?"

"ആ ആശാൻ എന്നെ അതൊക്കെ ശരിക്കും മുഴുക്കും പഠിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടല്ല, അടിയൻ വിശേഷദിവസങ്ങളുടെ ഇടയ്ക്കു "വിശാഖംതിരുനാൾ-മൃത്യുയോഗം" എന്നു സധൈര്യം തട്ടിമിന്നിച്ചതു്. കീഴ്‌പതിവിനു വിരോധമാണെങ്കിലും, അങ്ങനെ ചെയ്യേണ്ടി വന്നതിൽ ഈ പഴമനസ്സിനു ഏററം താപമുണ്ടു്."

"എന്തു്? ആ ദിവസം നമുക്കോ മൃത്യുയോഗം?"

"ഇല്ലെങ്കിൽ അടിയൻ കീഴ്‌പതിവു മുടക്കമായിരുന്നുവോ?—"മൃത്യുയോഗം വിശാഖംതിരുനാൾ" എന്നു പതിവുതെററിക്കാതെ ചെയ്യിക്കുമായിരുന്നില്ലേ? അങ്ങനെവന്നതു്, അടിയന്റെ പടുകാലമെന്നല്ലാതെ എന്തു പറയേണ്ടു?"

* ഇതിന്റെ ജീവതന്തു വിശ്വസ്തവൃദ്ധന്മാർ പറഞ്ഞുകേട്ട ഐതിഹ്യ വാമൊഴിമാത്രം.

"തന്റെ ചേർപ്പ് രാജദ്രോഹകരമാണെന്ന് അറിയാമോ?"

"ദൈവദ്രോഹമല്ലിതു നിശ്ചയം. ദൈവജ്ഞന്മാർക്ക് ചിലപ്പോൾ സത്യകഥനം ചെയ്യേണ്ടി വരും. അതിനു ശിരച്ഛേദംപോലും അവർക്ക് അനുഭവിക്കേണ്ടിവരാം."

"ആ നാൾ കഴിയുമ്പോൾ, തനിക്ക് അതു നിശ്ചയം. ദൈവം ദൈവജ്ഞനെ രക്ഷിക്കുമോ എന്നു കാണട്ടെ! പൊയ്ക്കൊള്ളൂ!"

ഈ സംഭാഷണം വിശാഖംതിരുനാൾതിരുമനസ്സുകൊണ്ടും, തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്രത്തിന്റെ മുൻവശത്തു ഗോപുരനിർമ്മാണത്തിനു ശങ്കുസ്ഥാപനംചെയ്യുവാൻ ദക്ഷിണതിരുവിതാംകൂറിൽനിന്നു കല്പിച്ചുവരുത്തിയവരും നിർമ്മാണം നിർവ്വിഘ്നമായതിനുശേഷം അനന്തപത്മനാഭൻനാടാർ എന്ന ബിരുദുനാമദാനത്താൽ ബഹുമാനിതരുമായി കരമനക്കോണത്തു പുരാതനമായ ഒരു ഭവനത്തു താവളമുറപ്പിച്ചുവന്നിരുന്ന ഗണകന്മാരിൽ ഏററം പ്രസിദ്ധനായ കുഞ്ചുമാത്തൻ ആശാനും തമ്മിൽ നടന്നതാണ്. ആശാൻ ജ്യോതിഷ്യത്തിൽമാത്രമല്ല, വൈദ്യത്തിലും മന്ത്രവാദത്തിലും കരകണ്ട ഒരു വിദ്വാനത്രെ! വച്ചുനോക്കാൻ വരുന്നവർക്ക് ദൈവികബാധയൊന്നും ഇല്ലെന്നുകണ്ടാൽ കൈകണ്ടമരുന്നിനു കുറിമാനംകുറിച്ചുകൊടുക്കുകയും, ബാധയുണ്ടെന്നുകണ്ടാൽ മന്ത്രവാദംചെയ്തു ബാധ കെട്ടുപ്പാൻ സ്വയം സജ്ജനാകയും ചെയ്യുക ആശാന്റെ സാധാരണപതിവാണെന്ന് അദ്ദേഹത്തിന്റെ ഉററമിത്രങ്ങളായി ഇപ്പോഴും ജീവിച്ചിരിപ്പുള്ള പഴവന്മാർ പറയുന്നതു ഞാൻ പലവുരു കേട്ടറിയും. ഇങ്ങനെ പ്രത്യക്ഷസിദ്ധിപ്രദമായ പ്രയോഗങ്ങളിൽ തികഞ്ഞ വൈദഗ്ദ്ധ്യം പൂണ്ട ഒരാളെ മാലോകരെന്നവണ്ണം ദൈവഭക്തനായ മഹാരാജാവും അതിമാത്രം ബഹുമാനിക്കുതന്നെ വേണമല്ലോ! അതേ, വിശാഖംതിരുനാൾതിരുമനസ്സുകൊണ്ടും കുഞ്ചുമാത്തൻആശാനെ അധികമധികം കണ്ണുംകരളുമുററു ബഹുമാനിക്കതന്നെചെയ്തു. തിരുമനസ്സുകൊണ്ടു് ആശാനെ വരുത്തി ദിനഫലംവച്ചുനോക്കിക്കു നിത്യപതിവായി. അങ്ങനെ മഹാരാജാവും ആശാനും തമ്മിൽ അപൂർവമിത്രങ്ങളായ സ്വാമിസേവകന്മാരായിത്തീരവേയാണ്, ആശാൻ ആണ്ടുതോറും ഗണിച്ചിറക്കാറുള്ള ഒരാണ്ടത്തെ പഞ്ചാംഗത്തിൽ വിശേഷദിവസങ്ങളുടെകൂട്ടത്തിൽ വിശാഖംതിരുനാൾ—മൃത്യുയോഗം എന്നു ചേർപ്പുണ്ടായതു്. പഞ്ചമഹായോഗങ്ങളിൽ ഒന്നായ മൃത്യുയോഗം എല്ലാത്തിനും നിഷിദ്ധമായ സമയഘട്ടമാകുന്നു. മഹാരാജാവിന്റെ തിരുനാൾ ദിവസം ആ യോഗമുണ്ടെന്നുവന്നാൽ മൃത്യുയോഗംതിരുനാൾ എന്നല്ലാതെ തിരുനാൾമൃത്യുയോഗം എന്നു ചേർത്തുകൂടാ എന്നും, അങ്ങനെ ചേർത്താൽ തിരുനാളിനു മൃത്യുയോഗമാണെന്നു അമംഗളാർത്ഥം തോന്നുമാകയാൽ അയതു രാജദ്രോഹകരമായി ഗണിക്കപ്പെട്ടേക്കാൻ ഇടയുണ്ടെന്നും പഞ്ചാംഗഗണകന്മാരുടെയിടയിലും മാലോകരുടെയിടയിലും പരന്നിരുന്ന പരസ്യമായ ഒരു രഹസ്യമാണെന്താനും. ആശാന്റെ പഞ്ചാംഗത്തിൽ കീഴ്പതിവിനു വിരോധമായി വിശാഖംതിരുനാൾ—മൃത്യുയോഗം എന്നു ചേർത്തിരിക്കുന്നതു തൃക്കൺപാർത്തപ്പോൾ, പ്രകൃത്യാ ഉഗ്രസ്വഭാവനായ മഹാരാജാവു് ആശാനെ ആളയച്ചുവരുത്തി കാര്യം ചോദിക്കാൻ ഉറച്ചു. ആശാൻ തിരുമുമ്പിൽ ഹാജരായി. പിന്നെ നടന്ന സംഭാഷണം വായനക്കാർ കേട്ടുകഴിഞ്ഞുവല്ലോ!

* * * *

ജീവിതാശ മനുഷ്യസഹജം ആകുന്നു. നീണാൾ വാഴണം എന്നല്ലാതെ ഉടനടി മരിക്കണം എന്നു യാതൊരു മനുഷ്യനും വിചാരിക്കയില്ല. ആ വിചാരം വല്ല കാരണത്താലും വല്ലവൻനിമിത്തം തെററുമോ എന്തോ എന്നു ശങ്കാകുലത ഉണ്ടാകുമ്പോൾ മനുഷ്യർ സാധാരണ അകാരണമായി കാര്യകാരണബന്ധം അറിയാതെ കോപാധീനരാകുക സഹജമാണ്. ഭാവിഫലം പ്രതീക്ഷിപ്പാനോ തെററുകാരനെ ക്ഷമിപ്പാനോ അവർ ശക്തരാകാറുമില്ല. മഹാരാജാവും മനുഷ്യരിൽപെട്ട ഒരു ദേഹംതന്നെയാണല്ലോ. ആശാന്റെ ഉദ്ധതമായ ഭാഷണം കേട്ടും രോഗാസന്നമായ മൃത്യുവിനെ സ്മരിച്ചും വിഷാദാകുലനായ മഹാരാജാവു ജ്യോതിഷ്യം പരീക്ഷിച്ചുകളയണം എന്ന് ഉറയ്ക്കയത്രെ ചെയ്തതു്.

പിറേറന്ന് ആശാൻ പതിവനുസരിച്ചു മുഖംകാണിപ്പാൻ വന്നു. തിരുമനസ്സിലെ മുഖഭാവഭേദം കണ്ടു് ആശാൻ പറഞ്ഞു:—

"അപരീക്ഷ്യ ന കർത്തവ്യം കർത്തവ്യം സുപരീക്ഷിതം."

വിസ്മിതനായ മഹാരാജാവു ചോദിച്ചു:—

"അതെ അതെ, പരീക്ഷിച്ചുനോക്കാൻതന്നെയാണു ഭാവം."

"എറാൻ."

"അബദ്ധശാസ്ത്രങ്ങളോ, അന്ധവിശ്വാസികളോ ഇനി ഈ നാട്ടിൽ തലപൊന്തിക്കൂടാ. അബദ്ധപഞ്ചാംഗത്തിൽ അറുപതുനാഴിക സാധാരണം എന്നു പറയുന്നതു വെറുതേ അല്ല."

"അടിയനു് അതു സമ്മതമാണു്. പണ്ടുള്ള മഹാരാജാക്കന്മാർ ശാസ്ത്രസിദ്ധാന്തങ്ങളെ പരിശോധിച്ചു് അനുഭവങ്ങളുമായി യോജിച്ചവയാണെന്നു ബോധപ്പെട്ടതിനുമേലേ തജ്ജ്ഞന്മാരെ വിലവച്ചുവോ ബഹുമാനിക്കുയോ ചെയ്തിരുന്നുള്ളു. അവിടുന്നു ധർമ്മരാജ്യത്തിലെ വിദ്വൽപക്ഷപാതിയായ മഹാരാജഭോജാധിരാജനല്ലയോ?"

"മുഖസ്തുതി അങ്ങുകള. ഏതായാലും തന്നെ വിടാൻ നിശ്ചയിച്ചിട്ടില്ല."

"അടിയനു സന്തോഷമാണു്."

"ഇന്നു നാലുമണിക്കുമേലുള്ള സവാരി ഏതു കോട്ടവാതലിൽക്കൂടെയായിരിക്കും?"

"വിഷയം ലോകയാത്രയിൽപെട്ട ഒന്നാണു്."

അയുക്തലോകയാത്രായ ശാസ്ത്രേസ്മിൻ ദേവ പ്രയോജനേ
നിശ്ചേതും കോനുശക്നോതി വസിഷ്ഠോവാ ബൃഹസ്പതിഃ?

"എന്നല്ലേ ബൃഹസ്പതിപോലും പറയുന്നതു്. എങ്കിലും, മരുന്നു പൊയ്യാനാകാൽ വെടിമരുന്നു പാരുങ്കോൾ, ജ്യോതിഷം പൊയ്യാനാകാൽ കിരഹണം പാരുങ്കോൾ എന്ന പഴമൊഴിയിൽ എനിക്കു അവിശ്വാസമില്ലാത്തതുകൊണ്ടും, എന്റെ ആശാൻ എന്നെ ഹാർദ്ദമായി അനുഗ്രഹിച്ചിട്ടുള്ളതുകൊണ്ടും തൽക്കാലം ഒന്നു നോക്കിപ്പറയാം."

"നഷ്ടജാതകം, ദൂതപ്രശ്നം, സ്വദൃഷ്ടപ്രശ്നം എന്നൊക്കെ പല എളുപ്പവഴികളില്ലേ, ആശാന്മാരായ നിങ്ങൾക്കു പാവങ്ങളെ കബളിപ്പിച്ചു പണം സമ്പാദിക്കുവാൻ, പിന്നെ അതൊന്നും ആശാൻ ഇവിടെ എടുക്കരുതു്. തിരുമുമ്പാണെന്നു് ഓർമ്മവേണം."

"എറാൻ"—വച്ചുനോക്കി; "ഇത്തരം വച്ചുനോക്കലിന്റെ ഫലം ഉടനടി പുറത്തു പറഞ്ഞു പോകരുതെന്നാണു ഗുരൂപദേശം."

"നല്ല സൂത്രം. സവാരിഎഴുന്നള്ളിയതിനുശേഷം പറയാമായിരിക്കാം. അല്ലേ?"

"ഇന്നത്തെ പ്രശ്നം ഇതായിരിക്കും എന്നു് അടിയനു് ഉണർന്നപ്പോഴേ ഭൂതോദയമുണ്ടായി."

"തന്റെ ഭൂത—"

"അടിയൻ പറയട്ടെ:—മുഖം കാണിപ്പാൻ വന്നതുതന്നെ ഇന്നു സവാരിനിശ്ചയിച്ച കോട്ടവാതുക്കൽ ഒരു നറുക്കോല കോട്ടപ്പഴുതിൽ തിരുകിവച്ചിട്ടാണത്രെ."

"നിശ്ചയിച്ചുകഴിഞ്ഞില്ല.—"

"അടിയൻ നിശ്ചയിച്ചുകഴിഞ്ഞു."

"കാണാമല്ലോ! താൻ ഇനി എങ്ങും പോകരുതു്."

"ഉത്തരവു്."

മണി നാലേകാലായി മഹാരാജാവു് എഴുന്നള്ളാറുള്ള സമയം ആയി. എഴുന്നള്ളത്തു കാഴ്ചബംഗ്ലാവിലേക്കാണെങ്കിൽ ഗോപുരത്തിന്റെ നേരെ മുൻവശമുള്ള കോട്ടവാതലിൽക്കൂടെയാണു സാധാരണപതിവു്. അന്നുമാത്രം മഹാരാജാവു പുതിയൊരു വാതലിലൂടെ സവാരിയാവണം എന്നുറച്ചു. മൂന്നുമണിക്കുതന്നെ കൊട്ടാരംവക മരാമത്തുപണിക്കാർക്കു് ഒരു രഹസ്യകല്പന കൊടുത്തു. മഹാരാജാവിന്റെ കല്പനയല്ലേ; മരാമത്തുകാർ കല്പനയനുസരിച്ചു കൊട്ടാരത്തിനു നേർ കിഴക്കുള്ള കോട്ട മുറിച്ചു പുതിയൊരു വാതൽ നാലേകാൽമണിക്കുമുമ്പു നിർമ്മിച്ചുകഴിഞ്ഞു. മഹാരാജാവു് അതിലൂടെ പുറത്തായ ഉടനെ ആശാന്റെ പയ്യത്തി തന്റെ നറുക്കോല കാണട്ടെ എന്നു കല്പിച്ചു.

ഉടനേ ആശാൻ ചെയ്തതു, എല്ലാപേരും കാൺകവെ, മഹാരാജാവിൻെറ വണ്ടിയടിക്കൽനിന്നു് 'ഇന്നു കോട്ടപൊളിച്ചെഴുന്നള്ളും' എന്നു് എഴുതിയിരുന്ന കുറിയോല എടുത്തു കാണിക്കുകയായിരുന്നു. സന്തുഷ്ടനായ മഹാരാജാവു തൻെറ മൃത്യുയോഗം ഓർത്തു വിഷണ്ണനായെങ്കിലും, കുഞ്ചുമാത്തനാശാനെ വേണ്ടപോലെ സംഭാവനചെയ്തു ബഹുമാനിക്കാതിരുന്നില്ല. ആ പുതിയ കോട്ടവാതലാണു, കിഴക്കെ കോട്ടയുടെ തെക്കേയററത്തു ശോണപ്രഭമായി ഇന്നും പ്രശോഭിക്കുന്നതു്.

*　　　*　　　*　　　*

കുഞ്ചുമാത്തൻആശാൻ കൊട്ടാരംജ്യോത്സ്യനായി എന്നു വിശിഷ്യ പറയേണ്ടല്ലൊ! ആശ്രിതരായ സേവകന്മാരിൽ പുത്രനിർവ്വിശേഷമായ വാത്സല്യം പ്രദശിപ്പിക്ക ധമ്മരാജ്യപാലകന്മാരുടെ നിസർഗ്ഗമാണത്രെ. വിശിഷ്യ, വിശാഖംതിരുനാൾ, അധമ്മദ്വേഷിയും, ദൃഢപ്രതിജ്ഞനും, ഉഗ്രപ്രകൃതിയും ആയ ആശ്രിതവത്സലനാകുന്നു. തവണമാറി തീഷ്ണമായ 'തൃക്കൈച്ചമ്മട്ടിയടി' കൊണ്ടാലും സഭക്തി രാജസേവചെയ്തുവരികയാലാണു, മേത്തലക്കാരനായ മഹാഭക്തൻ സേവൻ തിരുമുൽപ്പാടും വേലായുധൻപിള്ളയും കുബേരന്മാരായതു് എന്ന പഴങ്കഥ പഴവന്മാർ പറഞ്ഞുകേൾക്കുന്നതു വാസ്തവമാവാമെങ്കിൽ, വിശാഖംതിരുനാൾതിരുമനസ്സിലെ രൂക്ഷവും ലളിതവും ആയ ഹൃദയം 'നഭൂതം നഭവിഷ്യതി' എന്നു പറയുകതന്നെ വേണ്ടയോ?

ഒരുനാൾ ആശാനും മഹാരാജാവും നമ്മാലാപം ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഒരു പാമ്പാട്ടി തിരുമുമ്പിൽ ഹാജരായി. മഹാരാജാവു ചോദിച്ചു:—

"എടോ! താൻ എന്തിനു വന്നു?"

"അടിയൻ പാമ്പാട്ടിയാണു്. പാമ്പുകൾ അടിയങ്ങളുടെ ആൾക്കാക്കു് അടിമകളത്രെ! വിളിച്ചാൽ അവ ഉടനെ എത്തും. ഈ വിദ്യ കാണിച്ചാണു് അടിയങ്ങൾ പിഴക്കുന്നതു്."

"കൊള്ളാമല്ലൊ! എടോ! തനിക്കു നിൽക്കുന്ന നിൽപ്പിൽ എൻെറ പള്ളിയറയിൽനിന്നു് ഒരു പാമ്പിനെ വിളിച്ചുവരുത്താമോ?"

"ഉത്തരവായാൽ—"

പാമ്പാട്ടി ശ്രുതി മീട്ടി. അരമണിക്കൂറോളം ശ്രുതിമീട്ടി; ഉടനെ തലമേൽ നോക്കണം എന്നു തിരുമനസ്സറിയിച്ചു. മഹാരാജാവു നോക്കിയതും, ഒട്ടധികം പുറകോട്ടുമാറിയതും ഒപ്പം കഴിഞ്ഞു!

ഉപരിഭാഗത്തുണ്ടു്, ഒരു പാമ്പു പത്തിയുംവിരിച്ചു സാവധാനം ഇഴഞ്ഞുവരുന്നു! നാഗശാപം ഇല്ലാതെ പള്ളിയറയിൽ പാമ്പു കടന്നിരിക്കയില്ലെന്നു ശങ്കിച്ച മഹാരാജാവു് അടുത്തുനിൽക്കുന്ന ആശാനോടു പതുക്കെ ചോദിച്ചു:—

"എന്തുകൃത്താണു് ആശാനെ ഇതു്! ഗ്രഹപ്പിഴവല്ലതുമുണ്ടോ?"

"തിരുമനസ്സിലേക്കു ഗ്രഹപ്പിഴയൊന്നും ഇപ്പോഴില്ല."

"പിന്നെയാക്കു്?"

"ആ ശനിയൻപാമ്പാട്ടിക്കു്!"

"അതെങ്ങനെ? പള്ളിയറയിൽനിന്നല്ലേ പാമ്പു് ഇഴഞ്ഞുവന്നതു്!"

" 'സത്യംപറഞ്ഞേക്കു്; ഇല്ലെങ്കിൽ തുലച്ചുകളയും' എന്നു പാമ്പാട്ടിയെ ഭീഷണിപ്പെടുത്തിയാൽ, ഗ്രഹപ്പിഴ ആക്കാണെന്നു വെളിപ്പെടും."

"അതൊരു ദ്രോഹമല്ലേ?"

"അവൻ ജനദ്രോഹിയല്ലേ!"

സാധുപാമ്പാട്ടി പെരുത്തുസമ്മാനം കല്പിച്ചുവാങ്ങാം എന്നുകരുതി വാ പൊളിച്ചും കൈ പൊത്തിയും നിൽക്കുന്നു. എങ്കിലോ,—നോക്കു ഗ്രഹപ്പിഴയുടെ ശക്തി!—

മഹാരാജാവിൻെറ അംഗ്യകല്പന അനുസരിച്ചു പാമ്പാട്ടിക്കു കിട്ടിയ സമ്മാനം 'സത്യംപറഞ്ഞേക്കു; ഇല്ലെങ്കിൽ തുലച്ചുകളയും' എന്ന മന്ത്രോച്ചാരണത്തോടുകൂടി മുക്കാലിയി

ന്മേൽ കെട്ടിയിട്ടുള്ള അടികളാണ്! അടികൊണ്ടു ശീലമില്ലാത്ത പാമ്പാട്ടി ഉള്ളസത്യം ഉടനെ തിരുമനസ്സറിയിച്ചു. അതെന്തെന്നാൽ, തങ്ങൾ പാമ്പാട്ടി കാലക്ഷേപം ചെയ്തുവരുന്നവർക്കാരാണെന്നും, കൊട്ടാരത്തിന്റെ ഒരു മൂലയിൽ കൈവശമുള്ള പാമ്പിനെ വച്ചിട്ടുപോന്നു ജാലവിദ്യ കാണിക്കാമെന്നു പറഞ്ഞതാണെന്നും, ശ്രുതിമീട്ടലിന്റെ സങ്കേതമനുസരിച്ച് അടിമപ്പെട്ട പാമ്പുകൾ അരികെ വരാതിരിക്കയില്ലെന്നും, അങ്ങനെ സങ്കേതഗ്രാഹികളായ പാമ്പുകളിൽ ഒന്നാണ് ഇതെന്നും, ഇതിന്റെ കൂട്ടുകാരനായ പാമ്പു കൈവശമുണ്ടെന്നും അത്രെ!

മഹാരാജാവു തൽക്ഷണം കല്പിച്ചതു, പാമ്പുകൂട ഭദ്രമായടച്ചു, പാമ്പാട്ടിയൊന്നിച്ചു കടപ്പുറംകൊട്ടാരത്തിൽ പൂട്ടിയടച്ചേക്കുക എന്നാണ്. അടുത്തുനിൽക്കുന്ന പട്ടക്കാരനോടു, നാളെരാവിലെ കടപ്പുറം കൊട്ടാരത്തിലേക്ക് എഴുന്നള്ളത്തുണ്ടെന്നും, ആ സമയം എവിടെ നിന്നെങ്കിലും രണ്ടു കീരികളെ അവിടെ ഹാജരാക്കിക്കൊള്ളണമെന്നും സ്വകാര്യകല്പന നടത്തി.

* * * *

പിറേറന്നുരാവിലെ ഒമ്പതുമണിക്ക് അമൃതേത്തുംകഴിഞ്ഞു മഹാരാജാവു കടപ്പുറം കൊട്ടാരത്തിലേക്ക് എഴുന്നള്ളി. കൂടെ കൂറതയേറുന്ന നാലഞ്ചു അകമ്പടിക്കാരേ ഉള്ളു. സാധുവായ ആശാൻ, പാമ്പാട്ടിയെ മുക്കാലിയിന്മേൽ കെട്ടിയിട്ടു തല്ലാൻ ഭാവമായപ്പോഴേ, ഇനി ഈ വിശാഖപ്പുലിയുടെ മുമ്പിൽ നിൽക്കുന്നതു പന്തിയല്ലെന്നുവച്ചു തക്കംപാർത്തു കമ്പി നീട്ടിക്കളയുകയാണു ചെയ്തതു്. മഹാരാജാവു കൊട്ടാരത്തിൽകയറിയ ഉടനെ പാമ്പാട്ടിയോടു രണ്ടുപാമ്പിനെയും അഴിച്ചുവിടുവാൻ കല്പിച്ചു. പാമ്പാട്ടി അതുപോലെചെയ്തു മാറിനിന്നു. രണ്ടു പാമ്പുകളും പത്തിയുംവിടർത്തി, നീണ്ട ഗാത്രം ഇഴച്ച് ഉഗ്രമായി ചീററിയുംകൊണ്ടു സഞ്ചാരയാത്ര തുടങ്ങി. ആ സന്ദർഭത്തിൽ പട്ടക്കാരൻ, രഹസ്യകല്പനയനുസരിച്ചു രണ്ടു മുട്ടൻ കീരികളെ പാമ്പുകളുടെനേരെ പോരിടുവാൻ ഇറക്കിയുംവിട്ടു. പിന്നത്തെ സംഭവം ഭീകരമെന്നേ പറയേണ്ടു! സർപ്പത്താന്മാർ വാലുകുത്തി നിവിർന്നുനിന്നു ചീററുകയും, പത്തിവിടർത്തി ജടലമായിടയുകയും ചെയ്യുന്നു! കീരികൾ അവററയുടെ വലവും ഇടവുമായി ചുററിത്തിരിഞ്ഞു പത്തിയിൽ കടിപിടികൂട്ടുവാനും, താഴ്പോട്ടുപതിയുമ്പോൾ കഴുത്തു് അമർത്തുവാനും റോന്തടിക്കുന്നു!! ചീററൽകേട്ടു കീരികൾ പിന്മാറി; പാമ്പുകൾ അവററയുടെ തലയ്ക്കു കൊട്ടുകൊടുപ്പാൻ പത്തിയോങ്ങി; [illegible]നായ കീരി പത്തി ദംശിപ്പാൻ ലാക്കു സൂക്ഷിച്ചു. അതാ, ഉടനടി പാമ്പു വാലുംകുത്തി നിൽപ്പായി. വാലിന്മേൽ കടികൂട്ടിയാൽ, നിവിർന്നു പാമ്പുകൾ നെറുകയിൽ കടിച്ചു കീരികളുടെ കഥകഴിക്കും എന്നായി. എന്തിനേറെ? പ്രകൃത്യാ മൃദുമേനിയായ പാമ്പുകൾ അകപ്പാടെ ക്ഷീണിച്ചു പത്തിയും കൂർമ്പിച്ചു നിലംകുത്തി മറിഞ്ഞു. കീരികൾ, അവററയെകടിച്ചും കീറിയും അയിരമായിരം കഷണമായി നുറുക്കി വിതറി സ്വസ്ഥാനം ചെന്നുചേരുകയും ചെയ്തു. ഭദ്രമുഖനായ മഹാരാജാവു നിശ്ശബ്ദം ഇരുന്നു ഘോരഘോരമായ നാഗനകുലസമരം കാണുകമാത്രംചെയ്യുന്നു. പാമ്പാട്ടിയാവട്ടെ, തന്റെ ഭാവിഭയങ്കരതയോർത്തും മഹാരാജാവിന്റെ വിശാഖവ്യാഘ്രമുഖംകണ്ടും അമ്പരന്നുനിൽക്കുന്നു!. അകമ്പടിക്കാരുംമററും കല്പന എന്താവും എന്നു് അറിയാതെ ആജ്ഞാപാലകരായി അങ്ങുമിങ്ങും ലാത്തുന്നു. ഒരര മണിക്കൂറായി. മഹാരാജാവു പാമ്പാട്ടിയെ നോക്കി, 'എടാ ദ്രോഹി! തന്റെ ഇന്ദ്രജാലം ഈ നാട്ടിൽ ഫലിക്കയില്ല! എത്രപേരെ നീ കബളിപ്പിച്ചു? എന്നിട്ടു നീ നമ്മളേയും വഞ്ചിക്കുവാൻ വന്നു! തന്നെ വച്ചുവാഴ്ത്തിയാൽ സാധുക്കൾ വ്യസനിക്കും! അരവിടെ?—' എന്നു് അട്ടഹസിച്ചുകൊണ്ടു വണ്ടിയിൽ കയറി കൊട്ടാരത്തിലേക്കു തിരികെ എഴുന്നള്ളുകയുംചെയ്തു! അകമ്പടിക്കാർ കല്പന അനുസരിച്ചു പാമ്പാട്ടിയെ എന്തുചെയ്തു എന്നു വായനക്കാർതന്നെ തീരുമാനിച്ചുകൊള്ളുക!

* * * * * *

വിശാഖംതിരുനാൾതിരുമനസ്സുകൊണ്ടു വേനൽക്കാലത്തു പൂജപ്പുരകൊട്ടാരത്തിൽ എഴുന്നെള്ളി വിശ്രമിക്കാറുണ്ട്. പരിവാരം മിതമായിരിക്കും. സേവൻ തിരുമുൽപ്പാടോ വേലായുധൻപിള്ളയോ അരികെ കൂടാതെ കഴിയുകയില്ല. പിന്നെ അല്ലുവെപ്പുകാരൻ, വണ്ടിക്കാരൻ, രണ്ടു വാലിയക്കാരന്മാർ ഇത്രയുംപേർകൂടി അങ്ങനെ വിശ്രമിക്കുമ്പോൾ, ഒരുനാൾ ഒരു വിശേഷസംഭവം ഉണ്ടായി: മഹാരാജാവു കസേരമേൽ ഇരുന്നു മുൻവശത്തുള്ള

മേശമേൽ അടുക്കൽ വച്ചിരുന്ന കടലാസുകളിൽ റിമാർക്കുകൾ എഴുതി തിരിച്ചും മറിച്ചും തുല്യം ചാർത്തിക്കൊണ്ടിരിക്കുമ്പോൾ, ഉറക്കെ ഒരു ചീററൽ കേൾക്കായി; വ്യാഘ്രപ്പുലിയുണ്ടോ അതു ക്രുദ്ധാക്കുന്നു? സ്വല്പം കഴിയുമ്പോൾ, ആ ചീററൽ അടുത്തടുത്തു കേൾക്കായി. മഹാരാജാവിൻെറ ഉഗ്രദൃഷ്ടി മേശയുടെ കാൽക്കൽ പതിഞ്ഞു! എന്താണു കണ്ടതു്?—ക്രൂരനായ ഒരു പാമ്പ് മേശയുടെ കാലിന്മേൽ വരിഞ്ഞുകൊണ്ടു് ചീറുന്നു! മഹാരാജാവു കാലു നിലത്തുതട്ടി ശബ്ദം പുറപ്പെടുവിച്ചു; ആ പാമ്പ് ഉടനേ അപ്രത്യക്ഷമായി. വിശാഖപ്പുലി വീണ്ടും സ്വകൃത്യം തുടൎന്നു. ഒരഞ്ചുനിമിഷംകഴിഞ്ഞു നിവിൎന്നുനോക്കിയപ്പോൾ, അതേപാമ്പു മേശമേൽ പകുതിയോളം ഇഴഞ്ഞുകയറി വണ്ണിച്ച പത്തിയും വിടൎത്തി ചീറുന്നതുകണ്ടു. ധീരനായ മഹാരാജാവു പരിഭ്രമാന്ധനായി. കടപ്പുറംകൊട്ടാരത്തിൽ നടന്ന ഘോരനാഗനിധനം അദ്ദേഹം സ്മരിച്ചുപോയി. കേരളം നാഗാധീനമാണെന്നും, കേരളീയൎക്കു നാഗശാപം ഫലപ്രദമായേക്കാമെന്നും അദ്ദേഹം ശങ്കിച്ചുപോയി. ഉടനേ അദ്ദേഹം പ്രകൃതിസ്ഥനായിട്ടു നാഗശാപം നിസ്സാരമെന്നും രാജാക്കന്മാൎക്കു നാഗഭയം ഉണ്ടാവുക ധൎമ്മമല്ലെന്നും ചിന്തിച്ചു, സമീപസ്ഥനോടു കല്പിച്ചു:

"വേലൂ! താൻ എന്തെടാ മിഴിച്ചുനോക്കുന്നതു്! ആരുടെ ഉശിരുപോയാൽ തനിക്കെന്തെന്നോ? നിന്നെ പടച്ചവനെയല്ലടാ ഈ പാമ്പു കടിക്കാൻ വരുന്നതു്! അതു കണ്ടു നിൽക്കുന്നുവോ? ആരവിടെ? ആ ചമ്മട്ടി"

"തിരുവുള്ളമുണ്ടായാലും; അടിയൻ എന്തുവേണമെന്നു കല്പിച്ചാലും"

"ഈ ചീററനെ അങ്ങെടുത്തുകളയൂ"

"പൊന്നുടയതേ! പാമ്പാണതു്"

"ആഹാ! നന്നായി എന്നെ പാമ്പുകടിക്കട്ടെന്നോ?"

"തിരുമനസ്സേ! അടിയൻ ചത്താലുംവേണ്ടില്ല; ഉടയതു നീണാൾ വാഴണം"

"എന്നാൽ പിന്നെ എടുത്തുകളവേലൂ!"

"പാമ്പാണതു്"

"ചമ്മട്ടിയെവിടേടാ—"

ഇത്രയും കേട്ടതാമസം വേലായുധൻപിള്ള പാമ്പിൻെറ പുറകിൽചെന്നു കാലുറപ്പിച്ചു് പാമ്പിനെ പിടിപ്പാൻ ഉന്നംവച്ചു നിൽപ്പായി. മഹാരാജഭക്തൻ അസമയം വിചാരിച്ചതു പലരുടേയും ജീവനായ മഹാരാജാവിനെ കരുതി സേവകൻ മരിച്ചുകളകയാണു ഉത്തമമായ ധൎമ്മം എന്നും മഹാരാജാവു പാമ്പുകടിച്ചു മരിക്കുന്നതു് കണ്ടുനിൽക്കുന്നതിലും, കല്പനധിക്കരിക്കയാൽ മഹാരാജാവിൻെറ ചമ്മട്ടിയടിയേററുകഷ്ടപ്പെട്ടു ജീവിതമൊടുക്കുന്നതിലും നന്നു മഹാരാജാവിൻെറ കല്പനയനുസരിച്ചു പാമ്പു കടിയേററു മരിച്ചെങ്കിലും പാമ്പുകടിയിൽനിന്നു രാജാവിനെ രക്ഷിക്കുകയായിരുന്നു എന്നായിരുന്നു. ഇങ്ങനെ മരിക്കാൻ തയാറായവനു പിന്നെ മരണഭയമുണ്ടാവുക സഹജമോ! വേലായുധൻപിള്ള, പാമ്പിനെ മുണ്ടിട്ടുമൂടി വാരിയെടുത്തു് അടുത്തൊരു കാവിൽകൊണ്ടിട്ടു് തിരുമുമ്പിൽ ഹാജരായി. ദൈവാധീനമുണ്ടായിട്ടു വേലു പാമ്പുകടിയേററു മരിച്ചില്ല.

"വേലൂ! നീ ചത്തില്ലടാ"

"പൊന്നുടയതു നീണാൾ വാഴുക"

"മിടുക്കൻ"

"ചെന്നു് ആശാനേ വിളിച്ചുകൊണ്ടുവാ—"

"ഉത്തരവു്"

*　　*　　*　　*　　*　　*

ആശാൻ തിരുമുമ്പിൽ ഹാജരായി, "എന്താണു കല്പന?"യെന്നു ചോദിച്ചു.

"തേങ്ങാക്കുല"

"ക്ഷമിക്കണം; തിരുവുള്ളക്കേടുണ്ടാവരുതു"

"നാലഞ്ചുനാളായി കാണാതെ; തന്നെ എവിടെക്കെട്ടിയെടുത്തു?"

"നാഗലോകസഞ്ചാരം ചെയ്‌വാൻ പോയിരുന്നു."

"ഫലിതം സന്ദൎഭംനോക്കിവേണ്ടേ?"

"നാഗലോകത്തു പാമ്പാട്ടി സുഖമായി ജീവിക്കുന്നു. പകവീട്ടുവാൻ ചില നാഗരാജന്മാരെ കേരളത്തേക്ക് അയപ്പാൻ ഭാവമുണ്ട്. അവരൊക്കെ നകുലന്മാരെ നിഗ്രഹിക്കുന്നവയുമായിരിക്കുമത്രെ!"

"എന്തു പറഞ്ഞു?"

"കേരളം നാഗശാപമേററു കണ്ണീരൊഴുക്കുകയാണു"

"താൻ ചെന്നു തുടച്ചുകള"

"തുടച്ചുകളഞ്ഞാലോ;—കട്ടിപിടിച്ചു പററിപ്പോയ നാഗശാപം നീക്കാവതോ?"

"തന്റെ ഹോരയിൽ വല്ലപ്രതിവിധിയും കിടപ്പില്ലേ!"

"അടിയൻ!"

"അടിയനും കുടിയനും എല്ലാടവും വഞ്ചന. നന്ദിയില്ലാത്തക്കൂട്ടം. പാമ്പാട്ടിക്കാണു ഗ്രഹപ്പിഴ എന്നല്ലേ ഇന്നലെ തന്റെ ജ്യോതിഷ്യത്തിൽ കണ്ടതു്"

"എറാൻ"

"ഇപ്പോൾ അതു മറിഞ്ഞുവീണോ? ഒരാറുമാസമെങ്കിലും ആവാതെ ദക്ഷിണായനം ഉണ്ടാകയോ?"

"ആ ഗ്രഹപ്പിഴ, ദയാലുവായ തിരുമനസ്സുകൊണ്ടു വിലയ്ക്കുവാങ്ങി പററി!"

"വെറുതേ വിളമ്പേണ്ട! പ്രതിവിധിയായി വല്ല ഗ്രന്ഥസംബന്ധവുമുണ്ടെങ്കിൽ കാഴ്ച വെക്കൂ"

"ഉത്തരവു! ആ ഗ്രന്ഥാണ്ഡം കാശിയിൽ ഉണ്ട്. തിരുമനസ്സുകൊണ്ട് വേണം എഴുന്നെള്ളി അതിനെ ഇങ്ങു കൊണ്ടുവരുവാൻ!"

"ഫലിതം മതിയാക്കൂ. കാര്യം തുറന്നുവിടൂ!"

"കാശിയിൽ എഴുന്നെള്ളി ഗംഗാതീർത്ഥമാടണം"

"പിന്നെ!"

"സേതുസ്നാനം കഴിച്ചു കടൽമണ്ണു ഭാണ്ഡത്തിലാക്കണം"

"തെക്കും വടക്കും തേരാ പാരാ നടക്കണം എന്നോ തന്റെ ഹോര പറയുന്നു?"

"പോരാ; ഗംഗാതീരത്തിൽനിന്നു് ഒരു ശിവലിംഗം കൊണ്ടുവന്നു, രാജധാനിയിൽ പ്രതിഷ്ഠിക്കണം"

"ഓഹോ ഒരുപ്രാവശ്യം രാമേശ്വരദർശനവും രണ്ടുപ്രാവശ്യം ഗംഗാസ്നാനവും—"

"തിരുമനസ്സുശ്രദ്ധിക്കുക. ആദ്യം രാമേശ്വരത്തേക്കു് എഴുന്നെള്ളണം. അവിടുത്തെ തീർത്ഥമണൽ ഭാണ്ഡത്തിലാക്കി കാശിയിൽ ചെന്നു ഗംഗയിൽ നീരാടി ആ മണ്ണ് ഒഴുക്കിൽ ഇടണം. പിന്നെ അവിടെനിന്നു ശിവലിംഗം കൊണ്ടുവന്നു, രാജധാനിയിൽ പ്രതിഷ്ഠിക്കയും വേണം"

"ആ പാമ്പാട്ടിയേ ഹിംസിക്കാൻ പറഞ്ഞതു താനല്ലേ?"

"എറാൻ. പാമ്പിനെയല്ല"

"അതെന്തിനു്?"

"തിരുമനസ്സുകൊണ്ടു പുതുതായി പ്രതിഷ്ഠകഴിപ്പിക്കുന്ന 'നാഗഭൂഷണ'ന്റെ അനുഗ്രഹവർഷം ശ്രീവാഴുംകോട്ടിൽ ഉണ്ടാവാൻതന്നെ"

"അങ്ങിനെചെയ്താൽ സർപ്പദുരിതവും ശമിക്കുമോ?"

"ശമിക്കും"

"മൃത്യുയോഗവും?"

"അതു ഇക്കഥയല്ല"

"പിന്നെ ഏതുകഥയാണു്?"

"അത്രയും ചെയ്താൽ, കേരളം നാഗശാപത്തിൽനിന്നു മോചനംപ്രാപിക്കും. നാഗത്താന്മാരുടെ ബാധ പിന്നെ ഇങ്ങു തീണ്ടുകയും ഇല്ല"

"ആശാനെ ഉള്ളതു തുറന്നു പറഞ്ഞേക്കു. പിന്നെ വല്ല ദുരിതവും ശേഷിക്കുമോ?"

"ബാലപാഠം പഠിക്കാതെ പഞ്ചാംഗത്തിൽ ചേർത്തുപോയ മൃത്യുയോഗം ശേഷിക്കുതന്നെ ചെയ്യും"

"അതിനു പ്രതിവിധിയില്ലേ?"

"അനന്തപത്മനാഭൻ പള്ളിയുണരട്ടെ. അദ്ദേഹത്തിൻെറ ഹോരയിൽ വല്ല പ്രതിവിധിയും കണ്ടേക്കാം."

*   *   *   *   *   *

മഹാരാജാവു് നാഗശാപം നീക്കാനായി രാമേശ്വരയാത്രയും കാശിയാത്രയും കഴിച്ചു. രാജധാനിയിൽ വന്നു് ഗംഗാശംകരനെ പ്രതിഷ്ഠിക്കയും ചെയ്തു. പത്മനാഭസ്വാമിക്ഷേത്രത്തിൻെറ വടക്കേനടയിൽ നിന്നു പുറപ്പെട്ടു വിളക്കുമാടം കടന്നു, നേരേ വടക്കോട്ടുപോയാൽ കിഴക്കുവശത്തു രാമസ്വാമികോവിൽ എന്ന പേരിൽ ഒരു ദേവാലയം ഇപ്പോഴും സ്ഥിതിചെയ്യുകാണാം. അതാണു വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടു കാശിയിൽനിന്നു കൊണ്ടുവന്ന ശിവലിംഗത്തെ പ്രതിഷ്ഠിച്ച 'ഗംഗാശംകര'ദേവാലയം. ഈ മഹാരാജാവു കല്പിച്ചു നടത്തിയതാണുപോൽ, തിരുനാൾദിവസം അഞ്ചുശിവക്ഷേത്രങ്ങളെ സന്ദർശിച്ചതിനുമേലേ അമൃതേത്തുപാടുള്ളു എന്ന പുതിയ പതിവു്. അതു് ഇപ്പോഴും അനുഷ്ഠിക്കപ്പെട്ടുവരുന്നല്ലോ കാണുകയും. ഇങ്ങനെ സേതുസ്നാനം ചെയ്തും ഗംഗാവഗാഹം കഴിച്ചും നാഗശാപബാധയിൽനിന്നു നിർമ്മുക്തനായെങ്കിലും വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടു് വിശാഖംതിരുനാൾ—മൃത്യുയോഗമെന്നു സധൈര്യം പ്രസിദ്ധംചെയ്തസംഗതി പരീക്ഷിപ്പാനോ യഥൌചിതി ബഹുമാനിപ്പാനോ നിൽക്കാതെ ലോകാന്തരിതനായിപ്പോയതിൽ കുഞ്ചുമാത്തൻആശാൻ നന്നാ വിഷാദിക്കയായി. എന്താണുഫലം? പിന്നെ ഏറെത്താമസിയാതെ ആ ആശാനേക്കളഞ്ഞുകുളിച്ച അനന്തപത്മനാഭനാടാന്മാർ ഇപ്പോഴും കണ്ണീരും കൈയ്യുമായി കരമനക്കോണിൽ നാളെണ്ണി കഴിച്ചുകൂട്ടുകയായിരിക്കണം.

"വിധിവിഹിതമേവനും ലംഘ്യമല്ലുത്തമേ"

# വിദ്യാർത്ഥികളുടെ ചുമതല.

(മൂർക്കോത്തു കുമാരൻ)

ലോകത്തിൽ സർവ്വകാര്യങ്ങൾക്കും, സർവ്വ ഏർപ്പാടുകൾക്കും, മഹാസാമ്രാജ്യങ്ങൾക്കും ഭരണതന്ത്രങ്ങൾക്കും, രാജനീതികൾക്കും, വലുതായ ചില മാററങ്ങൾ വരാൻ പോകുന്ന ഒരു ഘട്ടമാണിതു്. മതാചാരങ്ങളും ശാസ്ത്രാഭിവൃദ്ധിയും രാജനീതികളും സമുദായനടപടികളും എല്ലാം ഒന്നു ഉടച്ചുവാർക്കേണ്ടതിനായി ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ഉലയാണു് ഇപ്പോൾ നടക്കുന്ന ഭയങ്കരയുദ്ധം. മതതത്വങ്ങളൊക്കെ വെറും ഗ്രന്ഥങ്ങളിൽ നിക്ഷേപിച്ചാൽ മതിയോ അതോ മനുഷ്യരുടെ ആചാരങ്ങളിൽ പ്രത്യക്ഷപ്പെടുത്തണമോ എന്നും; ശാസ്ത്രാഭിവൃദ്ധിയുടെ പരമോദ്ദേശം മനുഷ്യരുടെ ജീവനെ എളുപ്പത്തിൽ നശിപ്പിക്കാനുള്ള സൂത്രങ്ങളും സാമഗ്രികളും കണ്ടുപിടിക്കേണ്ടതോ അതോ മനുഷ്യജീവിതം ശ്രേഷ്ഠതരവും സൌഭാഗ്യതരവും ആക്കിത്തീർക്കേണ്ടതോ എന്നും രാജനീതികളും രാജാക്കന്മാർ തമ്മിൽ ചെയ്യുന്ന ഉടമ്പടികളും അവയെ രേഖപ്പെടുത്തിയ തുണ്ടുകടലാസ്സുകളേക്കാൾ അധികം വിലയുള്ളതല്ലെന്നു വിചാരിച്ചു കുട്ടികൾ മണൽ കൊണ്ടുണ്ടാക്കുന്ന അപ്പംപോലെ ക്ഷണനേരത്തിൽ ഉടച്ചുകളയത്തക്കവയോ അതോ അവയെ സത്യവാക്യങ്ങളെപ്പോലെ വിലമതിച്ചു അനുസരിക്കേണ്ടതോ എന്നും ഈ യുദ്ധാവസാനത്തിൽ ഖണ്ഡിതമായി തീർച്ചയാകുന്നില്ലെങ്കിൽ ഇനിലോകമുള്ളന്നും തീർച്ചയാക്കാൻ കഴിയുന്നതല്ല. മനുഷ്യരെ സംബന്ധിച്ചേടത്തോളമുള്ള ലോകഭരണത്തിൻെറയും സമുദായഭരണത്തിൻെറയും നിയമങ്ങളെ മേലാലുള്ള ശ്രേയസ്സിനു് അനുകൂലിക്കുന്നവിധത്തിൽ മാററം ചെയ്യുകയെന്ന ഏററവും ഗൌരവമുള്ള പ്രവൃത്തിയുടെ പ്രഥമകൃത്യമായ [illegible] മായിട്ടു ഈ യുദ്ധത്തെ ഇപ്പോൾ കരുതേണ്ടതുള്ളൂ. ഈ യുദ്ധം അവസാനി

ച്ചതിന്റെ ശേഷം ചെയ്യാനുള്ള കൃത്യങ്ങൾ ഏററവും മഹത്തായവയും ഗൌരവമുള്ളവയും ആണെന്നു സമ്മതിക്കുന്നതായാൽ അവയെപ്പററി ആലോചിക്കാനും അവയെ ശ്രമപ്പെട്ടുതാനും ഏല്പെട്ടുന്നവർ അത്ര മഹത്തായ കൃത്യങ്ങളെ നിർവ്വഹിക്കാൻ ത്രാണിയുള്ളവരായിരിക്കണമെന്നും സമ്മതിക്കേണ്ടിവരും. ഏതെങ്കിലും ഒരുകാലത്തു് ഒരു രാജ്യത്തിനുണ്ടാകുന്ന അഭിവൃദ്ധി അക്കാലത്തിനു 25 കൊല്ലംമുമ്പ് പത്തുപന്ത്രണ്ടുവയസ്സുപ്രായമുണ്ടായിരുന്ന കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചിരുന്ന സമ്പ്രദായത്തെ ആശ്രയിച്ചിരിക്കും എന്നു് ഒരു വിദ്വാൻ ഇതിനിടെ അഭിപ്രായപ്പെട്ടിരുന്നു. ഇന്ത്യയിൽ 25 കൊല്ലംമുമ്പ് പത്തുപന്ത്രണ്ടു വയസ്സുപ്രായമുണ്ടായിരുന്നവരെ അന്നു വിദ്യാഭ്യാസം ചെയ്തിരുന്ന രീതിയുടെ ഫലമാണു് ഇന്നു് ഇന്ത്യക്കാർ അനുഭവിക്കുന്നതു്. ഇന്നു് പത്തുപന്ത്രണ്ടു വയസ്സുപ്രായമുള്ളവരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ഏതൊരുനയത്തെ നാം ഉപയോഗിക്കുന്നുവൊ അതിനനുസരിച്ചിരിക്കും. 25 കൊല്ലം കഴിഞ്ഞാൽ ഇന്ത്യാരാജ്യത്തിന്റെസ്ഥിതി.

നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഈ അവസരത്തിൽ നമ്മൾ പ്രത്യേകം ശ്രദ്ധകാണിക്കേണ്ടുന്ന ആവശ്യം ഇപ്പോൾ പ്രത്യക്ഷമാകുന്നുണ്ടല്ലൊ.

വിദ്യാർത്ഥികളുടെ മുറയെപ്പററി പല യോഗ്യന്മാരും പലതും പല അവസരങ്ങളിലും പ്രസംഗിക്കുകയും എഴുതി പരസ്യം ചെയ്യുകയും ചെയ്തിട്ടുണ്ടു്. മാർസ്ഡൻ സായ്പവർകൾ തന്നെയും അദ്ദേഹത്തിന്റെ പാഠപുസ്തകങ്ങളിൽ ഒന്നിൽ വിദ്യാർത്ഥികളുടെ മുറയെപ്പററി ചില ഉപദേശങ്ങൾ ചെയ്വാൻ കുറെ "പേജുകൾ" ഉപയോഗപ്പെടുത്തപ്പെട്ടിട്ടുണ്ടല്ലൊ. വിദ്യാർത്ഥികളുടെ മുറ, അവരുടെ പാഠങ്ങൾ ശരിയായും കൃത്യമായും പഠിക്കുക, ഗുരുനാഥന്മാരോടും മററു ഗുരുജനങ്ങളോടും അനുസരണവും, ഭക്തിയും, ബഹുമാനവും ഉള്ളവരായിരിക്കുക് മുതലായവയാണെന്നു് മാർസ്ഡൻ സായ്പവർകൾ വളരെ ഭംഗിയിൽ വിവരിച്ചിട്ടുണ്ടു്. അവയൊക്കെ വിദ്യാർത്ഥികളുടെ മുറകൾ തന്നെയാണെങ്കിലും എനിക്കു് ഇവിടെ പറവാനുള്ളതു് ഇവയേക്കാൾ കുറെക്കൂടി ഗൌരവമുള്ള സംഗതികളെപ്പററിയാണു്.

ഒരുകാലത്തു് യോഗ്യരായ പൌരന്മാരായി രാജ്യഭരണവിഷയത്തിലും സമുദായഭരണവിഷയത്തിലും ഏല്പെട്ടു അവയുടെ അഭിവൃദ്ധിക്കായി യത്നിക്കേണ്ടതിനു് ആവശ്യമുള്ള ഗുണങ്ങൾ ശേഖരിച്ചു സ്വന്തമാക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നകാലമാണു് വിദ്യാഭ്യാസകാലം. നിലം ശരിയായി കിളച്ചു വിത്തും വിളവും ആവശ്യമുള്ളത്ര നല്ലവയായി ശേഖരിച്ചു ചെടികൾക്കു വേണ്ടുന്ന ശുശ്രൂഷകൾ കാലാനുസൃതം ചെയ്യുകയെങ്കിൽ മാത്രമെ ആഗ്രഹിച്ചഫലം ലഭിക്കയുള്ളു എന്നു് എല്ലാവർക്കും അറിയാം. വിതയ്ക്കുന്നതെ കൊയ്യുകയുള്ളു. അടയ്ക്ക പാകിയാൽ നാളികേരം കായ്ക്കയില്ല. അതുകൊണ്ടു് ജീവിതത്തിന്റെ പരമോദ്ദേശത്തെ നിറവേററാൻ കഴിവു വരത്തക്ക യോഗ്യതകൾ സമ്പാദിക്കാൻ വേണ്ടുന്ന ഒരുക്കങ്ങൾ വിദ്യാർത്ഥിയായിരിക്കുന്ന കാലത്തുതന്നെ ചെയ്യേണ്ടതു് ആവശ്യമാകുന്നു. ഈ പരമാർത്ഥം ഈകാലത്തു് വിദ്യാർത്ഥികളേക്കാൾ അവരുടെ രക്ഷിതാക്കൾ അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണെന്നു തോന്നുകയാലാണു് ഈ അവസരത്തിൽ ഈ വിഷയത്തെപ്പററി പ്രതിപാദിക്കാൻ ഞാൻ തീർച്ചയാക്കിയതു്. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ വളരെപ്പേർ ഇന്നിവിടെ കൂടീട്ടുണ്ടു്. തങ്ങളുടെ രക്ഷയിൽ കീഴിലുള്ള കുട്ടികൾ ജീവിതോദ്ദേശത്തിനു് സഹായിക്കുന്നതരത്തിലുള്ള അഭ്യാസം തന്നെയൊ സ്കൂളുകളിൽവച്ചു സമ്പാദിക്കുന്നതെന്നു് അന്വേഷിക്കുന്നവർ നമ്മുടെ ഇടയിൽ എത്രയുണ്ടു്? സ്കൂളിൽ അവർ കഴിക്കുന്ന കാലം അവരുടെ അഭിവൃദ്ധിക്കു് അനുകൂലിക്കുന്നവിധത്തിൽ തന്നെയൊ എന്നു് നിത്യം അന്വേഷിക്കുന്നവർ എത്രയുണ്ടു്? അവരുടെ വിദ്യാഭ്യാസകാര്യത്തിൽ ഏല്പെട്ടിരിക്കുന്ന ഗുരുനാഥന്മാരെ കൂടെക്കൂടെ കണ്ടു സംസാരിച്ചു അവരുടെ പഠിപ്പിന്റെ സ്ഥിതിയെപ്പററി അറിവാൻ ശ്രമിക്കുന്നവർ എത്രയുണ്ടു്? ചുരുക്കി പറയുന്നതായാൽ വിദ്യാർത്ഥികളായിരിക്കുന്ന കാലത്തു് ചെയ്യുന്ന അനീതികളേയും അന്യായങ്ങളേയും ദുർമ്മാർഗ്ഗങ്ങളേയും കണ്ടറിവാൻ ശ്രമിക്കയോ കണ്ടറിഞ്ഞാൽ അവയെ തടയുവാൻ യത്നിക്കുകയോ ചെയ്യുന്ന രക്ഷിതാക്കൾ എത്രയുണ്ടു്? വായനക്കാർ മേല്പറഞ്ഞപ്രകാരം ചെയ്യുന്നവരാണെങ്കിൽ ഈ പ്രബന്ധം അവർ വായിക്കേണ്ടുന്ന ആവശ്യമില്ല. മരുമക്കത്തായ തറവാടുകളിലെ കാരണവന്മാർ അനന്തിരവന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതും പറമ്പുകൾ കിളച്ചു വല്ല പുളകിഴങ്ങോ മൈസൂർവാ

ഴയൊ വെക്കുന്നതും ഒരേ ഉദ്ദേശത്തോടു കൂടിയാണെന്നു പറവാൻ ഞാൻ അശേഷം മടിക്കുന്നില്ല. സ്കൂൾ ഫൈനൽപരീക്ഷയുടെ സർട്ടിഫിക്കെററ് കൈവശമായാൽ താലൂക്കുകച്ചേരിയിലോ മുൻസിപ്പുകോടതിയിലൊ കിട്ടാൻ ഇടയുള്ള പത്തോപതിനഞ്ചോ ഉറുപ്പിക ശമ്പളം മരുമകൻെറ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന പണത്തിനു് നൂററിനു് 25 വീതം പലിശയാകുമൊ എന്നു മുൻകൂട്ടി നോക്കീട്ടു കാരണവർ അവൻെറ പഠിപ്പിനുവേണ്ടി വല്ലതും ചെലവഴിക്കുന്നുള്ളു. അത്രയെ അമ്മായി അനുവദിക്കയുമുള്ളു. ഇപ്പോൾ ഉള്ള മിക്ക വിദ്യാൎത്ഥികളുടേയും ജീവിതോദ്ദേശം എന്താണ്? കുടുംബം പുലൎത്താൻ മാസത്തിൽ പത്തോപതിനഞ്ചോ വല്ല ആഫീസുകളിലും കിട്ടണം. സാൽട്ടിലോ പോലീസ്സിലോ ചേരാൻ നീളവും വണ്ണവും പോരാ പകൎപ്പു് ഗുമസ്തനാവാൻ കൈയ്യക്ഷരം നന്നല്ല, ശിപായിപ്പണിക്കു് ശിപാൎശുപരീക്ഷയും ജയിച്ചിട്ടില്ല് എന്നിങ്ങനെ ഇവയൊന്നിനും പററുകയില്ലെന്നു കാണുമ്പോൾ ഒന്നു കത്തിമാച്ചുണ്ടാക്കി പത്തിരുപത്തു കുട്ടികളെ ശേഖരിച്ചു എഴുത്തച്ഛനാവാനൊ അഥവാ ഇക്കാലത്തു് എളുപ്പത്തിൽ സാധിക്കാവുന്ന ഒരു പത്രാധിപരാവാനൊ കഴിഞ്ഞെങ്കിൽ ജീവിതോദ്ദേശം സാധിച്ചു?

എന്നാൽ മനുഷ്യൻെറ ജീവിതോദ്ദേശം എന്താണ്. "ഉദരനിമിത്തം ബഹുകൃതവേഷം" ആയി ലോകത്തിൽ പലരേയും ആശ്രയിച്ചും പലൎക്കും അടിമയായും സൎവ്വരേയും ദ്രോഹിച്ചും ജീവിക്കുകയല്ല.

പൊക്കത്തിൽപറക്കുന്ന പരുന്തും കിളികളും
ഒക്കവേതന്നെത്തന്നെ പോററിരക്ഷിക്കുന്നില്ലേ,
അക്കണക്കുള്ളജനം ചത്താലും ജീവിച്ചാലും
മിക്കതുമന്വേഷണം ആൎക്കാനുമുണ്ടോജ്യേഷ്ഠാ

എന്നാണു പഞ്ചതന്ത്രക്കാരൻ പറയുന്നതു്. സ്വന്തം ഉദരത്തിനുവേണ്ടിമാത്രം ജീവിക്കുന്നതു മൃഗങ്ങളാണ്. മൃഗങ്ങളിൽത്തന്നെയോ മാംസംകൊണ്ടും പാൽകൊണ്ടും മററും അന്യജീവിക്കു് ഉപകാരംചെയ്യുന്ന ആടു പശു കസ്തൂരിമൃഗം മുതലായവയല്ല, അന്യരുടെ വെള്ളരിക്കായും കോഴിയും അപഹരിക്കുന്ന കുറുക്കനെപ്പോലുള്ള മൃഗങ്ങൾ.

അതുകൊണ്ടു വിദ്യാൎത്ഥികൾ ഒന്നാമതു ധരിക്കേണ്ടതു്, അവർ വിദ്യാഭ്യാസം ചെയ്യുന്നതിൻെറ മുഖ്യഉദ്ദേശം സ്വന്തം ഭരണവും സ്വന്തം സുഖവും സമ്പാദിക്കുക മാത്രമല്ല, അവരുടെ സമുദായത്തിൻെറയും രാജ്യത്തിൻെറയും അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കത്തക്ക യോഗ്യതകൾ സമ്പാദിക്കുകയാകുന്നു എന്നാണ്. ചെറുപ്പത്തിൽതന്നെ വിദ്യാൎത്ഥികളിൽ യഥാൎത്ഥമായ രാജ്യാഭിമാനത്തിൻെറ അടിസ്ഥാനങ്ങളായ ഗുണങ്ങൾ അങ്കുരിപ്പിക്കാൻ ഗുരുനാഥന്മാരും രക്ഷിതാക്കന്മാരും പരിശ്രമിക്കണം. രാജ്യത്തിനു പൊതുവിലുള്ള ഗുണത്തിനുവേണ്ടി സ്വന്തം സുഖത്തെയും സ്വന്തം ആദായത്തെയും അഗണ്യമാക്കണം. അങ്ങിനെ ചെയ്യാതിരുന്നാലുള്ള അനുഭവം റഷ്യാക്കാരുടെ സ്ഥിതികൊണ്ടു് നമുക്കു മനസ്സിലാകുന്നുണ്ടല്ലോ. റഷ്യായിലെ പടനായകന്മാരിലും രാജ്യതന്ത്രജ്ഞന്മാരിലും മിക്കപേരും സ്വന്തം ആദായത്തെ കാംക്ഷിച്ചു, ജൎമ്മൻകാരോടു അനവധി ദ്രവ്യം കൈക്കൂലിവാങ്ങി രാജ്യം അന്യാധീനപ്പെടാനും രാജ്യത്തിൽ കലഹവും നാശവും അനുഭവമാകാനും ഇടവരുത്തി. രാജ്യാഭിമാനം ഉണ്ടാകണമെങ്കിൽ അവരവരുടെ ധൎമ്മത്തെപ്പററി ഏററവും ശ്രേഷ്ഠമായ നിരൂപണം ഉണ്ടായിരിക്കണം. ജീവിതത്തിൻെറ പരമോദ്ദേശം തന്നെ ധൎമ്മമാണ്. ഒരു ഇംഗ്ലീഷുകവിയുടെ അഭിപ്രായം ഏകദേശം ഇങ്ങനെ പരിഭാഷ ചെയ്യാവുന്നതാണ്!

ഉറങ്ങിഞാൻകണ്ടു കിനാവിൽജീവിതം
പരം മനോമോഹനമെന്നുതന്നെ
ഉണൎന്നുഞാൻ നോക്കിയപോതു ജീവിതം
മനസ്സിലായീമമ, ധൎമ്മമെന്നുതാൻ.

നമ്മുടെ ജന്മത്തിൻെറ ഉദ്ദേശം ധൎമ്മംതന്നെ. ധൎമ്മമെന്നുവെച്ചാൽ നമ്മുടെ കൎത്തവ്യകൎമ്മം നാം ജനിച്ചിട്ടുള്ളതു നമ്മുടെ ജീവകാലത്തെ വെറുതേ നശിപ്പിക്കാനോ നിസ്സാരമായ് കൂത്തി പ്രവൎത്തിപ്പാനോ അല്ല. ലോങ്ങ്ഫെല്ലൊ എന്ന ഇംഗ്ലീഷുകവി ജീവകാലത്തെപ്പററി എഴുതിയതു് കുഞ്ഞിക്കുട്ടൻതമ്പുരാൻ ഇങ്ങനെപരിഭാഷചെയ്തിരിക്കുന്നു.

അഴലൊത്തുകവേണ്ട “ജീവകാലം
പഴതെയുള്ളകിനാവി”തെന്നവണ്ണം
ശവമാണുമയങ്ങിമങ്ങുമാത്മാ—
വിവിടെക്കണ്ടതുകണ്ടപോലെയല്ലാ.

*　　　*　　　*　　　*

വിധികല്പിതമായിടുന്നമാർഗ്ഗം
സുഖവും ദുഃഖവുമല്ല നല്ലകാര്യം
തൊഴിലാണതുനാളിൽ നാളിൽനാംമേൽ—
വഴിയിൽ ചെൽവൊരു മട്ടിലുള്ളതത്രേ.

മനുഷ്യനായിജനിച്ചാൽ അവൻ ശാശ്വതമായി നിലനിൽക്കുന്ന വല്ല കർമ്മവും ചെയ്യണം. ജനസാമാന്യത്തിന്റെ പൊതുവിലുള്ള ഗുണത്തിനുവേണ്ടി സ്വാർത്ഥരഹിതമായി ചെയ്യുന്ന പ്രവൃത്തിപോലെ ശാശ്വതനില പ്രാപിക്കുന്ന ഒരു കർമ്മം വേറെ ഇല്ല. നാം ജീവിക്കുന്നതു് അന്യർക്കുകൂടി ജീവിക്കേണ്ടതിനുവേണ്ടിയാണ് എന്നൊരു മഹാൻപറയുന്നു. പഞ്ചതന്ത്രക്കാരൻ എന്തുപറയുന്നു എന്നു നോക്കുക.

യാതൊരു പുമാൻമഹാ മാനിയായ്ജീവിക്കുമ്പോ—
ളാതുരന്മാരാം ബഹുജന്തുക്കൾജീവിക്കുന്നു,
അല്പമാനത്രെ ഭൂമൌകേവലംജീവിക്കുന്നു
സൽപുമാനവൻതന്നെ സാധുതാനവൻതന്നെ.

എന്നാൽ നമ്മുടെ രാജ്യത്തു് മതിയായ് ജീവിക്കുന്നവൻ ഒന്നുകിൽ ഗവർമ്മെണ്ടുദ്യോഗസ്ഥൻ, അല്ലെങ്കിൽ വലിയ വക്കീൽ, അല്ലെങ്കിൽ വലിയജന്മി ഇവരാണ്. പരോപകാരം ചെയ്‌വാൻ സദാ അഗ്രഹിച്ചും കഴിയുന്നത്ര സ്വരാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി വല്ലതും പ്രവർത്തിച്ചും പോരുന്നവൎക്ക് ഇക്കാലം മാനമില്ല. ഒരു ഉദ്യോഗസ്ഥൻ എത്ര അധികം കൈക്കൂലിവാങ്ങി എത്ര അധികം ജനങ്ങളെ സങ്കടപ്പെടുത്തുന്നുവോ അത്ര അധികം അയാളെ ജനങ്ങൾ മാനിക്കുന്നു. വളരെ സ്വത്തുള്ള തറവാട്ടിലെ അനന്തരവനായിരിക്കുന്ന കാലത്തോളം ഒരുവന്റെ ലോകംമുഴുവനും അവന്റെ സ്വന്തം ശരീരമാണ്. സ്വന്തം ഉദരത്തിനും സ്വന്തം ഉടുപ്പിനും മററു സുഖങ്ങൾക്കും തറവാട്ടിൽനിന്നു വല്ലതും കിട്ടണമെന്നേ മോഹമുള്ളു. കാരണവസ്ഥാനം കൈവശമായാൽ പിന്നെ തന്റെ ലോകം കുറേക്കൂടി വലുതായി. ഭാര്യകൂടി അതിൽ ഉൾപ്പെട്ടു. പാട്ടം വർദ്ധിപ്പിച്ചും പൊളിച്ചെഴുത്തുകഴിച്ചും മേൽച്ചാർത്തുകൊടുത്തു പണം സമ്പാദിച്ചു ഭാര്യക്കു പണവും പണ്ടവും പുരയും സമ്പാദിച്ചുകൊടുക്കണമെന്നു വിചാരമായി. സർ നാരായണചന്ദ്രവക്കർ ഒരു പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. “ഒരുവൻ തനിക്കുവേണ്ടിയും തന്റെ കുടുംബത്തിനുവേണ്ടിയും മാത്രം പ്രവർത്തിക്കുമ്പോൾ അവൻ മററുയാതൊരുവൎക്കുംവേണ്ടി പ്രവർത്തിക്കുന്നില്ല. എന്നാൽ അവൻ സ്വരാജ്യക്കാർക്ക മുഴുവൻ വേണ്ടി പ്രവർത്തിക്കുമ്പോൾ മററുള്ളവൎക്കുവേണ്ടിയും തനിക്കുവേണ്ടിയും തന്റെ കുടുംബത്തിനുവേണ്ടിയും പ്രവർത്തിക്കുന്നു. എന്തുകൊണ്ടെന്നാൽ താനും തന്റെ കുടുംബവും തന്റെ സ്വരാജ്യക്കാരിൽ ഉൾപ്പെടുന്നുണ്ടല്ലോ.” അതുകൊണ്ടു മനുഷ്യന്റെ ധർമ്മം എന്താണെന്നു തെററിധരിക്കരുതു്. രാജ്യാഭിമാനിയായി സ്വരാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി കഴിയുന്നത്ര പരിശ്രമിച്ചു പരോപകാരിയായി ജീവിക്കുന്നതാണു മനുഷ്യന്റെ പരമധർമ്മം. ഈ ആലോചനയോടു കൂടിയും ഈ ഉദ്ദേശത്തെ നിറവേററേണ്ടതിനുള്ള യോഗ്യത സിദ്ധിക്കാനുള്ള ആന്തരത്തോടുകൂടിയും ആയിരിക്കണം കുട്ടികൾ വിദ്യാഭ്യാസം ചെയ്യേണ്ടതു്.

എന്നാൽ ഒരുകാര്യം ആലോചിക്കേണ്ടതുണ്ടു്. സ്വരാജ്യാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതു് ആലോചനയില്ലാതെ വെറും അന്ധന്മാരുടെ നിലയിൽ ആയിരിക്കരുതു്. ബുദ്ധിപൂർവ്വം നല്ലവണ്ണം ആലോചിച്ചുവേണം ഇതിൽ ഏർപ്പെടാൻ. ഒരുകാലത്തു് ഒരു മഹാൻ ഒരു വിധത്തിൽ സ്വരാജ്യാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചതിനേമാത്രം മനസ്സിലാക്കി കാലദേശാദികളുടെ മാററത്തേ ആലോചിക്കാതെ മറെറാരുകാലത്തു മറെറാരാൾ അതേവിധത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടു പലപ്പോഴും ദോഷത്തിനു സംഗതിയുണ്ടു്. അതാതുകാലത്തുള്ള ദോഷത്തിനു പ്രതിവിധി ചെയ്കയാണു വേണ്ടതു്. കണ്ണുംചിമ്മി പൂർവ്വാചാര്യന്മാരെ അനുകരിക്കയല്ല.

ഒരു വൈദ്യൻ ചികിത്സിച്ചുകൊണ്ടിരുന്ന ഒരു രോഗിക്കു് ഒരുദിവസം രോഗത്തിനു അല്പം വർദ്ധനവുകണ്ടപ്പോൾ വൈദ്യൻ "പുളിയും മധുരവുംഉള്ള വല്ല പദാൎത്ഥവും ഭക്ഷിച്ചു പോയോ" എന്നു ചോദിക്കുകയും മധുരനാരങ്ങാ തിന്നിരുന്നു എന്നു രോഗി പറയുകയും ചെയ്തു. രോഗാധിക്യത്തിനു അതാണു കാരണമെന്നു വൈദ്യൻ പറഞ്ഞു. ഇതുകേട്ടുകൊണ്ടിരുന്ന ശിഷ്യനു് അത്ഭുതമായി; മധുരനാരങ്ങാ തിന്നവിവരം എങ്ങിനെ മനസ്സിലാക്കിയെന്നു ചോദിച്ചപ്പോൾ, "വിഡ്ഢീ, കട്ടിലിന്റെ ചുവട്ടിൽ നാരങ്ങയുടെ തൊലി കണ്ടിരുന്നില്ലേ" എന്നു മറുപടി പറഞ്ഞു. മറെറാരവസരത്തിൽ ശിഷ്യൻ ചികിത്സിക്കാൻ പോയ ഒരു ദിക്കിൽ വെച്ചു് ഇങ്ങനെയുള്ള ഒരു സന്ദർഭത്തിൽ രോഗിയോടു് അയാൾ അല്പം പഞ്ഞിഭക്ഷിക്കയുണ്ടായോ എന്നു ചോദിച്ചു. രോഗി കിടന്നിരുന്ന മെത്ത അല്പം കീറി, വെളിയിലായിരുന്ന പഞ്ഞി സമീപത്തുകണ്ടതിനാലായിരുന്നു ശിഷ്യൻ ഇങ്ങനെ ചോദിച്ചിരുന്നതു്. വിവേകാനന്ദസ്വാമി, രാമമോഹനൻറോയി, മുതലായ മഹാന്മാർ അവൎക്കുണ്ടായിരുന്ന അഗാധമായ ജ്ഞാനത്തിനും ആത്മവിശ്വാസത്തിനും അനുസരിച്ചു, ചെയ്തിരുന്ന പ്രസംഗങ്ങളിൽ ശ്രോതാക്കളുടെ അന്ധവിശ്വാസങ്ങളെപ്പററി അവരെ ശാസിച്ചും ഭത്സിച്ചും പറഞ്ഞിരുന്ന രീതിയെ അവലംബിച്ചുകൊണ്ടു ഇക്കാലത്തെ മതമെന്താണെന്നറിഞ്ഞുകൂടാത്ത ചില മത പ്രാസംഗികന്മാർ മതപരിഷ്കാരത്തെപ്പററി പ്രസംഗിച്ചുകേൾക്കുമ്പോൾ മേല്പറഞ്ഞകഥയാണു് ഓൎമ്മവരുന്നതു്. മററുള്ളവരെ പകച്ചും നിന്ദിച്ചും അല്ല അവരുടെ അഭിവൃദ്ധിക്കു ശ്രമിക്കേണ്ടതു്. അവരെ മുഖസ്തുതി ചെയ്തിട്ടും അല്ല. സമുദായത്തിനോ രാജ്യത്തിനൊട്ടാകെയോ ഉള്ള യഥാൎത്ഥ ദോഷങ്ങളും അഭിവൃദ്ധിക്കുള്ള മാൎഗ്ഗങ്ങളും കണ്ടുപിടിച്ചു, ദോഷങ്ങൾ പരിഷ്ക്കരിക്കാനും അഭിവൃദ്ധിമാൎഗ്ഗത്തിൽക്കൂടി ചരിക്കാനും സഹായിക്കുന്ന കാൎയ്യങ്ങൾ ഉപദേശിച്ചുകൊടുക്കയാണു ചെയ്യേണ്ടതു്. നാം നമ്മുടെ ഒരു സ്നേഹിതനെ നന്നാക്കാൻ ശ്രമിക്കുന്നതു് അവനെ മുഖസ്തുതി ചെയ്തുകൊണ്ടല്ല. നമ്മൾ യഥാൎത്ഥ സ്നേഹിതനാണെങ്കിൽ അയാൾക്കുള്ള കുററവും കുറവും കണ്ടറിഞ്ഞു, മററുള്ളവർ അയാളെ കാണുംപോലെ അയാൾ തന്നെ കാണുവാൻ അവകാശം ഉണ്ടാക്കികൊടുക്കണം. രാജ്യത്തെയും സമുദായത്തെയും നന്നാക്കേണ്ടുന്നതും ഇങ്ങനെതന്നെയാണു്. ഇൻഡ്യാക്കാർ നാഗരികത്വത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരുന്ന കാലത്തു് യൂറോപ്യന്മാർ വെറും കാടന്മാരായിരുന്നുവെന്നും അതുകൊണ്ടു് ഇൻഡ്യാക്കാരുടെ അഭിവൃദ്ധിക്കുവേണ്ടി യൂറോപ്യന്മാരുടെ ഉപദേശമോ ഉദാഹരണമോ ആവശ്യമില്ലെന്നും പറയുന്നതു വിഡ്ഢിത്വമാണു്. നാം നമ്മുടെ പൂൎവ്വസ്ഥിതിയിൽനിന്നു് താഴോട്ടു പതിച്ച ഈ നിലയിലാവാൻ കാരണമെന്തെന്നും പണ്ടു പതിതരായിരുന്നവർ ഇപ്പോൾ ഉന്നതസ്ഥിതിയിലാവാൻ കാരണമെന്തെന്നും കണ്ടുപിടിക്കുകയാണു വേണ്ടതു്. പിതാവു എടുത്തുകൊണ്ടു നടക്കുകയും ഇഴയാനും നടക്കാനും പഠിപ്പിക്കുകയുംചെയ്ത മകൻ പിതാവിനെ വാൎദ്ധക്യകാലത്തു കൈയും പിടിച്ചുനടത്തുന്നതിൽ യാതൊന്നും പരിഭവിക്കാനില്ല.

(തുടരും)

# ഉണ്ണുനീലീസന്ദേശവും വെൺമലനാടും.

(തുടൎച്ച)

(കെ. ജി. കുമാരനുണ്ണിത്താൻ.)

ഇനി ഉത്തരസന്ദേശം 24-ാം ശ്ലോകമാണു നിരൂപണത്തിനർഹമായിരിക്കുന്നതു്. ഈ ശ്ലോകത്തെപ്പററി ആലോചിക്കുന്നതിനു മുമ്പായി 23-ാംശ്ലോകംകൂടി അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ടു്. ശ്ലോകം 23:—

"മാറാടികീഴ്മരുവലർപിണങ്ങകൊണ്ടു നാസ്സും നരിക്കും
ചോറാടിക്കും മനുജവർന്നെ കാൺക നീ ചെൻറു പിന്നെ
ക്കൂറാടിൻേറാക്കയിരുമുടലുന്നീടൊട്ടുക്കും വടക്കിൻ
കൂറാളിൻേറാരിനിയ മണികണ്ഠാഖ്യ സാമന്ത മൌലിം."

(യുദ്ധത്തിൽ ഹനിക്കപ്പെടുന്ന ശത്രുക്കളുടെ ശവശരീരങ്ങൾകൊണ്ടു നായ്ക്കും കുറുക്കനും ഭക്ഷണം കൊടുക്കുന്ന മാനുഷശ്രേഷ്ഠനും, സ്നേഹിതന്മാർക്കായി തന്റെ ശരീരവും ജീവനും പൂർണ്ണമായി വിട്ടുകൊടുക്കുന്ന ദേഹവും, മണികണ്ഠനാമാവുമായ സാമന്തരാജാവിനെ നീ പിന്നീടു ചെന്നുകണ്ടാലും.)

മേലുദ്ധരിച്ച ശ്ലോകപ്രകാരം സന്ദേശഹരനെ വടക്കുംകൂർ വലിയരാജാവിന്റെ സന്നിധിയിൽ പ്രവേശിപ്പിച്ചശേഷം ആ മണികണ്ഠരാജാവിന്റെ മഹാമനസ്കതയെപ്പററി വിവരിക്കുന്നതാണ് അടുത്ത 24-ാംശ്ലോകം:—

"നിന്നെക്കാണുമ്പൊഴുതു നിഴലില്ലാതലോകപ്രദീപം
കന്നൽക്കണ്ണാർ കുസുമശരനാം നായരിക്ഷോണിപാലഃ
എന്നച്ചാപോയ് മുകിൽമുടിയുമപ്പക്ഷപാതാതിരേകാൽ
തന്നെപ്പോലും കുറവറമറന്നെന്തുചെയ്യാതതൊൻറു്."

മിസ്റ്റർ പിഷാരോടി തന്റെ വ്യാഖ്യാനത്തോടുകൂടി അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്തിരിക്കുന്ന ബുക്കിൽ ടി ശ്ലോകം രണ്ടാംവരിയിൽ 'നായരി' എന്ന പദത്തിനു പകരം 'രായിര' എന്നും, 'ക്ഷോണിപാലഃ' എന്നതിനു 'ക്ഷോണിപാലം' എന്നും; മൂന്നാംവരിയിൽ 'മുകിൽ' എന്നതിന്റെ സ്ഥാനത്തു 'മുകൾ' എന്നും പാഠമാക്കി, ചുവടേ വിവരിക്കുംപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു:—

നിഴലില്ലാത=എവിടെയും ഒരുപോലെ പ്രകാശിക്കുന്ന ലോകപ്രദീപവും കന്നൽകണ്ണുംകൾ(ഇന്ദീവരാക്ഷികൾക്കു) കുസുമശരനായ (കാമൻ) രായിരക്ഷോണിപാലം=രായിരവംശരാജാവുമായ നിന്നെ കാണുമ്പൊഴുതു്=കാണുമ്പോൾ (ആ മണികണ്ഠൻ എന്നു ചേർക്കുക) എന്നച്ചാ=എന്റെ അമ്മാ (ആശ്ചര്യദ്യോതകമായ നിപാതം) പോയ്മുകൾമുടിയും=പോയി മുകളിൽമാത്രം മുടിയുന്ന? (എത്രത്തോളം വർദ്ധിക്കാമോ അത്രയും വർദ്ധിച്ചിരിക്കുന്ന എന്നർത്ഥം) ആ പക്ഷപാതാതിരേകാൽ=പക്ഷപാതത്തിന്റെ ആധിക്യത്താൽ, തന്നെപ്പോലും=അവനവനെപ്പോലും, കുറവറ=കുറവുകൂടാതെ (മുഴുവനും എന്നർത്ഥം) മറന്നു് എന്തുചെയ്യാതതൊന്നു്=ചെയ്യാതിരിക്കുന്നതായ ഒന്നു് എന്തു്-ഒന്നുമില്ല എന്നർത്ഥം. സ്നേഹം കാണിക്കുന്നതിനുള്ള സകലതും ചെയ്യും എന്നു താല്പര്യം. ആദിത്യവർമ്മരാജാവിനെ രായിരക്ഷോണിപാലനായി നിർദ്ദേശിച്ചിട്ടുള്ളതു ചിറവാസ്വരൂപം ആ രാജാവിന്റെ മൂലകുടുംബമായതുകൊണ്ടും വേമ്പനാടിന്നടുത്തതു് ആ മൂലകുടുംബസ്ഥാനമായതുകൊണ്ടുമാണു്. പൂർവ്വസന്ദേശം 117-ാം ശ്ലോകം നോക്കുക."

രായിരരാജാവിനേയും ചിറവാസ്വരൂപത്തേയും സംബന്ധിച്ച മിസ്റ്റർ പിഷാരോടിയുടെ അഭിപ്രായം ശരിയല്ലെന്നു മുമ്പു വിവരിച്ചിട്ടുണ്ടു്. "നായരി" എന്നതു വടക്കുംകൂർ രാജാക്കന്മാർക്കുള്ള ഒരു ബിരുദനാമം ആണെന്നു വഴിയേ തെളിയിക്കുമ്പോൾ രായിര എന്ന പാഠം തെററാണെന്നു വിശദപ്പെടുന്നതാണു്. പ്രത്യേകിച്ചും പൂർവ്വസന്ദേശം 116-ാംശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ ചിറവാരാജാക്കന്മാരാണു രായിരരാജാവിന്റെ വംശജരെന്നു മിസ്റ്റർ പിഷാരോടിതന്നെ വ്യാഖ്യാനിച്ചിരിക്കുന്ന സ്ഥിതിക്കു "സന്ദേശവാഹകനായ ആദിത്യവർമ്മരാജാവും ആ തറവാട്ടംഗമെന്നു സ്ഥാപിക്കുന്നതു യുക്ത്യനുസരണമായി വരുമോ? മിസ്റ്റർ പിഷാരോടി പറയുംപ്രകാരം രായിരരാജാവിന്റെ വംശത്തിൽപെട്ടവരോ യദുവംശജരോ അല്ല ചിറവായ്‌രാജവംശവും ജയസിംഹനുമെന്നും 116-ാംശ്ലോകത്തിൽ പറയുന്ന രായിര ശബ്ദം സന്ദേശകാലത്തു ചിറവായ്സ്വരൂപത്തിൽ മൂപ്പനായിരുന്ന രാജാവിന്റെ പേരാണെന്നും ഞാൻ സ്ഥാപിച്ചിട്ടുണ്ടു്. പ്രസ്താവശ്ലോകത്തിനു 'ക്ഷോണിപാലം' എന്ന പാഠം സൃഷ്ടിച്ചിരിക്കുന്നതു് അശേഷം യോജിപ്പായി വരുന്നില്ല. 'നിന്നെ' എന്ന പദത്തിന്റെ വിശേഷണമായിട്ടാണു ക്ഷോണിപാലം നിൽക്കുന്നതെങ്കിൽ 'രായിരക്ഷോണിപാലനായ നിന്നെ' എന്നല്ലാതെ അഭിസംബോധന ചെയ്‌വാൻ ന്യായമില്ല. 'നിന്നെ ക്ഷോണിപാലനെ' എന്നല്ലോ പ്രയോഗിക്കേണ്ടിയിരുന്നതു്. പ്രത്യുത, ക്ഷോണിപാലം എന്ന പാഠം സ്വീകരിക്കുകയാണെങ്കിൽ ശ്ലോകത്തിൽ കർത്തൃപദം ഇല്ലാതെ വരുന്നു. അതുകൊണ്ടാണു "മണികണ്ഠനെ ചേർക്കാൻ" മിസ്റ്റർ പിഷാരോടി പറയുന്നതു്. ഈ ക്രമത്തിനു 'നിന്നെക്കാണുമ്പൊഴുതു . . . . . ക്ഷോണിപാലഃ'=(ക്ഷോണിപാലൻ (വടക്കുംകൂർരാജാവു) നിന്നെക്കാണുമ്പോൾ) എന്നായാ

ൽ യോജിപ്പും അൎത്ഥവ്യക്തിയും കാണുന്നുണ്ട്. അതുകൊണ്ടു ശ്ലോകത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന ക്ഷോണിപാലൻ വടക്കുംകൂർരാജാവാണെന്നും സദ്ദേശഹരനല്ലെന്നും സ്പഷ്ടമാകുന്നു. 23-ാംശ്ലോകത്തിൽ 'മണികണ്ഠാഖ്യസാമന്തമൌലി'യെ കാണാൻ പറയുന്നതിൽനിന്നു' അന്നത്തെ വടക്കുംകൂർ വലിയരാജാവിൻെറ പേരു മണികണ്ഠൻ എന്നാണെന്നു കാണുന്നു. അദ്ദേഹത്തെപ്പററിത്തന്നെ വിവരിക്കുന്ന 24-ാംശ്ലോകത്തിൽ അച്ചടിപ്പിശാച് സൃഷ്ടിച്ച രായിര നാമം അദ്ദേഹത്തിൻെറ പേരല്ലെന്നു വ്യക്തമായതുകൊണ്ടും അതിൻെറ സ്ഥാനത്തു ശരിയായി ചേൎക്കേണ്ട 'നായരി'ശബ്ദത്തെപ്പററി അറിവില്ലാതിരുന്നതിനാലും, ക്ഷോണിപാലം എന്നെഴുതി കണ്ടതുനിമിത്തവും രായിരൻെറ വംശത്തെ താൻ സ്ഥാപിച്ചിരുന്ന ഓൎമ്മഹേതുവായിട്ടും മിസ്റ്റർ പിഷാരോടി ഇപ്രകാരം ദുരൎത്ഥമുണ്ടാക്കിയതല്ലേ എന്നു സംശയിക്കുന്നു. ഈ ശ്ലോകത്തിൻെറ മൂന്നാംവരിയിൽ മുകിൽ എന്ന പദമാണു ചേൎച്ചയെന്നും കവി എഴുതിയിട്ടുള്ളതെന്നും തോന്നുന്നു. ഔദാൎയ്യംകൊണ്ടു മേഘത്തേക്കൂടി തോല്പിക്കുന്ന ദാനശീലവാനാണു വടക്കുംകൂർരാജാവെന്നല്ലേ കവിഹൃദയമെന്നനുമാനിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. പൂൎവ്വസന്ദേശം 15-ാംശ്ലോകത്തിലും ഇതേരീതിയിൽ കവി പ്രയോഗിച്ചിട്ടുണ്ട്.

"ആകല്പം വാണരുളുപകയക്കന്തകാഹന്തഭൂമി-
ക്കാകല്പം നീ മുഴവർമണിയേ വാണിയും പൂവിൽ മാതും
വീകിച്ചേ വന്നഴകൊടു പുണൎന്നീടുമാതിച്ചവൎമ്മാ
മേഘത്തോടും കൊടയിലിടയിൻേറാരു കല്യാണസിന്ധോ!"

(കൊടയിൽ=ദാനത്തിൽ മേഘത്തോടുപോലും ഇടയിൻേറാരു=മത്സരിക്കുന്ന കല്യാണസിന്ധോ)

ഇനി 'നായരി' എന്ന ശബ്ദത്തെപ്പററി ചിന്തിക്കാം.

പൂൎവ്വകാലംമുതൽ പരമ്പരയായി പറഞ്ഞുവരുന്ന ഒരു ശ്ലോകം താഴെ വിവരിക്കുന്നു:—

"കോനാരി രണ്ട്, തിരി, നായരി, രണ്ടുവീതം,
പാരാതെ കണ്ടടികൾ രണ്ടിവരെട്ടു ഭൂപർ
ചൊല്ലാൎന്ന ഗ്രന്ഥവരിയിൽ പരിചോടു കാണാം
നാമങ്ങളെട്ടു നൃപതീമണി പുംഗവാനാം."

കോനാരി 2. തിരി 2. നായരി 2. അടികൾ 2. ഇങ്ങനെ 8 രാജാക്കന്മാർ കേരളത്തിൽ ഉണ്ടെന്നാണ് ഈ ശ്ലോകത്തിൽ പറയുന്നത്.

എ. കോനാരി രണ്ട്:—(1) കുന്നലക്കോനാരി (സാമൂതിരി)=കുന്ന (മല) + അല (സമുദ്രം) + കോൻ (രാജാവു)=മലയ്ക്കും സമുദ്രത്തിനും മദ്ധ്യേയുള്ള ഭൂമിയുടെ രാജാവു=മലയാളരാജ്യാധിപൻ.

679-ാമാണ്ടു മീനമാസത്തിൽ 'കുന്നലക്കോനാരി' പട തുടങ്ങിയപ്പോൾ (സാമൂതിരിയും കൊച്ചിയുമായുള്ള യുദ്ധം) പച്ചീക്കോ (ലന്തക്കാരുടെ സേനാനായകൻ) നിത്യം ചെറുത്തു ജയംകൊണ്ടു' നമ്മുടെ രാജ്യം രക്ഷിച്ചിരിക്കുന്നു. (കേരളപഴമ-പത്മനാഭമേനോൻെറ കൊച്ചിരാജ്യചരിത്രം P. 324)

ശങ്കുണ്ണിമേനവൻെറ 'തിരുവിതാംകൂർചരിത്ര'ത്തിൽ 87-ാംപുറത്തു സാമൂതിരിക്കു 'കുന്നലക്കോനാരി' എന്ന സ്ഥാനപ്പേരുണ്ടെന്നു പറയുന്നു.

"മലയാളത്തിൻെറ നാഥൻ എന്നുള്ള അൎത്ഥത്തിൽ ഒരുകാലത്തു കോഴിക്കോട്ടുരാജാവിനു" 'കുന്നലക്കോൻ' എന്നു ഭാഷയിലും 'ശൈലാബ്ധീശ്വരൻ' എന്നു സംസ്കൃതത്തിലും പേരുകളുണ്ടായിട്ടുണ്ട്." (രസികരത്നം vol: 1 P. 3—കേരളചരിത്രം)

(ii) വെള്ളാക്കോനാരി (വള്ളുവനാട്ടുരാജാവു):—

'വെള്ളാക്കോനാരി' ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രയോഗത്തിൽ ഒരംഗമാണെന്നു മിസ്റ്റർ പത്മനാഭമേനോൻെറ കൊച്ചിരാജ്യചരിത്രത്തിൽ 200-ാംപുറത്തു പറയുന്നു.

കേരളോല്പത്തിയിൽ ഇപ്രകാരം പറഞ്ഞുകാണുന്നു. 'വെള്ളക്കോനാരും കുന്നലക്കോനാരും 43000_വും' (പുരുഷാരം)

ബി. തിരിരണ്ട്:—(i) കോലത്തിരി (കോലത്തുനാട്ടുരാജാവു) 'പെരുമ്പടപ്പ്' (കൊച്ചി)മാത്രമല്ല പോർട്ടുഗീസ്സുകാരെ സ്വീകരിച്ചിട്ടുള്ളതു്. കോലത്തിരിയും വേണാട്ടടികളും (തിരുവിതാംകൂർരാജാവു്) അവരോടു സഖ്യംചെയ്തു കച്ചവടം നടത്തുന്നു.' (പത്മനാഭമേനോന്റെ കൊച്ചീരാജ്യചരിത്രം P. 267)

'കോലത്തിലെ രാജാവു കോലത്തിരി എന്നു വിളിക്കപ്പെടുന്നു.' (Marcopolo by rule p. 379)

'പഴയങ്ങാടിയിൽ കോലത്തിരിയുടെ ഒരു പഴയ കോട്ടയുടെ അവശിഷ്ടങ്ങൾ കാണുന്നുണ്ട്.' (Ibid p. 387)

'ചേരസാമ്രാജ്യത്തിന്റെ അധോഗതിയോടുകൂടി തെക്കൻദിക്കിൽ ശക്തിമാനായി ഭവിച്ച തിരുവിതാംകൂർരാജാവും: വടക്കൻദിക്കിൽ പ്രബലനും തിരുവിതാംകൂറിന്റെ ബന്ധുവുമായ കോലത്തിരിയും സ്വതന്ത്രരാജാക്കന്മാരായിത്തീൎന്നു.' (Notes on Vischer's letters from Malabar by K. P. Padmanabha Menon p. 263)

'കോലത്തിരിയുടെ രാജ്യത്തു 36 ലീഗ് വടക്കായി കണ്ണൂർകോട്ടയാണ്.' (Visschers Letters No 4 p. 20)

(ii) പോർളാതിരി (പോർളനാട്ടുരാജാവു)

'സാമൂതിരിപ്പാട് ആദ്യമേതന്നെ ക്രി. 1050_ൽ പോർളനാട്ടിന്റെനേരെ പുറപ്പെട്ടു. ഇപ്പോൾ കോഴിക്കോടെന്നു വിളിച്ചുവരുന്ന ഒരു സ്ഥലത്തിന്റെ സമീപപ്രദേശത്തെയാണ് അക്കാലത്തു 'പോർളനാട്' എന്നു വിളിച്ചുവന്നതു്. ഈ പ്രദേശത്തിന്റെ വടക്കേ അതൃത്തി പയ്യനാട്ടും, കുറുമ്പനാട്ടും; തെക്കേഅതൃത്തി പരപ്പനാട്ടും ആയിരുന്നു. സാമൂതിരി പോർളാതിരിയെ ജയിച്ച് ആ നാട്ടു കൈവശപ്പെടുത്തി. പോർളാതിരികുടുംബക്കാർ കോലത്തിരിയേ അഭയംപ്രാപിച്ചു് അവിടെ പാർത്തു. എന്നുമാത്രമല്ല, കോലത്തിരിരാജാക്കന്മാരിൽ ഒരു കൂർ വാഴ്ചക്കാരനായ വടക്കേഇളംകൂർരാജാവു പോർളാതിരിരാജകുടുംബത്തിലേ ഒരു തമ്പുരാട്ടിയേ വിവാഹംചെയ്കയും അതിലുണ്ടായ സന്താനങ്ങൾക്കായിട്ടു കോലത്തുനാടിന്റെ തെക്കേഭാഗത്തായി ഏതാനും സ്ഥലം ഇഷ്ടദാനമായി കൊടുക്കുകയുംചെയ്തു. ഈ പോർളാതിരികുടുംബക്കാരെയാണ് ഇപ്പോൾ കടത്തനാട്ടുരാജാക്കന്മാരെന്നു പറഞ്ഞുവരുന്നതു്.' ('ചില ചരിത്രശകലങ്ങൾ'—ചിറയ്ക്കൽ രാമവൎമ്മഇളയരാജാ. ഭാ. പോ. വാല്യം (21. p. 51.)

"മലബാറിൽ ആധിപത്യം കിട്ടണമെന്നുണ്ടായ മോഹം ഹേതുവായിട്ടു സാമൂതിരി പോർളാതിരിയോടു 48 വൎഷം യുദ്ധംചെയ്തു് ഒടുവിൽ പോർളാതിരിയുടെ വഞ്ചകിയായ മന്ത്രിയേയും നീചയായ പരിഗ്രഹത്തേയും കോഴ കൊടുത്തു സ്വാധീനപ്പെടുത്തി, ചതിവുകൊണ്ടു സാമൂതിരി രാജ്യം കൈവശപ്പെടുത്തുകയും അവിടെ വേലാപുരം എന്ന ദിക്കിൽ ഒരു കോട്ട കെട്ടി ഉറപ്പിക്കുകയുംചെയ്തു.' (വിഷരുടെ മലബാർകത്തുകൾക്കു പത്മനാഭമേനോൻ എഴുതിയ നോട്ടു്, അഥവാ കേരളചരിത്രം p. 227.)

സി. നായരി—രണ്ട്:—(i) വടക്കുംകൂർനായരി (വടക്കുംകൂർരാജാവു്)

"തച്ചുടയകയ്മളുടെ അവരോധത്തിന്റെ ചടങ്ങുകളേ സംബന്ധിച്ചു 'കൂടൽമാണിക്യ'ക്ഷേത്രത്തിലേ ഗ്രന്ഥവരിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "അതിനുള്ള ക്രിയകൾ നടത്തുമ്പോൾ ക്ഷേത്രത്തിലേ സ്ഥാനികൾ എല്ലാവരും നന്ത്രിപുലം നാലു കയ്മന്മാരും, വടക്കിൻകൂററിൽനായരിയും, മുരിയാടത്തുനമ്പ്യാരും, വെള്ളാട്ടുകര നമ്പിടിയും, വെള്ളോസ്സു നമ്പ്യാരും, മററു പ്രഭുക്കന്മാരുംകൂടെ ഉണ്ടായിരിക്കണം." (പത്മനാഭമേനോന്റെ കൊച്ചിരാജ്യചരിത്രം p. 203)

ക്രിസ്ത്വാബ്ദം 1663 മാൎച്ച് 22_ാംനു- കൊച്ചിരാജാവും ലന്തക്കാരുംകൂടി "ചെമ്പേട്ടിൽ" എഴുതിപ്പിടിച്ച ഉടമ്പടിയിൽ അതായതു "അരുളിച്ചെയ്തു നമ്മുടെ അനന്തിരവർ. മേൽപ്പട്ടു,

വെകുമാനപ്പെട്ട കുമ്മഞ്ഞി (ഡച്ച് ഈസ്റ്റിൻഡ്യാകമ്പനി)യെ വിശ്വോതിച്ച നമ്മുടെ തൊരുപത്തെ രെക്ഷിച്ച ചെല്ലെണ്ടുംപെറകാരത്തിന്ന അങ്ങൊട്ടുമിങ്ങൊട്ടും വിശ്വോതിച്ച ഒടമ്പടിക്ക് എഴുതിവച്ചിരിക്കുന്ന പെറകാരത്തിന്നും പുതുവപ്പ് 320-ാമതു (വയ്പ്പുദ്വീപു കൊച്ചിയിലുണ്ടായ ആണ്ടു (ക്രി. പി. 1341)മുതൽ കണക്കാക്കിയിരിക്കുന്ന അബ്ദം) മേടമാസം പഴെയന്നൂർപകവതിയുടെ നടയിൽ കാഞ്ഞിരപ്പൊഴെയാൽ തെക്കും വടക്കും ഒള്ള പെറവൃക്കൻമാർവും വേങ്ങനാട്ടുകിരാമത്തിൽ തച്ചനങ്ങളിൽ (സജ്ജനങ്ങളിൽ) വാഴെപെരവും അവണാനമ്പൂരിയെയും തിക്കി ആയി വച്ചുംകൊണ്ടു എഴുതിവച്ച വപ്പി"ൽ

"നമുക്കു (കൊച്ചീരാജാവിനു്) ആപത്തുകൾ ഉണ്ടായിരിക്കുമ്പോൾ വടക്കുംക്കൂററിൽ നായരി ആകുന്ന "തകായങ്കൾ" "ചേതിരിക്ക"കൊണ്ടു നായരിക്കു ഒരു "ആവിച്ചം" വരുമ്പോൾ വേണ്ടുന്ന "തകായം" ചെയ്തുകൊട്ടുത്തു നടത്തിക്കൊൾകയും വേണം" എന്നു വിവരിക്കുന്നു. (Tr: Arch: Series Vol 1 part 1V and V p. 32/7.)

(ii) തെക്കുംക്കൂർനായരി (തെക്കുംക്കൂർരാജാവു്)

വടക്കുംക്കൂറിനും തെക്കുംക്കൂറിനും നായരി എന്ന സ്ഥാനമുണ്ടെന്നും, ആ സ്ഥാനപ്പേരു വച്ചു് ആ രാജാക്കന്മാൎക്കു തിരുവിതാംകൂർസൎക്കാരിൽനിന്നും അട്ടത്തുൺ കൊടുത്തിട്ടുണ്ടെന്നും, പൂൎവ്വകാലംമുതൽക്കുള്ള സൎക്കാർകണക്കുകളിൽ കാണുന്നുണ്ടു്. ആ കണക്കുകളെപ്പററി വിവരിക്കുന്നതിനുമുമ്പ് ആ കണക്കുകളുടെ അൎത്ഥം മനസ്സിലാക്കുന്നതിനായി ആ രാജ്യങ്ങളെയും രാജാക്കന്മാരെയുംപററി സ്വല്പം പറയേണ്ടതായിരിക്കുന്നു. വടക്കുംക്കൂറിൻെറയും തെക്കുംക്കൂറിൻെറയും അതിൎത്തിയായ നെട്ടുംകോട്ടയെപ്പററി മുമ്പു വിവരിച്ചിട്ടുണ്ടു്. ഈ കോട്ട കിഴക്കു സഹ്യപൎവ്വതംമുതൽ പൂഞ്ഞാററിടവകയുടെയും, തൊടുപുഴതാലൂക്കിൻെറയും അതിരുവഴി പടിഞ്ഞാട്ടുവന്നു മീനച്ചിൽതാലൂക്കിലും പഴയ ഏററുമാനൂർതാലൂക്കിലുംകൂടി പോയി വൈക്കംതാലൂക്കിൻെറ തെക്കേഅതിരിൽകൂടി വേമ്പനാട്ടുകായലിൽ സന്ധിക്കയാണല്ലോ. ഈ നിലയ്ക്കു പൂഞ്ഞാററിടവകയും മീനച്ചൽ ഏററുമാനൂർതാലൂക്കുകളിൽ കോട്ടയ്ക്കു തെക്കുഭാഗങ്ങളും കോട്ടയം ചങ്ങനാശേരിതാലൂക്കുകളും, തെക്കുംക്കൂർരാജ്യവും മീനച്ചൽ, ഏററുമാനൂർതാലൂക്കുകളിൽ കോട്ടയ്ക്കു വടക്കുഭാഗം സ്ഥലങ്ങളും വൈക്കം മൂവാററുപുഴ തൊടുപുഴ താലൂക്കുകളും വടക്കുംക്കൂർരാജ്യവുമായിരുന്നു. വടക്കുംക്കൂർരാജാക്കന്മാർ രാജ്യം ഭരിച്ചിരുന്നകാലത്തു് ആ രാജകുടുംബം പല ശാഖകളായി പിരിഞ്ഞു് ആ രാജ്യത്തു പല സ്ഥലങ്ങളിലായി പാൎത്തിരുന്നു. തൊടുപുഴ കാരിക്കോട്ടു എടവെട്ടി, മീനച്ചൽ രാമപുരത്തു വെള്ളിലാപ്പള്ളി കണ്ണീററി ഏററുമാനൂരിൽ കൈപ്പുഴ മുടക്കാരി കടുത്തുരുത്തി, വൈക്കത്തു വടയാറു മുതലായവയായിരുന്നു ഈ ശാഖകളുടെ പാൎപ്പുസ്ഥലങ്ങൾ. ഈ ശാഖകളിൽ കണ്ണീററിശാഖക്കാരാണു് ഇപ്പോൾ മീനച്ചിൽ കടനാട്ടിൽ വടക്കേ കോയിക്കലും കുന്നേൽകോയിക്കലും പാൎക്കുന്നവർ. മുടക്കാരിശാഖക്കാരാണു് ഇപ്പോൾ ഏററുമാനൂർക്ഷേത്രത്തിനു വടക്കുവശം ഇടത്തിൽ താമസിക്കുന്നതു്. ശേഷം ശാഖക്കാർ അന്യംനിന്നതായാണു് അറിവു്. കടുത്തുരുത്തിയിലായിരുന്നു വടക്കുംക്കൂറിൻെറ രാജധാനി. പട്ടാളങ്ങളുടെ കിടപ്പും "പടവീടും" വലിയരാജാവിൻെറ ഇരിപ്പും അവിടെത്തന്നെയായിരുന്നു. അവിടെവച്ചാണു് തിരുവിതാംകൂറും വടക്കുംക്കൂറുംതമ്മിൽ ഘോരമായ യുദ്ധം നടന്നതു്. ആ യുദ്ധത്തിൽ കടുത്തുരുത്തികൊട്ടാരങ്ങളും ക്ഷേത്രങ്ങളും മററും നിശ്ശേഷം നശിപ്പിക്കപ്പെട്ടുപോയി. പിന്നീടു തിരുവിതാംകൂർ സൎക്കാരിൽനിന്നും ജീൎണ്ണോദ്ധാരണം ചെയ്യപ്പെട്ടതാണു് ഇപ്പോൾ കാണുന്ന തളിയിൽക്ഷേത്രം.

യുദ്ധത്തിൽ ഏല്പെട്ടു തോല്പിക്കപ്പെട്ട രാജാക്കന്മാർ കോഴിക്കോട്ടേക്കു് ഓടിപ്പോയി സാമൂതിരിയെ അഭയം പ്രാപിച്ചു് അവിടെ താമസിച്ചു. ആ സന്ദൎഭത്തിലും കാലസ്ഥിതിക്കും ആ രാജാക്കന്മാരുടെ കുടുംബത്തിലെ സ്ത്രീകൾ കൂടി അവരോടൊരുമിച്ചു കോഴിക്കോട്ടേക്കു പോയതായി പറയുന്നതു വിശ്വാസയോഗ്യമായിരിക്കുന്നില്ല. രാജാക്കന്മാർ ഓടിപ്പോയതു 929-ലോ 930-ലോ ആണെന്നും, യുദ്ധം കൂടാതെ ഭയന്നു് അവർ നാടുവിട്ടു പൊയ്ക്കളഞ്ഞതാണെന്നും പറയുന്നതും വാസ്തവമല്ല. തിരുവിതാംകൂർ റെവന്യുമാനുവൽ വാല്യം 4, പുറം 97-ൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"925-ൽ തെക്കുംക്കൂർരാജ്യം യുദ്ധത്തിൽ പിടിച്ചടക്കി. ഇതോടുകൂടി തിരുവിതാംകൂറിൻെറ അതൃത്തി, കുമരകം, 'അയ്മനം, കൈപ്പുഴ, ഏററുമാനൂർ, കിടങ്ങൂർ, ളാലം,

കൊണ്ടൂർ ഈ സ്ഥലങ്ങൾ വരെ എത്തി. തെക്കുംകൂർ പിടിച്ചടക്കിയ ശേഷം വടക്കുംകൂർരാജാവു രാജ്യമുപേക്ഷിച്ചു കോഴിക്കോട്ടേക്കു് ഓടിപ്പോകയാൽ, ഉടൻതന്നെ മൂവാററുപുഴ ആറു വരെ എത്തിയിരുന്ന വടക്കുംകൂർരാജ്യം തിരുവിതാംകോട്ടേക്കു ചേർത്തു.”

ഈ പ്രസ്താവന തെററാണെന്നു ടി മാനുവൽ 5-ാം വാല്യത്തിൽതന്നെ 3-ാം പുറത്തു ‘തൃപ്പടിദാനം’ സംബന്ധിച്ചു വിവരിക്കുന്ന പത്മനാഭസ്വാമികോവിലിലെ ഗ്രന്ഥവരി തെളിയിക്കുന്നു:—

“925-ാമാണ്ടു തെക്കുംകൂർ തമ്പുരാൻ എഴുന്നരുളി മുഖം കാട്ടി രാജ്യം എഴുതിവച്ചുകൊണ്ടു പടയും ശേഖരിച്ചു കൊണ്ടുചെന്നു വടക്കുംകൂർ തമ്പുരാനോടു പട പൊരുതു തെക്കുംകൂറും വടക്കുംകൂറും അടങ്ങുകയും ചെയ്തു പില്പാകം തോവാള മുതൽ കവണാറു വരെ രാജ്യവും തൃപ്പടിയിൽ ദാനം ചെയ്തു.”

കോഴിക്കോട്ടേക്കു് ഓടിപ്പോയ രാജാക്കന്മാർ 940-ാമാണ്ടു വരെ 15 വർഷക്കാലം അവിടെ താമസിച്ചു. സാമൂതിരിയും തിരുവിതാംകൂർ രാമവർമ്മമഹാരാജാവും തമ്മിൽ നടത്തിയ എഴുത്തുകുത്തിന്റെ ഫലമായി വടക്കുംകൂറിൽനിന്നും ഓടിപ്പോയവരിൽ അന്നു ജീവിച്ചിരുന്ന രാജാക്കന്മാർ തിരുവിതാംകൂറിൽ വന്നു താമസിച്ചുകൊള്ളുന്നതിനു കല്പിച്ചനുവദിച്ചു. എന്നാൽ അവർ വടക്കുംകൂർരാജ്യത്തു താമസിച്ചാൽ ഉപദ്രവങ്ങളുണ്ടാകുമെന്നു വിചാരിച്ചു്, അവരേ വരുത്തി കൊല്ലത്തു ‘കല്പട’ എന്ന ദിക്കിൽ ഉണ്ടായിരുന്ന സർക്കാർ വക “മംഗലശ്ശേരികോയിക്കലി”ൽ 940-ാമാണ്ടു പാർപ്പിച്ചു് അടുത്തൂൺ പതിച്ചു കൊടുത്തു. ഓടിപ്പോകാതെ വടക്കുംകൂർരാജ്യത്തു താമസിച്ചിരുന്ന ശാഖകൾക്കു് അതിനു മുമ്പു തന്നെ അടുത്തൂൺ പതിച്ചു കൊടുത്തിരുന്നു. ആ ശാഖക്കാരിൽ കടനാട്ടിൽ താമസിക്കുന്ന ‘കണ്ണേററി’ ശാഖയും, ഏററുമാനൂരിൽ താമസിക്കുന്ന ‘മുടക്കാരി’ശാഖയും മാത്രമേ ഇപ്പോൾ ഉള്ളു.

കല്പടെ താമസിച്ചിരുന്നവരേ 989-ാമാണ്ടിടയ്ക്കു സർക്കാരിൽനിന്നും വൈക്കത്തുണ്ടായിരുന്ന സർക്കാർ വക ‘കണ്ണേഴത്തു്’ എന്ന കെട്ടിടത്തിൽ വരുത്തി താമസിപ്പിച്ചു. 984-ാമാണ്ടത്തെ ശണ്ഠയിൽ വേലുത്തമ്പിദളവായോടു ചേർന്നു, കലാപത്തിനിടയാക്കി എന്ന കുററത്തിനായി കഴുവേററപ്പെടുകയും, വൈക്കംമുഖത്തു സർവ്വാധിയായിരിക്കയും ചെയ്ത “വൈക്കം പത്മനാഭപിള്ള” എന്ന ഒരു നാഞ്ചിനാട്ടു വെള്ളാളന്റെ വക സർക്കാരിലേക്കു കണ്ടുകെട്ടി എടുത്തിരുന്ന വീടായിരുന്നു മേൽ വിവരിച്ച കണ്ണേഴത്തു കെട്ടിടം. ആ കെട്ടിടത്തിൽ താമസിച്ചുകൊണ്ടു തങ്ങൾക്കു സർക്കാരിൽനിന്നും കിട്ടിവന്ന പെൻഷ്യനിൽ ചെലവു നീക്കി ഉണ്ടായ ബാക്കി സംഖ്യകൊണ്ടു ആ ശാഖക്കാർ സ്വയമായി സമ്പാദിച്ച വസ്തുക്കളിൽ അവർ പണിയിച്ച കെട്ടിടങ്ങളായ വൈക്കത്തു തെക്കുംഭാഗത്തു “വഴുതനക്കാട്ടും” “കൊച്ചനാട്ടും” ആണു് ആ ശാഖക്കാർ ഇപ്പോൾ പാർത്തുവരുന്നതു്. തെക്കുംകൂർ രാജവംശത്തെ സർക്കാരിൽനിന്നും പെൻഷ്യൻ പതിച്ചു കോട്ടയത്തു നട്ടാശ്ശേരിൽ പാർപ്പിച്ചു. ആ വംശം അന്യംനിന്നു പോയി. ഇപ്പോൾ അവിടെ പാർക്കുന്നവർ വൈക്കത്തു വഴുതനക്കാട്ടുനിന്നും ഉണ്ടായ ദത്തിലുള്ളവരാണു്. ഈ ദത്തുമൂലം വഴുതനക്കാട്ടുശാഖയും തെക്കുംകൂർ ശാഖയും തമ്മിൽ ഇപ്പോൾ പുല വാലായ്മയുണ്ടു്.

കടനാട്ടിൽ താമസിക്കുന്ന വടക്കുംകൂർ ശാഖയിൽ പെട്ടവരുടെ വകയായ പൊരിമററം ആദിയായ ദേവസ്വങ്ങളും സ്വത്തുക്കളും ട്രസ്റ്റിയുടെ നിലയിൽ മുൻകാലത്തു സർക്കാരിൽനിന്നും എടുത്തു കൈവശപ്പെടുത്തി ഭരണം നടത്തിവരുമ്പോൾ, ദിവാൻ മിസ്റ്റർ രാജഗോപാലാചാരിയുടെ കാലത്തു് ആ ദേവസ്വങ്ങളും വസ്തുക്കളും കടനാട്ടിൽ തമ്പുരാക്കന്മാർക്കു തിരികെ വിട്ടുകൊടുത്തു. സർക്കാരധീനത്തിൽ ആ ദേവസ്വങ്ങൾ ഇരുന്നപ്പോൾ സർക്കാരിൽനിന്നും പിശകായി ദേവസ്വം വക ഏതാനും വസ്തുക്കൾ അന്യന്മാർക്കു പുതുവൽ പതിച്ചുകൊടുക്കാനിടയായി. ഈ ഭൂമികളിൽ ദേഹണ്ഡം ചെയ്തിരുന്ന കുടികളിൽ നിന്നും അവയെ ഒഴിപ്പിച്ചു കടനാട്ടിൽ തമ്പുരാനു കൊടുക്കാൻ നിവൃത്തിയില്ലെന്നു കണ്ടു്, ആ ഭൂമികളുടെ വില നഷ്ടമായി സർക്കാരിൽനിന്നും തമ്പുരാനു കൊടുക്കാമെന്നു തീരുമാനിച്ചു തിട്ടം വരുത്തിച്ചു സംഖ്യ നിർണ്ണയിച്ചു. ആ സംഖ്യ കൊടുക്കാൻ ഭാവിച്ചപ്പോൾ “കടനാട്ടിൽ തമ്പുരാക്കന്മാർ വടക്കുംകൂർ രാജാക്കന്മാരല്ലെന്നും, അവർ നായരി എന്നൊരു ജാതിയാണെന്നും, അവർ വടക്കുംകൂർ വേരുവെച്ചു് എഴുത്തുകുത്തു ചെയ്യുന്നതിനെ വിരോധിക്കണമെന്നും, അവർ വടക്കും

ക്കുറെന്നു കളവായി പേരു വച്ച് അടപക്ഷിച്ചതുകൊണ്ടാണ് വടക്കുംകൂർ വക പൊരിമററവും മററും ദേവസ്ഥങ്ങൾ അവക്കു വിട്ടുകൊടുക്കാൻ ഇടയായതെന്നും, തൻെറ വക വൈക്കത്തു താമസിക്കുന്നവർ മാത്രമെ വടക്കുംകൂർ വംശക്കാരായുള്ളൂ" എന്നും മററും വൈക്കത്തു വഴുതനക്കാട്ടു കോയിക്കൽ ചിത്തിര നാൾ രവിവമ്മതമ്പുരാൻ 1090 തുലാത്തിൽ വലിയകൊട്ടാരത്തിൽ ബോധിപ്പിച്ച ഒരു ഹർജി കൽപ്പനപ്രകാരം ഗവമ്മെൻറുമുഖാന്തിരം കോട്ടയം ഡിവിഷൻകച്ചേരിയിൽ വന്നു ഊർജ്ജിതമായി വിചാരണ നടന്നു. ആ വിചാരണയിൽ എതൃകക്ഷി കടനാട്ടു വടക്കേ കോയിക്കൽ പൂയം നാൾ രാമവമ്മതമ്പുരാനായിരുന്നു. വൈക്കത്തുതമ്പുരാൻെറ വാദം ഇപ്രകാരമായിരുന്നു:—"കടനാട്ടിൽ തമ്പുരാൻ കണ്ണീററിൽ നായരിയാണ്. നായരി എന്നും കോവിലധികാരികൾ എന്നും ആണ് അദ്ദേഹം സ്ഥാനം വച്ച് എഴുത്തുകുത്തു ചെയ്തിരുന്നതു്. അടുത്ത കാലത്താണ വടക്കുംകൂർ എന്നു സ്ഥാനപ്പേരുപയോഗിച്ചുതുടങ്ങിയതു്. തൻെറ കുടുംബക്കാർ മുമ്പിനാലെ വടക്കുംകൂർ എന്ന പേരിൽ എഴുതിവരാറുണ്ട്. താനും കടനാട്ടിൽ തമ്പുരാനും രണ്ടു ജാതിക്കാരാണ്. തൻെറ കുടുംബത്തിൽ 13 ദിവസത്തേ പുല ആചരിക്ക പതിവുണ്ട്. എതൃകക്ഷിയുടെ കുടുംബത്തിൽ 12 ദിവസത്തേ പുലയേ ആചരിക്കാറുള്ളൂ. തൻെറ കുടുംബവും എതൃകക്ഷിയുടെ കുടുംബവും തമ്മിൽ കൂടികഴിയുന്നവരോ പുലവാലായ്മയുള്ളവരോ അല്ല. ഈ സ്ഥിതിക്കു രണ്ടു കക്ഷികളും ഒരേ കുടുംബമായ വടക്കുംകൂർ വംശത്തിൽ പെട്ടവരായിരിക്കാൻ ന്യായമില്ല. അതുകൊണ്ടു് എതൃകക്ഷി കുടുംബക്കാർ വടക്കുംകൂർ വംശമല്ല. തൻെറ കുടുംബക്കാരാണ് ആ വംശക്കാർ." ഈ വാദത്തേ സ്ഥാപിക്കാനുള്ള വാചാസാക്ഷ്യവും രേഖാതെളിവും ഹർജിക്കാരൻ ഹാജരാക്കി. എതൃകക്ഷിഭാഗത്തുനിന്നും പുറപ്പെടുവിച്ച എതൃവാദവും ഹാജരാക്കിയ തെളിവിൻെറ സ്വഭാവവും താഴെ വിവരിക്കുംപ്രകാരമായിരുന്നു. "വടക്കുംകൂർ രാജവംശത്തിനും തെക്കുംകൂർ രാജവംശത്തിനും പുരാതനകാലം മുതൽക്കുള്ള ഒരു സ്ഥാനപ്പേരാണ് നായരി എന്നതു. രാജ്യഭരണം ചെയ്തിരുന്ന കാലത്തു വടക്കുംകൂർ വലിയ രാജാക്കന്മാർ "വെണ്മലനാട്ടുടയ കോതവമ്മ കോവിലധികാരികൾ" എന്ന പേരിലാണ് എഴുത്തുകുത്തു ചെയ്തിരുന്ന പതിവു്. അല്ലാതെ വടക്കുംകൂർ രാജാവെന്നല്ല. ആ ക്രമത്തിനു തൻെറ കുടുംബക്കാർ രാജ്യം പോയ ശേഷവും 'കോതവമ്മ കോവിലധികാരികൾ' എന്നെഴുത്തുകുത്തു ചെയ്തിട്ടുള്ളതാണ്. എടവെട്ടി, വെള്ളിലാപ്പള്ളി, കണ്ണീററി, കൈപ്പുഴ, മുടക്കാരി മുതലായ പല ശാഖകളായി വടക്കുംകൂർ രാജവംശം, അവർ രാജ്യം ഭരിച്ചിരുന്ന കാലത്തുതന്നെ, വടക്കുംകൂർ രാജ്യത്തിൽ പല സ്ഥലങ്ങളിലായി പാത്തിരുന്നു. തലസ്ഥാനം കടുത്തുരുത്തിയായിരുന്നു. എല്ലാ ശാഖയിലേക്കും അതാതു കാലത്തു മൂപ്പനായ അംഗം വലിയരാജാവായി രാജ്യം ഭരിച്ചുകൊണ്ടു കടുത്തുരുത്തിയിൽ താമസിക്കയായിരുന്നു. പട്ടാളങ്ങളും, കച്ചേരികളും, രാജധാനിയുമെല്ലാം കടുത്തുരുത്തിയിലായിരുന്നു. അവിടെ വലിയരാജാവും ചില ആൺവഴി ഇളമുറ തമ്പുരാക്കന്മാരുമല്ലാതെ സ്ത്രീജനങ്ങൾ താമസിച്ചിരുന്നില്ല. സ്ത്രീകൾ താമസിച്ചിരുന്നതു മേൽ വിവരിച്ച മററു ശാഖകളിലാണ്. തിരുവിതാംകൂർ വടക്കുംകൂറുമായി കടുത്തുരുത്തിയിൽവച്ചാണ യുദ്ധമുണ്ടായതു്. യുദ്ധത്തിൽ തോററ വലിയരാജാവും ചില ഇളമുറരാജാക്കന്മാരും കൂടി ഒളിച്ചോടി കോഴിക്കോട്ടു പോയി സാമൂതിരിയെ അശ്രയിച്ചു താമസിച്ചു. സ്ത്രീകളാരും കോഴിക്കോട്ടേക്കു പോയുമില്ല; പോകാൻ സംഗതിയുമില്ല. രാജ്യം തിരുവിതാംകോട്ടേക്ക് അടങ്ങിയ ഉടനേ, വടക്കുംകൂറിൽ അവിടവിടെ താമസിച്ചിരുന്ന ആ രാജവംശത്തിലെ സ്ത്രീപുരുഷന്മാർക്കു ചെലവിലേക്കു മാർത്താണ്ഡവമ്മമഹാരാജാവു് അടുത്തൂൺ പതിച്ചുകൊടുത്തു് അവിടവിടെത്തന്നെ പാപ്പിച്ചിരുന്നു. കോഴിക്കോട്ടേക്കു പോയ പുരുഷന്മാരിൽ ജീവിച്ചിരുന്നവരെ രാമവമ്മമഹാരാജാവിൻെറ കാലത്തു 940-നിടയ്ക്കു കൊല്ലത്തു കല്പടെ വരുത്തി പാപ്പിച്ചു. അവക്ക് അടുത്തൂൺ പതിച്ചുകൊടുത്തു. കടനാട്ടു മുതലായ ശാഖകളിൽ പാത്തിരുന്ന സ്ത്രീകൾ അവരുടെകൂടെ പാക്കാൻ ചെല്ലണമെന്ന് ആ ശാഖക്കാരോട് അവർ ആവശ്യപ്പെട്ടു എങ്കിലും, വളരെക്കാലം അവർ കോഴിക്കോട്ടു താമസിക്കയാൽ ആളറിയാനും അവരുടെ മുൻ നടപടികളെ ധരിപ്പാനും മാർഗ്ഗമില്ലാതിരുന്നതിനാൽ സ്ത്രീകളെ അയച്ചില്ല. തന്നിമിത്തം കുമാരനല്ലൂർ വടക്കേ മഠത്തിൽ പണ്ടാലയുടെ (ചീഫ് സിക്രട്ടറിയായിരുന്ന മിസ്റ്റർ നാരായണൻപണ്ടാലയുടെ) വംശമായ ബ്രിട്ടീഷിൽ വാഴൂർ ഏറാടിയുടെ കുടുംബത്തിൽനിന്നും രണ്ടു സ്ത്രീകളെ അവർ കല്പടെ കൊണ്ടുവന്ന് ഒരുമിച്ചു പാപ്പിച്ചു. ഈ സ്ത്രീകളുടെ

മക്കൾവഴിയിലുള്ളവരാണു സർക്കാരിൽനിന്നും പിൽക്കാലം വൈക്കത്തു കണ്ണേഴത്തു വരുത്തി താമസിപ്പിച്ച ഹർജിക്കാരൻെറ ശാഖക്കാർ. ഹർജിക്കാരൻെറ ശാഖയിൽനിന്നും പിന്നീടു തെക്കുംകൂറിലേക്കു ദത്തുണ്ടാകയാൽ ഹർജിക്കാരൻെറ കുടുംബവും ഇപ്പോഴത്തെ തെക്കുംകൂർ കുടുംബവും തമ്മിൽ പുലവാലായ്മയുണ്ടാവാൻ കാരണമായി. ഈ രണ്ടു കുടുംബവും വടക്കേ മഠത്തിൽ പണ്ടാലയുമായുണ്ടായിരുന്ന പുലവാലായ്മ 1050–ാമാണ്ടിടയ്ക്കു കുമാരനല്ലൂർ ക്ഷേത്രത്തിൽ വച്ചു "മുറിക്ക"യാൽ ഇപ്പോൾ വടക്കേ മഠത്തിൽ പണ്ടാല പുല ആചരിക്കാത്തതാണ്. കടനാട്ടിൽ പാർക്കുന്നവർ വടക്കുംകൂർ വക കണ്ണേററിശാഖയും, ഏററുമാനൂർ താമസിക്കുന്നവർ മുടക്കാരി ശാഖയുമാണ്. ഈ രണ്ടു ശാഖകളിലും പെട്ടവർ ആദി വടക്കുംകൂർ രാജവംശമാണ്. ഈ രണ്ടു ശാഖകളല്ലാതെ രാജ്യം ഭരിച്ചിരുന്ന വടക്കുംകൂർ രാജവംശത്തിൽപെട്ടവർ ഇപ്പോൾ ഇല്ല. എടവെട്ടി, വെള്ളിലാപ്പള്ളി, കൈപ്പുഴ ഈ ശാഖകൾ അന്യംനിൽക്കയാൽ ആ ശാഖകൾ പേരിൽ പതിവുണ്ടായിരുന്ന അട്ടത്തുൺ കടനാട്ടും മുടക്കാരിയും ശാഖകളായ സാക്ഷാൽ വടക്കുംകൂർ വംശത്തെ അറിയിക്കാതെ ഹർജിക്കാരൻെറ കുടുംബക്കാർക്കുണ്ടായിരുന്ന സൌകര്യവും സ്വാധീനവും നിമിത്തം ആ കുടുംബപ്പേരിൽ പേരു മാററി പതിപ്പിച്ചിട്ടുള്ളതും തൻമൂലം അവർക്കു വളരെ കൂടുതൽ അട്ടത്തുൺ കിട്ടുന്നതിനിടയായിട്ടുള്ളതും ആകുന്നു. രാജ്യം ഭരിച്ച കാലത്തു വടക്കുംകൂർ രാജവംശത്തിലെ മാറാ പുരോഹിതസ്ഥാനം മണക്കാട്ടുനമ്പൂരിയുടെ ഇല്ലത്തേക്കാണു സ്ഥിതിചെയ്തിരുന്നതു്. ആ നമ്പൂരിയുടെ ഇല്ലക്കാരാണ് ഇന്നും കടനാട്ടിലും ഏററുമാനൂരിലും താമസിക്കുന്നവരുടെ പുരോഹിതന്മാർ. ഹർജിക്കാരൻെറ കുടുംബത്തിൽ പുരോഹിതപ്രവൃത്തി നടത്തുന്നതു മണക്കാട്ടു നമ്പൂരിയല്ലെന്നു മാത്രമല്ല, വേറൊരു നമ്പൂരിയും ഇല്ല. അപ്പഴപ്പോൾ കിട്ടുന്ന തുളുപോററിയെക്കൊണ്ടാണു നടത്തിക്കുന്നതു്. മുൻകാലത്തെ രാജകുടുംബങ്ങളിലെല്ലാം നമ്പൂരിമാരാണു പുരോഹിതന്മാരായിട്ടുള്ളതു്. കേരളരാജാക്കന്മാർക്കു കോവിലധികാരികളെന്നു പേരു സിദ്ധിച്ചിരിക്കുന്ന ക്രമത്തിനു് ഓരോ രാജാവിനു സ്വന്തമായി ക്ഷേത്രവും വസ്തുക്കളും ഉണ്ടായിരിക്കേണ്ടതാണ്. ആ ക്രമത്തിനു വടക്കുംകൂർ രാജാവിനും ക്ഷേത്രങ്ങളും വസ്തുക്കളും ഉണ്ടായിരുന്നു. അപ്രകാരം ഉണ്ടായിരുന്ന ക്ഷേത്രങ്ങളിൽ കണ്ണേററിശാഖയ്ക്കുണ്ടായിരുന്ന ക്ഷേത്രങ്ങളാണു 'പൊരിമററത്തു ശാസ്താവു' ക്ഷേത്രവും, പുന്നിലത്തു കാവു ഭഗവതിക്ഷേത്രവും, പുഴക്കിൽ കൃഷ്ണസ്വാമി ക്ഷേത്രവും. ഈ ക്ഷേത്രങ്ങളും ആ ക്ഷേത്രങ്ങൾ വക കരം ഒഴിവായ വളരെ വസ്തുക്കളും കടനാട്ടിൽ കോയിക്കൽ വകയായി ഇപ്പോൾ ആ കോയിക്കൽ കൈവശം ഇരിക്കുന്നുണ്ടു്. ഹർജിക്കാരൻെറ കുടുംബത്തേക്കു ദേവസ്വമോ തനതു വസ്തുക്കളോ ഇല്ല. ഇത്യാദി കാരണങ്ങളാലാണു ഹർജിക്കാരൻെറ കുടുംബവും എതൃകക്ഷിയുടെ കുടുംബവും തമ്മിൽ കൂടിക്കഴിയാതെ വിഭിന്ന ജാതികളായി വരാൻ കാരണം."

ചീഫ്സിക്രട്ടറിയായിരുന്ന മിസ്റ്റർ നാരായണൻപണ്ടാലയുടെ സഹോദരീഭർത്താവായിരുന്ന ഉദയവർമ്മൻ ഉണ്ണിപ്രാതിരി ടി കേസിൽ എതൃകക്ഷിഭാഗം സാക്ഷിയായി മൊഴി കൊടുക്കയും, എതൃകക്ഷിയുടെ വാദം സ്ഥാപിക്കപ്പെടുകയും ചെയ്തു. "എതൃകക്ഷി വടക്കുംകൂർ രാജ്യം ഭരിച്ചിരുന്ന രാജാക്കന്മാരുടെ വംശവഴിയിൽ ഉള്ള ആളാണെന്നും, ഹർജിക്കാരൻ ആ വംശത്തിൽപെട്ട ആളല്ലെന്നും, വാഴൂർ ഏറാടിയുടെ വംശമാണെന്നും, വാഴൂർ ഏറാടിയുടെ വംശമായ കുമാരനല്ലൂർ വടക്കേ മഠത്തിൽ പണ്ടാലയും, ഹർജിക്കാരൻെറ കുടുംബക്കാരും ആ കുടുംബത്തിൽനിന്നും ഉണ്ടായ ദത്തുമൂലം ഇപ്പോഴത്തെ തെക്കുംകൂർ വംശവും തമ്മിൽ പുലവാലായ്മയുണ്ടായിരുന്നു എന്നും, അവരിൽ പണ്ടാലയുടെ പുല കുമാരനല്ലൂർ ക്ഷേത്രത്തിൽ വച്ചു 1054–നിടയ്ക്കു വിധിപ്രകാരം "മുറിക്ക"പ്പെട്ടു എന്നും, അപ്പോൾ താൻകൂടി ഉണ്ടായിരുന്നു എന്നും, വടക്കേമഠത്തിൽ പണ്ടാലയും മിസ്റ്റർ നാരായണൻപണ്ടാലയും ഒരു വംശക്കാരാണെന്നും, എതൃകക്ഷിയുടെ കുടുംബത്തിൽ ശവസംസ്കാരത്തിനു രാജ[illegible] "പഞ്ചവാദ്യം" നടപ്പുണ്ടെന്നും, ഹർജിക്കാരൻെറ കുടുംബത്തിൽ അങ്ങനെ പതിവില്ലെന്നും, എതൃകക്ഷിയുടെ കുടുംബത്തിൽ പുരോഹിതപ്രവൃത്തി നടത്തുന്നതു വടക്കുംകൂർ രാജ്യം ഭരിച്ചിരുന്ന കാലത്തു് ആ രാജാക്കന്മാരുടെ പുരോഹിതപ്രവൃത്തി നടത്തിവന്നിരുന്ന മണക്കാട്ടു നമ്പൂരിതന്നെയാണെന്നും, ഹർജിക്കാരൻെറ കുടുംബത്തിൽ ആ നമ്പൂരിയല്ലാ ആ പ്രവൃത്തി നടത്തുന്നതെന്നും, അപ്പഴപ്പോൾ കിട്ടുന്ന തുളു എമ്പ്രാന്മാരെക്കൊണ്ടാണ് ആ പ്രവൃത്തി നടത്തിക്കുന്നതെന്നും" മററും അദ്ദേഹം മൊഴി കൊടുത്തു. വടക്കുംകൂർ രാജാക്കന്മാർ രാജ്യം ഭ

രിച്ചിരുന്ന കാലത്തു് അവരുടെ മാറാമന്ത്രികളുടെ വീട്ടിലേ മൂപ്പനായ തൊട്ടപുഴ കാരിക്കോട്ടു "വാലപ്പാട്ടു" കൃഷ്ണൻകുഞ്ഞിയെ എതൃകക്ഷിഭാഗം സാക്ഷിയായി വിസ്തരിച്ചതിൽ ആ സാക്ഷി "എന്റെ കുടുംബക്കാരായിരുന്നു വടക്കുംകൂർ രാജാക്കന്മാരുടെ മന്ത്രികൾ. ആ രാജാക്കന്മാർ രാജ്യം ഭരിച്ചിരുന്നപ്പോൾ പള്ളിക്കെട്ടിനു ഞങ്ങളുടെ കുടുംബത്തിൽ കാരണവൻ കല്യാണം 4-ാംദിവസം കല്യാണംകഴിക്കപ്പെട്ട കുട്ടിയുടെ അടുക്കൽചെന്നു നെയ്യുകുററിവച്ചു "തമ്പുരാട്ടി" എന്നു വിളിക്കയും മററും പതിവുണ്ടായിരുന്നു. ആ ചടങ്ങു് ഇന്നും എതൃകക്ഷിയുടെ കുടുംബത്തിൽ നടത്തിവരാറുണ്ടു്. എതൃകക്ഷിയുടെ കുടുംബത്തു ഞാൻ നാലു പള്ളിക്കെട്ടിനു പോയിട്ടുണ്ടു്. എതൃകക്ഷിയുടെ കുടുംബത്തു പള്ളിക്കെട്ടിനു കുട്ടിയുടെ അടുക്കൽ നെയ്ക്കുററിവെച്ചു "തമ്പുരാട്ടി" എന്നു വിളിക്കുകയും അതിനു ആ കുട്ടി "എന്താ കുഞ്ഞീ പ്രജകൾക്കെല്ലാവർക്കും സൗഖ്യമാണോ" എന്നു ചോദിക്കയും ചെയ്യാറുണ്ടു്. ഈ ചടങ്ങുകളൊന്നും 'ഹർജിക്കാരന്റെ കുടുംബത്തിൽ നടത്താറില്ല' എന്നും മററും മൊഴികൊടുത്തു. കടനാട്ടിൽപള്ളിയിലെ വികാരി താഴെ പറയുംപ്രകാരവും മററും മൊഴികൊടുത്തു:—കടനാട്ടിൽപള്ളി വടക്കുംകൂർ രാജാവു സ്ഥലംതന്നു് ക്രി. പി. 1330-ൽ വച്ചിച്ചതാണു്. എതൃകക്ഷി വടക്കുംകൂർ വംശജനാണു്. പള്ളിവച്ച ദിവസം ആണ്ടുതോറും ഏപ്രിൽ 25-ാം തീയതി കൊണ്ടാടുന്നു. അന്നു എതൃകക്ഷിയെ ക്ഷണിച്ചു്, എതൃകക്ഷിയുടെ പ്രതിപുരുഷൻ വന്നിരുന്നു ആഘോഷം നടത്തുകയും വരുന്ന ആൾക്കു് അരിയും കോപ്പും കൊടുക്കുകയുമാണു പതിവു്. എതൃകക്ഷിയുടെ കുടുംബത്തിൽ ഉണ്ടാകുന്ന അടിയന്തിരങ്ങൾക്കു് കതിന, മുത്തുക്കുട, വിളക്കു, കൊടി ഗ്ലോബ്പ്, രസക്കുടുക്ക, തീവെട്ടി മുതലായ പള്ളിസാമാനങ്ങൾ കൂലികൂടാതെ കൊടുക്കാറു പതിവുണ്ടു്. വേറെ ആർക്കും കൂലിക്കൂടാതെ കൊടുക്കാറുപതിവില്ല. പള്ളിയിൽ അസാധാരണവിശേഷം ഉള്ളപ്പോൾ എതൃകക്ഷിയുടെ കുടുംബത്തിൽ നിന്നു ഒരംഗം വന്നിരുന്നു നടത്തിക്കണമെന്നാണു ഏർപ്പാടു്. പത്തുവർഷത്തിനു മുമ്പു് ഒരു ഫരിശുപ്രതിഷ്ഠയ്ക്കു് എതൃകക്ഷിയെ ഇപ്രകാരം ക്ഷണിച്ചു വരുത്തി നടത്തീട്ടുണ്ടു്. പള്ളിയിൽനിന്നു വേറെ ആരേയും ക്ഷണിക്കാറുപതിവില്ല. ക്ഷണിച്ചുകൂടെന്നുമാണു വയ്പു്. പുത്തനായി വയ്ക്കുന്ന പള്ളിക്കു കല്ലിട്ടപ്പോഴും എതൃകക്ഷിയെ ക്ഷണിച്ചുവരുത്തി നടത്തി. വടക്കിൻകൂറിൽ നിന്നും കൊടുത്തപ്രകാരം പള്ളിപ്പുരയിടം ഇപ്പഴും കരമൊഴിവായിട്ടാണു പട്ടയം. "വെണ്മലനാട്ടുടയ കോതവർമ്മകോവിലധികാരികൾ" എന്ന സ്ഥാനപ്പേരുവച്ചു് എതൃകക്ഷിയുടെ പൂർവ്വികന്മാരോടു പുരാതനകാലത്തു എഴുതിവാങ്ങിയിട്ടുള്ള ഓലയാധാരങ്ങൾ സാക്ഷികളായ കുഞ്ഞിയും വികാരിയും ഹാജരാക്കി. തെക്കുംകൂറിനും വടക്കിൻകൂറിനും ഉള്ള സ്ഥാനപ്പേരാണു 'നായരി' എന്നു തെളിയിക്കുന്നതിലേക്കു എതൃകക്ഷി ഭാഗം ഹാജരാക്കിയ ചില സർക്കാർ കണക്കുകളെ ചുവടെ ചേർക്കുന്നു:—ഹജൂർ തിരട്ടു ഏറടവു-985-ാമാണ്ടു്-കല്ലടെ എഴുന്നള്ളി പാർക്കുന്ന 'എടവട്ടിനായരി'ക്കു വെഞ്ഞനം മേച്ചിലവുവകയ്ക്കു 84-ാമാണ്ടു് വരെയും മാവേലിക്കര ഇറ ചുങ്കംവകയിൽ വകവച്ചിരുന്നതാക പണം അൻപത്തേഴരയും ടി യിൽ 'കൈപ്പിഴനായരി'ക്കു പണം 312-ം ടി വെള്ളിലാപ്പള്ളി നായരിക്കു പണം ഇരുനൂററി അറുപത്തി ഒന്നേകാലും ആകവക മൂന്നുക്കു മാസം ഒന്നുക്കു് പണം അറുനൂററിമുപ്പത്തേമുക്കാൽവീതം ആണ്ടൊന്നുക്കു വകവച്ച പണം 7569 ക്കു ചിലവു പണം 7526.

"ഹജൂർ തിരട്ടു് ഏറടവു്—കുമാരനല്ലൂർ പാർക്കുന്ന വടക്കുംകൂററിൽ നായരിക്കു മാസം ഒന്നുക്കു പണം 600 വീതം ടി ആണ്ടൊന്നുക്കു താരുവപ്പടിച്ചിലവു പണം 7200."

മുടക്കാരി നായരിക്കു്—മാസം 1-ക്കു പണം 100 വീതം ടിയാണ്ടു് ഒന്നുക്കു തീരുവപ്പടി ചിലവുപണം 1200.

അമ്പലപ്പുഴ കണ്ടുകൃഷി—കുമാരനല്ലൂർ എഴുന്നള്ളി പാർക്കുന്ന തെക്കുംകൂർ നായരിവകയ്ക്കു മാസം ഒന്നുക്കു നെല്ലു 545 പറയ്ക്കു പണം 579 മാഹാണിവീതം ടിയാണ്ടു ഒന്നുക്കു തീരുവപ്പടി ചിലവുനെല്ലു 6540 പറയ്ക്കു പണം ആറായിരത്തിതൊള്ളായിരത്തി നാല്പത്തിഎട്ടേമുക്കാൽ.

വെള്ളിലാപ്പള്ളിവകയിൽ ഉള്ള ആളുകൾക്കു് മാസം ഒന്നുക്കു നെല്ലു് 379 പറ 5 അരയ്ക്കാൽക്കു് വിലത്തരം പണം നാനൂററി എഴുപത്തിനാലേകാലേ അരയ്ക്കാൽ വീതം ടിയാണ്ടു ഒന്നുക്കു തീരുവപ്പടിച്ചിലവു നെല്ലു് 4554 പറ ഒന്നരയ്ക്കു വിലത്തരം പണം അയ്യായിരത്തി അറുനൂററി തൊണ്ണൂററി രണ്ടര.

കൈപ്പിഴവകയിൽ ഉള്ള ആളുകൾക്ക് മാസം ഒന്നുക്കു നെല്ല് 193 പറ, എട്ടേമുക്കാലിനു വിലത്തരം പണം ഇരുനൂററി നാല്പത്തി രണ്ടേകാലേ മാഹാണി വീതം നെല്ല് ആണ്ടൊന്നുക്കു തീരുവപ്പടിച്ചിലവു നെല്ല് 2326 പറയ്ക്കു വിലത്തരം പണം 3907$\frac{3}{4}$.

വൈക്കം കണ്ണേഴത്തുമഠത്തിൽ എഴുന്നള്ളിത്താമസിക്കുന്ന വടക്കുംകൂർ വക കൈപ്പിഴ വെള്ളിലാപ്പള്ളി വകനാല്പുക്കു മാസംഒന്നുക്കു പണം 620$\frac{3}{4}$ വീതംടിയാണ്ടു ഒന്നുക്കുതീരുവപ്പടിച്ചിലവു പണം 7449.

ഹജ്ജൂർഖജനാതിരട്ടു—1025-ാമാണ്ടു പള്ളിക്കെട്ടും കല്യാണവും വകയ്ക്കു ചിലവു വക വടക്കുംകൂർ വകയിൽ കടനാട്ടു കണ്ണേററിനായരിയുടെ വകയിൽ രണ്ടു സ്ത്രീകൾക്കു വിവാഹംവകയ്ക്കു 1011-ാമാണ്ടു കൊട്ടത്തിരിക്കുന്നതിൻവണ്ണം ഈ രണ്ടു വിവാഹത്തിനും കൂടെ 1024-ാമാണ്ടു കുംഭമാസം 9-ാംനു കല്പിച്ചു എഴുതിവന്ന തിരുവെഴുത്തുംപടി ചിലവു പണം 250.

ഈ വിചാരണയിൽ ഈ ലേഖകനായിരുന്നു എതൃകക്ഷിയുടെ വക്കീലെന്ന സംഗതിയും വക്തവ്യമാണെന്നു വിചാരിക്കുന്നു.

മേൽ വിവരിച്ച വിചാരണ ഈ പതനത്തിൽ വന്നപ്പോൾ എതൃകക്ഷി (കടനാട്ടു രാജാവു) യുടെ കുടുംബക്കാർ വടക്കുംകൂർ രാജവംശമാണെന്നു ഗവമ്മെൻറിനു ബോധ്യംവരികയും സക്കാർ സ്വീകരിക്കയും ചെയ്തിരിക്കുന്നതായും എതൃകക്ഷിയുടെ ദേവസ്വംവക പുതുവൽ പതിക്കപ്പെട്ട വസ്തുക്കളെ എതൃകക്ഷിയുടെ കുടുംബക്കാർ സക്കാരിലേക്കു വിട്ടുകൊടുത്തതായി വടക്കുംകൂർപേരുവച്ചു ഗവമ്മെണ്ടിലേക്കു രജിസ്റ്റർ തീറാധാരം എഴുതിക്കൊടുത്തു് ആ വസ്തുക്കളുടെ വില്പുപററിക്കൊള്ളേണ്ടതായും ഗവമ്മെൻറിൽനിന്നും തീച്ചചെയ്കയും, എതൃകക്ഷി കുടുംബക്കാർ തീച്ചയനുസരിച്ചു വടക്കുംകൂർ രാജാക്കളെന്നു വിവരിച്ചു സക്കാരിലേക്കു രജിസ്റ്റർ പ്രമാണം എഴുതിക്കൊടുത്തു സംഖ്യപററുകയും ചെയ്തു. മേൽവിവരിച്ച വസ്തുതകൾ കൊണ്ടു "നായരി"ശബ്ദം വടക്കിൻകൂർ തെക്കിൻകൂർ രാജാക്കന്മാരുടെ സ്ഥാനപ്പേരാണെന്നും ആ രാജാക്കന്മാർ "വെൺമലനാട്ടുടയ കോതവമ്മ കോവിലധികാരികൾ" എന്നായിരുന്നു പേരുവെച്ചെഴുതിവന്നിരുന്നതെന്നും വെളിപ്പെടുന്നു.

വടക്കിൻകൂർ രാജാവു പൂഞ്ഞാററിൽ തമ്പുരാനു 925-ൽ എഴുതിക്കൊടുത്ത ആധാരത്തിൻെറ പകപ്പു് മുൻലേഖനത്തിൽ (ഭാ. പോ. പുസ്തകം 29 പുറം 231 നോക്കുക) ചേത്തിട്ടുണ്ടു്. ആ പ്രമാണത്തിലും 'കോതവമ്മ കോവിലധികാരികൾ' എന്നാണു പേരുവച്ചിട്ടുള്ളതെന്നു കാണാം. പുരാതനകാലത്തു രാജാക്കന്മാർ "കോവിലധികാരികൾ" എന്നും മററും പേരുപയോഗിച്ചു എഴുതുകയല്ലാതെ 'രാജാ' വെന്നുപയോഗിച്ചു എഴുത്തുകുത്തു ചെയ്യുക പതിവില്ല.

"കൊച്ചീരാജവംശത്തെ പെരുമ്പടപ്പിൽ 'സ്വരൂപ'മെന്നും രാജാക്കന്മാരെ 'മാടഭൂപതി'യെന്നും രാജാവിൻെറ സ്ഥാനപ്പേർ "ഗംഗാധരതിരുകോവിലധികാരികൾ" എന്നും പറഞ്ഞുവരുന്നു. (പ. കൊ. രാ. ച. പുറം 287)

തിരുവിതാംകൂർ മത്താണ്ഡവമ്മമഹാരാജാവു് രാജ്യം പത്മനാഭസ്വാമിക്കു് തൃപ്പടിദാനം ചെയ്ത കരണത്തിലെ വാചകം താഴെ ചേക്കുന്നു:—"വൃശ്ചിക ശനി മീന വ്യാഴം ചെന്ന കൊല്ലം 925-ാമാണ്ടു് മകരമാസം 5-ാംനു ബുധനാഴ്ചയും പൂവ്വപക്ഷത്തു് സപ്തമിയും ഇന്നാളാൽ എഴുതിയ സവ്വസ്വാപ്പണം ഓലക്കരണമാവിതു്. ശ്രീപണ്ടാരകാര്യം ചെയ്യുന്നവർകളാന ബാലമാത്താണ്ഡവമ്മരായ തൃപ്പാപ്പൂർമൂപ്പിൽനിന്നും താങ്കൾക്കു് ഉള്ള തോവാളക്കോട്ടയ്ക്കു പടിഞ്ഞാറു്, കവണാററിനു കിഴക്കുള്ള രാജ്യത്തിനകത്തുള്ളതു നാളതുവരെ നമുക്കവകാശമായിട്ടു് അനുഭവിച്ചുവരുന്ന വസ്തുകൃത്യങ്ങളും താനമാനങ്ങളും മററും എപ്പേർപ്പെട്ടതും പെരുമാൾ ശ്രീപണ്ടാരത്തിലേക്കു സവ്വസ്വാപ്പണമാക ആചന്ദ്രാക്കമെ എഴുതി കൊടുത്ത ശ്രീപണ്ടാരകാര്യം ചെയ്യുവാർകളായ ബാലമാത്താണ്ഡവമ്മരായ തൃപ്പാപ്പൂർമൂപ്പിൽനിന്നും ഇമ്മാക്കമെ സവ്വസ്വാപ്പണ ഓല. കൈ എഴുതിയ മേലെഴുത്തു കണക്കു ശങ്കരകുമാരുമാത്താണ്ഡൻ—എഴുത്തു്. (മുഞ്ചിറ സുബ്രഹ്മണ്യയ്യരുടെ കയ്യെഴുത്തുപുസ്തകം.)

(2) തെക്കുംകൂർ നായരി (തെക്കുംകൂർ രാജാവ്)

കേരളോല്പത്തിയിൽ "വെണ്ണലനാട്ടു നായരിയും, കിഴമലനാട്ടു നായരിയും" എന്ന് എഴുതിക്കാണുന്നു:

D അടികൾ രണ്ട്. (1) വേണാട്ടടികൾ (തിരുവിതാംകൂർ രാജവംശം)

ക്രിസ്തുവിനുപിമ്പ് ഒൻപതോ പത്തോ ശതകത്തിൽ ഉത്ഭവിച്ചതായി വിചാരിക്കപ്പെട്ടിരിക്കുന്നതും, തിരുവിതാംകൂർ രാജാവ് കൊല്ലത്തു "തരുസാ" പള്ളിക്കു കൊടുത്തതും, കോട്ടയം സിമ്മനാരിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതുമായ ചെമ്പേട്ട് ദാനപ്രമാണത്തിൽ വേണാടുവാൾകിൻറ അയ്യനടികൾ തിരുവടി , ... കുടുത്തവിട്ടുപേറാവിതു" എന്നാണെഴുതിയിരിക്കുന്നത്.

തമിഴരുടെ വേദഗ്രന്ഥങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്ന 'തിരുമുറ' കളിൽ ഒൻപതാംതിരുമുറയിൽ ശിവഭക്തന്മാരായ 63 "നായനാർ"കളിൽ ഒരു വിശിഷ്ടനും, ക്രി. പി. 9-ാംശതകത്തിൽ ജീവിച്ചിരുന്നതായി ഗണിക്കപ്പെട്ടിരിക്കുന്ന മഹാനുമായ വേണാട്ടടികളുടെ (തിരുവിതാംകൂർരാജാ) "തിരുവിശൈപ്പാവു" എന്ന കൃതികൾ അടങ്ങിയിരിക്കുന്നു.

3. ഓണാട്ടടികൾ (കായംകുളത്തു രാജാവ്)

കായംകുളത്തുരാജാവിനെ ഓണാട്ടടികൾ എന്നു വിളിക്കും. (പ. കൊ. രാജ്യചരിത്രം പുറം. 202)

കേരളോല്പത്തിയിൽ ഓണാട്ടു, വേണാട്ട് രണ്ടും അടികൾ എന്നു പറയുന്നു.

മേൽ ഉദ്ധരിച്ച തെളിവുകളും ന്യായങ്ങളും കൊണ്ട് നായരി എന്ന ശബ്ദം വടക്കുംകൂർ രാജാക്കന്മാരുടെ ഒരു സ്ഥാനമാണെന്നു വരുന്നതുകൊണ്ട് 24-ാംശ്ലോകത്തിൽ "രായിര" എന്നതിനുപകരം "നായരി" എന്ന പ്രയോഗമാണു ശരിയും, കവിഹൃദയവുമെന്നു വിചാരിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. ചില റിക്കാർട്ടുകളിൽ നായാരി എന്നും എഴുതിക്കാണുന്നതുകൊണ്ട് ആ ശബ്ദമായും പ്രയോഗിച്ചിരിക്കാം.

മുൻവിവരിച്ച വിചാരണയിൽ കടുത്തുരുത്തിയല്ല വടക്കുംകൂറിൻറ രാജധാനിയെന്നും മൂവാററുപുഴയായിരുന്നു ആ രാജധാനിയെന്നും ഹർജിക്കാരൻ പറയുന്നു. കടുത്തുരുത്തി പ്രാചീനകാലംമുതൽ തന്നെ വടക്കുംകൂർ രാജ്യത്തിൻെറ തലസ്ഥാനമാണെന്നു "ഉണ്ണുനീലിസന്ദേശത്തി"ലെ താഴെ വിവരിക്കുന്ന ശ്ലോകങ്ങൾ സ്പഷ്ടമാക്കുന്നുണ്ട്.

പൂർവസന്ദേശം ശ്ലോകം 25:—

"സിന്ധുദ്വീപെ"ൻറാരുപുരവരം "ബിംബലീപാലകാ" നാം
കേൾപ്പുണ്ടല്ലോജഗതിവിദിതംമേദിനീസ്വർഗ്ഗഖണ്ഡം
തസ്മിൽമാരന്നിനിയപടവീടുണ്ടുമുണ്ടെക്കലെമ്മോ-
രില്ലംമല്ലുക്കവലയഭൃശാംപാരിലാത്രുവധകീർത്തി"

ശ്ലോകം 135—

"ചിന്തിപ്പോമ്മാററരികുലബലംബിംബലീപാലകാനാ-
മന്തിക്രുത്തുംവിരുതുവിരുതംനിന്നൊടാവേദയേയു:
സിന്ധുദ്വീപേജനിതകുതിരക്കുഞ്ചിയിൽക്കിഞ്ചലോലാഃ
സിന്ധുദ്വീപംദ്വിപമദപരിസ്യന്ദിനോമന്ദവാതാഃ"

[വടക്കുംകൂർ രാജാക്കളുടെ (ബിംബലീപാലകാനാ) ശത്രുസംഘത്തിൻെറ ബലം (അരികുലബലം) ചിതറിക്കുന്നപ്രകാരം (ചിന്തിപ്പോമ്മാറു്) സന്ധ്യക്കു (അന്തിക്കു) ധ്വനിപ്പിക്കുന്ന (ഉറ്റും) സ്ഥാനചിഹ്നങ്ങളും (വിരുതുവിരുതം=ശംഖ്, കാഹളം മുതലായ വാദ്യഘോഷം) സിന്ധുനദിതീരത്തിൽ ജനിച്ച (അവിടെനിന്നും കൊണ്ടുവന്ന) കുതിരകളുടെ കുഞ്ചിരോമങ്ങളിൽ (സിന്ധുദ്വീപജനിതകുതിരക്കുഞ്ചിയിൽ) മന്ദചലനങ്ങൾ (കിഞ്ചലോലാഃ) ഉണ്ടാക്കിയും ആനകളുടെ മദജലത്തെ (ദ്വിപമദ) പൊഴിച്ചും (പരിസ്യന്ദിനഃ) വരുന്ന മന്ദവായുക്കളും നിന്നോടു കടുത്തുരുത്തിയെ (സിന്ധുദ്വീപം) അറിയിക്കും (ആവേദയേയുഃ) ]

ഉത്തരസന്ദേശം ശ്ലോകം 1—

"ആററിൻനേരായ് കരിവരമദംനീടൊഴുക്കും വടക്കിൻ
കൂററിന്നിൻറങ്ങഴകുപൊഴിയിക്കിൻറപുണ്യാംബുരാശേ:
മാററാർക്കൂപ്പുംമഹിതമണികണ്ഠന്നയോദ്ധ്യേവ രാമ—
ന്നേററം വശ്യാജയതി നഗരീ,സാ,കടന്തേരിനാമ്നാ."

[നദീപ്രവാഹംപോലെ (ആററിൻനേരായി) ഗജശ്രേഷ്ഠന്മാരുടെ മദജലം (കരിവരമദം) നീണ്ടൊഴുകുന്ന (നീടൊഴുക്കും) വടക്കുംകൂർ രാജ്യത്തിന്നിന്ന് അലങ്കാരമായും (വടക്കിൻകൂററിന്നിൻറങ്ങഴകുപൊഴിയിക്കിൻറ) പുണ്യനിധിയായും (പുണ്യാംബുരാശേ:) ശത്രുക്കളാൽ നമിക്കപ്പെട്ടും (മാററാർക്കൂപ്പും) ഇരിക്കുന്ന മണികണ്ഠനാമാവായ മഹാരാജാവിന്ന് (മഹിതമണികണ്ഠന്ന്) ശ്രീരാമനു അയോദ്ധ്യയെന്നപോലെ (അയോദ്ധ്യേവ രാമന്ന്) കടുത്തുരുത്തി പട്ടണം (കടന്തേരിനഗരീ) ഏററവും യോജിപ്പായി ജയിക്കുന്നു (ഏററംവശ്യാജയതി) ]

ശ്ലോകം 22—

"തീരേതസ്യ ത്രിഭുവനഗതിശ്രാന്തകീർത്തേ:പ്രതീപ
പ്രാകാരംകൊണ്ടഴകെഴുമിടം ബിംബലീപാലമൌലേ:
ശൃംഗാഗ്രംകൊണ്ടണിമതിതൊട്ടും ഗോപുരത്തിന്നുപാന്തേ
ഭൂപാലാനാംമഹിതകനകത്തണ്ടുതീണ്ടീട്ടമേടം."

[ആ ചിറയുടെ (വീരമാണിക്കത്തുചിറ) തീരത്തു (തീരേതസ്യ) കമനീനമായ കോട്ടമതിലുകളാൽ പ്രശോഭിതമായ (പ്രതീപപ്രാകാരംകൊണ്ടഴകെഴും) ഇടം (ഇടം=സാമന്തരാജാക്കന്മാരുടെ രാജഗൃഹത്തിനു വിളിക്കപ്പെടുന്ന പേരു്—കൊട്ടാരം) കീർത്തിമാനായ വടക്കുംകൂർ വലിയരാജാവിൻേറതാണ്. (ത്രിഭുവനഗതിശ്രാന്തകീർത്തേ: ബിംബലീപാലമൌലേ:) ചന്ദ്രമണ്ഡലംവരെ ഉയർന്നിരിക്കുന്ന ഗോപുരത്തിന്നടുത്തു് (ശൃംഗാഗ്രംകൊണ്ടണിമതിതൊട്ടും ഗോപുരത്തിന്നുപാന്തേ) ആ രാജാവിൻെറ മാഹാത്മ്യമുള്ള കനകപ്പല്ലക്ക് വയ്ക്കുന്ന സ്ഥലമാണു (ഭൂപാലനാം മഹിതകനകത്തണ്ടുതീണ്ടീട്ടമേടം) ]

മുൻ വിവരിച്ചിട്ടുള്ള 23-ാം ശ്ലോകവും കടുത്തുരുത്തിയുടെ മാഹാത്മ്യത്തെ വിവരിക്കുന്നതാണ്. ഇത്ര മാഹാത്മ്യമേറിയ മഹത്തായ ഈ പട്ടണത്തിൻെറ ഇപ്പോഴത്തെ അവസ്ഥയെന്താണ്! വിധിബലം തന്നെ!!

(തുടരും)

# മഹാത്മാഗാന്ധിയും മഹാകവി ടാഗോറും

(സി. എഫ്. ആൻഡ്രൂസ്)

രവീന്ദ്രനാഥടാഗോറിനെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ആരംഭിച്ച് അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ മഹാത്മാഗാന്ധിയേയും സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ഞാൻ തുടങ്ങി. 1913-ൽ മഹാത്മാഗാന്ധിയെ സഹായിക്കുന്നതിനായി രവീന്ദ്രനാഥടാഗോർ എന്നെ തെക്കേആഫ്രിക്കായിലേക്കയച്ചു. അദ്ദേഹത്തിൻെറ അക്രമരഹിതമായ സമരം അവിടെ ആരംഭിച്ചിരുന്ന കാലമായിരുന്നു അതു്. തെക്കേ ആഫ്രിക്കായിലെ സഹായത്തിൻെറ ആവശ്യകതയെപ്പററി ഞാൻ കവീന്ദ്രനോടു പറഞ്ഞു. എൻെറ മനസ്സ് എന്നെ ആ സ്ഥലത്തേക്കു പോകുവാൻ നിർബന്ധിച്ചുകൊണ്ടിരുന്നപ്പോൾ മഹാകവി എന്നോടിപ്രകാരം പറഞ്ഞു "തീർച്ചയായും പോകുക. ഇവിടെ ഇനി ഒരു നിമിഷംപോലും താമസിക്കരുതു്. അദ്ദേഹത്തെ സഹായിക്കുവാനായി തെക്കേആഫ്രിക്കായിലേക്കു ഉടൻ പുറപ്പെടണം." അപ്രകാരം മഹാകവിയാൽ അനുഗ്രഹീതനായി ഞാൻ പുറപ്പെട്ടു. പിൽക്കാലങ്ങളിൽ പല അവസരങ്ങളിലും ഞാൻ, ഇപ്പോൾ പരേതനായ എൻെറ പ്രിയസുഹൃത്തു മിസ്റ്റർ. പീയേഴ്സനോടൊരുമിച്ചോ, അല്ലാത്തപക്ഷം തനിച്ചോ തെക്കേആഫ്രിക്കാ, കെനിയാ, ആസ്റ്റ്രേലിയാ, ഉജൻഡാഫിജി മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചിട്ടുണ്ടു്, അവിടെയുള്ള ഇൻഡ്യാക്കാരെ അവരുടെ കഷ്ടതകളിൽ നിന്നു രക്ഷിക്കുന്നതിനായിട്ടാണു ഞാൻ യാത്രചെയ്തിട്ടുള്ളതു്. ആ അവസരങ്ങളിലൊക്കെ രവീന്ദ്രനാഥ ടാഗോർ എന്നെ അനുഗ്രഹിച്ചിട്ടുമുണ്ടു്.

അദ്ദേഹത്തിൻെറ നാമത്തിൽ ഇൻഡ്യാക്കാരോടു സംസാരിപ്പാനും എന്നോടു അജ്ഞാപിച്ചിട്ടുണ്ട്. പഞ്ചാബിലെ കലാപകാലമായ 1919-ലും മഹാകവി എന്നെ ആശ്രമത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി അയയ്ക്കുകയുണ്ടായി. ഒരു നിമിഷംപോലും ആശ്രമത്തിൽ താമസിക്കരുതെന്നും എന്നാൽ സാധുക്കളെ സഹായിക്കാൻ കഴിയുന്നത്ര ശ്രമിക്കണമെന്നും അദ്ദേഹം എന്നോടു നിർബന്ധമായി പറഞ്ഞു, എന്നെ തെക്കേആഫ്രിക്കായിലേക്കയയ്ക്കുന്നതുവരെ ഞാൻ പഞ്ചാബിൽ മഹാത്മജിയുടെ നേതൃത്വത്തിൽ ജോലി ചെയ്തു. ഒടുവിൽ മഹാകവിയുടെ അനുവാദത്തോടുകൂടി ഞാൻ തെക്കേ ആഫ്രിക്കയിലേക്കു പുറപ്പെട്ടു.

ഹിന്ദുക്കളും മഹമ്മദീയരും ഒരുപോലെ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നതായ മാപ്പിളലഹളക്കാലത്തു് അവരുടെ സഹായാർത്ഥം ഞാൻ മലബാറിലേക്കു പോകണമെന്നു മഹാത്മാഗാന്ധി എന്നോടാവശ്യപ്പെട്ടു. ഒരിക്കൽക്കൂടി മഹാകവിയോടു ഞാൻ അനുവാദം ചോദിച്ചു. ആ അവസരത്തിൽ എൻെറ സാന്നിദ്ധ്യം ആശ്രമത്തിൽ അത്യന്താപേക്ഷിതമായിരുന്നു. എന്നിട്ടും സാധുക്കളുടെയും നിസ്സഹായന്മാരുടെയും സഹായാർത്ഥം മലബാറിലേക്കു പുറപ്പെടുവാൻ രവീന്ദ്രനാഥടാഗോർ എന്നോടാജ്ഞാപിച്ചു. സാധുക്കളെയും സങ്കടമനുഭവിച്ചുകൊണ്ടിരുന്നവരെയും സഹായിക്കുവാൻ ശ്രമിച്ചുകൊണ്ടു ഞാൻ മലബാറിൽ അനേക ആഴ്ചകൾ താമസിച്ചു. അതിലേക്കു മഹാകവി എന്നോടു വളരെ നന്ദിയുള്ളവനായിരുന്നു. ഞാൻ ആശ്രമത്തിൽനിന്നും പോയതിനേപ്പററി അദ്ദേഹം ഒരിക്കലും മുറുമുറുത്തുമില്ല. ഇപ്പോൾ—മഹാത്മജിയുടെ ശസ്ത്രക്രിയ കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ—അദ്ദേഹത്തെ സഹായിക്കുന്നതിനുവേണ്ടി എന്നെ ശാന്തിനികേതനത്തിൽ നിന്നും അയച്ചിരിക്കുകയാണ്. മഹാത്മജിയുടെ കായികശക്തിക്കു വലിയ ഇടിവു തട്ടിയിരിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിൻെറ സമീപത്തേക്കു പോകുവാൻ ടാഗോർ എന്നെ സസന്തോഷം അനുവദിച്ചു. എന്നാൽ ഗുരുദേവൻ കിഴക്കൻരാജ്യങ്ങളിലേക്കു പുറപ്പെടുന്നതിനു മുമ്പ് അദ്ദേഹത്തെ കാണുന്നതിനായി ഞാൻ ചെന്നു. ആ അവസരത്തിൽ ടാഗോർ എന്നോടിപ്രകാരം പറഞ്ഞു: "എന്താണിടനേ പുറപ്പെടാത്തതു്? മഹാത്മജിക്കു നിങ്ങളുടെ സാന്നിദ്ധ്യം അത്യാവശ്യമാകുന്നു. സംശയിക്കണ്ടാ; ഉടനെ തിരിക്കുക." അന്നേദിവസം തന്നെ ഞാൻ അനുഗ്രഹീതനായി പുറപ്പെട്ടു.

അപ്പോൾ മഹാത്മാഗാന്ധിയേയും മഹാകവി ടാഗോറിനേയും എൻെറ മനസ്സിൽ ഘടിപ്പിച്ചിരിക്കുന്നതെന്താണ്? ഈ രണ്ടു മഹാത്മാക്കളേയും പററി ഒരുപോലെ എല്ലായിപ്പോഴും ചിന്തിക്കുന്നതിനു് എന്നെ ശക്തനാക്കുന്നതെന്താകുന്നു? ഈ പുണ്യപുരുഷന്മാരോടു രണ്ടുപേരോടും അകൈതവമായ സ്നേഹവും ബഹുമാനവും എനിക്കു തോന്നുവാനുള്ള കാരണം എന്താണ്? അവർ രണ്ടാളുകൾക്കും സങ്കടമനുഭവിക്കുന്ന സകലരോടും ഒരുപോലെയുള്ള സ്നേഹമുണ്ടെന്നുള്ളതാണു് ഇതിൻെറ കാരണം. സാധുക്കളോടും, നിസ്സഹായന്മാരോടും, സങ്കടമനുഭവിക്കുന്നവരോടും ഇവർക്കുള്ള സ്നേഹം നിസ്സീമമത്രെ. ഗ്രാമവാസികളെ അവരുടെ ദാരിദ്ര്യത്തിലും സങ്കടത്തിലും രവീന്ദ്രനാഥടാഗോർ എത്രമാത്രം സ്നേഹിച്ചു എന്ന കഥ വടക്കേ ഇൻഡ്യയിലൊക്കെ സുപ്രസിദ്ധമാണല്ലോ. ആണ്ടുതോറും ഷെലീദായിൽ പോയി താമസിച്ചു തൻെറ സകല ശക്തികളും ഉപയോഗിച്ചു് അവർക്കു് എത്രമാത്രം സഹായം ചെയ്തിരുന്നു എന്നുള്ള കഥ പരക്കെ പ്രസിദ്ധമത്രെ. അവരുടെ കൂടെ താമസിച്ചു് അവരുടെ സങ്കടങ്ങളിലും കഷ്ടതകളിലും പങ്കെടുത്ത ഒരു ദേഹമാണു ടാഗോർ. ഗ്രാമവാസികളുടെ ഇടയിലുള്ള ആ താമസം അദ്ദേഹം വളരെ ഇഷ്ടപ്പെട്ടു. ടാഗോറിൻെറ ഗദ്യമെഴുത്തുകളിൽ ഏററവും വിശേഷപ്പെട്ട 'ചെറുകഥകൾ' എന്ന ഗ്രന്ഥത്തിൽ മിക്ക ഭാഗങ്ങളും നമ്മെ അതിരമണീയങ്ങളായ ഗ്രാമങ്ങളുമായി പരിചയപ്പെടുത്തുന്നു. കൽക്കട്ടാ നഗരിയോടു് അദ്ദേഹത്തിനു തീരെ വെറുപ്പായിരുന്നു തൻമൂലം ടാഗോർ തൻെറ ഗ്രാമവാസികളുടെ ഇടയിൽ സമയം മുക്കാലും കഴിച്ചുകൂട്ടി. മഹാകവിയുടെ വിശിഷ്ടഗുണങ്ങൾ എനിക്കു് അവിടെ വച്ചു് അനുഭവപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിൻെറ ഏകാന്തവാസത്തിലുള്ള അതിരററ സ്നേഹം, പ്രകൃതിയെ കണ്ടാനന്ദിക്കുവാനുള്ള ചാതുര്യം, അതിനോടുള്ള സ്നേഹം എന്നിവ നമ്മെ ആശ്ചര്യപ്പെടുത്താതിരിക്കുകയില്ല. എല്ലാററിലും കൂടുതലായി സാധുക്കളിലുള്ള അനുകമ്പ, സ്നേഹം എന്നിവ നിസ്സീമമാണു്. ശാന്തിനികേതനത്തിലെ ജോലികൾക്കിടയിലും ഇതു് അനുഭവസിദ്ധമായിട്ടുള്ളതാകുന്നു.

(തുടരും)

# ഞാനോ നീയോ?

(തുടച്ച്)

(കെ. പി. മാധവൻഉണ്ണി)

ശ്രീകുമാരിവലിയ പരുങ്ങലിലായി. അവൾക്കു പറവാനുള്ള പരമാൎത്ഥം ഈ അവസരത്തിൽ പ്രസ്താവയോഗ്യമോ അല്ലയോ എന്നു തീരുമാനിക്കാൻ അറിഞ്ഞുകൂടായിരുന്നു. അമ്മുക്കുട്ടിയെ പോലീസുകാർ പിടികൂടുന്നതു് അവൾക്കു സഹ്യവുമല്ല. "എന്താണു് ഇവിടെ പറയേണ്ടതു്? സത്യം ജയിക്കും. അതെ പിന്നെ എന്തിനാണു ലജ്ജിക്കുന്നതു്. വേണ്ടിവന്നാൽ പരമാൎത്ഥം ഞാൻ പറകതന്നെ ചെയ്യും." പല വിചാരങ്ങളോടുകൂടി അവൾ അമ്മുക്കുട്ടിയുടെ സ്വഭാവശ്രേഷ്ഠതയെ പുരസ്കരിച്ചു ചില വിവരമെല്ലാം പറഞ്ഞു. ഒടുവിൽ അവളുടെ വാചകം ഇങ്ങനെ അവസാനിപ്പിച്ചു. "ശ്രീധരൻചേട്ടൻ എന്നെ വിവാഹം കഴിക്കുന്നതിനുവേണ്ടി സാധുവായ ചേച്ചി അവരുടെ ഹൃദയവ്യഥ മുഴുവൻ സ്വയം വരിച്ചുകൊണ്ടുള്ള ത്യാഗബുദ്ധിയെയാണു അവരുടെ അപ്രത്യക്ഷത പ്രസിദ്ധം ചെയ്തതു്. നിങ്ങൾ ഏററവും ഉത്തമയായ ഒരു സ്ത്രീരത്നത്തെ അധമയാക്കാൻ ശ്രമിക്കുന്നു."

ഇൻസ്പെ:—നിങ്ങൾക്കു് ഈ സംഗതിയിൽ വല്ല രേഖാതെളിവും ഹാജരാക്കാൻ ഉണ്ടോ?

ശ്രീകുമാരി:—ഉണ്ടു്. ഇതാ, ഈ എഴുത്തു് ഇന്നലെ രാത്രിയിൽ അവർ എഴുതിവെച്ചിരുന്നതാണു്?

എഴുത്തുവാങ്ങി വായിച്ചുനോക്കിയ ഇൻസ്പെക്ടർ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു. "സാധുവായ ശ്രീകുമാരിഅമ്മേ! ഞാൻ വ്യസനിക്കുന്നു. നിങ്ങളുടെ ശുദ്ധഹൃദയംപോലെയാണു ലോകം എന്നു നിങ്ങൾ ധരിച്ചുപോകുന്നു. സ്ത്രീകളുടെ കുടിലഹൃദയത്തെപ്പററി നിങ്ങൾക്കു് എന്തറിയാം. അവരുടെ മറിമായങ്ങൾ കണ്ടുപിടിച്ചിട്ടുള്ള വിദഗ്ദ്ധൻ ആരാണു്? സ്വാൎത്ഥത്തിനുവേണ്ടി ആ കൂട്ടർ എന്തുതന്നെ ചെയ്യുകയില്ല?—

"ഓടിക്കൊൾക കടിച്ചിട്ടു തരുണിയായിട്ടുന്ന സൎപ്പം വിഷം കൂട്ടും നോക്കുകളാലനിന്നു ഫണമായിട്ടുന്നതോ, ലീലതാൻ പാട്ടുണ്ടന്യവിഷങ്ങൾ നന്മരുമരുന്നാലകററീട്ടുവാൻകൂടി നാരികളായിട്ടും ഫണികളാൽ കൂട്ടും വിഷംപോക്കുവാൻ."

എന്നു വെറുതെയാണോ ആ ഭൎത്തൃഹാരി പാടിയിരിക്കുന്നതു്? ഈ എഴുത്തു ഞങ്ങൾക്കു് ഏററവും നല്ല തെളിവാണു്. മിസ്റ്റർ ശ്രീഹൎഷൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം ശ്രീധരനുമായുള്ള വിവാഹബന്ധം അമ്മുക്കുട്ടിക്കു സാധിക്കയില്ല. അതിനു് എടുത്ത ഒരു ഒന്നാംതരം വിദ്യയാണിതു്. ശ്രീധരൻ ഏതായാലും അമ്മുക്കുട്ടിയുടെ പാട്ടിലാണെന്നു് അവൾ തീൎച്ചപ്പെടുത്തിക്കഴിഞ്ഞു. പിന്നെ ലോകരെ എല്ലാം മയക്കാൻ എടുത്ത ഒരു ഇന്ദ്രജാലമാണു് ഈ എഴുത്തു്. അമ്പോ കൊലപാതകി!"

"ഈശ്വരാ!" എന്നു വിലപിച്ചുംകൊണ്ടു ശ്രീകുമാരി ബോധംകെട്ടു വീണു. വാല്യക്കാർ അവളെ എടുത്തുകൊണ്ടു പോയി.

പോലീസുകാർ മുറപ്രകാരമുള്ള നടപടികളെല്ലാം നടത്തി പിരിഞ്ഞു. എല്ലാവിവരത്തിനും ശ്രീധരന്റെ പേൎക്കു മദ്രാസിലേക്കു കമ്പി പോയി. പ്രേതപരിശോധനാനന്തരം ശവസംസ്കാരവും കഴിഞ്ഞു.

## IV

തീയതി ചിലതു കഴിഞ്ഞു. ശ്രീധരൻ വന്നുചേൎന്നു. പോലീസുകാർ ഉററു ശ്രമിച്ചിട്ടും അമ്മുക്കുട്ടിയെ ഇതു വരെ പിടികൂടാൻ കഴിഞ്ഞില്ല. സന്താപാഗ്നിയിൽപ്പെട്ടു നീന്തിക്കൊണ്ടു ശ്രീദേവിയും ശ്രീകുമാരിയും നിമിഷങ്ങൾ നയിക്കുന്നു. വിചാരവും വ്യസനവും കൂടി ശ്രീകുമാരിയെ വളരെ ക്ഷീണിപ്പിച്ചു. അവൾക്കു ദിനകൃത്യങ്ങളിൽ ഒന്നിലും തന്നെ ശ്രദ്ധ ഇല്ലാതെ തീൎന്നു സദാ വിചാരമഗ്നയായി, ആരോടും സംസാരിക്കാതെ വല്ല മൂലയിലും ചെന്നു് ഇരിക്കയാണു് അവളുടെ പതിവു്.

ശ്രീഹർഷൻെറ അപരക്രിയാദികൾ, അടിയന്തിരങ്ങൾ എല്ലാം മംഗളമായി കലാശിച്ചു. അയാളുടെ മരണപത്രം പ്രസിദ്ധമായി. സ്വത്തുക്കളെ വേണ്ടപ്പെട്ട എല്ലാവൎക്കും അതിൻെറ ന്യായാനുസരണം വീതിച്ചു കൊടുത്തിട്ടുണ്ട്. അമ്മുക്കുട്ടിയേപ്പററി അതിൽ ചില കൂടുതൽ വിവരങ്ങൾ ഇങ്ങനെ എഴുതിയിരുന്നു.

"പ്രിയശ്രീദേവീ!

അമ്മുക്കുട്ടി നിൻെറ വളൎത്തുമകളാണെങ്കിലും അവൾ എൻെറ വാത്സല്യപുത്രിയാണ്. ആ കഥ നിന്നെ ഞാൻ ധരിപ്പിച്ചിട്ടില്ലല്ലോ. ഒരു സാധു സ്ത്രീയെ ഞാൻ രഹസ്യവിവാഹം ചെയ്തിരുന്നു. ആ സംഗതിയിൽ നീ എനിക്കു മാപ്പുതരണം. അതിരററ അനുരാഗം ആ സ്ത്രീയിൽ എനിക്കുണ്ടായി. അവളും എന്നെ അതുപോലെ സ്നേഹിച്ചു. വാസ്തവം പറഞ്ഞാൽ നിന്നെക്കാൾ എത്രയോ ഉത്തമമായ നിലയിലായിരുന്നു അവളുടെ സ്നേഹം. ആ സാധു, അമ്മുക്കുട്ടിയെ പ്രസവിച്ച ഉടൻ മരിച്ചു. കുട്ടിയെ സംരക്ഷിക്കേണ്ട ചുമതല എന്നിൽ മാത്രം വന്നുചേൎന്നു. ഞാൻ ഒരു പുതിയ വിദ്യ കണ്ടുപിടിച്ചു. അന്നു നീ നടന്നുപോയ ആ വഴിയിൽ കുഞ്ഞിനെ കൊണ്ടു ഇട്ടതു ഞാനാണ്. പിന്നീടുള്ള കഥ നിനക്കറിയാമല്ലോ. നീ അവളെ കുറേക്കൂടി ഉററു സ്നേഹിക്കണേ. സാധുവിനു വേറെ ആരുമില്ല. അതാണ് അവൾക്കു ഞാൻ ഒരു കൂടുതൽ വീതം കൊടുത്തിരിക്കുന്നത്—"

അമ്മുക്കുട്ടിയെ സംബന്ധിച്ചുള്ള ഈ പുതിയ വൎത്തമാനം ജനങ്ങളുടെ ഇടയിൽ കുറെ കൂടെ രസാവഹമായിത്തീൎന്നു. മക്കൾ അച്ഛനേ കൊല്ലുന്നകാലം എന്നു പലരും കാലത്തിനേ പഴിച്ചു.

പോലീസുകാൎക്കു ഇതുവരെ അമ്മുക്കുട്ടിയെ അറസ്റ്റുചെയ്വാൻ കഴിഞ്ഞില്ലെങ്കിലും ചില കൂടുതൽ തെളിവുകൾ അവർ സംഭരിച്ചു. ശ്രീഹർഷൻെറ മരണദിവസം അദ്ധരാത്രിക്കുള്ള വണ്ടിക്കു പോകാനായി അവൾ തനിച്ചു റയിൽ സ്റ്റേഷനിലേക്കു ബദ്ധപ്പെട്ടു നടന്നുപോകുന്നതു കണ്ടതായി ചില സാക്ഷികൾ ഉണ്ടായി. അവൾ ആ സമയത്തു വളരെ പരിഭ്രമചിത്തയായി കാണപ്പെട്ടെന്നും അവർ മൊഴികൊടുത്തു. ആ രാത്രിയിൽ അമ്മുക്കുട്ടി ഒരു തോക്കെടുത്തു നിറച്ചുവയ്ക്കുന്നതു കണ്ടു എന്നു ശ്രീഹർഷൻെറ ഒരു വാല്യക്കാരനും പറയുന്നു. അകപ്പാടെ പോലീസുകാർ ശേഖരിച്ചിട്ടുള്ള തെളിവുകൾ എല്ലാം കൊണ്ടു നോക്കിയാൽ ഒരു വളൎത്തുപുത്രിയായ തന്നെ ശ്രീധരനുമായുള്ള വിവാഹസംബന്ധത്തിൽ ഉൾപ്പെടുത്താൻ ശ്രീഹർഷൻ സമ്മതിക്കയില്ലെന്നുള്ള ഏക വിചാരവും അവളുടെ ശ്രീധരനുമായുള്ള അനുരാഗഭ്രാന്തും കൂടി സമ്മേളിച്ചപ്പോൾ അമ്മുക്കുട്ടിയേ ഈ കടുംകൈക്കു പ്രേരിപ്പിച്ചതാണെന്നു സ്പഷ്ടമായി കാണാം.

പോലീസുകാർ അവരുടെ സൎവ്വ ശക്തികളും പ്രയോഗിച്ച് അമ്മുക്കുട്ടിയേ അന്വേഷണം തുടങ്ങി.

തീവ്രവിചാരങ്ങൾ മൂലം സൎവ്വശക്തികളും ക്ഷയിച്ചു ശോഷിച്ചിരുന്ന ശ്രീകുമാരി ജ്വരബാധയാൽ കിടപ്പിലായി.

## V

ദിനകൃത്യങ്ങളെല്ലാം കൃത്യനിഷ്ഠയോടുകൂടി നിറവേററി കൃതാൎത്ഥനായ ഭാസ്കരദേവൻ ദിനാന്തരംഗമായപശ്ചിമാബ്ധിയുടെ മുകൾത്തട്ടിൽ നിന്നു ലോകവാസികളെ അഭിവീക്ഷണം ചെയ്യുന്നു. പൂൎവ്വഭാഗത്തു് ഉദിച്ചുയൎന്നു വേണ്ട പാടവപ്രകടനം മുഴവൻ നടത്തി ഒരു നിലയിൽ എത്തിയിരിക്കുന്ന തൻെറ അന്തിമദശയേപ്പററി ആരെങ്കിലും ചിന്തിക്കുന്നുണ്ടോ എന്നു അദ്ദേഹം പുനഃചിന്തചെയ്തു മന്ദസ്മിതംതൂകി, ഹുങ്കാരോജ്ജ്വലമയമായ ആ മഹാൎണ്ണവത്തിൽ മുങ്ങാൻ തുടങ്ങി. അഹോ! ഒരു നിമിഷത്തേക്കുകൂടി ആ കനകകാന്തിബിംബത്തെ കാണാൻ കഴിഞ്ഞില്ല. എന്തുവേഗത്തിലാണ് അദ്ദേഹം ആ മഹാസമുദ്രത്തിൽ ആണ്ടതു്! ഒരു തിരോധാനം മൂലം ഭൂപ്രകൃതിയുടെ മനോഹരമായ മഹിമാവിശേഷത്തെ അന്ധകാരപട്ടുതാപ്പാളുകളിൽ ഗോപനം ചെയ്തു. ഭയങ്കരിയായ തമോരാക്ഷസി അവളുടെ വികൃതമായ കരിവേഷത്തോടുകൂടി ഭൂവാസികളുടെ നേരെ ചൂണ്ടുവിരൽ നീട്ടി ചലിപ്പിച്ചു "ശ്രദ്ധ ശ്രദ്ധേ" അലറി തൻെറ സ്വാധികാര പ്രമത്തതയെ പ്രഖ്യാപനം ചെയ്യുന്നു.

ഈ പതനത്തിൽ ഈ അടുത്തകാലത്തു് ഒരു മത പ്രാസംഗികൻ എന്ന നിലയിൽ പ്രസിദ്ധനായിത്തീൎന്നിട്ടുള്ള "വൃദ്ധാനന്ദൻ" എന്ന യുവാവു കാഷായവിഭൂഷിതനായി തിരുമുല്പവാരം കടൽത്തീരത്തുള്ള മണൽത്തിട്ടയിൽ ഏകാന്തവാസം ചെയ്യുകയായിരുന്നു. കടലിലെ ഊക്കൻ തിരമാല പരമ്പരകൾ കരയിലേക്കുതല്ലി അലച്ചുണ്ടാക്കിക്കൊണ്ടിരുന്ന ഹുങ്കാരശബ്ദമോ, ഉപ്പുമണം ഇടകലൎന്ന ആ സ്വാതന്ത്ര്യമാരുതന്റെ മനം കുളുൎപ്പിക്കുന്ന സ്വഛന്ദവിഹാരമോ അയാളെ ഉൽബുദ്ധനാക്കിത്തീൎത്തില്ല. വിചാരപരമ്പരകൾ അയാളുടെ ഹൃദയത്തെ ചുഴലിപോലെ ഭ്രമിപ്പിച്ചു. അയാൾ കേവലം ഭ്രാന്തോപമനായി തീൎന്നിരുന്നു. ഒരു സ്വബുദ്ധിയില്ലാത്തവനേപ്പോലെ അയാൾ പലതും പിറുപിറുത്തു. ഒടുവിൽ അയാളുടെ ശബ്ദങ്ങൾ ഇങ്ങനെ മുഴങ്ങി, ആ കടൽകാററിൽ ലയിച്ചു.

"ദൈവമേ! അങ്ങു കരുണാകരനാണെന്നാണല്ലോ പുരാണപ്രസിദ്ധി. ഞാൻ എന്തപരാധമാണു ചെയ്തിട്ടുള്ളതു്? ബാല്യകാലം മുതലെ അങ്ങെ സദാസ്മരിക്കാറുള്ള എന്റെ അവസ്ഥ ഇതാണോ! എനിക്കു പിണഞ്ഞിരിക്കുന്ന അത്യാപത്തിൽനിന്നും അങ്ങു് എന്നെ രക്ഷപെടുത്തുകയില്ലയോ! അങ്ങെ എന്നെ കൈവെടിഞ്ഞിരിക്കയാണു്. അതെ, ഞാൻ ആത്മഹത്യചെയ്യും; അല്ലാതെ മറെറാരു മാൎഗ്ഗവും ഞാൻ കാണുന്നില്ല.

അയാൾ എഴുനേററു കടലിലേക്കു നടന്നു.

"വൃദ്ധാനന്ദാ! നിങ്ങൾ ആത്മഹത്യക്കു് ഒരുമ്പെടുന്നോ? ഛെ! നിങ്ങൾ ഒരു ഹിന്ദുവല്ലേ! ഇഹത്തിലും പരത്തിലും ഗതിയില്ലാത്ത ഈ വഴി നിങ്ങൾ എന്തിനുവേണ്ടി കണ്ടുപിടിച്ചു".

ഈ വാചകം കേട്ടു ക്രുദ്ധനായ വൃദ്ധാനന്ദൻ തിരിഞ്ഞുനിന്നു, സഗൌരവം ഇങ്ങനെ പറഞ്ഞു.

"മിസ്റ്റർ ഗോപാൻ! നിങ്ങൾ ആരാണു്? നിങ്ങൾ എന്തിനുവേണ്ടി എന്റെ പുറകിൽ ഒളിച്ചുനടന്നു? എന്റെ സ്ഥിതിഗതികളെ അരറിയുന്നു? ഞാൻ ആത്മഹത്യചെയ്വാൻ പോകുന്നു എന്നു നിങ്ങളോടു് ആരുപറഞ്ഞു?"

ഗോപാൻ:— ഞാൻ ഊഹിച്ചു. ഒരു നല്ല എഴുത്തുകാരൻ ഒരു ഒന്നാംതരം പ്രാസംഗികൻ ഈ നിലയിൽ എല്ലാം നിങ്ങൾ ലോകത്തിനു വളരെ ഉപകാരിയാണു്. അങ്ങനെ ഇരിക്കുന്ന നിങ്ങളുടെ നഷ്ടം—

വൃദ്ധാ:—മതിയാക്കു. നിങ്ങൾ ഈവിധം എന്നെ പിൻതുടരുന്നതു എനിക്കു ഇഷ്ടമില്ല.

ഗോപാ:— സ്വാമി!

വൃദ്ധാ:— വേണ്ട. നിങ്ങൾ ആരാണു്? ഒരു വലിയ കള്ളൻ എന്നു ഞാൻ വിചാരിക്കുന്നു.

ഗോപാ:— ഞാൻ എന്റെ പരമാൎത്ഥം മുഴുവൻ അങ്ങയോടു് ഇതിനു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. "ചന്ദ്രിക"യുടെ റിപ്പോൎട്ടർ എന്ന നിലയിൽ ഞാൻ ഈ പട്ടണത്തിൽ താമസിക്കുന്നു എന്നേ ഉള്ളു. സാഹിത്യസംബന്ധമായും മററും കൂടക്കൂടെ അങ്ങുമായി സംസാരിക്കുന്നതു കുറേക്കൂടെ അറിവിനെ പ്രദാനം ചെയ്യുന്നതാണെന്നു കണ്ടതുകൊണ്ടു് അങ്ങേ അടിക്കടിവന്നു കാണുന്നു. ഇന്നും പതിവുപോലെ ഞാൻ അങ്ങയുടെ വസതിയിൽ വന്നു അന്വേഷിച്ചു. അവിടെ കണ്ടില്ല. അതുവഴി കടൽത്തീരത്തേക്കുവന്നു, അപ്പോഴാണു് —

വൃദ്ധാ:— നിറുത്തു് നിങ്ങൾ പച്ചക്കള്ളങ്ങൾ പറയുന്നു. നിങ്ങൾ റിപ്പോൎട്ടരും അല്ല. ഒന്നുമല്ല. നിങ്ങൾ ഒരു സി. ഐ. ഡി. ഇൻസ്പെക്ടരാണെന്നു ഞാൻ പറയുന്നു.

ഗോപാ:— ആഹ്ഹാ! അങ്ങനെയോ?

അങ്ങനെയാണെങ്കിൽ തന്നെ നിങ്ങൾക്കു് എന്താണു്?

വൃദ്ധാ:— എനിക്കോ?

ഗോപാ,— അതേ.

വൃദ്ധാ: നിങ്ങൾ എന്നെ പിരിഞ്ഞുപോകുക. നിങ്ങൾക്കു എന്നെ ഉപദ്രവിക്കുന്നതിനു് അധികാരമോ അവകാശമോ ഇല്ല.

ഗോപാ:— ഞാൻ ഉപദ്രവിക്കണമെന്നു വിചാരിക്കുന്നില്ല. പക്ഷേ—

വൃദ്ധാ:— എന്തോന്നാണ് പക്ഷേ—?

ഗോപാ:— നിങ്ങൾ എന്നെ അറിയുന്നതുപോലെ തന്നെ ഞാൻ നിങ്ങളേയും അറിയേണ്ടിയിരിക്കുന്നു.

വൃദ്ധാ:— നിങ്ങൾ എന്നെ എന്തു് അറിയാനാണ്?

ഗോപാ:— ഞാനോ? ഞാൻ നിങ്ങളെ അറിഞ്ഞിട്ടുള്ളതുപോലെ നിങ്ങൾ തന്നെ നിങ്ങളെ അറിഞ്ഞിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.—

വൃദ്ധാനന്ദൻ വല്ലാതെ നെഞ്ചെത്തു അമർത്തി പിടിക്കുന്നതു ഇരുട്ടാണെങ്കിലും ഗോപാലൻെറ സൂക്ഷ്മദൃഷ്ടിയിൽ പതിഞ്ഞു. അയാൾ തുടന്നുപറഞ്ഞു—

"അതേ, നിങ്ങളുടെ തലമുണ്ഡനവും ശരീരം മുഴുവൻ കാഷായവിഭൂഷിതവുമാണെങ്കിലും, ശ്രീഹർഷനെ കൊലപ്പെടുത്തിയതിൻെറ ശേഷം ഒളിച്ചോടിപ്പോയ ആ അമ്മുക്കുട്ടിയുടെ ആകാരസൗഷ്ഠവത്തെ ഞാൻ എൻെറ മുമ്പിൽ ഇതാ നിഷ്പ്രയാസം കാണുന്നു. അമ്മുക്കുട്ടിയമ്മേ: ഞാൻ നിങ്ങളെ ഒരു സി. ഐ. ഡി. ഇൻസ്പെക്ടർ എന്ന നിലയിൽ ഇതാ അറസ്ററു ചെയ്തിരിക്കുന്നു. നടക്കു സ്റ്റേഷനിലേക്കു്"

അമ്മുക്കുട്ടിയുടെ സകല ധൈര്യങ്ങളും അസ്തമിച്ചു.അവൾ ഒരു കൊച്ചു കുട്ടിയേപ്പോലെ കരഞ്ഞുകൊണ്ടു ആ മണൽപ്പുറത്തു വീണു.

## VI

ശ്രീധരൻ:— അനിയത്തി ദയവുചെയ്തു ഈ മരുന്നുകൂടി കുടിക്കു.

ശ്രീകുമാരി:— വേണ്ട ചേട്ടാ. എനിക്കു ചുമവരും. അയ്യോ ഇതാ വന്നു.

അവൾ ഭയങ്കരമായ നിലയിൽ ചുമച്ചു. അവളുടെ അമ്മയും വാല്യക്കാരനും എല്ലാം ഓടിയെത്തി. അവൾ കുറേ രക്തം കവിട്ടി ക്ഷീണിച്ചു മയങ്ങി. ശ്രീധരൻെറ നെഞ്ചത്തേക്കു ചാരിക്കിടന്നു. അല്പം കഴിഞ്ഞു. അവൾ കണ്ണു തുറന്നു. എല്ലാവരും മുറിക്കു വെളിയിൽ പോകാൻ പറഞ്ഞു. ശ്രീധരനും അവളും മാത്രം ആ മുറിയിൽ ശേഷിച്ചു. അവൾ സാവധാനത്തിൽ പറഞ്ഞു. "ചേട്ടാ! ഈ കിടപ്പു് എനിക്കു വളരെ സുഖം തോന്നുന്നുണ്ടു്. പക്ഷേ ആ സാധു ചേച്ചി—അയ്യോ! പാടില്ല— അതേ— ചേട്ടാ!ആ കസേരയിലേക്കു മാറിയിരിക്കണം"

ശ്രീധരൻ:— അനിയത്തിയുടെ ക്ഷീണം മുഴുവൻ മാറട്ടെ.

ശ്രീകുമാരി:— വേണ്ടവേണ്ട. എൻെറ ക്ഷീണമെല്ലാം പോയി. ചേട്ടൻ മാറിയിരിക്കണം. അല്ലാ മണി പത്തടിക്കാൻ തുടങ്ങുന്നല്ലോ. ആ വണ്ടി ഒന്നു കൊണ്ടുവരാൻ പറയൂ.

ശ്രീധരൻ:— എന്തിനാണ് അനിയത്തീ!

ശ്രീകുമാരി: എന്തിനെന്നോ? ചേച്ചിയുടെ കേസ്സു ഇന്നല്ലേ സെഷ്യൻ ജഡ്ജി വിധി പറയുന്നതു്?

ശ്രീധരൻ:— ഇന്നു പറയാനാണ് എളുപ്പം.

ശ്രീകുമാരി:—അതാണ് വണ്ടി കൊണ്ടുവരാൻ പറഞ്ഞതു.

ശ്രീധരൻ:—അനിയത്തീ! സുഖക്കേടുകാർ ഇങ്ങനെ ശാഠ്യംപിടിക്കരുതു്.

ശ്രീകുമാരി:—വണ്ടി കൊണ്ടരൂ, അല്ലെങ്കിൽ ഞാൻ നടന്നുപോകും.

ശ്രീധരൻ:—അനിയത്തി അവിടെ പോയി എന്തുചെയ്യാനാണ്?

ശ്രീകുമാരി:—ഞാനോ? നിങ്ങൾ ചേച്ചിക്കു രഹസ്യമായി ഏർപ്പാടു ചെയ്തുകൊടുത്ത വക്കീലിനേക്കാൾ നിയമസംബന്ധമായ സഹായങ്ങളൊന്നും എനിക്കു ചെയ്യാൻ കഴികയില്ലായിരിക്കും. എങ്കിലും അനീതിയായ ഒരു വിധിയെ എനിക്കു തടയാൻ കഴിയും.

ശ്രീധരൻ:— അനീതിയായ വിധിയോ?

ശ്രീകുമാരി:—അതേ, ഇന്നലത്തെ ഹീയറിംഗ് കേട്ടവർ പറഞ്ഞില്ലേ ചേച്ചിയെ കഠിനമായി ശിക്ഷിക്കത്തക്കവണ്ണമാണു തെളിവുകൾ എന്നു്. വാസ്തവത്തിൽ അമ്മരനേ കൊലപ്പെടുത്തിയതു ചേച്ചിയല്ല.

ശ്രീധരൻ:—പിന്നെ ആരാണ്?

ശ്രീകുമാരി:—വണ്ടി കൊണ്ടുവരൂ.

ശ്രീധരൻ:—അനിയത്തീ!

ശ്രീകുമാരി:—അതേ, അച്ഛനെ ഞാൻ കൊന്നു.

ശ്രീധരൻ. "അയ്യോ!" എന്നു നിലവിളിച്ചു. എല്ലാവരും പരിഭ്രാന്തരായി ഓടിയെത്തി. ശ്രീകുമാരി പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു. അമ്മേ! അച്ഛനെ വെടിവെച്ചുകൊന്നതു് എന്റെ ഈ കൈകൊണ്ടാണ്. ആ പരമാർത്ഥം ഞാൻ കോടതിയിൽ ധരിപ്പിക്കാൻ പോകുന്നു. നിർദ്ദോഷിയായ സാധു ചേച്ചി രക്ഷപെടട്ടെ".

ശ്രീദേവി ഇടി ഏററതുപോലെ ജീവച്ഛവമായി ഒരു കട്ടിലിലേക്കു വീണു. ശ്രീകുമാരി വാല്യക്കാരനെ വരുത്തി വണ്ടി കൊണ്ടുവരാൻ പറഞ്ഞു. അവൾ സാവധാനത്തിൽ എഴുന്നേററു ഭംഗിയായി വസ്ത്രധാരണം ചെയ്തു. അപ്പോഴേക്കും വണ്ടി വന്നുചേർന്നു. അവൾ അതിനകത്തു കയറി. വണ്ടി കോടതിയിലേക്കു പാഞ്ഞു. ഇതെല്ലാം ഒരു ഭ്രാന്തനെപ്പോലെ നോക്കിക്കൊണ്ടിരുന്ന ശ്രീധരനും പുറകേ ഓടി.

## vii

അന്നു കോടതിയിൽ വലിയ ആൾക്കൂട്ടമായിരുന്നു. ഒരുഭാഗത്തു സി. ഐ. ഡി. ഇൻസ്പെക്ടർ മിസ്റ്റർ ഗോപാൽ അതിസമർത്ഥനാണെന്നു വാദിച്ചു സ്ഥിരപ്പെടുത്തി. മറെറാരുഭാഗത്തു് അമ്മുക്കുട്ടിയുടെ ക്രൂരഹൃദയത്തെ ശപിച്ചു ചില പുറപ്പാടുകൾ തകർത്തു. ഒരുകൂട്ടർ സ്ത്രീലോകത്തെ മുഴുവൻ അപഹസിച്ചുകൊണ്ടു വൈരാഗ്യശതകം പാടി. വേറൊരുഭാഗത്തു പോലീസുകാർക്കു ആകെ തെററിപ്പോയി എന്നും, കേസിന്റെ പരമാർത്ഥം ഇതുവരെ കണ്ടുപിടിച്ചിട്ടില്ലെന്നും ചില "അതിബുദ്ധിമാന്മാർ" പ്രസംഗിക്കുന്നു.

ഈവിധം വിവിധബഹളങ്ങളോടുകൂടിയ ജനാരവത്തെ നിശ്ശബ്ദമാക്കിക്കൊണ്ടു ജഡ്ജിയുടെ വണ്ടി മന്ദംമന്ദം കടന്നുപോയി. എല്ലാവരും കോടതിക്കു ചുററും കൂടി.

തടവിൽ കിടന്നു ശോഷിച്ചു മലിനമായ വേഷത്തോടുകൂടിയ അമ്മുക്കുട്ടിയെ പോലീസുകാർ കോടതിയിൽ ഹാജരാക്കി. അവൾ ഭൂമിയിലേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. ചുററും നടക്കുന്ന യാതൊരു സംഗതിയിലും അവൾ ശ്രദ്ധിച്ചിരുന്നില്ല. അവളുടെ ഹൃദയത്തിലെ വിചാരമെന്തായിരിക്കാം? ആവോ! അതു ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടു.

ജഡ്ജി ബഞ്ചിൽ ഹാജരായി. എല്ലാവരും അഭിവാദ്യം ചെയ്തു. അദ്ദേഹം ജഡ്ജിമെൻറു വായിക്കാൻ തുടങ്ങി.

നിശ്ശബ്ദരായ ജനസമൂഹത്തിൽനിന്നും ചില അസ്പഷ്ട ശബ്ദങ്ങൾ മുഴങ്ങി.

"എന്നെ തടുക്കാതെ മുന്നോട്ടേക്കു വിടു. ഞാൻ അനീതിയായ ഒരു വിധിയെ തടയട്ടെ". എന്നു് ഏററവും ശോഷിച്ച ദീനയായ ശ്രീകുമാരി സഗൌരവം വിളിച്ചുപറയുന്നതു ജഡ്ജി കേട്ടു. ആ സ്ത്രീയെ അകത്തേക്കു വിടാൻ അദ്ദേഹം ആജ്ഞാപിച്ചു. ശ്രീകുമാരി അകത്തുവന്നു് ഇങ്ങനെ പറഞ്ഞു.

"ജഡ്ജി അവർകളേ!

നിങ്ങൾ അനീതിയായ ഒരു വിധി പ്രസ്താവിക്കാൻ പോകുന്നു. അതു പാടില്ല. അച്ഛനെ കൊന്നതു ഞാനാണ്. അതിനു വേണ്ട തെളിവുകൾ തരാം. കേസു നിറുത്തിവയ്ക്കണം. നിർദ്ദോഷിയായ ഇപ്പോഴത്തെ പ്രതിയെ വിട്ടയക്കുക. അതിനുപകരം എന്നെ അറസ്റ്റ് ചെയ്യുക".

എല്ലാവരും അത്ഭുതപരതന്ത്രരായി. അമ്മുക്കുട്ടിയുടെ അവസ്ഥ ഏററവും പരിതാപകരമായിരുന്നു. അവൾ ശ്രീകുമാരിയുടെ ശബ്ദശ്രവണമാത്രയിൽ തന്നെ നിലംപതിച്ചു.

ഈ ബഹളത്തിൽ മറെറാരു സ്ത്രീ പാഞ്ഞുവന്നു.

"അയ്യോ! അവൾ പറയുന്നതൊന്നും വിശ്വസിക്കരുതേ. അവൾ അമ്മുക്കുട്ടിയോടും ശ്രീധരനോടുമുള്ള നിഷ്കപടമായ സ്നേഹാധിക്യംകൊണ്ടു് ഈ ആപത്തു സ്വയം വരിക്കയാണ്. എന്റെ മകൾ ഒരു കൊലപാതകിയല്ല. അവൾ ഏററവും പരിശുദ്ധയായ ഒരു സ്ത്രീരത്നമത്രെ. ഞാൻ എന്റെ ആത്മാഭിമാനത്തെ ഭയന്നു് ഇതുവരെ പരമാർത്ഥം പറയാതിരുന്നതാണ്. ഞാൻ ആ രഹസ്യങ്ങളെ ഒളിച്ചു. അതു് എന്റെ മകൾ എന്റെ ഹൃദയത്തിൽനിന്നും ഇതാ ബലാൽ വെളിയിലേക്കു വമിപ്പിക്കുന്നു. ഞാൻ നിരപരാധിയാണ്. ഈ എഴുത്തു വേണ്ട തെളിവു തരും. 'അതാ ആ ആൾക്കൂട്ടത്തിൽനിന്നും ഓടാൻ തുടങ്ങുന്ന വിശ്വനാഥനെ പിടികൂടുക. അയാളാണു് ഈ എഴുത്തു് എഴുതിയതും എന്റെ ഭർത്താവിനെ വെടിവെച്ചു കൊന്നതും.

ഇപ്രകാരം പറഞ്ഞു് അവൾ അവിടെത്തന്നെ വീണു. അതു ശ്രീദേവി ആയിരുന്നു. അവൾക്കു പിന്നീടൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. കോടതിയിൽ സർവ്വത്ര ബഹളമായി; എങ്കിലും ഓടാൻ തുടങ്ങിയ ആ വിശ്വനാഥനെ പോലീസുകാർ ബന്ധിച്ചുകഴിഞ്ഞു.

ജഡ്ജി ശ്രീദേവി കൊടുത്ത എഴുത്തു് ഇങ്ങനെ വായിച്ചു.

"പ്രിയപ്പെട്ട ശ്രീദേവീ!

ശ്രീഹർഷൻ എന്റെ വിരോധിതന്നെ. അയാൾ ജനനം മുതൽ എന്നോടു വിരോധമാണു പ്രവർത്തിച്ചിട്ടുള്ളതു്. ഞാനാണു നിന്നെ ആദ്യമായി സ്നേഹിച്ചതു്. അതേ, നാം തമ്മിൽ പരസ്പരം എത്രയും ആനന്ദകരമായി കഴിഞ്ഞുകൂടി. ആ പഴയ കാലം ഹാ! എത്ര സുവർണ്ണമയമായിരുന്നു. നാം അന്നു് എന്തെല്ലാം ആലോചിച്ചിരുന്നു. അതിനു വേണ്ടാത്ത വിഘ്നമൊക്കെ ഉണ്ടാക്കി, ആ ശത്രു ശ്രീഹർഷൻ നിന്നെ തട്ടി എടുത്തു. നിനക്ക് അതിൽ പിന്നെ വാസ്തവമായ സുഖം ഉണ്ടായിട്ടുണ്ടോ? ഇല്ലെന്നു് എനിക്കറിയാം. ഈശ്വരാ! എന്റെ പ്രണയം നീ അറിയുന്നുണ്ടല്ലോ. ഞാൻ അന്നു് ആ സമയത്തു് അവിടെ വന്നതു മോഷ്ടിക്കാനാണോ? ശ്രീഹർഷൻ എന്നെ മോഷണക്കാരനാണെന്നു പറഞ്ഞല്ലേ പോലീസിൽ ഏല്പിച്ചതു്. അവർ എന്നെ ശിക്ഷിച്ചു. എന്നിട്ടും നിന്നെ ഓർമ്മിച്ചു ഞാൻ എന്റെ ഹൃദയസ്ഥിതി പുറത്തു പറഞ്ഞില്ല. അങ്ങനെ ലോകരുടെ ഇടയിൽ ഞാൻ മോഷണക്കാരനായി. ഇപ്പോൾ അയാൾ എന്നെ വെറും പാപ്പരാക്കാനാണു പോകുന്നതു്. പണ്ടു്, ആവശ്യമില്ലാത്ത ഒരുവന്റെ കടത്തിനുവേണ്ടി ഞാൻകൂടെ ഒപ്പു് എഴുതിക്കൊടുക്കണമെന്നു പറഞ്ഞതനുസരിച്ചു് അന്നു ഞാൻ എഴുതിക്കൊടുത്തു. അതിനു് ഇപ്പോൾ ആ ദ്രോഹി എന്റെ സർവ്വ വസ്തുക്കളുംകൂടി അടച്ചു ജപ്തിചെയ്യുകയോ? ഇനിയും അവനെ വെച്ചിരുന്നാൽ അവൻ എന്നെ തെണ്ടിയാക്കും. പരമദ്രോഹി അവൻ എപ്പോഴും എന്റെ വിരോധിതന്നെ. പ്രിയ ശ്രീദേവീ! ഞാൻ അവന്റെ കഥ കഴിച്ചു. നീ എന്നെ സ്നേഹിക്കണേ. അയ്യോ! എന്റെ ശിഷ്ടായുസ്സു് എങ്കിലും നിന്നോടുകൂടി ഒന്നിച്ചു കഴിയാൻ നീ ദയവുചെയ്തു അനുവദിക്കണേ. ശേഷം കാഴ്ചയിൽ. മറുപടിക്കു കാത്തിരിക്കുന്നു.

സ്വന്തം

വിശ്വനാഥൻ (ഒപ്പ്)"

ഈ എഴുത്തു വായന കേട്ടുകൊണ്ടുനിന്ന വിശ്വനാഥനോടു് "ഈ എഴുത്തു് എഴുതിയതു നിങ്ങൾ തന്നെയോ?" എന്നു കോടതിയിൽനിന്നും ചോദിച്ചു. "അതേ" എന്നു് അയാൾ മറുപടി പറഞ്ഞു.

അമ്മുക്കുട്ടിയമ്മ നിർദ്ദോഷിയാണെന്നു വിധി പ്രസ്താവിച്ചു. കേസ്സു മാറിവീണു. ജനങ്ങൾ പരമാർത്ഥങ്ങൾ എല്ലാം അറിഞ്ഞു. ശ്രീകുമാരിയുടെ പരിശുദ്ധമായ ത്യാഗബുദ്ധിയെപ്പററി സർവ്വരും ശ്ലാഘിച്ചു.

viii.

ശ്രീകുമാരിയുടെ ദീനം ക്രമാതീതമായി വർദ്ധിച്ചു. പ്രസിദ്ധന്മാരായ വൈദ്യന്മാരെല്ലാം ഒരുപോലെ നിരാശാഭിപ്രായമാണു പുറപ്പെടുവിച്ചതു്. അമ്മുക്കുട്ടിക്കും ശ്രീധരനും അതു് ഏററവും മർമ്മഭേദകമായിത്തീർന്നു. അവർ എപ്പോഴും അവളുടെ പുറവും ഇരുന്നു ക

ണ്ണുനീർ പൊഴിക്കാൻ തുടങ്ങി. ശ്രീകുമാരിക്കു ബോധമുള്ളപ്പോഴെല്ലാം ഇവരെ രണ്ടുപേരെയും കളിയാക്കുകയും അവരെ ആനന്ദിപ്പിക്കാൻ ശ്രമിക്കുകയും സർവ്വസാധാരണമായിത്തീന്നു. അടുത്ത ഒരു പ്രഭാതത്തിൽ അവൾ പെട്ടെന്നു് ഇങ്ങനെ പറഞ്ഞു.

ശ്രീകുമാരി—ചേട്ടാ! അതാ ആ പോലീസ് ഇൻസ്പെക്ടരെ ഒന്നു് ഇങ്ങോട്ടു വിളിക്കു. ഹേ! ഇൻസ്പെക്ടർ അവർകളേ! നിങ്ങളുടെ അന്നത്തെ ആ ശ്ലോകം മേലാൽ ഇങ്ങനെ തിരുത്തി പഠിക്കണേ.

“ഓടിക്കൊൾക കടിച്ചിട്ടും തരുണനായീടുന്ന സർപ്പം വിഷം
കൂട്ടംനോക്കുകളാലവനു ഫണമായീടുന്ന തോലീലതാൻ
പാട്ടുണ്ടന്യവിഷങ്ങൾ നന്മരുമരുന്നാലങ്ങകററീടുവാൻ
കൂടാ പൂരുഷരായിട്ടും ഫണികളാൽ കൂട്ടം വിഷംപോക്കുവാൻ.

ശ്ലോകം ഹൃദയാകർഷകമായ രാഗാലാപത്തോടുകൂടി അവൾ ചൊല്ലിനിറുത്തി. പെട്ടെന്നു് അവൾക്കു ചുമ വന്നു. അതു് അതി ഭയങ്കരമായിരുന്നു. രക്തം കുറെ അധികം കവിട്ടി. അവൾ ബോധമില്ലാതെ അമ്മുക്കുട്ടിയുടെ നെഞ്ചിലേക്കു ചാരിക്കിടന്നു. അമ്മുക്കുട്ടി അശ്രുവർഷംകൊണ്ടു് അവളെ കുളിപ്പിച്ചു. കുറെ അധികം കഴിഞ്ഞു് അവൾ കണ്ണുതുറന്നു്, അമ്മുക്കുട്ടിയുടെ മുഖത്തേക്കു നോക്കി. അവൾ മന്ദമായി പറഞ്ഞു.

അല്ലാ; ചേച്ചി കരയുകയാണോ? എന്തിനു്? ഞാൻ ഭ്രാന്തു പറകയായിരുന്നില്ല. ഇവിടെ ഇൻസ്പെക്ടരും മററും ഇല്ലെന്നും നമ്മൾ എല്ലാം സുഖമായി വീട്ടിൽ ഇരിക്കയാണെന്നും എനിക്കു നല്ല ബോധമുണ്ടു്. ശ്രീധരൻ ചേട്ടനെ ഞാൻതന്നെ സ്വീകരിക്കണമെന്നു എഴുതിവെച്ചിട്ടു ചേച്ചി അന്നു് ഓടിക്കളഞ്ഞില്ലേ? ഉടനേ ആ വിഡ്ഢി പോലീസ് ഇൻസ്പെക്ടർ ഇവിടെ വന്നു എന്നെ ഒരു ശ്ലോകം ചൊല്ലി കേൾപ്പിച്ചു. അതിനു് ആ ശ്ലോകം ഒന്നു തിരുത്തി പഠിക്കണമെന്നു് അയാളെ കണ്ടാൽ പറയണമെന്നു ഞാൻ പറയുകയായിരുന്നു. ചേച്ചി കരയാതിരിക്കു. എനിക്കു നല്ല സുഖം തോന്നുന്നുണ്ടു്. നിങ്ങളെ ദൈവം അനുഗ്രഹിക്കും. ഏതാണ്ടൊരു പരീക്ഷയിൽ ഞാനോ നീയോ മുമ്പു് എന്നു മത്സരിക്കയാണെന്നു ചേച്ചി അന്നു പറഞ്ഞില്ലേ? ഏതായാലും ഈ കുറി ഞാൻതന്നെ മുൻപേ പോയി നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം. ചേട്ടാ! ഇവിടെ വരൂ”.

ശ്രീധരൻ മുന്നോട്ടു നീങ്ങിനിന്നു. അയാളും ധാരധാരയായി കണ്ണുനീർ പൊഴിക്കുന്നുണ്ടായിരുന്നു.

ശ്രീകുമാരി:—ചേട്ടനും കരയുകയാണോ? പാടില്ല, പാടില്ല. എല്ലാവരും ദൈവത്തെ സ്മരിക്കുവിൻ. ആ മനഃശ്ശക്തിയുടെ ലീലകളത്രെ ഇതെല്ലാം.

അവൾ ശ്രീധരൻെറയും അമ്മുക്കുട്ടിയുടെയും കൈകൾ തമ്മിൽ പിടിച്ചു ചേർത്തുകൊണ്ടു പറഞ്ഞു.

“നിങ്ങൾ ദമ്പതികളെ ഞാൻ ഹൃദയംഗമമായി അനുമോദിക്കുന്നു. ദൈവം നിങ്ങൾക്കു സർവ്വ അഭ്യുദയങ്ങളും നൽകട്ടെ. എനിക്കു സംസാരിക്കാൻ ശക്തിയില്ല. നിങ്ങൾ രണ്ടുപേരും ഒരുമിച്ചു് എന്നെ ചുംബിക്കുവിൻ— — —;”

അവർ രണ്ടുപേരും അവളെ ആലിംഗനംചെയ്തു ചുംബിച്ചു. അവളും സുദീർഘമായി അവരെ ചുംബനം ചെയ്തുകൊണ്ടു “ഹാ! എനിക്കു വളരെ ആനന്ദമുണ്ടു്” എന്നു പറഞ്ഞു് അവൾ ഉച്ഛ്വസിച്ചു. അതു് അവളുടെ അന്തിമശ്വാസമായിരുന്നു.

വിശ്വനാഥനെ ശ്രീഹർഷൻെറ കൊലക്കുററത്തിനു തൂക്കിക്കൊന്നു. ശ്രീദേവി കാശിയിൽപോയി സന്യസിച്ചു. ദമ്പതികളായ അമ്മുക്കുട്ടിയും ശ്രീധരനും ശ്രീകുമാരിയുടെ സ്മാരകമായി ഒരു സ്ത്രീമഠം സ്ഥാപിച്ചു പ്രശസ്തമായ നിലയിൽ നടത്തിപ്പോരുന്നു.